**ധനകാര്യം**

## 2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ഡോ. കെ. ടി. ജലീൽ: സർ, 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. കേന്ദ്ര സർക്കാർ സാമ്പത്തികമായി കേരളത്തെ ഞെക്കിഞെരുക്കുമ്പോഴാണ് സംസ്ഥാനത്തിന്റെ സേവന മേഖലയെയും പശ്ചാത്തല മേഖലയെയും പരിപോഷിപ്പിക്കാൻ ലക്ഷ്യമിട്ട് മികച്ചൊരു ബഡ്ജറ്റ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിന്റെ വർദ്ധിച്ചുവരുന്ന കടബാധ്യതയെക്കുറിച്ച് പ്രതിപക്ഷാംഗങ്ങളിൽ പലരും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് രോഷംകൊള്ളുന്നത് കേൾക്കുകയുണ്ടായി. എന്നാൽ കടമെടുക്കുന്ന പണത്തിൽനിന്നും ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് പണം വേണ്ടെന്ന് അവരാരും പറയുന്നത് കേട്ടില്ല. കേരളം ജീവിതത്തിന്റെ എല്ലാ തുറകളിലും ഇന്ത്യയ്ക്ക് മാതൃകയാണ്. സമാധാനവും ശാന്തിയും ജനങ്ങൾക്കിടയിലെ സ്നേഹവും സൗഹാർദ്ദവുമാണ് എല്ലാ വികസനത്തിന്റെയും അടിസ്ഥാനം. ഇന്ത്യാ രാജ്യത്ത് അതിന്റെ

പൂർണ്ണതയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇന്ത്യ ലോക സാമ്പത്തിക ശക്തിയായി വളരുന്നുവെന്നാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ അവകാശവാദം. പൗരന്മാർക്ക് സ്വാതന്ത്ര്യവും സ്വസ്ഥതയുമില്ലാത്ത രാജ്യം എങ്ങനെയാണ് അഭിവൃദ്ധിപ്പെടുക. പരസ്പര വിശ്വാസത്തിലും ചങ്ങാത്തത്തിലും കഴിഞ്ഞിരുന്ന ഹിന്ദു-മുസ്ലീം-ക്രൈസ്തവ ജനവിഭാഗങ്ങളെ ശത്രുക്കളാക്കി മാറ്റിയതല്ലാതെ എന്ത് നേട്ടമാണ് കഴിഞ്ഞ 10 വർഷംകൊണ്ട് ഇന്ത്യ നേടിയത്; അദാനിക്കും അംബാനിക്കും മറ്റ് കോർപ്പറേറ്റുകൾക്കും രാജ്യത്തിന്റെ സമ്പദ്ഘടന തീറെഴുതിക്കൊടുത്തത് ആണോ ഇന്ത്യയുടെ വലിയ നേട്ടം; റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് കേരളത്തിന്റെ നികുതി വരുമാനത്തിന്റെ 79 ശതമാനവും സംസ്ഥാനത്തുനിന്ന് പിരിക്കുന്ന നികുതിയാണ്. 21 ശതമാനം മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്ന നികുതി വരുമാനം. അഥവാ കേന്ദ്ര സർക്കാർ കേരളത്തിൽനിന്നും 100 രൂപ നികുതി പിരിച്ച് കൊണ്ടുപോകുമ്പോൾ 21 രൂപ മാത്രമേ തിരികെ അവർ നമുക്ക് നൽകുന്നുള്ളൂ. ഉത്തർപ്രദേശിന് 46 രൂപയാണ് കേന്ദ്ര സർക്കാർ നൽകുന്നത്. ബീഹാറിന് 70 രൂപ കേന്ദ്ര സർക്കാർ അനുവദിക്കുന്നു. ഇന്ത്യൻ ശരാശരി 35 രൂപയാണ്. നമുക്ക്

ലഭിക്കുന്നതോ കേവലം 21 രൂപ മാത്രം. അതുതന്നെ ബോധപൂർവ്വം വൈകിപ്പിക്കുന്നു. ഇതിനെതിരെ ഒരക്ഷരം പറയാൻ പ്രതിപക്ഷത്തിന് എന്താണ് സാധിക്കാത്തത്; നാം നേടിയ പുരോഗതിയാണ് നമുക്ക് വിനയാകുന്നത്. ഉത്തർപ്രദേശും ബീഹാറും ഗുജറാത്തും ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ കാര്യത്തിലും വിദ്യാഭ്യാസ-ആരോഗ്യ മേഖലയുടെ കാര്യത്തിലും കേരളത്തിന്റെ ഒപ്പമെത്തണമെന്നുണ്ടെങ്കിൽ ഒരു നൂറ്റാണ്ട് കഴിഞ്ഞാൽപ്പോലും സാധിക്കുമെന്ന് തോന്നുന്നില്ല. അത്രയുംകാലം കേരളം ഈ അവഗണന സഹിക്കണമെന്നാണോ കേന്ദ്ര സർക്കാരിന്റെ പക്ഷം. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ എത്ര സർക്കാർ വിദ്യാലയങ്ങളാണ് മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ കേന്ദ്രസർക്കാരിന് സാധിച്ചത്. കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക് സമാനമായി 10 വിദ്യാലയങ്ങളെങ്കിലും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കാണിച്ചുതരാൻ ശ്രീ. നരേന്ദ്ര മോദിക്ക് സാധിക്കുമോ; കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കാട്ടിത്തരാൻ കോൺഗ്രസ്സിന്റെ നേതാക്കന്മാർക്ക് സാധിക്കുമോ; പ്രാദേശിക ഭാഷകൾ പഠന ഭാഷയായി അംഗീകരിച്ച, സർക്കാർ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ

രാജ്യത്തെ ഏതെങ്കിലും ഒരു പൊതുവിദ്യാലയത്തിൽ കാണിക്കാൻ ശ്രീ. അമിത് ഷായ്ക്ക് കഴിയുമോ; കേരളത്തിലെ ജനസംഖ്യ 3.5 കോടി വരും. അതിൽ 40 ലക്ഷം ആളുകൾ വിദേശങ്ങളിൽ ജോലി ചെയ്യുന്നു. ഏകദേശം 40 ലക്ഷം ആളുകൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി നോക്കുന്നവരും വ്യാപാര കച്ചവട മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. ശേഷിക്കുന്നത് 2.70 കോടി ആളുകളാണ്. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പൊതുവിദ്യാലയങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്രയാണെന്ന് നമ്മൾ എപ്പോഴെങ്കിലും അന്വേഷിച്ചിട്ടുണ്ടോ; 35 ലക്ഷം കുട്ടികളാണ് കേരളത്തിൽ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നത്. സി.ബി.എസ്.ഇ. സ്കൂളുകളും കേരള സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളും നമ്മുടെ നാട്ടിൽ ഉണ്ടല്ലോ; അവയിൽ കേരള സംസ്ഥാനത്ത് എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്ന് നമ്മൾ എപ്പോഴെങ്കിലും അന്വേഷിച്ചിട്ടുണ്ടോ; നമ്മുടെ സംസ്ഥാനത്ത് അത്തരം വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 3.5 ലക്ഷത്തിൽ താഴെയാണ്. ഇക്കാര്യത്തിൽ കേരളത്തിന്റെ നൂറ് നാഴിക അപ്പുറത്ത് നിൽക്കാൻ ഇന്ത്യയിലെ ഏതെങ്കിലും

ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് സാധിച്ചിട്ടുണ്ടോ; നമ്മുടെ അടുത്തെത്താൻ ഉത്തർപ്രദേശിന് സാധിച്ചിട്ടുണ്ടോ? നൂറ്റാണ്ടുകൾ കഴിഞ്ഞാലും അവർക്കത് സാധിക്കില്ല. അഞ്ച് ലക്ഷം സർക്കാർ ജീവനക്കാരിൽ പകുതിയിലധികം സർക്കാർ ശമ്പളം പറ്റുന്ന അധ്യാപകരുള്ള സംസ്ഥാനം കേരളമല്ലാതെ മറ്റേതുണ്ട്. അർഹതപ്പെട്ടവർക്കെല്ലാം ഹയർ സെക്കന്ററി വിദ്യാഭ്യാസം സൗജന്യമായി ലഭിക്കുന്നത് കേരള സംസ്ഥാനത്തല്ലേ? ഈ അധ്യയനവർഷം 353952 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ പ്ലസ് വണിന് ചേർന്നിട്ടുണ്ട്. എന്നാൽ, അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വണിന് ചേർന്നത് 28750 കുട്ടികൾ മാത്രമാണ്. 60 പുതിയ പ്ലസ് വൺ കോഴ്സുകൾ അനുവദിച്ചതോടെ മലപ്പുറം ജില്ലയിൽപ്പോലും സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ 250-ഓളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥിതിയുണ്ടായി. മലപ്പുറം ജില്ലയുടെ പ്ലസ് വൺ പഠന സൗകര്യം ഏറെക്കുറെ സമ്പൂർണമാക്കിയ സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. 2023-24 അധ്യയനവർഷം സയൻസ് കോഴ്സുകൾക്ക് സ്കോൾ കേരളയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത് 4420 കുട്ടികളും കൊമേഴ്സ്, ഹ്യൂമാനിറ്റീസ് വിഷയങ്ങളിൽ

27330 കുട്ടികളുമാണ്. അങ്ങനെ ആകെ 31750 കുട്ടികൾ. യു.ഡി.എഫ്. ഭരണത്തിന്റെ അവസാന വർഷം അഥവാ 2015-16-ൽ 83416 കുട്ടികളാണ് സ്കോൾ കേരളയിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്തിരുന്നത്. യു.ഡി.എഫ്. ഭരണകാലത്തെ അവസാന വർഷം മലപ്പുറം ജില്ലയിൽ ഇത് 25733 ആയിരുന്നു. ഈ വർഷം 12892 കുട്ടികളാണ് സ്കോൾ കേരളയിൽ മലപ്പുറത്തുനിന്നും രജിസ്റ്റർ ചെയ്ത് പ്ലസ് വണിന് അഡ്മിഷൻ നേടിയിരിക്കുന്നത്. ഇവരിൽ സയൻസ് വിഷയം എടുത്തിട്ടുള്ളവർ കോട്ടയ്ക്കലിലെയും മഞ്ചേരിയിലെയും എൻട്രൻസ് കോച്ചിംഗ് സെന്ററുകളോടനുബന്ധിച്ച പബ്ലിക് സ്കൂളുകളിൽ പഠിക്കുന്നവരാണ്. മതപഠനശാലകളിലും അറബിക് കോളേജുകളിലും പഠിക്കുന്ന കുട്ടികളാണ് സയൻസ്, കൊമേഴ്സ് വിഷയങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രൈവറ്റായി മലപ്പുറം ജില്ലയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഈ കുട്ടികൾക്ക് പൊതുവിദ്യാലയങ്ങളിൽ സൗകര്യമുണ്ടായാലും ആ വിദ്യാലയങ്ങളിൽ എത്തില്ല എന്നുള്ളതിന്റെ തെളിവാണ് പ്ലസ് വണിന് ഈ വർഷം 250 സീറ്റുകൾ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്നതിന്റെ കാരണം എന്ന് മനസ്സിലാക്കാൻ സാധിക്കേണ്ടതുണ്ട്.

ആരോഗ്യരംഗത്തും നാം നേടിയ പുരോഗതി സ്വപ്നസമാനമല്ലേ; ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളിൽ ഒരു പഞ്ചായത്തിൽ അലോപ്പതി ഹെൽത്ത് സെന്ററുകളും ആയുർവേദ-ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു? കേരളത്തെപ്പോലെ മറ്റൊരു സംസ്ഥാനത്തും ഈ സൗകര്യമില്ല. ഇന്ത്യയിലെ ഭൂരിപക്ഷ സമുദായത്തിന്റെ ആഗ്രഹമാണ് രാമക്ഷേത്ര നിർമ്മാണം എന്ന് ഇന്നലെ എന്റെ സ്നേഹിതൻ ശ്രീ.എൻ.ഷംസുദ്ദീൻ പറയുകയുണ്ടായി. ആരാണ് ലീഗ് സുഹൃത്തുക്കളോട് അത് പറഞ്ഞത്. (ബഹളം....) ബാബറി മസ്ജിദ് തകർത്ത സ്ഥലത്ത് രാമക്ഷേത്രം പണിയുകയെന്നുള്ളത് ഇന്ത്യയിലെ ഭൂരിപക്ഷ സമുദായത്തിന്റെ ആഗ്രഹമല്ല. അത് ആർ.എസ്.എസ്.-ന്റെയും സംഘ് പരിവാറിന്റെയും ആഗ്രഹമാണ്. ഹൈന്ദവ സഹോദരന്മാരുടെ അട്ടിപ്പേറവകാശം നിങ്ങൾ ബി.ജെ.പി.-ക്കും സംഘ്പരിവാറുകാർക്കും പതിച്ചുകൊടുക്കുകയാണ്. കേരളത്തിലെ ബി.ജെ.പി.-യുടെ അധ്യക്ഷൻ ശ്രീ.കെ.സുരേന്ദ്രന്റെ ഒരു ചടങ്ങിലെ സാന്നിദ്ധ്യം ഹൈന്ദവ മതപ്രാതിനിധ്യമായി ലീഗ് തെറ്റിദ്ധരിക്കുന്നു. എസ്.ഡി.പി.ഐ.-യുടെ നേതാവ് ഒരു ചടങ്ങിൽ പങ്കെടുത്താൽ അതിനെ എങ്ങനെയാണ് മുസ്ലിം സമുദായ പ്രാതിനിധ്യമായി

ലീഗ് കാണുക. ഈ സഭയിൽ ജന്മംകൊണ്ടെങ്കിലും ഹൈന്ദവ സമുദായത്തിൽപ്പെട്ടവർ ധാരാളമുണ്ടല്ലോ. ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയോട് ഞാൻ ചോദിക്കുന്നു, ഈ സഭയിലെ ഏതെങ്കിലുമൊരാൾ പറയുമോ രാമക്ഷേത്രം ഞങ്ങളുടെ ആഗ്രഹവും അഭിലാഷവുമാണെന്ന്. അങ്ങനെ കോൺഗ്രസിന്റെ പക്ഷത്തുള്ള ആരെങ്കിലും ഒരാൾ പറഞ്ഞാൽ ലീഗ് പറയുന്നത് ഞാൻ കേൾക്കും. അതിൽ യാതൊരു തർക്കവും വേണ്ട. കുരങ്ങന് ഏണി വച്ചുകൊടുക്കുന്നത് പോലെയാണ് സംഘ് പരിവാറിന് ലീഗ് ഏണി വച്ചുകൊടുക്കുന്നത്. ഇത്തരത്തിലുള്ള അബദ്ധങ്ങൾ തങ്ങൾ പറഞ്ഞാലും മുസ്ലിയാർ പറഞ്ഞാലും ഞങ്ങൾ എതിർക്കും. വളരെയധികം ഞെട്ടിക്കുന്ന ഒരു വാർത്ത ഇന്നലെ പുറത്തുവന്നിരുന്നു. ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളിൽനിന്ന് കോൺഗ്രസിന്റെ സമുന്നത നേതാവും മുൻ പ്രധാനമന്ത്രിയുമായ ഇന്ദിരാ ഗാന്ധിയുടെയും പ്രമുഖ നടിയും എം.പി.യുമായിരുന്ന നർഗീസ് ദത്തിന്റെയും പേരുകൾ കേന്ദ്ര സർക്കാർ വെട്ടിയതായി വിജ്ഞാപനം പുറത്തുവന്നിരിക്കുന്നു. അതിനോട് എത്ര കോൺഗ്രസ് നേതാക്കന്മാരാണ് പ്രതികരിച്ചത്; അവരുടെ പ്രതിഷേധം എവിടെയെങ്കിലും കണ്ടോ? മികച്ച നവാഗത സംവിധായകനുള്ള

ഇന്ദിരാഗാന്ധി പുരസ്കാരം ഇനിമേലിൽ അറിയപ്പെടുക മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരം എന്നുമാത്രമായിരിക്കും. ദേശീയോദ്ഗ്രഥനത്തെക്കുറിച്ചുള്ള മികച്ച ഫീച്ചർ ഫിലിമിന് നൽകിവരുന്ന നർഗീസ് ദത്ത് പുരസ്കാരം ദേശീയവും സാമൂഹികവും പാരിസ്ഥിതികവുമായ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മികച്ച ഫീച്ചർ ഫിലിമിനുള്ള പുരസ്കാരം എന്നാക്കി മാറ്റി. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം പുറത്തിറക്കിയ ഗസറ്റിലാണ് ഈ മാറ്റം വന്നിരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ് കൺക്ലൂഡ്..

ഡോ. കെ. ടി. ജലീൽ: മന്ത്രാലയം ഇതിനായി ചുമതലപ്പെടുത്തിയ സമിതിയിൽ മലയാളിയായ ഒരാളുണ്ട് എന്നത് നമ്മെ വേദനിപ്പിക്കുന്നു. അത് മറ്റാരുമല്ല, കേരളത്തിലെ പ്രിയപ്പെട്ട സംവിധായകൻ ശ്രീ.പ്രിയദർശൻ ആണ്. പ്രിയദർശന്റെകൂടി സമ്മതത്താലാണ് ഇന്ദിരാഗാന്ധിയുടെ പേര് വെട്ടിമാറ്റിയത്. നർഗീസ് ദത്തിന്റെ പേര് വെട്ടിമാറ്റുന്നതിനും അദ്ദേഹം കൂട്ടുനിന്നു. ഇത്രയും വലിയ ഒരു വാർത്ത വന്നിട്ടും കോൺഗ്രസ് നേതൃത്വം എവിടെയെങ്കിലും പ്രതികരിച്ചോ. ഇവരുടെ സമുന്നത നേതാവിന്റേതടക്കം പേരുകൾ വെട്ടിമാറ്റിയതിനെതിരായി അവർ എവിടെയെങ്കിലും

പ്രതിഷേധിച്ചോ. അയോദ്ധ്യയിലെ രാമക്ഷേത്രം ഉദ്ഘാടനത്തെക്കുറിച്ചുള്ള പാർലമെന്റിലെ ചർച്ചയിൽ വിപ്പ് കൊടുത്ത് മുഴവൻ എം.പി.-മാരെയും പങ്കെടുപ്പിച്ച കോൺഗ്രസിന്റെ കൂടെ എങ്ങനെ ലീഗ് നിൽക്കും. ആസാമിൽനിന്നുള്ള കോൺഗ്രസ് യുവ എം.പി., ഇതൊരു അഭിമാന നേട്ടമാണെന്നൊക്കെ പ്രസംഗിച്ചത് മുസ്ലിം ലീഗിന്റെ സുഹൃത്തുക്കൾ കേട്ടില്ലേ? നിങ്ങൾക്കെങ്ങനെ മൗനികളാവാൻ സാധിക്കും. ഇബ്രാഹിം സുലൈമാൻ സേട്ടു സാഹിബിന്റെയും ജി.എം. ബനാത്ത് വാലാ സാഹിബിന്റെയും ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെയും പാരമ്പര്യം അവകാശപ്പെടുന്ന മുസ്ലിം ലീഗിന് ഇക്കാര്യങ്ങളിൽ എന്ത് പറയാനുണ്ട് എന്നുള്ളത് എനിക്കുശേഷം പ്രസംഗിക്കുന്ന ശ്രീ. ടി. വി. ഇബ്രാഹിം സൂചിപ്പിക്കുമെന്ന് ഉറച്ചുവിശ്വസിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. കേരളം നേരിടുന്ന സമാനതകളില്ലാത്ത ധനകാര്യ പ്രതിസന്ധിയുടെ അടിസ്ഥാന കാരണങ്ങൾ

പരിശോധിക്കാനോ പരിഹാരങ്ങൾ നിർദ്ദേശിക്കാനോ അതിനാവശ്യമായ ധനപരിഷ്കരണങ്ങൾ പ്രഖ്യാപിക്കുന്നതിനോ ബഡ്ജറ്റിൽ നടപടികളുള്ളതായി കാണുന്നില്ല. ഒരു ധവളപത്രം പുറപ്പെടുവിച്ച് ധനസ്ഥിതിയുടെ യഥാർത്ഥ ചിത്രം ജനങ്ങളെ അറിയിക്കാൻ തയ്യാറാകുന്നില്ല എന്നുമാത്രമല്ല, ധനധൂർത്തുകൾ വെട്ടിക്കുറയ്ക്കാനുള്ള ഒരു നിർദ്ദേശവുമില്ല. കേന്ദ്രവിഹിതത്തിൽ 57,400 കോടി രൂപയുടെ വെട്ടിക്കുറവ് വരുത്തിയതിനാൽ സംസ്ഥാനം പ്രതിസന്ധി നേരിടുന്നു എന്ന് പറയുമ്പോഴും ഏതൊക്കെ ഇനത്തിലാണ് മേൽപ്പറഞ്ഞ ഫണ്ട് ലഭിക്കാനുള്ളത് എന്നതിന്റെ വസ്തുതാപരമായ വിവരങ്ങൾ നൽകുന്നുമില്ല. കർഷകവിരുദ്ധ നയമാണ് ഈ ബഡ്ജറ്റിലുള്ളത്. റബ്ബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തുമെന്ന് പറഞ്ഞ് അധികാരത്തിലേറിയ സർക്കാർ താങ്ങുവില 180 രൂപയായാണ് പ്രഖ്യാപിച്ചത്. നിലവിലെ താങ്ങുവില 170 രൂപയാണ്. നടപ്പ് സീസണിൽ ജൂലൈയിൽ പദ്ധതി ആരംഭിച്ചുവെങ്കിലും നവംബർ മാസത്തിലാണ് ബിൽ അപ്‌ലോഡ് ചെയ്യാൻ സൗകര്യമൊരുക്കിയത്. ഡിസംബർ ആദ്യം പ്രവർത്തനം നിലച്ച വെബ്‌സൈറ്റ് പുനരാരംഭിച്ചത് ജനുവരി മാസമാണ്.

റബ്ബർ ബോർഡിൽ ഫീൽഡ് സ്റ്റാഫുകളുടെ എണ്ണം കുറവായതിനാൽ

വളരെ കുറച്ച് ബില്ലുകൾ മാത്രമാണ് നിലവിൽ അപ്‌ലോഡ് ചെയ്യാൻ സാധിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിലായി 1600 കോടി രൂപ വിലസ്ഥിരതാ ഫണ്ട് എന്ന പേരിൽ പ്രഖ്യാപിച്ചിട്ട് മൂന്ന് വർഷവുംകൂടി 200 കോടി രൂപ മാത്രമാണ് ആകെ നൽകിയിട്ടുള്ളത്. സപ്ലൈകോയെ പാടെ അവഗണിച്ച ഒരു ബഡ്ജറ്റായിരുന്നു ഇത്. വിലക്കയറ്റം അതിരൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ സബ്സിഡി സാധനങ്ങൾ ലഭ്യമാക്കി സാധാരണക്കാരന് ആശ്വാസം പകരുന്ന രീതിയിൽ വിപണി ഇടപെടൽ നടത്തേണ്ട സപ്ലൈകോയെ പൂർണ്ണമായും അവഗണിച്ചതിലൂടെ ഈ സർക്കാരിന്റെ മുൻഗണനയിൽ സാധാരണ ജനങ്ങൾ ഉൾപ്പെടുന്നില്ലെന്നുള്ളത് വ്യക്തമാണ്. നെല്ല് സംഭരണം, സബ്സിഡി സാധനങ്ങളുടെ വിതരണം, സ്കൂൾ ഉച്ചഭക്ഷണത്തിന് അരിയെത്തിക്കൽ തുടങ്ങിയ സർക്കാർ സേവനങ്ങളെല്ലാം സപ്ലൈകോ കടമെടുത്താണ് ചെയ്തത്. ഈ വകയിൽ 3,000 കോടിയിലേറെ രൂപ സർക്കാർ സപ്ലൈകോയ്ക്ക് നൽകാനുണ്ട്. 13 ഇനം സബ്സിഡി സാധനങ്ങൾ പ്രതിമാസം 35-45 ലക്ഷംവരെ റേഷൻ കാർഡുടമകൾ സപ്ലൈകോയുടെ വിൽപ്പന കേന്ദ്രങ്ങളിൽനിന്നും വാങ്ങിക്കൊണ്ടിരുന്നതാണ്. ഈ

ഇടപെടലിന് പ്രതിവർഷം ചെലവാക്കിയിരുന്നത് 315 കോടി രൂപയാണ്. എന്നാൽ ഈ വർഷം ഇതിനായി മാറ്റിവച്ചിരിക്കുന്ന തുക 190 കോടി രൂപ മാത്രമാണ്. ഈയിനത്തിൽ കുടിശ്ശികയായി നൽകാനുള്ളത് 1,432.33 കോടി രൂപയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് കുടിശ്ശികയായി 1,850 കോടി രൂപയും കരാറുകാർക്ക് 12,000 കോടി രൂപയും ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള കുടിശ്ശിക 23,000 കോടി രൂപയും ആരോഗ്യ രംഗത്ത് 20,210 കോടി രൂപയും ദേശീയ ജൽജീവൻ മിഷൻ പദ്ധതിക്ക് 1,397 കോടി രൂപയും നൽകാനുണ്ട്. നാലക്ക കുടിശ്ശിക തുകയെക്കാൾ കൂടുതലാണ് മൂന്നക്കത്തിന്റെയും രണ്ടക്കത്തിന്റെയും കുടിശ്ശികത്തുക. ജീവിതകാലം മുഴുവൻ വളയം പിടിച്ചും ടിക്കറ്റ് കൊടുത്തും വിരമിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാർ പെൻഷൻ കിട്ടാതെ ദുരിതകയത്തിലാണ്. ഒന്നാം പിണറായി സർക്കാരിന്റെ ആദ്യ ബഡ്ജറ്റ് മുതൽ കെ.എസ്.ആർ.ടി.സി.-ക്കായി രക്ഷാപാക്കേജുണ്ടാക്കുമെന്ന് പ്രഖ്യാപനം നടത്തിയെങ്കിലും നാളിതുവരെ യാതൊന്നും നടപ്പാക്കിയിട്ടില്ല. കെ.എസ്.ആർ.ടി.സി. ഹരിത വാഹനത്തിലേയ്ക്ക് മാറുന്ന പദ്ധതികൾ ഒന്നാം പിണറായി സർക്കാരിന്റെ കാലംമുതൽ പറഞ്ഞുതുടങ്ങിയിട്ട് ഇ-

ബസ്സുകൾക്കായുള്ള ടെണ്ടർ റദ്ദാക്കുകയും ഡീസൽ ബസ്സുകൾ വാങ്ങുന്നതിന് തുക അനുവദിക്കുകയും ചെയ്തതിന്റെ കാര്യത്തിലുള്ള വസ്തുത വ്യക്തമാക്കാൻ സർക്കാർ തയ്യാറാകണം. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതികൾ എംപാനൽ ചെയ്ത ആശുപത്രികൾക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള 1,128.69 കോടി രൂപയെപ്പറ്റി ബഡ്ജറ്റിൽ പരാമർശമില്ല. കുടിശ്ശിക ലഭിക്കാത്തതിനാൽ പല ആശുപത്രികളും ഈ പദ്ധതിയിലൂടെ നൽകുന്ന സേവനങ്ങൾ അവസാനിപ്പിച്ചു. മെഡിക്കൽ കോളേജുകളിൽ മരുന്നുകളും ശസ്ത്രക്രിയകൾക്കുവേണ്ട സാമഗ്രികളുമില്ലാത്തതിനാൽ പുറത്തുള്ള മെഡിക്കൽ സ്റ്റോറുകളിൽനിന്നും കടംവാങ്ങി ചികിത്സ നൽകിയിരുന്നു. എന്നാൽ വലിയതോതിൽ കുടിശ്ശിക വന്നതോടെ ഇത്തരം സേവനങ്ങളും നിലച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഒരു താലൂക്കാശുപത്രി കൊണ്ടുവരുമെന്ന് ബൈഇലക്ഷൻ കാലത്ത് നിങ്ങൾ പ്രഖ്യാപിച്ചുവെങ്കിലും ഇതുവരെ അത് നടപ്പാക്കിയിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം നാളെ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി കേരളത്തിലെ വായ്പാപരിധി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ചർച്ച നടത്തുകയാണ്. കൂടുതൽ തുക കടമെടുക്കാൻ സംസ്ഥാനത്തെ

അനുവദിക്കണമെന്ന് ആവശ്യപ്പെട്ടാണ് കേരളം സുപ്രീം കോടതിയിൽ കേസ്സിന് പോയത്. ഇങ്ങനെ കടമെടുക്കുന്ന പണം നാം എവിടെനിന്നും തിരിച്ചടയ്ക്കുമെന്ന് ചിന്തിച്ചിട്ടുണ്ടോ? തിരിച്ചടവിന് മാർഗ്ഗം കാണാതെ പണം കടമെടുത്തിട്ടുള്ള വ്യക്തികളാണെങ്കിലും സ്ഥാപനങ്ങളാണെങ്കിലും രാജ്യങ്ങളാണെങ്കിലും മുതലും പലിശയും തിരിച്ചടയ്ക്കാൻ കഴിയാതെ തകർന്നുപോയ ചരിത്രമാണുള്ളത്. ഈ നാട് തകരരുത്, തളരരുത്, തകർക്കാനാകരുത് എന്നൊക്കെയാണ് ഞങ്ങളുടെയും ആഗ്രഹവും ആവശ്യവും. നമ്മൾ കടം വാങ്ങുന്ന തുക ഉപയോഗിക്കുന്നത് സംസ്ഥാന സർക്കാരിന്റെ അഴിമതികൾ കേന്ദ്ര അന്വേഷണ ഏജൻസികൾ അന്വേഷിക്കാതിരിക്കാൻ സുപ്രീം കോടതിയിലെ അഭിഭാഷകർക്ക് കോടികൾ ഫീസിനത്തിൽ നൽകാനല്ലേ? രാഷ്ട്രീയ എതിരാളികളെ വകവരുത്തിയ കേസ്സുകളിൽ സി.ബി.ഐ. അന്വേഷണം നടത്താതിരിക്കാൻ അഭിഭാഷകർക്ക് കോടികൾ അല്ലേ കേരളത്തിൽ കൊടുത്തുകൊണ്ടിരിക്കുന്നത്. വരുമാനത്തിനനുസരിച്ച് ചെലവഴിച്ച് ജനക്ഷേമകരമായ പരിപാടികളും വികസന പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുന്നതിലാണ് ഒരു സർക്കാരിന്റെ കാര്യക്ഷമത

പ്രകടമാകുന്നത്. ഇക്കാര്യത്തിൽ നിലവിലുള്ള സർക്കാരും അതിന്റെ ധനകാര്യ വകുപ്പും അതിദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. 'ഇടിവെട്ടിയവനെ പാമ്പ് കടിച്ചു' എന്നൊരു പഴംചൊല്ല് കേട്ടിട്ടേയുള്ളൂ. ആ അവസ്ഥയിലാണ് ഇപ്പോൾ കേരളം. എന്ത് പേരിട്ട് വിളിച്ചാലും ഈ പ്രതിസന്ധിയുടെ സത്യവും ആഴവും ജനം അറിയണം. ദുരഭിമാനത്തിന്റെ പ്രശ്നം ഇവിടെ ഉദിക്കുന്നില്ല. സർവ്വകക്ഷിയോഗം വിളിച്ച് പ്രശ്നം ചർച്ച ചെയ്യാനും പരിഹാരമാർഗ്ഗം തേടാനും സർക്കാർ തയ്യാറാകണം. സംസ്ഥാനത്തെ നികുതി വിഭാഗത്തിലെ ഇന്റലിജൻസ് സംവിധാനം പാടെ തകർന്നുകിടക്കുകയാണ്. കണക്കിലെ കളികളുപയോഗിച്ചും കേന്ദ്രത്തെ പഴിച്ചും ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുപോകുമ്പോൾ ഇവിടെ ഇങ്ങനെയൊക്കെ നടക്കും എന്ന അലസ മനോഭാവത്തിലാണ് ജി.എസ്.ടി.വകുപ്പ്. സംസ്ഥാന അതിർത്തികളിലെ ചെക്ക്പോസ്റ്റുകൾ നാമമാത്രമായി. അവിടങ്ങളിലെ ക്യാമറകൾപോലും പ്രവർത്തിക്കുന്നില്ല. ക്ഷേമപെൻഷൻ വിതരണത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ടുരൂപ നിരക്കിൽ സെസ്സ് ഏർപ്പെടുത്തി ജനങ്ങളിൽനിന്നും പണം പിരിച്ചു. എന്നാൽ ക്ഷേമപെൻഷനുകൾ കഴിഞ്ഞ

ആറ് മാസമായി വിതരണം ചെയ്തിട്ടില്ല. ക്ഷേമപെൻഷനിൽ 100 രൂപയുടെ വർദ്ധനപോലും ഉണ്ടായിട്ടില്ലെന്നത് അടുത്ത കാര്യം. പെൻഷൻ കുടിശ്ശിക വിതരണത്തിനായി ഫണ്ട് കണ്ടെത്തുന്നതിനുള്ള പ്രായോഗിക ബദൽ മാർഗ്ഗങ്ങൾ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുമില്ല. സ്ത്രീ സുരക്ഷാ, ജന്റർ ബഡ്ജറ്റ് എല്ലാം വെറും പൊള്ളത്തരമാണെന്ന് സർക്കാർ തെളിയിച്ചിരിക്കുന്നു. വിമൺ ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് വകുപ്പിന് കഴിഞ്ഞ പദ്ധതി വിഹിതത്തിൽ അനുവദിച്ച 994.84 കോടി രൂപയിൽ വെറും 21.98 കോടി രൂപ മാത്രമാണ് നാളിതുവരെ ചെലവഴിച്ചത്. കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കേസ്സുകൾ ക്രമാതീതമായി വർദ്ധിക്കുകയാണ്...

<u>മി. ചെയർമാൻ</u>:പ്ലീസ്.... കൺക്ലൂഡ്.....

<u>ശ്രീമതി ഉമ തോമസ്</u>: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് യാതൊന്നും ചെയ്തിട്ടില്ലെന്ന് മാത്രമല്ല ജനങ്ങളെ കൂടുതൽ ദുരിതത്തിലാഴ്ത്തുന്ന ഈ ബഡ്ജറ്റിനെ ഞാൻ നിശിതമായി എതിർക്കുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2024-2025

സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ഏറ്റവും മുഴക്കമുള്ള വാക്യം 'തകരില്ല കേരളം, തളരില്ല കേരളം, തകർക്കാനാവില്ല കേരളത്തെ' എന്നതാണ്. ബഡ്ജറ്റ് പ്രസംഗത്തിലെ അഞ്ചാമത്തെ ഖണ്ഡികയിലാണ് ഇങ്ങനെ പറഞ്ഞിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ ശത്രുതാപരമായ സമീപനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ സംസ്ഥാനത്തെ സാമ്പത്തിക ഉപരോധത്തിലേയ്ക്കാണ് തള്ളിവിട്ടിരിക്കുന്നത്. ഇതിൽ പരിതപിച്ച് കയ്യുംകെട്ടി നോക്കിനിൽക്കാൻ കേരളം തയ്യാറല്ല എന്നതാണ് ഈ ബഡ്ജറ്റ് പ്രസംഗത്തിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നമുക്കെല്ലാം മുമ്പിൽ വയ്ക്കുന്ന ചിത്രം. നമ്മുടെ വികസനത്തെ മുന്നോട്ടുകൊണ്ടുപോകാനും നവകേരള സൃഷ്ടിക്കായി കേരളീയരെയാകെ  ഒറ്റ മനസ്സോടെ അണിനിരത്തുവാനും കേരള സർക്കാർ നേതൃത്വം നൽകുമെന്നുള്ള തുടിക്കുന്ന ആശയമാണ് ആ മുദ്രാഗീതത്തിൽ അടങ്ങിയിട്ടുള്ളത്. മുടിഞ്ഞുപോയ നാടെന്ന് കേരളത്തെ ചിത്രീകരിക്കുന്ന കേരള വിരുദ്ധരെ അഗാധമായി നിരാശപ്പെടുത്തുന്ന നേട്ടങ്ങളാണ് ഈ നാട് കൈവരിച്ചുകൊണ്ടിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തുടക്കത്തിൽത്തന്നെ പറഞ്ഞിരിക്കുന്നു. ഈ സഭയിൽ നടന്ന ചില നാടകീയ രംഗങ്ങൾ മനസ്സിൽ ഉയർന്നുവന്നതുകൊണ്ടാകണം അങ്ങനെ

പറഞ്ഞതെന്നാണ് ഞാൻ കരുതുന്നു. സംസ്ഥാനത്തിന്റെ ഭരണഘടനാദത്തമായ അവകാശങ്ങളെയും ഫെഡറലിസത്തെയും പിച്ചിച്ചീന്തുന്ന ഹീനമായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുമ്പോൾ അത്തരം നടപടികളെ ശിങ്കാരി മേളത്തിന്റെ അകമ്പടിയോടെയാണ് പ്രതിപക്ഷം എതിരേൽക്കുന്നത്. ആദരണീയനായ പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ അനുയായിയായ ശ്രീ. മാത്യു കുഴൽനാടനുമൊക്കെ കണക്കുകൾകൊണ്ട് ഇന്ദ്രജാലം കാണിക്കുന്നത് കണ്ട് ഇവിടെ ഞങ്ങളെല്ലാം പലവട്ടം തരിച്ചിരുന്നുപോയിട്ടുണ്ട്. ഈ അക്കങ്ങളും കോടികളുമെല്ലാം കടലാസിൽ എഴുതിക്കൂട്ടിയെടുത്താൽ ഏറ്റവും ചുരുങ്ങിയത് അയ്യായിരം കോടി രൂപയെങ്കിലും അധികം കൈപ്പറ്റിയ കുറ്റവാളിയായി ഈ കേരളം മാറും. വൈകുന്നേരത്തിനുമുമ്പ് ആ തുക കേന്ദ്രത്തിന് തിരികെക്കൊടുത്ത് രശീത് വാങ്ങിയില്ലെങ്കിൽ ജീവിച്ചിരുന്നിട്ട് കാര്യമില്ലെന്നുപോലും തോന്നിപ്പോകുന്ന സ്ഥിതിയാണുള്ളത്. പ്രതിപക്ഷത്തിന്റെ ഒരു ലൈൻ ഇതാണ്. രാവും പകലും ഇവർ പ്രാർത്ഥിക്കുന്നത് കേരളം മുടിഞ്ഞുപോകണമെന്നാണ്. ശരിക്കും ബി.ജെ.പി. ഓണം ബമ്പറടിച്ച അവസ്ഥയിലാണ്. കേന്ദ്രത്തിനുവേണ്ടി ഉറഞ്ഞുതുള്ളാൻ മുക്കാൽക്കാശ്

ചെലവില്ലാതെ 41 പടയാളികളെയാണ് അവർക്ക് കിട്ടിയിരിക്കുന്നത്. കേന്ദ്രം നിഷേധിച്ച വിഭവങ്ങളെക്കുറിച്ച് ഭരണപക്ഷത്തുനിന്നും അവതരിപ്പിച്ച വിവരങ്ങളെല്ലാം ഇപ്പോഴും ഈ സഭാതലത്തിൽ മാറ്റൊലിക്കൊള്ളുന്നുണ്ട്. ബഡ്ജറ്റ് രേഖയിൽ അവ വിശദീകരിക്കുന്നുമുണ്ട്. അതിനാൽ ഒരിക്കൽക്കൂടി ആവർത്തിക്കാൻ മുതിരുന്നില്ല.

കേരള വികസന മാതൃക അറിയപ്പെടുന്നത് എങ്ങനെയാണ്? അത് മതനിരപേക്ഷതയുടെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സാമൂഹികനീതിയുടെയും ഉയർന്ന ജീവിത ഗുണനിലവാരത്തിന്റെയും പേരിലാണ്. കേരളമൊരു ബഹുസ്വര സമൂഹമാണ്. കേരളം അതിവേഗം പുരോഗതിയിലേയ്ക്ക് കുതിക്കുകയാണ്. 8 വർഷം മുമ്പ് കണ്ട കേരളമല്ല ഇന്നത്തെ കേരളമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് 100% ശരിയാണ്. ആ മുന്നേറ്റത്തെ ത്വരിതപ്പെടുത്തുന്നതിനുള്ള ബൃഹദ്പദ്ധതികളാണ് ഈ ബഡ്ജറ്റിലുള്ളതെന്നത് അഭിമാനകരമാണ്. Out-of-the-Box പദ്ധതി മാതൃകകൾ 2024-25 ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നുണ്ട്. അടുത്ത 3 വർഷത്തിനുള്ളിൽ കുറഞ്ഞത് 3 ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുന്നതിനുള്ള പരിപാടികളാണ് ആസൂത്രണം

ചെയ്തിരിക്കുന്നത്. വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനം, ടൂറിസം പദ്ധതികൾ, വിദ്യാഭ്യാസ രംഗത്തെ സ്വകാര്യനിക്ഷേപം എന്നിവയൊക്കെ അതിന്റെ ഭാഗമാണ്. കേന്ദ്രം ശ്വാസം മുട്ടിക്കുമ്പോൾ വികസനത്തിനായി സ്വകാര്യ മൂലധന നിക്ഷേപത്തിന്റെ സാധ്യതകൾ തിരയുകയാണ്. തന്റെ കവിതയിലൊരിടത്ത് കവി ശ്രീ. സച്ചിദാനന്ദൻ ഇങ്ങനെ പറയുന്നുണ്ട്.

“ വർത്തമാനത്തിനപ്പുറത്തേക്കു നോക്കാത്തവർ മനുഷ്യരല്ല
വിതയ്ക്കപ്പെട്ട വിത്തുകളും ഉച്ചരിക്കപ്പെട്ട വാക്കുകളും
വെറുതെയിരിക്കുന്നില്ല.”

വിഴിഞ്ഞം തുറമുഖം ഭാവിയുടെ വികസന കവാടമാണ്. വിഴിഞ്ഞം കേന്ദ്രീകരിച്ച് വലിയൊരു വ്യവസായ മേഖല ചലനാത്മകമാകുകയാണ്. ടൗൺഷിപ്പുകൾ, റസിഡൻഷ്യൽ സെന്ററുകൾ, വ്യവസായ കേന്ദ്രങ്ങൾ, സംഭരണശാലകൾ, വിനോദകേന്ദ്രങ്ങൾ തുടങ്ങി വിപുലമായൊരു ഹബ്ബായി അത് മാറാനിരിക്കുന്നു. വലിയൊരു വികസനമാണ് അവിടെ വരാനിരിക്കുന്നത്. വിഴിഞ്ഞത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്താൻ സ്പെഷ്യൽ ഡെവലപ്മെന്റ് സോണുകൾകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആസൂത്രണം ചെയ്യുന്നുണ്ട്. ഇതെല്ലാം

ശരിയായി മുന്നോട്ടുപോയാൽ നാലോ അഞ്ചോ ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സാധ്യതയാണ് തെളിയുന്നത്. അതോടൊപ്പം പ്രാദേശിക ജനവിഭാഗമായ മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസന പദ്ധതികളും വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു.

കേരളം സൂര്യോദയ സമ്പദ് വ്യവസ്ഥയിലേയ്ക്ക് പ്രവേശിച്ചതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിലയിരുത്തുന്നു. സേവന മേഖലയെ കേന്ദ്രീകരിച്ചുള്ള വികസനത്തിന്റെ പരിമിതിയെ മറികടന്ന് മാനുഫാക്ചറിംഗ് മേഖല സമ്പദ്ഘടനയെ പരിപോഷിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. അപ്പുറത്ത് പ്രിയപ്പെട്ട യു.ഡി.എഫ്. അംഗങ്ങളെല്ലാം ഇരിക്കുമ്പോൾ, അവർക്ക് ഈ സൂര്യോദയ സമ്പദ് വ്യവസ്ഥ എന്നുപറയുമ്പോൾ സൂര്യാസ്തമയത്തിന്റെ സമയത്തുനിൽക്കുന്ന ആളുകൾക്കുള്ളൊരു പ്രശ്നമുണ്ട്. നമുക്കറിയാമല്ലോ, ഏറ്റവും അവസാനം ശ്രീ. കമൽനാഥും  അശോക് ചൗഹാനും ഉൾപ്പെടെയുള്ള ഏറ്റവും പ്രഗത്ഭരായ ആളുകൾ പോയി. അതിനുമുമ്പ് പോയ ആളുകളെ കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അങ്ങനെ ഓരോരുത്തരും പോകുകയാണ്. അതുകൊണ്ട് സൂര്യാസ്തമയത്തെ കുറിച്ച് ചിന്തിക്കാനാണ് കൂടുതൽ താൽപ്പര്യമെന്ന്

ഉറപ്പാണ്. മൊത്തം മൂല്യവർദ്ധനവിൽ മാനുഫാക്ചറിംഗ് വളർച്ചാനിരക്ക് ഇപ്പോൾ 15 ശതമാനത്തിന് അടുത്തെത്തിയിരിക്കുന്നു. ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, സസ്യാധിഷ്ഠിത ഔഷധങ്ങൾ, സംസ്കരിച്ച പെട്രോളിയം ഉൽപ്പന്നങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, രാസവ്യവസായം തുടങ്ങിയ സൂര്യോദയ മേഖലകളാണ് ഈ മാറ്റത്തെ നിയന്ത്രിക്കുന്നത്. അതിനാൽ ഈ മേഖലകളെ കേന്ദ്രീകരിച്ചുള്ള വികസനം ബഡ്ജറ്റ് ലക്ഷ്യമാക്കുന്നു. ഇതൊരു പുതിയ കാഴ്ചപ്പാടാണ്.

പ്രതിസന്ധികളും വെല്ലുവിളികളും ഒഴിഞ്ഞുപോയതിനുശേഷം മതി വികസനം എന്നുകരുതി മാറിയിരിക്കാൻ ഒരു ഭരണകൂടത്തിനും കഴിയില്ല. അതുകൊണ്ട് സ്വകാര്യ മേഖലയുടെ സഹായത്തോടുകൂടിയുള്ള പുതിയ വികസന മാതൃകകൾ ഈ ബഡ്ജറ്റിൽ കടന്നുവരികയാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഡിജിറ്റൽ സയൻസ് പാർക്ക് എന്നിങ്ങനെ കഴിഞ്ഞ വർഷം തുടങ്ങിയ പല പ്രവർത്തനങ്ങളും ശ്രദ്ധേയമായി മാറിയതായി നാം കാണുകയാണ്. സെന്റർ ഫോർ ഗ്രാഫീൻ, മൈക്രോബയോം കേന്ദ്രം, ന്യൂട്രാസ്യൂട്ടിക്കൽസ് കേന്ദ്രം എന്നിവയും യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ഡിജിറ്റൽ സർവ്വകലാശാല വികസിപ്പിച്ചെടുത്ത 'കൈരളി' എന്ന നിർമ്മിത

ബുദ്ധി പ്രോസസ്സർ വലിയ ശാസ്ത്രനേട്ടമായി ഇപ്പോൾ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ഇതിനകം 16 പേറ്റന്റുകൾ ഈ സർവ്വകലാശാലയ്ക്ക് ലഭിച്ചുകഴിഞ്ഞു. അടുത്തവർഷം 250 കോടി രൂപയുടെ വികസന പദ്ധതികളാണ് ഡിജിറ്റൽ സർവ്വകലാശാലയിൽ നടപ്പാക്കാൻ പോകുന്നത്.

'സംരംഭകർ ഈ വഴിക്ക് വന്നുപോകരുത്, തൊഴിലാളികൾ സമരം നടത്തി കെട്ടിപ്പൂട്ടിച്ചുകളയും' എന്ന പ്രചരണം ഇപ്പോൾ വേണ്ടത്ര ക്ലച്ച് പിടിക്കുന്നില്ല. അതിനാൽ സ്വകാര്യ വ്യവസായ പാർക്കുകൾ വന്നുകൊണ്ടിരിക്കുന്നു. വരുംവർഷം 25 പാർക്കുകൾക്ക് സർക്കാർ അനുമതി നൽകും. 2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചതിനെത്തുടർന്ന് 1,39,840 പുതിയ സംരംഭങ്ങൾക്കാണ് കേരളത്തിൽ തുടക്കംകുറിച്ചത്. എന്റെ കയ്പമംഗലം മണ്ഡലത്തിലുൾപ്പെടെ, അവിടെ കേരളത്തിൽ ചിലപ്പോൾ ആദ്യമായി ക്രെയിൻ ഉണ്ടാക്കുന്ന പുതിയ ഒരു യൂണിറ്റുകൂടി ആരംഭിക്കാൻ പോകുന്നു. നമ്മുടെ കേരളത്തിന്റെ വലിയ മാറ്റമാണ് ഇതിലൂടെ കാണുന്നത്. ദേശീയ സ്റ്റാർട്ടപ്പ് മിഷൻ റാങ്കിംഗിൽ 2022-ലെ ബെസ്റ്റ് പെർഫോർമറായി കേരളം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

കേരളത്തിന്റെ ഇമേജിന് വലിയ മാറ്റം വന്നിരിക്കുന്നു. ലക്ഷക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന മേഖലയായി വ്യവസായം വികസിക്കുന്നു. വ്യവസായ വകുപ്പുമന്ത്രി അതിനൊക്കെ വലിയ രീതിയിലുള്ള ഇടപെടൽ വഹിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും.

ലോകത്ത് കണ്ടിരിക്കേണ്ട 50 മനോഹര സ്ഥലങ്ങളിലൊന്നായി നമ്മുടെ കൊച്ചുകേരളത്തെ ടൈം മാഗസിൻ തെരഞ്ഞെടുത്തിരിക്കുന്നു എന്നുപറഞ്ഞാൽ നമുക്കുള്ള അഭിമാനം എത്രയോ വലുതാണ്. ഇതിന് ആവശ്യമായ പ്രചാരം ലഭിച്ചാൽ ടൂറിസ്റ്റുകളുടെ പറുദീസയായി കേരളം മാറും. 5000 കോടി രൂപയുടെ നിക്ഷേപമാണ് ഈ മേഖലയിൽ സർക്കാർ പ്രതീക്ഷിക്കുന്നത്. സൗകര്യങ്ങൾ ഒരുക്കുന്നതിന് 150 കോടി രൂപ വകയിരുത്തുകയും ചെയ്തിരിക്കുന്നു.

ഈ ബഡ്ജറ്റിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ച പ്രധാനപ്പെട്ടൊരു കാര്യം കെയർ എക്കോണമി എന്നപേരിൽ ഒരു പുതിയ പ്രവർത്തനത്തിന് തുടക്കം കുറിച്ചിരിക്കുന്നു എന്നതാണ്. കേരളത്തിലെ ജനസംഖ്യയുടെ 20 ശതമാനം 60 വയസ്സിന് മുകളിലുള്ളവരാകുകയും അവർക്ക് തുണയാകാൻ വലിയൊരു ശതമാനം വീടുകളിലും മക്കൾ

നാട്ടിലില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഈ പ്രവർത്തനം ആവിഷ്കരിച്ചതെന്ന് കാണുമ്പോൾ എത്രത്തോളം ദീർഘദൃഷ്ടിയോടുകൂടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിനെ സമീപിച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും. പ്രായമായവർക്കായി കെയർ സെന്ററുകൾ സ്ഥാപിച്ച് ആരോഗ്യ പരിചരണവും സംരക്ഷണവും നൽകുന്ന പദ്ധതിയാണിത്. വിദേശികൾക്കും ഇത്തരം കേന്ദ്രങ്ങളിൽ പരിചരണം നൽകും. സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വലിയ ശൃംഖലയാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇതിൽ വിഭാവനം ചെയ്യുന്നത്. ഒരു കെയർ ഹബ്ബായി കേരളത്തെ മാറ്റുകയാണ് ലക്ഷ്യം. സാന്ത്വന സ്പർശത്തിന്റെ മനോഹാരിത നിറഞ്ഞ ഈ പദ്ധതി ഈ ബഡ്ജറ്റിലെ മാസ്റ്റർപീസാണ്. വയോജനങ്ങൾക്ക് കൈത്താങ്ങാകുകയും അതോടൊപ്പം തൊഴിലും വരുമാനവും ഈ പദ്ധതി ഉറപ്പാക്കുകയും ചെയ്യുന്നു.

കയ്പമംഗലം എന്ന തീരദേശ നിയോജക മണ്ഡലത്തിലെ ഒരു ജനപ്രതിനിധിയാണ് ഞാൻ. ഇത്തവണയും തീരദേശ വികസനത്തിനായി നല്ല രീതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അവരുടെ പുനരധിവാസം

ഉൾപ്പെടെയുള്ള പരിപാടികൾക്കുമായി 136.98 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗുരുതരമായ തീരശോഷണ ഭീഷണി നേരിടുന്ന തീരത്തുനിന്നും തൊഴിലാളി കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കുന്ന 'പുനർഗേഹം' പദ്ധതി ഫലപ്രദമായി മണ്ഡലത്തിൽ നടന്നുവരികയാണ്. സമൂഹത്തിന്റെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഈ ജനവിഭാഗത്തോട് കാണിക്കുന്ന കരുതലിന് പ്രത്യേകനന്ദി പറയുകയാണ്.

കേരളത്തിന്റെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകളായ അതിദാരിദ്ര്യ നിർമ്മർജ്ജന പരിപാടിയും സമ്പൂർണ്ണ ഭവന ലഭ്യതാ പദ്ധതിയായ ലൈഫും വിജയത്തിലേയ്ക്ക് എത്തിക്കാനാവശ്യമായ ആസൂത്രണവും ഫണ്ടും ഈ ബഡ്ജറ്റിൽ ഉറപ്പാക്കിയിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കാൻപോകുന്ന K-LIFT എന്ന പ്രത്യേക ഉപജീവന പദ്ധതിക്കും സാമ്പത്തിക മേഖലയിൽ വലിയ കുതിച്ചുചാട്ടം നടത്താൻ കഴിയും.

നമുക്ക് പലതും ഇനിയും ബഡ്ജറ്റിൽ ആവശ്യമുണ്ടെന്ന് അറിയാം. ക്ഷേമ പെൻഷനുകൾക്കുള്ള ഉറപ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുന്നുണ്ട്. അതുപോലെ മറ്റ് പല വകുപ്പുകൾക്കും... PWD, KSRTC,

ആരോഗ്യ മേഖല, സിവിൽ സപ്ലൈസുമുണ്ട്. പക്ഷേ, സിവിൽ സപ്ലൈസ് വേറെ, മറ്റ് വകുപ്പുകൾ വേറെ എന്ന അർത്ഥത്തിൽ രണ്ടായി തിരിച്ചുകാണാനുള്ളൊരു ശ്രമമൊക്കെ ഇവിടെ നടത്തുന്നുണ്ട്. രണ്ട് ആടുകൾ തമ്മിൽ കുട്ടിയിടിക്കുമ്പോൾ അതിന്റെ ചോര കുടിക്കാൻ വരുന്ന കുറുക്കന്റെ കൗശലം ഇതിൽ മറഞ്ഞുകാണുകയാണ്. നമുക്ക് മുന്നോട്ടുപോകാനുള്ള, കുതിക്കാനുള്ളൊരു സ്രോതസ്സായി ബഡ്ജറ്റ് മാറും. ഈ ബഡ്ജറ്റിനെ എല്ലാ അർത്ഥത്തിലും ഒരിക്കൽക്കൂടി ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കേരളത്തിന്റെ സാമ്പത്തിക തകർച്ച മുഴുവനായും ചിത്രീകരിക്കുന്നൊരു ബഡ്ജറ്റാണ് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെ ഞാൻ പ്രസ്തുത ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുകയാണ്.

കേരളത്തിന്റെ ധനപ്രതിസന്ധി എവിടെവരെ എത്തിയെന്ന് കാണിക്കാൻ 2016 ജൂൺ മാസത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ഒരു ധവളപത്രം ഇറക്കിയിരുന്നു. ഇപ്പോഴത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, അങ്ങ് ഒരു പുതിയ ധവളപത്രം ഇറക്കണം. എങ്കിൽ

മാത്രമേ ഈ പ്രതിസന്ധി മുഴുവൻ സൃഷ്ടിച്ചത് അങ്ങല്ലെന്നും അത് ഡോ. ടി. എം. തോമസ് ഐസക്കിന്റെ നയംകൊണ്ടായിരുന്നുമെന്നുള്ളത് സമൂഹത്തെ ബോധ്യപ്പെടുത്താൻ കഴിയൂ എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം, യു.ഡി.എഫ്. ഗവൺമെന്റ് 78 ലക്ഷം രൂപയിനിന്ന് 1.50 ലക്ഷം കോടി രൂപയായി പൊതുകടം വർദ്ധിപ്പിച്ചു എന്നായിരുന്നു പ്രസ്തുത ധവളപത്രത്തിൽ  പറഞ്ഞിരുന്നത്. എന്നാൽ ഇന്ന് അത് 4 ലക്ഷം കോടി രൂപയിൽ എത്തിച്ചത് ആരാണെന്നത് ആ ധവളപത്രത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ നന്നാകുമെന്നാണ് എനിക്ക് തോന്നുന്നത്.

സൂര്യോദയ ബഡ്ജറ്റെന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ഈ ബഡ്ജറ്റിൽ 601 പാരഗ്രാഫുകളുണ്ട്. അത് മുഴുവൻ വായിച്ചിട്ടും സൂര്യോദയം പോയിട്ട് മിന്നാമിനുങ്ങിന്റെ വെട്ടംപോലും എനിക്ക് കാണാൻ സാധിച്ചിട്ടില്ല എന്നതാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ അപചയമെന്ന് പറയുന്നത്. കഴിഞ്ഞ വർഷം ധനസമാഹരണത്തിനുവേണ്ടി ഒരുപാട് നിർദ്ദേശങ്ങൾ വന്നു. ജനങ്ങളുടെ പേരിൽ ഒരുപാട് നികുതികൾ അടിച്ചേൽപ്പിച്ചു. പെട്രോളിനും ഡീസലിനും അധിക സെസ്സ് ചുമത്തി. കെട്ടിട നികുതി, ഭൂമിയുടെ ന്യായവില, പെർമിറ്റിന് ഫീസ്, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം,

ഖനനത്തിന്റെ റോയൽറ്റി ഫീസ്  എന്നിവയെല്ലാം വർദ്ധിപ്പിച്ചു. എന്നിട്ടും ക്ഷേമപെൻഷൻ അടക്കം 6 മാസം കൊടുക്കാതെ തകർന്നുകിടക്കുന്ന, ഒന്നും ബാലൻസായി കൊണ്ടുപോകാൻ കഴിയാത്ത കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയാണ് ഇവിടെ വിവരിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹ്യസുരക്ഷാ പെൻഷനിൽ സി.&എ.ജി.  കാര്യമാത്രപ്രസക്തമായ വലിയൊരു തകരാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2018 മുതൽ 2021 വരെ ലഭിച്ചതും എന്നാൽ വിതരണം ചെയ്തതുമായ തുകയിൽ 4478 കോടി രൂപയുടെ വ്യത്യാസമുണ്ട്, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിന്റെ ഈ തുകയിൽ വലിയ വ്യത്യാസമുണ്ടെന്ന് സി.&എ.ജി. വരെ ചൂണ്ടിക്കാണിക്കുന്നു. നമ്മുടെ സാമ്പത്തികമായ തകർച്ചയുടെ ഒരു ചെറിയ ഉദാഹരണം മാത്രമാണിത്.

കിഫ്ബി ഇതുവരെയായി നേരിട്ട് വായ്പയെടുത്തത് 19634 കോടി രൂപയാണ്. അതുപോലെത്തന്നെ വിവിധ സെസ്സുകൾ വഴി കിഫ്ബിയിൽനിന്ന്.... കിഫ്ബി നമുക്കെല്ലാവർക്കുമറിയാം, ചില വീടുകളുടെയൊക്കെ മുന്നിൽ ചില ദേവൻമാർ ഈ വീടിന്റെ ഐശ്വര്യമെന്ന് എഴുതി വയ്ക്കുന്നത് കാണാം. എന്നാൽ ഈ ഗവൺമെന്റിന് ആകെ പറയാനുള്ള എല്ലാ നേട്ടങ്ങളും കിഫ്ബിയുടെ നേട്ടങ്ങളാണ്.

അതുകൊണ്ടുതന്നെ കിഫ്ബി പിണറായി ഗവൺമെന്റിന്റെ ഐശ്വര്യം എന്ന് ഈ ഗവൺമെന്റിന്റെ വാതിലിനുമുന്നിൽ എഴുതി വയ്ക്കേണ്ട രീതിയിലാണ് കിഫ്ബിയെ കൊണ്ടുപോയിട്ടുള്ളത്. എന്തായാലും ശരി, ഈ കിഫ്ബിയാണ് ആകെ എല്ലാത്തിനുമുള്ള ആശ്രയം. കിഫ്ബിയിൽനിന്ന് ഇപ്പോൾ 19634 കോടി രൂപ നേരിട്ടും അതുപോലെത്തന്നെ വിവിധ സെസ്സുകളിൽനിന്ന് 16063 കോടി രൂപയും വായ്പയെടുത്തിട്ടുണ്ട്. ഇത് രണ്ടുംകൂടി കൂട്ടിയാൽ 35697 കോടി രൂപയാണ് കിഫ്ബിക്ക് ഇതുവരെയായി ലഭ്യമായിട്ടുള്ള കണക്ക്. എന്നാൽ കിഫ്ബി ഇതുവരെയായി 82383 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ടെന്ന് പറയുന്നു. ബാക്കി ധനസമാഹരണം എവിടെനിന്ന് ലഭിക്കുമെന്നാണ്. എല്ലാത്തിനും എ.എസ്. നൽകിയിട്ടുണ്ടോയെന്ന് അറിയില്ല. അപ്രൂവൽ ചെയ്തുവെന്ന് പറയുന്നുണ്ട്. ഇത് കേരളത്തെ വീണ്ടും ഒരു കടക്കെണിയിലേയ്ക്ക് കൊണ്ടുപോകുമെന്ന് യു.ഡി.എഫ്. ആ സമയത്തുതന്നെ ചൂണ്ടിക്കാണിച്ചിരുന്നതാണ്. ഈ സംസ്ഥാനത്തിന്റെ ധനബാധ്യത മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എവിടെവരെയെത്തി? ട്രഷറികളിൽ നിന്നും വലിയ തുകയ്ക്കുള്ള ബില്ലുകളൊന്നും മാറുന്നില്ല. കരാറുകാർ സമരത്തിലേയ്ക്ക് പോകുകയാണ്.

പി.ഡബ്ല്യൂ.ഡി. കരാറുകാർക്കുമാത്രം 1500 കോടി രൂപ കൊടുക്കാനുണ്ടെന്ന് പറയുന്നു. അതുപോലെതന്നെ ആശുപത്രികളിൽ മരുന്ന് വിതരണം തടസ്സപ്പെട്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ മാച്ചിംഗ് ഗ്രാന്റുണ്ടായിട്ടുപോലും ജെ.ജെ. മിഷന്റെ (ജൽ ജീവൻ മിഷൻ) വർക്കുകൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലം സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം നിശ്ചലാവസ്ഥയിലായി. സപ്ലൈകോയിൽ അവശ്യസാധനങ്ങളൊന്നും കിട്ടുന്നില്ല. 1454 കോടി രൂപ സപ്ലൈകോയ്ക്ക് കൊടുക്കാനുണ്ട്. തപാൽ വകുപ്പിന് പണം കൊടുക്കാത്തതുകാരണം ആളുകളുടെ ലൈസൻസ്, ആർ.സി. ബുക്കുകളുൾപ്പെടെയുള്ളവ വിതരണം ചെയ്യുന്നില്ല. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്കുപോലും സമയബന്ധിതമായി എ.എസ്. ലഭിക്കുന്നില്ലെന്ന് മാത്രമല്ല, പണം കിട്ടില്ലെന്ന കാരണത്താൽ പ്രവൃത്തി ഏറ്റെടുക്കാൻപോലും കരാറുകാർ തയ്യാറാകുന്നില്ല. 2021-22-ൽ എം.എൽ.എ. ഫണ്ടിൽനിന്നും ആസ്തി വികസന ഫണ്ട് കട്ട് ചെയ്ത് ഓരോ മണ്ഡലത്തിലും ഐസൊലേഷൻ വാർഡുണ്ടാക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ ഇന്ന് ഐസൊലേഷൻ വാർഡുകളുടെ

അവസ്ഥയെന്താണെന്നുപോലും അറിയാത്ത സാഹചര്യമാണുള്ളത്. രണ്ട് ഐസൊലേഷൻ ബ്ലോക്കുകളുണ്ടാക്കുമെന്നായിരുന്നു പറഞ്ഞിരുന്നത്. രണ്ടെണ്ണം പോയിട്ട് ഒരെണ്ണംപോലും നാളിതുവരെ പൂർത്തിയായിട്ടില്ല. ഇതാണ് എം.എൽ.എ. ഫണ്ടിന്റെയടക്കം അവസ്ഥ. കേരളത്തിൽ യു.ഡി.എഫ്. എം.എൽ.എ.-മാർ അതായത്, പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളോടും ഭരണപക്ഷ എം.എൽ.എ.-മാരുള്ള മണ്ഡലങ്ങളോടും വിവേചനപരമായ സമീപനമാണ് ഈ സർക്കാർ അവലംബിക്കുന്നത്. പന്ത്രണ്ടും പതിനഞ്ചും കോടി രൂപ ഓരോ ഭരണപക്ഷ എം.എൽ.എ.-മാരുടെയും മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി കൊടുക്കുമ്പോൾ പ്രതിപക്ഷ എം.എൽ.എ.-മാർക്ക് വെറും 5 കോടി രൂപ മാത്രമാണ് കൊടുക്കുന്നതെന്ന കാര്യം ഇവിടെ എല്ലാവരും സൂചിപ്പിച്ചതാണ്. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽനിന്നാണ് ഞാൻ വരുന്നത്. മലപ്പുറം ജില്ല ഇതുമൂലം അവഗണിക്കപ്പെട്ട് കിടക്കുകയാണെന്ന് എല്ലാവർക്കും അറിയാം. സൂര്യോദയ ബഡ്ജറ്റാണിതെന്ന് ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. എന്നാൽ മലപ്പുറം ജില്ലയിലേയ്ക്ക് വന്നാൽ ഇത് സൂര്യഗ്രഹണ ബഡ്ജറ്റാണ്. ചിലർ സൂര്യാസ്തമയ ബഡ്ജറ്റാണെന്നും

പറയുന്നുണ്ട്. മലപ്പുറം ജില്ലയിൽ സൂര്യഗ്രഹണ ബഡ്ജറ്റായി ഇത് മാറുകയാണ്. മലപ്പുറം ജില്ലയിൽ മഞ്ചേരി മെഡിക്കൽ കോളേജുണ്ട്. കേരളത്തിലെ മറ്റെല്ലാ മെഡിക്കൽ കോളേജുകളും... കാസർഗോഡുകാരും മലപ്പുറം ജില്ലക്കാർക്കുള്ള അതേ പരിഭവം ഇവിടെ പറയുകയാണ്. മഞ്ചേരി മെഡിക്കൽ കോളേജ്, കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കുള്ള റോഡ് തുടങ്ങിയ എല്ലാകാര്യങ്ങളിലും മലപ്പുറം ജില്ല അവഗണിക്കപ്പെട്ടിരിക്കുന്നു. ജില്ലാ പഞ്ചായത്തിനുള്ള മെയിന്റനൻസ് ഗ്രാന്റ് കുറച്ചിരിക്കുന്നു, വൈദ്യർ അക്കാദമി (മഹാകവി മോയിൻകുട്ടി വൈദ്യർ അക്കാദമി)-ക്കുള്ള ഗ്രാന്റ് 1 കോടി രൂപയിൽനിന്ന് 25 ലക്ഷം രൂപയായി ചുരുക്കിയിരിക്കുന്നു. മലപ്പുറം ജില്ലയിൽ ഭൂരിപക്ഷവും യു.ഡി.എഫ്.-എം.എൽ.എ.-മാരായതിനാൽ വിവിധ ഫണ്ടുകൾ കട്ട് ചെയ്ത് കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം കോഴിക്കോട് വിമാനത്താവളത്തെ അവഗണിച്ചു.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഒറ്റ കാര്യം മാത്രമേ എനിക്ക് പറയാനുള്ളൂ. റൂസോയുടെ 'Confessions (കുറ്റസമ്മതം)' എന്നൊരു പുസ്തകമുണ്ട്. റൂസോ അദ്ദേഹത്തിന്റെ ജീവിതത്തിൽ ചെയ്ത ഒട്ടനവധി

അബദ്ധങ്ങളെപ്പറ്റി അതിൽ വിവരിക്കുകയാണ്. അത് മുഴുവൻ കുറ്റസമ്മതമായി 105 പേജുള്ള ആ പുസ്തകത്തിൽ അദ്ദേഹം പറയുന്നുണ്ട്. എന്നാൽ സി.പി.ഐ.(എം) ആയിരം പേജുള്ള പുസ്തകം ഇറക്കിയാൽ പോലും അവർ ചെയ്തുകൊണ്ടിരിക്കുന്ന അബദ്ധങ്ങൾ കുറ്റസമ്മതങ്ങളായി പറഞ്ഞുതീർക്കാൻ കഴിഞ്ഞെന്ന് വരില്ല. കാരണം, അത്രയധികം കുറ്റസമ്മതങ്ങൾ അവർക്ക് എടുത്ത് പറയാനുണ്ട്.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്. അപരാഹ്ന സമ്മേളനം കൂടിയുള്ളതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സ്വകാര്യ മൂലധന നിക്ഷേപത്തെ എതിർത്തവരായിരുന്ന എൽ.ഡി.എഫ്. എ.ഡി.ബി. വിരുദ്ധ സമരം, കമ്പ്യൂട്ടർ വിരുദ്ധ സമരം, ഗെയിൽ പൈപ്പ് ലൈൻ സമരം, സ്വകാര്യ വിദ്യാഭ്യാസം എന്നിങ്ങനെ സകലതിനേയും എതിർത്തവരാണവർ. ഡോ. കെ. ടി. ജലീലിനോട് ഒറ്റ കാര്യമേ പറയാനുള്ളൂ. 'ലീഗുകാർ ഉത്തരം പറയണം' എന്ന് ഇങ്ങോട്ട് കൈ ചൂണ്ടിയാണ് അദ്ദേഹം ചില കാര്യങ്ങൾ പറഞ്ഞത്. ഡോ. കെ. ടി. ജലീൽ ലീഗുകാരോട് ചോദിച്ച ചോദ്യങ്ങളൊക്കെ സ്വന്തം നെഞ്ചത്തേയ്ക്ക് കൈ ചൂണ്ടി ചോദിച്ചാൽ അതിനൊക്കെ ഉത്തരം

കിട്ടുമെന്നുമാത്രം സൂചിപ്പിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. ഈ ധനകാര്യ വകുപ്പുമന്ത്രിയെ ഭാവി കേരളം നന്ദിയോടെ ഓർക്കുകയും അദ്ദേഹത്തിന്റെ പേര് ചരിത്രത്തിൽ രേഖപ്പെടുത്തുകയും ചെയ്യുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം, കേന്ദ്ര ഗവൺമെന്റ് ഇത്രയേറെ ഈ സംസ്ഥാനത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിച്ചൊരു കാലമുണ്ടായിട്ടില്ല. കേന്ദ്ര ഗവൺമെന്റ് വൈരനിര്യാതന ബുദ്ധിയോടുകൂടി കേരളത്തോട് ചെയ്യാവുന്ന ദ്രോഹങ്ങൾ മുഴുവൻ ചെയ്തുകൂട്ടുകയും ഭരണഘടനാ തത്വങ്ങളെല്ലാം ലംഘിച്ചുകൊണ്ട് സംസ്ഥാനത്തെ ശ്വാസംമുട്ടിക്കുകയുമാണ്. അതിന് എല്ലാ അർത്ഥത്തിലും സഹായകരമായ നിലപാടുമായി അവർക്ക് ചൂട്ടുപിടിക്കുന്നൊരു പ്രതിപക്ഷം സംസ്ഥാനത്തുണ്ടായിരുന്നിട്ടുപോലും ഇത്തരമൊരു സൂര്യോദയ ബഡ്ജറ്റ് അവതരിപ്പിക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞുവെന്നത് ഏറെ പ്രശംസനീയമാണ്. ഈയൊരുകാലഘട്ടത്തിൽ വളരെ

ഉത്തരവാദിത്തബോധത്തോടുകൂടി ജനങ്ങളിൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കാതെയും ധനഉത്തരവാദിത്വ നിയമത്തിന്റെ പരിധികൾക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടും റവന്യൂ കമ്മി കുറച്ചും എല്ലാ അർത്ഥത്തിലും ജനോപകാരപ്രദമായൊരു ബഡ്ജറ്റാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്. അതുപോലെതന്നെ ആധുനിക കാലഘട്ടത്തിനനുസൃതമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഗ്രാഫീൻ ഗവേഷണം, റോബോർട്ടിക്സ്, വിദ്യാഭ്യാസ രംഗത്തിന്റെ സമൂലമായ പരിഷ്കരണം എന്നിവയുമായി ബന്ധപ്പെട്ട് ഭാവിയിലേയ്ക്ക് വലിയ പ്രതീക്ഷ നൽകുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വിഴിഞ്ഞം തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസനം ഭാവികേരളത്തിന്റെ വാതായനമാക്കി മാറ്റിയിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ എരുമേലി-ശബരി ഗ്രീൻഫീൽഡ് എയർപോർട്ടിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിലൂടെ ഭാവികേരളത്തിന് വലിയ പ്രതീക്ഷയേകുന്നൊരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ഈ സഭയിൽ ഉയർന്നുവന്നു.

അക്കാര്യം സൂചിപ്പിക്കുമ്പോൾ ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ ശ്രമിക്കുന്ന പ്രതിപക്ഷത്തോട് എനിക്ക് സൂചിപ്പിക്കാനുള്ളത് നിങ്ങൾ ഈ ഗവൺമെന്റിനെതിരെ വിരൽ ചൂണ്ടാൻ ശ്രമിക്കുമ്പോൾ നാല് വിരലുകൾ നിങ്ങൾക്കെതിരായി ചൂണ്ടപ്പെടുകയാണ്. ഗാട്ട് കരാറും ആസിയാൻ കരാറും ആരുടെ കാലത്താണ് ഒപ്പുവച്ചത്; റബ്ബറിന്റെ ഇറക്കുമതി ചുങ്കം ആരാണ് എടുത്തുകളഞ്ഞത്? കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽപ്പോലും റബ്ബറിന്റെ Anti-dumping duty എടുത്തുകളഞ്ഞു. അതായത് സിന്തറ്റിക് റബ്ബറുപയോഗിച്ചുള്ള പ്രോഡക്ടുകൾ ഇറക്കുമതി ചെയ്യുന്നതിന്റെ ഡ്യൂട്ടി എടുത്തുകളഞ്ഞു. ഇതടക്കമുള്ള കർഷക വിരുദ്ധ നയങ്ങൾക്കെതിരെ ഒന്നും ശബ്ദിക്കാതിരിക്കുകയും ആരംഭകാലത്ത് കർഷക വിരുദ്ധ നയങ്ങൾക്ക് അടിത്തറയിടുകയും ചെയ്ത ആളുകളാണ് ഇന്ന് കർഷകസ്നേഹവുമായി വരുന്നത്.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഒന്നുരണ്ട് കാര്യങ്ങൾകൂടിമാത്രം സൂചിപ്പിക്കുവാനുണ്ട്. ഒന്ന്, ഇവിടെ റബ്ബറിന്റെ വില സ്ഥിരത ഫണ്ട് പത്ത് രൂപയെങ്കിലും വർദ്ധിപ്പിച്ച് 180 രൂപയാക്കിയതിൽ ധനകാര്യ വകുപ്പുമന്ത്രിയോടുള്ള നന്ദി അറിയിക്കുന്നതോടൊപ്പംതന്നെ അത്

അപര്യാപ്തമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. റബ്ബർ കർഷകർ വലിയ പ്രതിസന്ധിയിലാണ്. സമയപരിമിതിമൂലം അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ, റബ്ബറിന്റെ താങ്ങുവില 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കുവാൻ ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിലെങ്കിലും നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ വന്യമൃഗശല്യവുമായി ബന്ധപ്പെട്ട് വകയിരുത്തിയിരിക്കുന്ന തുകയും അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നതായി അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു, എനിക്ക് തൊട്ടുമുൻപ് സംസാരിച്ച ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കാർഷിക മേഖലയ്ക്കുപോലും പ്രയോജനം കിട്ടാത്ത ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രസംഗത്തിനൊടുവിൽ ചെറുതായെങ്കിലും അതിനോട് യോജിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. റബ്ബറിന്റെ താങ്ങുവിലയായി 10 രൂപയെങ്കിലും

കൂട്ടിയല്ലോയെന്ന് അദ്ദേഹം പറഞ്ഞു. 10 രൂപ കൂട്ടിക്കൊണ്ട് കൃഷിക്കാരെ ഇതിൽപ്പരം കളിയാക്കാനുണ്ടോ; കൃഷിക്കാരെ ഇതിൽപ്പരം അപമാനിക്കാൻ മറ്റൊന്നുണ്ടോയെന്ന് പ്രത്യേകം എടുത്തുപറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. പത്ത് രൂപ കൂട്ടിയിട്ട് എന്ത് കാര്യം. മാർക്കറ്റിൽ റബ്ബറിന് 160 രൂപ വിലയുള്ളപ്പോൾ 10 രൂപ കൂട്ടിയെന്ന് വച്ച് കൃഷിക്കാരാരും ഇതിന്റെ പുറകെ പോകുകയില്ല. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നേതൃത്വം നൽകിയ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് റബ്ബറിന് വില സ്ഥിരതാ ഫണ്ട് കൊണ്ടുവന്നത്. റബ്ബറിന് 70 രൂപ 80 രൂപയുള്ളപ്പോൾ കെ. എം. മാണി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. പി. ജെ. ജോസഫ് ഉൾപ്പെടെയുള്ള യു.ഡി.എഫ്. സർക്കാർ വില സ്ഥിരതാ ഫണ്ട് കൊണ്ടുവന്നത്. ആ സമയത്ത് 150 രൂപയെന്ന് പറഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽ നിന്ന് 70 രൂപ 80 രൂപ നഷ്ടം വരികയാണ്. ഇപ്പോൾ ഇവിടെയൊരു നഷ്ടവും വരുന്നില്ല. വളരെ തന്ത്രപൂർവ്വം ആളുകളുടെ കണ്ണിൽ പൊടിയിടാനുള്ളൊരഭ്യാസം കാണിച്ചുവെന്നതിനപ്പുറത്ത് റബ്ബർ കർഷകന് ഒരു ഉപകാരവും കിട്ടാത്ത നടപടിയാണ് ഈ ബഡ്ജറ്റിലൂടെ ഉണ്ടായതെന്ന് തുറന്നു പറയാൻ ഞങ്ങൾ

ആഗ്രഹിക്കുകയാണ്. ഒറ്റക്കാര്യം ചെയ്താൽ മതി. എൽ.ഡി.എഫ്. പറഞ്ഞ ഒരു വാഗ്ദാനമുണ്ട്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ റബ്ബറിന് 250 രൂപ കൊടുക്കുമെന്നാണ് പറഞ്ഞത്. ആ 250 രൂപ കൊടുത്താൽ മതി. ആ 250 രൂപ കൊടുക്കുകയാണെങ്കിൽ യു.ഡി.എഫ്. ഭരണകാലത്തിലേത് പോലെ 70 രൂപ മാത്രമേ ഗവൺമെന്റിന് നഷ്ടം വരുന്നുള്ളൂ. ആ 250 രൂപയെങ്കിലും കൊടുക്കാനുള്ള ഒരു ആത്മാർത്ഥത ഈ ഗവൺമെന്റ് കാണിക്കണം. അതിന് തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ കാർഷിക മേഖലയ്ക്കുവേണ്ടി ഈ ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത് എത്ര രൂപയാണ്? 1868 കോടി രൂപയാണ്. അതുകൊണ്ട് കാർഷിക മേഖലയിലെ പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ കഴിയുമോ? ഇന്ന് നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയുടെ മുമ്പിൽ ഈ തുക വളരെ അപര്യാപ്തമാണ്. സത്യത്തിൽ ഈ ബഡ്ജറ്റിലൂടെ കാർഷിക മേഖലയെ അവഗണിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വളരെ കാര്യമായി കാർഷിക മേഖലയെ മുന്നോട്ട് കൊണ്ടുപോകാൻ പരിശ്രമിക്കുന്നത് ഞങ്ങൾ കാണുന്നുണ്ട്. ബഹുമാന്യനായ ഭക്ഷ്യ വകുപ്പുമന്ത്രി സിവിൽ സപ്ലൈസിന്റെ

ഭാഗത്തുനിന്നുകൊണ്ട് നെൽകർഷകരെ സഹായിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. പക്ഷെ, ധനകാര്യ വകുപ്പ് പണം കൊടുക്കുന്നില്ലെങ്കിൽ എന്തുചെയ്യാൻ കഴിയും? ധനകാര്യ വകുപ്പ് പണം കൊടുക്കാത്തത് ഇന്ന് കേരളത്തിൽ ചർച്ചാവിഷയമല്ലേ? നെല്ല് സംഭരണം ഇന്ന് കേരളത്തിൽ പരിപൂർണ്ണമായും പരാജയപ്പെട്ടു. നാളീകേര സംഭരണത്തിന്റെ കാര്യം ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ രാവിലെ കൊണ്ടുവന്ന അടിയന്തരപ്രമേയത്തിൽ ചർച്ച ചെയ്തു. നെല്ല് സംഭരണത്തിന്റെ കാര്യവും അതുപോലെ തന്നെയാണ്. നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ ഈ ബഡ്ജറ്റിലൂടെ ഒരു ശാശ്വതപരിഹാരമുണ്ടാകുമെന്ന് നെൽകർഷകർ പ്രതീക്ഷിച്ചു. ഒരു പരിഹാരവുമുണ്ടായില്ലെന്നു മാത്രമല്ല, നെൽകർഷകരെയും ഈ ബഡ്ജറ്റ് അവഗണിച്ചിരിക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പരിഹാരമുണ്ടാക്കാൻ ഇനിയെങ്കിലും ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതൊരു ക്ഷേമ ബഡ്ജറ്റാണെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. എല്ലാ ക്ഷേമ പദ്ധതികളേയും തകർത്ത ബഡ്ജറ്റാണിത്. 5000 കോടി രൂപ കഴിഞ്ഞ പ്രാവശ്യം പാവങ്ങളുടെ പോക്കറ്റടിച്ച് ഗവൺമെന്റ് ധനസമാഹരണം നടത്തി. എല്ലാ നികുതിയും കൂട്ടി, എന്നിട്ട്

ഇപ്പോൾ പെൻഷൻ പോലും നൽകുന്നില്ല. കെ.എസ്.ആർ.ടി.സി. പെൻഷൻ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രീമതി ഉമ തോമസ് ഇവിടെ ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ മൂന്ന് മാസമായി കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ മുടങ്ങിക്കിടക്കുകയാണ്. കെ.എസ്.ആർ.ടി.സി.യിലെ എത്രമാത്രം പാവപ്പെട്ട ആളുകളാണ് ഇതിലൂടെ വിഷമിക്കുന്നത്. ആ പെൻഷൻ കൊടുക്കാൻ ഈ ഗവൺമെന്റ് ഒരു മനസാക്ഷി കാണിക്കേണ്ടതല്ലേ? എത്ര ആളുകളാണ് ഇപ്പോൾ ക്ഷേമ പെൻഷൻ കിട്ടാതെ കഷ്ടപ്പെടുന്നത്. കഴിഞ്ഞ ദിവസം വണ്ടിപ്പെരിയാറിൽ പാവപ്പെട്ട ഒരമ്മ കസേരയിട്ട് റോഡിലിരിക്കുകയാണ്. മറിയക്കുട്ടി ചേട്ടത്തി പെൻഷൻ ലഭിക്കാത്തതിന് സമരം ചെയ്ത് കോടതിയിൽ പോകുന്നു. ഇതൊക്കെ കേരളത്തിൽ നിത്യസംഭവമായി മാറിയിരിക്കുന്നു. ഇതെല്ലാം യു.ഡി.എഫ്. ചെയ്യുന്നതാണോ? യു.ഡി.എഫ്. ചെയ്യുന്നതല്ലല്ലോ? മനുഷ്യർ വിഷമിക്കുമ്പോൾ വഴിയിലിറങ്ങുകയാണ്. ഇപ്പോൾ വന്യമൃഗങ്ങളുടെ ശല്യം അതായത് കാട്ടാനയും മൃഗങ്ങളുമെല്ലാം ആളുകളെ ഉപദ്രവിക്കുന്നത് ഒരു ഭാഗത്ത് നടക്കുമ്പോൾ മറുഭാഗത്ത് അർഹമായ പെൻഷൻ വിഹിതം ലഭിക്കാത്തതിനാൽ പാവപ്പെട്ട മനുഷ്യർ റോഡിലേയ്ക്കിറങ്ങുകയാണ്. മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശികയല്ലേ;

അതല്ലേ ആദ്യം കൊടുക്കേണ്ടത്. 6 മാസത്തെ കുടിശ്ശിക നൽകാനുള്ളപ്പോൾ പഴയ കണക്കു പറഞ്ഞുവരികയാണ്. എന്തെങ്കിലും ന്യായമുണ്ടോ? 8 വർഷമായി ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയാണ്, അങ്ങ് അത് മനസ്സിലാക്കണം. 8 വർഷത്തെ പെൻഷൻ കുടിശ്ശികയുടെ കാര്യം ചോദിക്കുമ്പോൾ അതിനുമുമ്പുള്ള പഴയകാല ചരിത്രമാണ് പറയുന്നത്. ഈ സംസ്ഥാനത്ത് ഇതുപോലുള്ള എത്രയോ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്.

കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രി നോൺ ജേർണലിസ്റ്റ് പെൻഷൻ 6500 രൂപയിൽ നിന്നും 7000 രൂപയാക്കി. 500 രൂപ വർദ്ധിപ്പിച്ചു. പത്രപ്രവർത്തകരായ നോൺ ജേർണലിസ്റ്റുകളിൽ എത്രയോപേർ മരുന്ന് വാങ്ങാൻ കാശില്ലാതെ വിഷമിക്കുന്നുണ്ട്. കോട്ടയത്ത് അവരുടെ സംസ്ഥാന സമ്മേളനം നടന്നു. ഞങ്ങളൊക്കെ ആ സമ്മേളനത്തിൽ പങ്കെടുത്തു. നോൺ ജേർണലിസ്റ്റ് പെൻഷൻ 6500 രൂപയിൽ നിന്ന് 7000 രൂപയാക്കിയിട്ട് ഈ ഗവൺമെന്റ് ചെയ്തതെന്താണ്? 500 രൂപ വെട്ടിക്കുറച്ചു. ഇപ്പോൾ വീണ്ടും പഴയ 6500 രൂപയിലേയ്ക്ക് പോയി. കഴിഞ്ഞ ബഡ്ജറ്റിൽ അത് വർദ്ധിപ്പിക്കുമെന്ന് പറഞ്ഞെങ്കിലും

വർദ്ധിപ്പിച്ചില്ലെന്ന് മാത്രമല്ല ഇപ്പോൾ അതും കുടിശ്ശികയായിരിക്കുകയാണ്. ഈ പാവപ്പെട്ട ആളുകളോട് 500 രൂപയ്ക്കുവേണ്ടി ദാരിദ്ര്യം കാണിക്കേണ്ട കാര്യമുണ്ടോ? ആ നോൺ ജേർണലിസ്റ്റുകളുടെ പെൻഷൻ 7000 രൂപയാക്കുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ വാഗ്ദാനം ഇപ്രാവശ്യമെങ്കിലും നടപ്പിലാക്കി കൊടുക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. അതുപോലെ കാർഷിക പെൻഷൻ ഉൾപ്പെടെ എല്ലാ മേഖലയിലെയും പെൻഷൻ മുടങ്ങിക്കിടക്കുന്നുവെന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് കാണിക്കുന്ന അനാസ്ഥ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ആർ.കെ.വി.വൈ., മൈക്രോ ഇറിഗേഷൻ തുടങ്ങി ഒട്ടേറെ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുകപോലും കേരളത്തിന് വിനിയോഗിക്കാൻ പറ്റുന്നില്ല. എന്നിട്ടും നമ്മളെല്ലാവരും കേന്ദ്രത്തെ കുറ്റം പറയുകയാണ്. ഞാൻ കേന്ദ്ര സർക്കാരിനെ ന്യായീകരിക്കുകയല്ല. തമിഴ്നാട്, കർണ്ണാടക പോലുള്ള സംസ്ഥാനങ്ങൾ

കേന്ദ്ര വിഹിതം കൃത്യമായി വിനിയോഗിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ബഡ്ജറ്റ് പ്രൊവിഷൻ കറക്ടായി കൊടുക്കുകയാണ്. ഇവിടെ അഞ്ച് കോടി, ആറ് കോടി, പത്തുകോടി എന്നൊക്കെ ഒരു പേരിന് പറയുന്നുണ്ട്. പക്ഷെ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിക്കുന്ന തുക ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സംസ്ഥാന സർക്കാരിന് കഴിയുന്നില്ല. രണ്ട് ദിവസമായി ജൽ ജീവൻ മിഷനെക്കുറിച്ച് മലയാള മനോരമ പരമ്പര എഴുതികൊണ്ടിരിക്കുകയാണ്. ഞാൻ ആ തലക്കെട്ട് വായിക്കാം, 'തലതിരിഞ്ഞ മിഷൻ, ശ്വാസം നിലച്ച് ജൽജീവൻ, ആദ്യം കിട്ടിയ കോടികൾ ചെലവഴിച്ച് മത്സരിച്ച് പൈപ്പിട്ടു. ആ പൈപ്പുകളിലൂടെ വെള്ളം ഒഴുക്കാൻ ജലസംഭരണിയും ശുദ്ധീകരണശാലയും സ്ഥാപിക്കണമെങ്കിൽ ഇനി പണം വേറെ വേണം. ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കേണ്ട ജൽ ജീവൻ മിഷൻ ആസൂത്രണ വൈകല്യവും അനാവശ്യ ധൃതിയും കാരണം സംസ്ഥാന സർക്കാരിന് വൻ ബാധ്യതയായി മാറുന്നു. ഗ്രാമീണ മേഖലയിലെ എല്ലാവീടുകളിലും ഈ വർഷം അവസാനത്തോടെ

ജലം എത്തിക്കാനായിരുന്നു കേന്ദ്ര സർക്കാരിന്റെ ഈ പദ്ധതി. പക്ഷെ കേരളത്തിൽ ഇത് പരിപൂർണ്ണമായും പാളിപ്പോയി, കരാറുകളിലെ ക്രമക്കേട്ടുകൂടിയാകുമ്പോൾ ഇത് പൂർണ്ണമായും സ്തംഭനത്തിലാകും.' ഈ പരമ്പര വായിച്ചു നോക്കണം. ഇക്കാര്യങ്ങളൊക്കെ ബഹുമാനപ്പെട്ട ജോബ് മൈക്കിൾ മനസ്സിലാക്കണം. ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ബഹുമാനപ്പെട്ട ശ്രീ. കെ. കൃഷ്ണൻകുട്ടി മന്ത്രിയായിരിക്കുന്ന സമയത്ത് ആരംഭിച്ച പ്രസ്തുത പദ്ധതി ഇപ്പോഴും തുടർന്നുവരികയാണ്. ഈയിനത്തിൽ 2000 കോടി രൂപ കുടിശ്ശികയാണെന്ന് അങ്ങ് മനസ്സിലാക്കണം. ഇത്രയും തുക കുടിശ്ശികയായി നിൽക്കുമ്പോൾ ഈ പദ്ധതി എങ്ങനെ മുന്നോട്ടുകൊണ്ടുപോകുമെന്നാണ് പറയുന്നത്? ഇപ്പോൾ പൈപ്പ് വാങ്ങാൻ കാശില്ല, പൈപ്പിന്റെ പണം കൊടുത്തുതീർക്കാൻ കഴിയുന്നില്ല. ഈ പദ്ധതി തന്നെ പ്രതിസന്ധിയിലാകുന്നു. ഗവൺമെന്റിന്റെ പിടിപ്പുകേടാണ് ഇതിലൂടെ പുറത്തുവരുന്നത്. പി.ഡബ്ല്യൂ.ഡി.യ്ക്ക് കോടിക്കണക്കിന് രൂപയാണ് കുടിശ്ശിയായി നിൽക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ അവസാനിപ്പിക്കാം. വൈക്കം, കടത്തുരുത്തി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മുട്ടുചിറയിൽനിന്നും ആരംഭിച്ച് കടുത്തുരുത്തി മണ്ഡലത്തിൽ വൈക്കം മണ്ഡലംവഴി വന്നുചേരുന്ന ചില പ്രധാനപ്പെട്ട റോഡുണ്ട്. അവിടെ നൂറ് കോടി രൂപയിലധികം വേണ്ടിവരുന്നതാണ്, മുട്ടുചിറ-ആയാംകുടി-എഴുമാന്തുരുത്ത്-വെള്ളൂർ-മുളക്കുളത്ത് റോഡ്. അത് വൈക്കം-കടത്തുരുത്തി രണ്ട് മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന റോഡാണ്. അവിടെ വർക്ക് നിർത്തി വച്ചിരിക്കുകയാണ്. കടത്തുരുത്തിയും പിറവവും തമ്മിൽ ബന്ധിപ്പിക്കുന്ന കടത്തുരുത്തി-പിറവം റോഡിന്റെയും പണി നിർത്തി വച്ചിരിക്കുകയാണ്. പി.ഡബ്ല്യൂ.ഡി.ക്ക് കോടിക്കണക്കിന് രൂപ കുടിശ്ശിക നൽകാനുണ്ടെന്ന കാരണത്താൽ വർക്കുകൾ നിർത്തി വയ്ക്കാൻ കരാറുകാർ നിർബന്ധിതരായിരിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ ബഡ്ജറ്റിലൂടെ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ സപ്പോർട്ട് കൊടുക്കേണ്ടതല്ലേ? ഞാൻ ചുരുക്കുന്നു, ഇത്തരത്തിലുള്ള സാഹചര്യങ്ങൾ പരിഹരിക്കാൻ ആവശ്യമായ ബഡ്ജറ്റ് പ്രൊവിഷൻ കൊടുക്കുന്നതിന്, പണം റിലീസ് ചെയ്യുന്നതിന് ഗവൺമെന്റ്

തയ്യാറായെങ്കിൽ മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കൂ. ഇത് വികസന സ്തംഭനമുണ്ടാക്കുന്ന ബഡ്ജറ്റായി മാറിയിരിക്കുന്നു, ഈ ബഡ്ജറ്റിനെ ശക്തമായി ഞാൻ എതിർക്കുന്നു.

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിന്റെ വികസന സാധ്യതകൾ പരമാവധി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നല്ല നിർദ്ദേശങ്ങളാണ് 2024-25-ലെ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെ ഇതൊരു സൂര്യോദയ ബഡ്ജറ്റാണെന്ന് നിസംശയം പറയാം. ബഡ്ജറ്റ് കൃത്യമായി വായിക്കാതെയും മനസ്സിലാക്കാതെയും 'കുരുടൻ ആനയെ കണ്ട അവസ്ഥ'യിലാണ് പ്രതിപക്ഷം ബഡ്ജറ്റിനെ സമീപിക്കുന്നത്. കേരള ജനതയ്ക്ക് മാതൃകാപരമായ ഒട്ടനവധി നിയമനിർമ്മാണങ്ങൾ നടത്തിയൊരു സംസ്ഥാനമാണ് കേരളമെന്ന് നമുക്കറിയാം. ഒന്നാം ഇ.എം.എസ്. ഗവൺമെന്റിന്റെകാലത്ത് ദശലക്ഷക്കണക്കിന് വരുന്ന കുടിയാന്മാരെ കുടിയിറക്കി വിടാനുള്ള ജന്മിയുടെ അവകാശത്തെ നിഷേധിച്ചുകൊണ്ടുള്ള കുടിയിറക്ക് നിരോധന നിയമം, വിദ്യാഭ്യാസ ബില്ലിൽക്കൂടി എയ്ഡഡ്

സ്കൂളുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർതലത്തിൽ ശമ്പളം കൊടുക്കുമെന്ന് പ്രഖ്യാപിച്ച് നടത്തിയ സെക്കണ്ടറിതലം വരെയുള്ള സാർവ്വത്രിക വിദ്യാഭ്യാസം, എല്ലാപേർക്കും സ്വന്തമായി ഭൂമിയുടെ അവകാശം പ്രഖ്യാപിച്ചുകൊണ്ടുള്ള ഭൂപരിഷ്കരണ നിയമം, ഏമാന്മാരുടെ കയ്യാളായിരുന്ന പോലീസിനെ സാധാരണ ജനങ്ങൾക്കുവേണ്ടി പ്രാപ്യമാക്കിയ പോലീസ് നയം, രാജ്യത്തെ മാതൃകാപരമായ ആരോഗ്യനയം, സമ്പൂർണ്ണ ഭക്ഷ്യപൊതുവിതരണ സമ്പ്രദായം, 1980-ലെ നായനാർ ഗവൺമെന്റ് കർഷകത്തൊഴിലാളി ക്ഷേമപെൻഷൻ, സർവ്വക്ഷേമ പെൻഷനുകൾക്ക് തുടക്കം കുറിച്ചത്, സമ്പൂർണ സാക്ഷരതാ യജ്ഞം, ജനകീയാസൂത്രണ പ്രഖ്യാപനം, ഏഷ്യയിലെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായിട്ടുള്ള കുടുംബശ്രീയുടെ തുടക്കം, രാജ്യത്തെ ആദ്യത്തെ ടെക്നോപാർക്ക് തുടങ്ങിയ നിരവധി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് നേതൃത്വം വഹിച്ചത് കമ്മ്യൂണിസ്റ്റ്-ഇടതുപക്ഷ ഗവൺമെന്റുകളാണെന്ന് തിരിച്ചറിയേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ഏഴേമുക്കാൽ വർഷക്കാലത്തെ പിണറായി സർക്കാർ ഈ അടിത്തറയിൽനിന്നും കേരളീയ സമൂഹത്തെ മുന്നോട്ട് നയിക്കുന്നതിന് ബഹുമുഖമായ പദ്ധതികളും

നയങ്ങളുമാണ് പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദിവസവേതനം ലഭിക്കുന്നത് ഈ കൊച്ചുകേരളത്തിലാണ്. എല്ലാപേർക്കും സ്വന്തമായി വീടെന്ന സ്വപ്നം യാഥാർത്ഥ്യത്തിലേയ്ക്കെത്തിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഈ ബഡ്ജറ്റിലെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ കേരളത്തെ ഇനിയും മുന്നോട്ട് നയിക്കുന്നതാണ്. വരുന്ന മൂന്നുവർഷക്കാലംകൊണ്ട് ഏകദേശം മൂന്നുലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് ബഡ്ജറ്റുവഴി പ്രതീക്ഷിക്കുന്നത്. 1970-കളിൽ ചൈനയുടെ വികസനത്തിനാവശ്യമായി രൂപംകൊടുത്ത ഡെവലപ്മെന്റ് സോൺ എന്ന ആശയം അവലംബിക്കാനെടുത്ത തീരുമാനവും ശ്ലാഘനീയമാണ്. ലോകത്തും രാജ്യത്തുമുണ്ടാകുന്ന സാമ്പത്തിക മാന്ദ്യവും കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തോടുള്ള അവഗണനയും അതിജീവിക്കാൻ കേരളം സ്വന്തം കാലിൽ നിൽക്കണം. അതിനാവശ്യമായ പ്ലാൻ ബി-യെക്കുറിച്ച് കേരളം ആലോചിക്കുന്നുവെന്നതും ഏറെ സന്തോഷകരമാണ്. ഓരോ വർഷവും ചെലവ് കൂടുന്നതിനനുസൃതമായി റവന്യൂ വരുമാനവും വർദ്ധിപ്പിക്കണം. ആ ഇനത്തിൽ മികച്ച ധനകാര്യ മാനേജ്മെന്റാണ് ഇന്ന് കേരളത്തിനുള്ളത്.

2020-21 സാമ്പത്തിക വർഷം 47,669 കോടി രൂപയായിരുന്ന റവന്യൂ വരുമാനമെങ്കിൽ നടപ്പുവർഷം 78,000 കോടി രൂപയാണ് ഈയിനത്തിൽ പ്രതീക്ഷിക്കുന്നത്. ഏകദേശം മുപ്പതിനായിരം കോടിയിലധികം രൂപയാണ് അധികമായി വർദ്ധിപ്പിക്കുന്നത്. സംസ്ഥാനത്തിന് അർഹതപ്പെട്ട സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച സമീപനത്തെ സംബന്ധിച്ചും 57,400 കോടി രൂപ കേരളത്തിന് ലഭിക്കാനുള്ള കണക്കുപറയുമ്പോഴും ശ്രീ. വി.ഡി സതീശൻ ഉൾപ്പെടെയുള്ള യു.ഡി.എഫ്. പ്രതിനിധികൾ ബി.ജെ.പി. സർക്കാരിന്റെ കള്ളത്തരത്തിന് പിന്തുണ നൽകി അവരുടെ ഏജന്റായി പ്രവർത്തിക്കുന്നുവെന്നത് നമ്മൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്. നമുക്ക് ജി.എസ്.ടി നഷ്ടപരിഹാരമായി കേരളത്തിന് ലഭിക്കേണ്ടിയിരുന്ന 12,000 കോടി രൂപ ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുകയാണ്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 8400 കോടി രൂപയും കിഫ്ബി പെൻഷൻ കമ്പനിയുടെ പേരിൽ വായ്പയെടുക്കാൻ അനുമതി നിഷേധിച്ചതിന്റെ ഭാഗമായി നഷ്ടപ്പെട്ടത് 7000 കോടി രൂപയുമാണ്. സംസ്ഥാനം എടുത്ത വായ്പ പൊതുകടത്തിലുൾപ്പെടുത്തിയതിലൂടെ 12,000 കോടി രൂപയുടെ കുറവാണ് വരുത്തിയിരിക്കുന്നത്. പത്താം ധനകാര്യ

കമ്മീഷനിൽ സംസ്ഥാനത്തിന് കിട്ടിയ ഗ്രാന്റിന്റെ കുറവ് നേർ പകുതിയായി കുറഞ്ഞപ്പോൾ 18,000 കോടി രൂപ. ഇവയെല്ലാം കൂട്ടിച്ചേർക്കുമ്പോൾ കേരളത്തിന് ലഭിക്കേണ്ടിയിരുന്ന 54,000 കോടിയോളം രൂപയാണ് നഷ്ടപ്പെട്ടത്. സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് ചെറുകിട-ഇടത്തരം വ്യാപാര മേഖല. ഏകദേശം 15 ലക്ഷത്തോളം വരുന്ന ചെറുകിട-ഇടത്തരം വാണിജ്യ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 30 ലക്ഷത്തിലധികം ആളുകൾ ഇത് അവരുടെ ജീവിതമാർഗ്ഗമായി കരുതുകയാണ്. 2011-12-ലെ മൻമോഹൻസിംഗ് ഗവൺമെന്റ് ചെറുകിട-ഇടത്തരം മേഖലയിലേയ്ക്ക് വിദേശ ഇറക്കുമതിക്ക് നിയന്ത്രണാതീനമായി അനുമതി നൽകിയതിന്റെ ഫലമായി ആ മേഖല വല്ലാത്ത പ്രതിസന്ധിയിലാണ്. ബ്രാൻഡഡ് ഉൽപ്പന്നങ്ങൾക്ക് ഏകദേശം 100 ശതമാനം ഇറക്കുമതി അനുവദിച്ചതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഒരു നിയന്ത്രണവുമില്ലാത്ത ഓൺലൈൻ ബിസിനസ്സ്...... ചെറുകിട വ്യാപാരം നടത്തുന്ന ഒരു വ്യാപാരിയെ സംബന്ധിച്ച് ലക്ഷക്കണക്കിന് രൂപ അഡ്വാൻസും വാടകയും നൽകി, കറന്റ് ചാർജ്ജ് അടച്ച് ആ സ്ഥാപനത്തിൽ ജീവനക്കാരുണ്ടെങ്കിൽ അവർക്ക് ശമ്പളവും

കൊടുത്തിട്ടാണ് ഓരോ സ്ഥാപനവും മുന്നോട്ടുപോകുന്നത്. അവിടെയാണ് ഓൺലൈൻ ബിസിനസ്സിനെ അനിയന്ത്രിതമായി കെട്ട് അഴിച്ചുവിട്ടിരിക്കുന്നത്. ഈ മേഖലയെ കണ്ണ് തുറന്നുകാണുവാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തയ്യാറായത് ഏറെ സന്തോഷത്തോടുകൂടി ഞാൻ അഭിനന്ദിക്കുകയാണ്. ഏകദേശം മൂന്നുകോടി രൂപയാണ് ഈ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒരു നയം പ്രഖ്യാപിക്കുന്നതിനും കേരളത്തിലെ ചെറുകിട-ഇടത്തരം വ്യാപാരമേഖലയെ സംരക്ഷിക്കുന്നതിനുംവേണ്ടി ഗവൺമെന്റെടുത്ത നിലപാടിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇവിടെ സാമ്പത്തിക ഞെരുക്കമുണ്ടാകുമ്പോൾ അതിനെതിരായി ബി.ജെ.പി. ഗവൺമെന്റെടുക്കുന്ന കേരള വിരുദ്ധ നിലപാടുകൾ എന്തിന്റെ ഭാഗമായിട്ടാണ്; കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ ജനാധിപത്യവിരുദ്ധ നീക്കങ്ങളെയും ശക്തിയായി എതിർക്കുന്ന സംസ്ഥാനം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. പൗരത്വ ഭേദഗതി ബിൽ വന്നപ്പോൾ ഇന്ത്യയിലാദ്യമായി അതിനെതിരെ പ്രമേയം പാസ്സാക്കികൊണ്ട് എതിർപ്പ് പ്രകടിപ്പിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ബി.ജെ.പി.

ഗവൺമെന്റിന്റെ ജനാധിപത്യ വിരുദ്ധവും മതനിരപേക്ഷതയ്ക്കെതിരായിട്ടുള്ള നിലപാടുകളും ശക്തമായി എതിർക്കുന്ന ഇന്ത്യയിലെ ഏക ഗവൺമെന്റ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ആ ഗവൺമെന്റിനെതിരായി വിവിധ അന്വേഷണ ഏജൻസികൾവഴി നടത്തിയ അന്വേഷണങ്ങളെല്ലാം വൃഥാവിലായി. മറ്റുസംസ്ഥാനങ്ങളിലെ, ബി.ജെ.പി. ഇതര ഗവൺമെന്റുകളിലെ പ്രമുഖന്മാരെ ഇ.ഡി.-യെ ഉപയോഗപ്പെടുത്തി ജയലിലടയ്ക്കുന്നതുപോലെ കേരള ഗവൺമെന്റിന്റെ പ്രതിനിധികളെ ആരെയും തൊടാൻ കഴിയാതെ വന്നപ്പോഴാണ് കേരളത്തിൽ സാമ്പത്തിക ഉപരോധമേർപ്പെടുത്താൻ കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തെ സാമ്പത്തികമായി ശ്വാസംമുട്ടിച്ച് തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമിച്ചപ്പോൾ അവർക്കൊപ്പം ചേർന്നവരാണ് കേരളത്തിലെ കോൺഗ്രസ്സുകാർ. ഉപരോധ സമാനമായ സാമ്പത്തിക വിവേചനമാണ് കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്നത്. നരേന്ദ്ര മോദി സർക്കാരിന്റെ പകപോക്കൽ നയങ്ങളാണ് കേരളത്തെ ധനഞെരുക്കത്തിലാക്കിയത്. എന്നാൽ കേന്ദ്ര അവഗണന കൊണ്ടല്ല കേരളം ധനഞെരുക്കത്തിലായത് എന്നാണ് കേരളത്തിലെ

പ്രതിപക്ഷം, പ്രത്യേകിച്ച് കോൺഗ്രസ്സ് പാർട്ടി പറയുന്നത്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതരാമന്റെ വക്കാലത്താണ് ശ്രീ. വി. ഡി. സതീശൻ എടുത്തിട്ടുള്ളത്. പണ്ട് കിഫ്ബിക്കെതിരായി സംഘ്പരിവാർ സംഘടന നൽകിയ കേസിന്റെ വക്കാലത്ത് ഡോ. മാത്യു കുഴൽനാടൻ എടുത്തതുപോലെയാണിത്. അന്ന് കോടതിയിൽ കിഫ്ബിക്കെതിരായി വീറോടെ വാദിച്ച ഡോ. മാത്യു കുഴൽനാടൻ പിറ്റേദിവസം ഒരുളുപ്പുമില്ലാതെ കിഫ്ബിവഴി കിട്ടിയ പദ്ധതികളെക്കുറിച്ച് മൂവാറ്റുപുഴ മണ്ഡലത്തിന്റെ മുക്കിലും മൂലയിലും വലിയ ഫ്ലക്സടിച്ച് വയ്ക്കുകയാണുണ്ടായത്. എം.എൽ.എ.-യുടെ ഫേസ്ബുക്ക് പോസ്റ്റിൽ ഇപ്പോഴും ആ പോസ്റ്ററുകളുണ്ട്. കേരളത്തിന്റെ ധനപ്രതിസന്ധിയുടെ ഉത്തരവാദികൾ കേന്ദ്ര സർക്കാരല്ലെന്ന് ആവർത്തിച്ചുപറഞ്ഞുകൊണ്ട് ശ്രീ. വി. ഡി. സതീശൻ ബി.ജെ.പി.-യുടെ നേരെ ഒരു പാലമിടുകയാണ് ചെയ്യുകൊണ്ടിരിക്കുന്നത്. കേന്ദ്ര നിലപാടുകൾ കാരണം സാമ്പത്തിക ഞെരുക്കത്തിന് കാരണമായെന്ന് കർണ്ണാടക കോൺഗ്രസ്സ് നേതാക്കൾ അഭിപ്രായപ്പെട്ടു. 'സിദ്ധരാമയ്യ ചതിച്ചാശാനെ' എന്നുപറഞ്ഞുള്ള നിലവിളികളായിരുന്നു പിന്നീട് യു.ഡി.എഫ്. ക്യാമ്പിലുണ്ടായത്. ബി.ജെ.പി. ഇതര പാർട്ടികൾ ഭരിക്കുന്ന

സംസ്ഥാനങ്ങളോട് കേന്ദ്ര വിവേചനമോ സാമ്പത്തിക ഉപരോധമോ ഇല്ലെന്ന് വരുത്തിതീർക്കാൻ കഷ്ടപ്പെടുന്ന കേരളത്തിലെ കോൺഗ്രസ്സുകാർക്ക് കിട്ടിയ മുട്ടൻ അടിയായിരുന്നു കർണ്ണാടക സർക്കാരിന്റെ ഡൽഹിയിലെ സമരം. ശ്രീ. കെ. സി. വേണുഗോപാലിനെക്കൊണ്ട് കർണ്ണാടക സർക്കാരിന്റെ സമരം ക്യാൻസൽ ചെയ്യിപ്പിക്കാൻവരെ ചില യുവകോൺഗ്രസ് എം.എൽ.എ.-മാർ ശ്രമിച്ചുവെന്നതാണ് കരക്കമ്പി. ശ്രീ. സുനിൽ കനുഗോലുവിന്റെ ബില്ലടയ്ക്കാനുള്ള പണം കർണ്ണാടകയിൽനിന്നും വരേണ്ടതുള്ളതുകൊണ്ട് ശ്രീ. കെ. സി. വേണുഗോപാൽ കേരളത്തിലെ യൂത്ത് കോൺഗ്രസ്സുകാരുടെ അഭ്യർത്ഥന മാനിച്ചില്ല. അല്ലെങ്കിലും ശ്രീ. കെ. സി. വേണുഗോപാലിനെയൊന്നും കർണ്ണാടകയിലെ നേതാക്കൾ വില വയ്ക്കാറില്ല. ഏറ്റവുമൊടുവിൽ കർണ്ണാടകയുടെ സമരദിവസം, മുൻകൂട്ടി നിശ്ചയിച്ച് തന്റെ ഡൽഹിയാത്രപോലും പ്രതിപക്ഷനേതാവിന് ക്യാൻസൽ ചെയ്യേണ്ടിവന്നുവെന്നും വാർത്തയുണ്ട്. പക്ഷേ, ഡൽഹിയിലുണ്ടായാൽ കർണ്ണാടക സമരത്തിൽ പങ്കെടുക്കേണ്ടി വരുമല്ലോയെന്നോർത്താണ് അദ്ദേഹം ഡൽഹി യാത്ര ഉപേക്ഷിച്ചത്. പാർലമെന്റിൽ ഭരണപക്ഷം അവതരിപ്പിച്ച വൈറ്റ് പേപ്പറിന് ബദലായി കോൺഗ്രസ് അവതരിപ്പിച്ച

ബ്ലാക്ക് പേപ്പറിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തിൽ വീർപ്പുമുട്ടുകയാണെന്ന് വ്യത്തിക്ക് എഴുതിവച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ കേരളത്തോട് വിവേചനം കാണിക്കുന്നുവെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ ശ്രീ. മല്ലികാർജ്ജുന ഖാർഗെ അഭിപ്രായപ്പെടുകയുണ്ടായി. പത്ത് കൊല്ലംമുമ്പ് അന്നത്തെ ഉമ്മൻ ചാണ്ടി മന്ത്രിസഭയിലെ തൊഴിൽ വകുപ്പുമന്ത്രിയും ആർ.എസ്.പി. നേതാവുമായ ശ്രീ. ഷിബു ബേബി ജോൺ ശ്രീ. നരേന്ദ്ര മോദിയെ ഗുജറാത്തിലുള്ള അദ്ദേഹത്തിന്റെ ഓഫീസിൽ പോയി കണ്ടത് മലയാളികൾ മറന്നിട്ടില്ല. അന്നിട്ട പാലം ഇന്നും അവർക്കിടയിലുണ്ടെന്ന് സാരം. അതാണ് കഴിഞ്ഞദിവസം പാർലമെന്റ് ക്യാന്റീനിൽ ശ്രീ. എൻ. കെ പ്രേമചന്ദ്രന്റെ രൂപത്തിൽ കണ്ടത്. കേരളത്തിലെ ആർ.എസ്.പി.-യു.ഡി.എഫ്. ബാന്ധവത്തിന്റെ ഇടനിലക്കാരനാണ് ശ്രീ. എൻ. കെ പ്രേമചന്ദ്രൻ. ശ്രീ. വി. ഡി. സതീശന്റെയും ബി.ജെ.പി.-കാരുടെയും സ്വരം ഒന്നാകുന്നതിന്റെ കാരണവും ഈ ബാന്ധവമല്ലാതെ മറ്റൊന്നുമല്ല. കേന്ദ്രത്തിനെതിരെ പറയാൻ യു.ഡി.എഫ്.-ന് നാവ് പൊങ്ങാത്തത് ഇതൊക്കെകൊണ്ടാണ്. ശ്രീ. നരേന്ദ്ര മോദി എറിഞ്ഞുകൊടുക്കുന്ന എച്ചിൽ

നക്കാൻ മാത്രം ഉപയോഗിക്കുന്ന യു.ഡി.എഫ്.-കാരുടെ നാവുകൾ മലയാളികൾ തിരിച്ചറിയുന്നുണ്ട്.

മി. ചെയർമാൻ: പ്ലീസ്....പ്ലീസ്....കൺക്ലൂഡ്....

ശ്രീ. കെ. ആൻസലൻ: സർ, പ്രിയപ്പെട്ടവരെ ഇവിടെ സൂചിപ്പിക്കപ്പെട്ടുകയുണ്ടായി 2016-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരമേറ്റെടുക്കുമ്പോൾ കേരളത്തിലെ ഖജനാവിൽ 262 കോടി രൂപ മൈനസായിരുന്നു. എഴുതി ഒപ്പിട്ടുകൊടുത്ത ചെക്കുകൾപോലും മാറിയിരുന്നില്ല.

മി. ചെയർമാൻ: പ്ലീസ്....പ്ലീസ്....കൺക്ലൂഡ്....

ശ്രീ. കെ. ആൻസലൻ: സർ, ആ ധനപ്രതിസന്ധിയിൽനിന്നാണ് കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്നത്. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തെ മുന്നോട്ട് നയിക്കുന്നതിന് ക്രിയാത്മകമായി...... ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് എന്റെ സാംസാരം നിർത്തുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ

കഴിയുന്നതരത്തിലാണ് ഈ ബഡ്ജറ്റ് എന്നാണ് വായിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. പുതിയ കേരളത്തിനുള്ള ഉറച്ച കാൽവയ്പ്പാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ്. കശുവണ്ടി മേഖലയ്ക്ക് 53 കോടി രൂപയാണ് ഈ ബഡ്ജറ്റിലൂടെ നീക്കിവച്ചിരിക്കുകയാണ്. ഈ മേഖലയ്ക്ക് കുറച്ചുകൂടി തുക അധികമായി വേണ്ടിവരുമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഈ ബഡ്ജറ്റിൽ 14 ജില്ലകളിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് കൊല്ലം ജില്ലയ്ക്കാണ്. അക്കാര്യത്തിൽ എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടുള്ള അഭിനന്ദങ്ങൾ ഈയവസരത്തിൽ രേഖപ്പെടുത്തുകയാണ്. ഇതൊരു പ്രാദേശിക വാദമല്ല. ഞാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കൊല്ലം ജില്ലക്കാരാണ്. അതുകൊണ്ടുതന്നെ കൊല്ലം ജില്ലയ്ക്ക് സമഗ്രമായ വികസനമാണ് വരാൻ പോകുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ജില്ലയെന്നുള്ള നിലയിൽ മാത്രമല്ല, കേരളത്തിന്റെ പൊതുകാഴ്ചപ്പാട്...... ഒരു കാലഘട്ടത്തിൽ യു.ഡി.എഫ്. ഭരിച്ചുകൊണ്ടിരുന്നപ്പോൾ കേരളം അന്ധകാരത്തിലേയ്ക്കാണ്ടുപോയി. അങ്ങനെ അന്ധകാരത്തിലേയ്ക്കാണ്ടുപോയ

കേരളീയ സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് വളർത്തിയെടുക്കാൻ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളം ഭരിക്കേണ്ടിവന്നു. ഞാൻ ആ ചരിത്രത്തെ സംബന്ധിച്ചൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല.

മത്സ്യബന്ധനമേഖലയ്ക്ക് 227 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. മൺറോതുരുത്ത് ടൂറിസം പാക്കേജ് എന്റെ നിയോജകമണ്ഡലത്തിൽ വരുന്ന പഞ്ചായത്താണ്. കോടിക്കണക്കിന് രൂപയുടെ ടൂറിസം പാക്കേജാണ് എന്റെ പഞ്ചായത്തായ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിൽ വരാൻ പോകുന്നത്. ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് കേരളത്തെ തള്ളിവിടുന്ന ഈയവസരത്തിൽ കേരളത്തെ ഒരുകാരണവശാലും തകർക്കാനോ തളച്ചിടാനോ കഴിയില്ലെന്ന് ഈയവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പത്താം ധനകാര്യ കമ്മീഷൻ എന്നുതുടങ്ങിയോ അന്നുതൊട്ട് കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര വിഹിതം 3.9 ശതമാനമായിരുന്നു. ഇപ്പോൾ കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന കേന്ദ്രവിഹിതം 1.8 ശതമാനമായി കുറച്ചിരിക്കുകയാണ്. അതായത്, കേരളത്തിന് ഒരു വർഷം 57,400 കോടി രൂപ നഷ്ടമാണ്. കേരളത്തിൽനിന്ന് ജയിച്ചുപോയ യു.ഡി.എഫ്. എം.പി.മാർ

ഈ നിമിഷംവരെ കേരളത്തിന്റെ എന്തെങ്കിലും ഒരു ആവശ്യമെങ്കിലും പാർലമെന്റിൽ പറഞ്ഞിട്ടുണ്ടോ; ഒരാളുപോലും ഒരക്ഷരം പറഞ്ഞില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ എം.പി.-മാർ അല്ലാതെ യു.ഡി.എഫ്.-ന്റെ എം.പി.-മാർ കമാ എന്നൊരക്ഷരം പറഞ്ഞില്ല. എന്തിനാണ് അവർ അവിടെ പോയത്? കേരളം ഇത്രയും ധനപ്രതിസന്ധിയിൽ എത്തിനിൽക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് നൽകേണ്ട വിഹിതം നൽകുന്നില്ല. ഒരു രൂപ കേന്ദ്രത്തിൽ അടയ്ക്കുമ്പോൾ 25 പൈസ കേരളത്തിന് ലഭിക്കണം. അതാണ് കണക്ക്. ഞാൻ കണക്കുകളെ സംബന്ധിച്ച് പറയുന്നില്ല. പക്ഷെ, അതും കിട്ടുന്നില്ല. കേന്ദ്രം കേരളത്തെ ഞെക്കി കൊല്ലുകയാണ്. എങ്ങനെയൊക്കെ ഞെക്കി കൊല്ലാമോ ആ തരത്തിലാണ് ഇപ്പോൾ കേന്ദ്രം നടത്തിക്കൊണ്ടിരിക്കുന്നത്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് 70 ശതമാനം 40 ശതമാനം 45 ശതമാനം തുകയാണ് കൊടുക്കുന്നത്. മുൻ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീൽ ഇവിടെ പറഞ്ഞു, നമ്മുടെ പ്രധാനമന്ത്രി ഗുജറാത്തിൽ മൂന്ന് തവണ മുഖ്യമന്ത്രിയായിരുന്നു. മൂന്ന് തവണ മുഖ്യമന്ത്രിയായപ്പോൾ അഹമ്മദാബാദിൽമാത്രം കുറച്ച് വികസന പ്രവർത്തനങ്ങൾ നടത്തി.

കഴിഞ്ഞമാസം എം.എൽ.എ.-മാർ അവിടെപോയപ്പോൾ ഞങ്ങൾ അഹമ്മാദബാദും അതിന്റെ ഉൾപ്രദേശങ്ങളും കണ്ടു. അവിടെ ഒരു വികസനപ്രവർത്തനങ്ങളും നടക്കുന്നില്ല, അതുമാത്രമല്ല വളരെ ദയനീയ അവസ്ഥ, 2023-ലെ എസ്.എസ്.എൽ.സി. പരീക്ഷ നടന്നപ്പോൾ ഗുജറാത്ത് സംസ്ഥാനത്ത് 166 സ്കൂളുകളിൽ പരീക്ഷ എഴുതിയ ഒറ്റക്കുട്ടിപ്പോലും ജയിച്ചിട്ടില്ല. എത്ര ഖേദകരമായ അവസ്ഥയാണ്! അങ്ങനെയുള്ളപ്പോഴാണ് ബി.ജെ.പി.യും കോൺഗ്രസും പുരോഗമന വിദ്യാഭ്യാസത്തെപ്പറ്റി പറയുന്നതെന്ന വിരോധാഭാസമുണ്ട്. 166 സ്കൂളുകളിൽ ജയിച്ച കുട്ടികളുടെ എണ്ണം വട്ടപ്പൂജ്യമാണ്, അതാണ് ഇന്നത്തെ ഇന്ത്യാ രാജ്യത്തിന്റെ സ്ഥിതി. കുറച്ച് നിർദ്ദേശങ്ങൾകൂടി സഭയുടെ മുമ്പാകെ സമർപ്പിക്കാനുണ്ട്, അതിൽ പ്രധാനപ്പെട്ടത് തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുകയെന്ന കാര്യമാണ്. തൊഴിലില്ലായ്മ വേതനം നൽകിത്തുടങ്ങിയ കാലംമുതൽ ഒരു മാസം 125 രൂപയാണ് നൽകുന്നത്, അത് ഇരട്ടിയായോ, രണ്ടിരട്ടിയായോ വർദ്ധിപ്പിക്കണം. അങ്കണവാടി ജീവനക്കാരുടെയും സാക്ഷരതാ പ്രേരക്മാരുടെയും ഓണറേറിയം വർദ്ധിപ്പിക്കണം. പ്രേരക്മാർ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് ധാരാളം ജോലികൾ

ചെയ്യുന്നവരാണ്. സ്കൂൾ പാചക തൊഴിലാളികൾക്ക് വളരെ തുച്ഛമായ വേതനമാണ് ലഭിക്കുന്നതെന്നതിനാൽ അവരുടെ വേതനവും വർദ്ധിപ്പിക്കണം. ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ വികസനപ്രവർത്തനങ്ങൾ വളരെ കുറവാണ്. സമീപ പ്രദേശങ്ങളിലെ മുഴുവൻ താലൂക്ക് ആശുപത്രികളിലും വികസന പ്രവർത്തനങ്ങൾ നടക്കുമ്പോൾ ഞങ്ങൾക്ക് അതിനാവശ്യമായ തുക ലഭ്യമാകുന്നില്ല. ആശുപത്രിക്ക് സ്ഥലപരിമിതിയുണ്ടെന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ 50 സെന്റ് റവന്യൂ ഭൂമി ഞങ്ങൾക്ക് ലഭ്യമായിട്ടുണ്ട്, പ്രസ്തുത സ്ഥലത്ത് ആശുപത്രിക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ശാസ്താംകോട്ട തടാക സംരക്ഷണത്തെക്കുറിച്ച് കഴിഞ്ഞ പത്തിരുപത്തഞ്ച് വർഷക്കാലമായി നിയമസഭയിൽ പറഞ്ഞുകൊണ്ടേയിരിക്കുന്ന കാര്യമാണ്. ഈ ഗവൺമെന്റും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അതിനായി ഫണ്ട് അനുവദിക്കാമെന്ന് പറഞ്ഞതുമാണ്. എന്നാൽ ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയതായി കാണുന്നില്ല. അതുകൊണ്ട് ശാസ്താംകോട്ട തടാക സംരക്ഷണത്തിന് ഫണ്ട് അനുവദിക്കണം. അടുത്തതായി പത്രപ്രവർത്തകരുടെ കാര്യമാണ്,

പത്രസ്ഥാപനങ്ങളിലെ ജീവനക്കാർക്കായി നടപ്പിലാക്കിയ പെൻഷൻ സമയബന്ധിതമായി ലഭിക്കുന്നില്ല. ഞാൻ ഇക്കാര്യം പറയുന്നത് ജനയുഗത്തിൽ പത്രപ്രവർത്തകരായിരുന്നവർക്കുവേണ്ടിയാണ്, സി.പി.ഐ.ക്കാർ പറയേണ്ട കാര്യമായിരുന്നു. ജനയുഗം പത്രത്തിൽ ജോലി ചെയ്തിരുന്ന 39-ഓളം പേർ പെൻഷന് അപേക്ഷിച്ചെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിൽ ഇടപെടണം എന്നുകൂടി പറയുകയാണ്. കേരളത്തിന്റെ സമസ്ത മേഖലകളിലെയും വികസന പ്രവർത്തനങ്ങൾക്കുവേണ്ടി 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, കേരളത്തിലെ സമ്പദ്ഘടന ഒരു സൂര്യോദയ സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുന്നുവെന്ന നിരീക്ഷണത്തോടെ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു. സൂര്യോദയ സമ്പദ്ഘടനയായി മാറുന്നുവോ, അക്കാര്യം വസ്തുതാപരമാണോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്. 2021-22-ൽ കേരളത്തിലെ ഗവൺമെന്റ്

ട്രഷറികളിലൂടെ മൊത്തം ചെലവഴിച്ച സംഖ്യ 1,38,00,884 കോടി രൂപയാണ്. 2022-23 കാലയളവിൽ അത് 1,58,00,738 കോടി രൂപയായി വർദ്ധിച്ചു. 2023-24-ൽ 1,68,00,407 രൂപയാകുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ 3 വർഷത്തിനിടയിൽ 30,000 കോടി രൂപയുടെ വർദ്ധനവ് ചെലവിൽ വരുത്തിയ സംസ്ഥാനമാണ് കേരളമെന്നത് വസ്തുതയാണ്, കണക്കുകൾ ആധികാരികമാണ്. വികസനക്ഷേമ പ്രവർത്തനങ്ങൾ നടത്താതിരുന്നാൽ യാതൊരുവിധ പ്രതിസന്ധിയും സംസ്ഥാനത്ത് ഉണ്ടാകുമായിരുന്നില്ല. എന്നാൽ കേരളം സ്വീകരിക്കുന്ന രീതി അതല്ല. കേരളത്തിലെ ഗവൺമെന്റ് ധൂർത്തടിച്ചോയെന്നും പരിശോധിക്കാം. മന്ത്രിമാരുടെ എണ്ണം, ചെലവ്, വിദേശയാത്ര എന്നീ കാര്യങ്ങളിൽ യു.ഡി.എഫ്-ന്റെ ഭരണകാലം, ഇതര സംസ്ഥാനങ്ങളിലെ കണക്കുകൾ എന്നിവയുമായി താരതമ്യം ചെയ്താൽ കൃത്യമായി അക്കാര്യം മനസ്സിലാകും. കേരളം ഒരു തരത്തിലും ധൂർത്തടിച്ചിട്ടില്ലെന്നത് നമ്മുടെ ഒരു ബോധ്യം മാത്രമല്ല, റിസർവ് ബാങ്കിന്റെ റിപ്പോർട്ടിൽത്തന്നെ അക്കാര്യം പറയുന്നുണ്ട്. കേരളം റവന്യൂ കമ്മിയും ധനകമ്മിയും കടവും കുറച്ചുകൊണ്ടുവരുന്ന സംസ്ഥാനമാണെന്ന് പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അടുത്ത

ചോദ്യം കേരളത്തിന്റെ തനത് വരുമാനം വർദ്ധിച്ചുവോയെന്നതാണ്. 2020-21-നേക്കാൾ 2021-22 മുതൽ 2024-25 ആകുമ്പോഴേയ്ക്കും നാലിരട്ടിയായി വർദ്ധിക്കുമെന്ന് കാണാൻ കഴിയും. 2020-21-ൽ തനത് വരുമാനം 47661 കോടി രൂപയായിരുന്നു. 2021-22-ൽ 58341 കോടി രൂപയായും 2022-23 കാലയളവിൽ 71968 കോടി രൂപയായും വർദ്ധിച്ചു. ഈ മേഖലയിൽ കേരളം കൈവരിച്ചുകൊണ്ടിരിക്കുന്നത് സ്വപ്നതുല്യമായ നേട്ടമാണ്. കേരളം അനുഭവിക്കുന്ന സാമ്പത്തിക രംഗത്തെ പ്രതിസന്ധിയെ സംബന്ധിച്ച് 2021-23-ലെ ആർ.ബി.ഐ.യുടെ കണക്കനുസരിച്ച് 65 രൂപ സംസ്ഥാനം വിവിധ മേഖലയിൽനിന്നും പിരിച്ചെടുക്കുമ്പോൾ 35 രൂപ കേന്ദ്രം തരാമെന്നതായിരുന്നു പഴയരീതി. എന്നാൽ 79 രൂപ കേരളം പിരിച്ചെടുക്കുമ്പോൾ കേന്ദ്രം അനുവദിക്കുന്നത് 21 രൂപ മാത്രമാണ്. എന്നാൽ ഈയിനത്തിൽ ബീഹാറിന് 70 രൂപ നൽകുന്നുണ്ട്. പ്രതിസന്ധിക്കിടയിലും കേരളം കൈവരിക്കുന്ന ഇത്തരത്തിലുള്ള നേട്ടമാണ് സൂര്യോദയ സമ്പദ്ഘടനയായി മാറുന്നുവെന്ന് പറയുന്നതിന്റെ അടിസ്ഥാനം. സൂര്യോദയം കാണുമ്പോൾ മിന്നാമിനുങ്ങിന്റെ വെളിച്ചംപോലും കാണാത്തവരും സൂര്യഗ്രഹണമായി തോന്നുന്നവരുമൊക്കെ

പ്രതിപക്ഷാംഗങ്ങളായി അവിടെയുണ്ട്, അവർ സ്വന്തം കണ്ണട മാറ്റണമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്, അവരുടെ കാഴ്ചയ്ക്ക് ഏതോതരത്തിൽ കാര്യമായ തകരാറുണ്ടെന്ന് തിരിച്ചറിയേണ്ടതുണ്ട്. ബഡ്ജറ്റിന്റെ പേജ് നമ്പർ 18, 19-ൽ ഇങ്ങനെ പറയുന്നുണ്ട്, " എന്തുവിലകൊടുത്തും വികസന ക്ഷേമപ്രവർത്തനങ്ങൾ തുടരണം, തുടരും, എന്തായാലും കേരള വികസന മാതൃകയുടെ നന്മകൾ നിലനിർത്തി മുന്നോട്ടുകൊണ്ടുപോകാനുള്ള വഴി കണ്ടെത്തുകതന്നെ ചെയ്യും" . ഇത് ആത്മവിശ്വാസം പ്രതിഫലിക്കുന്ന വാക്കുകളാണ്, നയാപൈസയില്ലാത്തവന്റെ വിലാപമല്ല. ബഹുമാനപ്പെട്ട പെരിന്തൽമണ്ണ അംഗം പറഞ്ഞത് നയാപൈസയില്ലാത്തവന്റെ വിലാപമാണ് ബഡ്ജറ്റ് പ്രസംഗം എന്നാണ്. എന്നാൽ ഇത് ഭാവികേരളത്തിന്റെ മുന്നേറ്റത്തിനുള്ള അടിത്തറയാണ്. ഒറ്റപ്പാലത്ത് 'ഗ്രാഫീൻ' അധിഷ്ഠിത ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഒരു വലിയ പ്രീപ്രൊഡക്ഷൻ സെന്റർ 260 കോടി രൂപ ചെലവിൽ കാർബൊറണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന്റെ സഹകരണത്തോടെ സ്ഥാപിക്കാൻ പോകുകയാണ്. ഗ്രാഫീൻ-നെ സംബന്ധിച്ച് മനസ്സിലാക്കാത്തവർ ആധുനിക കേരളം കൈവരിക്കാൻ

പോകുന്ന നേട്ടത്തെക്കുറിച്ച് ഒരു ധാരണയുമില്ലാത്തവരാണ്, അവക്ക് ഇത് വിലാപമായി തോന്നുമെന്നതിൽ അത്ഭുതമില്ല. കേരളത്തിന്റെ അഭിമാനകരമായ നേട്ടങ്ങളെ സംബന്ധിച്ച് അറിയുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. തദ്ദേശ വാസികളായ ആദിവാസി വിഭാഗത്തിൽപ്പെട്ട 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ഒരേ സമയം സർവ്വീസിൽ പ്രവേശിക്കുന്ന രാജ്യത്തെ ആദ്യത്തെയിടമായി കേരളം മാറുകയാണ്. പാവപ്പെട്ടവനോടും സാധാരണക്കാരനോടും അരികുവത്കരിക്കപ്പെട്ടവനോടുമാണ് നമ്മുടെ പക്ഷപാതിത്വം എന്ന് ഇതിൽനിന്നും മനസ്സിലാക്കാം, അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി നടത്തിയ ഇടപെടലിന്റെ വിജയമാണിത്. മലബാർ ദേവസ്വം ബോർഡിലെ ശമ്പളപരിഷ്കരണം അംഗീകരിക്കുകയും 2019 ജൂലൈ മാസം മുതൽ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കാനാവശ്യമായ തീരുമാനമെടുക്കുകയും ചെയ്തിരിക്കുന്നു. ദേശീയ ജലപാത യാഥാർത്ഥ്യമാക്കാനും 2024-25-ഓടുകൂടി പൂർണ്ണമായും പ്രവൃത്തിപഥത്തിലെത്തിക്കാനുമുള്ള അന്തരീക്ഷമൊരുക്കുന്ന പ്രവർത്തനം നടന്നുവരികയാണ്. എ.ഐ (Artificial Intelligence) പ്രോസസ്സർ വികസിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സർവ്വകലാശാല ഡിജിറ്റൽ

യൂണിവേഴ്സിറ്റി കേരള ആണെന്നത് നമുക്ക് അഭിമാനം പകരുന്നതാണ്. രാജ്യത്തെതന്നെ ഏറ്റവും മികച്ച സ്റ്റാർട്ട്അപ് അന്തരീക്ഷമുള്ള സംസ്ഥാനം നമ്മുടെ കേരളമാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. 16 സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിച്ച സംസ്ഥാനമാണ് കേരളമെന്നത് നമുക്ക് അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. കേരളത്തിലെ എല്ലാ പദ്ധതികളും യു.ഡി.എഫ്. സർക്കാരിന്റെ സംഭാവനയാണെന്ന പച്ചക്കള്ളം അവതരിപ്പിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം പദ്ധതി തുടങ്ങിയവയെല്ലാം യു.ഡി.എഫ്-ന്റെ സംഭാവനയാണത്രേ! നമുക്ക് പരിശോധിക്കാം. കൊച്ചി മെട്രോയുടെ പ്രാരംഭ ചർച്ചകൾ നടക്കുന്നത് വി.എസ്. സർക്കാരിന്റെ കാലത്താണ്. അത് Public Private Partnership (PPP)-ൽ ആരംഭിക്കണമെന്ന് വന്നപ്പോൾ, അതായത് കേന്ദ്രസർക്കാർ അത്തരത്തിൽമാത്രമേ അനുവാദം നൽകൂവെന്ന് വന്നപ്പോൾ സ്വാഭാവികമായും ചിലതടസ്സവാദങ്ങളുണ്ടായി. തുടർന്ന് അത് പൂർത്തീകരിക്കാനുള്ള സാഹചര്യമുണ്ടായി. കണ്ണൂർ വിമാനത്താവളം യു.ഡി.എഫ്. കൊണ്ടുവന്നതാണോ; ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് വിമാനം ടേക്ക്ഓഫ് ചെയ്യാനും ലാന്റ് ചെയ്യാനുമുള്ള

സൗകര്യമുണ്ടായിരുന്നോ? ഹെലികോപ്റ്റർ പറത്താൻ പോലും പറ്റാത്തവിധത്തിൽ ചളിക്കുളമായിരുന്നിടത്ത് എങ്ങനെയെങ്കിലും ഒരു ഉദ്ഘാടന പ്രഹസനം നടത്തി മുമ്പോട്ടുപോകാനാണ് യു.ഡി.എഫ്. ഉദ്ദേശിച്ചതെങ്കിൽ ആ സ്വപ്ന പദ്ധതി ആരംഭിച്ചതും അഭിമാനകരമായ രീതിയിൽ പൂർത്തീകരിച്ചതും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണെന്നത് നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. വിഴിഞ്ഞം പദ്ധതി അഭിമാനകരമായ നിലയിൽ മുമ്പോട്ടുകൊണ്ടുപോകുകയാണ്. ആലപ്പുഴ ബൈപ്പാസ് പദ്ധതി ആരാണ് തുടങ്ങിയത്, പൂർത്തീകരിച്ചത് ആരാണ്; ടെക്നോപാർക്ക് ആരംഭിച്ചതും പൂർത്തീകരിച്ചതും ആരാണ്; അതുപോലെതന്നെ മുടങ്ങിക്കിടന്ന ദേശീയപാതാ വികസനം ആരംഭിച്ചതും പൂർത്തീകരിക്കാൻ പോകുന്നതും ആരാണ്? ഇതെല്ലാം ചെയ്യുന്നത് ഇടതുപക്ഷമാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് നല്ല ബോദ്ധ്യമുണ്ട്. രാജ്യത്തെ ഏറ്റവും മികച്ച ക്ഷയരോഗനിവാരണ പ്രവർത്തനത്തിന് ദേശീയ പുരസ്കാരം കേരളത്തിന് ലഭിച്ചതായി ഇന്നലെ വാർത്ത വരികയാണ്. ആരോഗ്യരംഗത്ത് അഭിമാനകരമായ നേട്ടംകൈവരിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനം

മുമ്പോട്ടുപോകുകയാണ്. 57400 കോടി രൂപ കേരളത്തിന് എങ്ങനെയാണ് നഷ്ടമുണ്ടായതെന്ന് വ്യക്തമല്ലെന്നാണ് ബഹുമാനപ്പെട്ട തൃക്കാക്കര അംഗം പറയുന്നത്, ഞാനത് വ്യക്തമാക്കിത്തരാം. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതിനെത്തുടർന്നുണ്ടായ നഷ്ടം 12000 കോടി രൂപ, റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഇനത്തിൽ ഈ വർഷം കുറയുന്നത് 8400 കോടി രൂപ, കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി വായ്പകൾ പൊതുകടമാക്കിയതിലൂടെ വെട്ടിക്കുറച്ചത് 7000 കോടി രൂപ, പബ്ലിക് അക്കൗണ്ടിലെ പണം പൊതുകടത്തിൽ ഉൾപ്പെടുത്തിയതിലൂടെ വന്ന കുറവ് 12000 കോടി രൂപ, പത്താം ധനകാര്യ കമ്മീഷനിൽനിന്നും പതിനഞ്ചാം ധനകാര്യകമ്മീഷനിലേയ്ക്ക് എത്തിയപ്പോൾ ഡിവിസിബിൾ പൂളിൽനിന്ന് വെട്ടിക്കുറച്ചതിന്റെ ഭാഗമായി സംഭവിച്ച നഷ്ടം 18000 കോടി രൂപ. ഇങ്ങനെയാണ് 57,400 കോടി രൂപ നഷ്ടം വന്നതെന്ന് നമ്മുടെ നാട്ടിലെ ജനങ്ങളെ ബോധ്യപ്പെടുത്തുകയാണ്. ഇടിവെട്ടിയവനെ പാമ്പ് കടിച്ച സ്ഥിതിയാണ് എൽ.ഡി.എഫ്.-നുണ്ടായതെന്ന് പറഞ്ഞു. അത് ഇവിടെയല്ല, യു.ഡി.എഫ്.നാണുണ്ടായിട്ടുള്ളത്. എന്താണ് അതിന്റെ കാരണം? കോൺഗ്രസ് അവരുടെ അവസ്ഥ ഇവിടെ പറയുകയാണ്. നവകേരള

സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് 1000 കോടി രൂപ ചെലവഴിക്കുമെന്ന് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പറയുന്നുണ്ട്. അങ്ങനെ വന്നാൽ തങ്ങൾ ബഹിഷ്കരിച്ച നവകേരള സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി 1000 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്തെ വികസന പദ്ധതികൾ നടപ്പിലാക്കുമെന്ന് പറയുമ്പോൾ 'ഇടിവെട്ടിയവനെ പാമ്പുകടിച്ച' അവസ്ഥ കേരളത്തിലെ യു.ഡി.എഫ്.-നുണ്ടായിയെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. മറ്റൊന്ന്, സർവ്വകക്ഷിയോഗം വിളിച്ച് പ്രശ്നം പരിഹരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് പറഞ്ഞു. കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി.മാരുടെ യോഗം വിളിച്ചുചേർത്ത് നിവേദനത്തിൽ ഒപ്പിടണമെന്ന് പറഞ്ഞപ്പോൾ അതിന് സൗകര്യമില്ലാത്തവരാണ് ഇവർ. ഇന്ന് അനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധിക്ക് കാരണക്കാരായ കേന്ദ്രസർക്കാരിന്റെ നയത്തിനെതിരായി യോജിച്ച് പ്രക്ഷോഭത്തിന് വരണമെന്ന് പ്രതിപക്ഷനേതാവിനോടും ഉപനേതാവിനോടും മുഖ്യമന്ത്രി പറയുമ്പോൾ അതിന് തയ്യാറാകാത്തവരാണ് ഇവർ. ഉയർന്ന ജനാധിപത്യബോധവും നാടിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള

ഐക്യപ്പെട്ട മുന്നേറ്റവും സൃഷ്ടിക്കാൻ പരിശ്രമിക്കുന്ന ഗവൺമെന്റിനെയും അതിന്റെ നേതൃത്വത്തെയും വസ്തുതാവിരുദ്ധമായി ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാനുള്ള പരിശ്രമമാണ് ഇവർ നടത്തുന്നത്. 'കെ' എന്ന് കേൾക്കുമ്പോൾ പാലക്കാട് എം.എൽ.എ.-യ്ക്ക് ബേജാറാണ്. കെ-ഫോൺ, കേരള ബാങ്ക്, കേരള സ്റ്റാർട്ടപ്പ് മിഷൻ, കെയർ ഇക്കോണമി, കെ-ഡിസ്ക്. എന്തിനാണ് 'കെ' എന്നുകേൾക്കുമ്പോൾ ഇത്രമാത്രം പ്രയാസപ്പെടുന്നത്.

'ഭാരതമെന്ന പേർ കേട്ടാൽ

അഭിമാനപൂരിതമാകണം അന്തഃരംഗം

കേരളമെന്ന് കേട്ടാലോ തിളയ്ക്കണം

ചോര നമുക്ക ഞരമ്പുകളിൽ'

എന്നാണ് മഹാകവി വള്ളത്തോളിന്റെ വാക്യം. അതിലൂടെയാണ് ബഡ്ജറ്റ് പ്രസംഗം ഇവിടെ സമാഹരിക്കപ്പെടുന്നത്. 'കെ' എന്ന് കേൾക്കുമ്പോൾ കേരളത്തിന്റെ അഭിമാനപൂരിതമായിട്ടുള്ള അന്തരീക്ഷത്തിൽ ചോര തിളയ്ക്കേണ്ട ഞരമ്പുകളിൽ കേരളമെന്ന് കേൾക്കുമ്പോൾ അതിൽ അസ്വസ്ഥത കൊള്ളുന്നവരാണ് കേരളത്തിലെ യു.ഡി.എഫ്. എന്നത് അപമാനകരമാണ്. ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട്

ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. രാജഗോപാലൻ:</u> സർ, ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. നിർദ്ധനർക്കും നിരാലംബർക്കും കേരളത്തിലെ സമസ്ത വിഭാഗം ജനങ്ങൾക്കും വെള്ളിവെളിച്ചം പകരുന്നതും നാടിനെ പ്രകാശപൂരിതമാക്കുന്നതുമായ ജനപ്രിയ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. പ്രതിപക്ഷനിരയിലെ പലരും കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ച് പ്രതികരിക്കാൻ പോലും തയ്യാറായില്ല. കേന്ദ്ര ബഡ്ജറ്റുമായി ബന്ധപ്പെട്ടുതന്നെയാണ് കേരളത്തിലെ ബഡ്ജറ്റും വരുന്നത്. കോൺഗ്രസ് അംഗങ്ങൾ ഇതിനെക്കുറിച്ച് പ്രതികരിക്കാത്തതിന് യാതൊരു അത്ഭുതവുമില്ല. കാരണം കോൺഗ്രസ്സിലെ ചില എം.എൽ.എ.മാരെ പോളിഗ്രാഫ് ടെസ്റ്റിന് വിധേയമാക്കിയാൽ കോൺഗ്രസ്സുകാരനിലെ സംഘിയാണ് വായ് തുറക്കുക. അതുകൊണ്ട് അവർ പ്രതികരിക്കാതിരുന്നാൽ അത്ഭുതമില്ല. പക്ഷേ മുസ്ലീം ലീഗിന് എന്തുപറ്റി? അതിനെ ഏട്ടൻ പാർട്ടി അനസ്തേഷ്യ കൊടുത്ത് കിടത്തിയിരിക്കുകയാണ്. സ്ഥലകാലബോധമില്ലാതെ ഒന്നിനോടും പ്രതികരണശേഷിയില്ലാതെ എല്ലാം കണ്ട് കിടക്കുകയാണ്. രണ്ട് ബഡ്ജറ്റുകളിലും രണ്ട് സമീപനങ്ങളാണുള്ളത്.

നയസമീപനത്തിന്റെ കണ്ണാടിയാണ് ബഡ്ജറ്റുകൾ. സമീപനം ഭിന്നമായതിനാൽ ബഡ്ജറ്റുകൾ ഇവിടെ വ്യത്യസ്തമായിരിക്കുന്നു. കേരളത്തെ മറന്ന ബഡ്ജറ്റാണ് കേന്ദ്ര ബഡ്ജറ്റ്; കോർപ്പറേറ്റ് അനുകൂല തെരഞ്ഞെടുപ്പ് ബഡ്ജറ്റാണത്. സ്ഥിരതയാർന്ന സാമ്പത്തിക വളർച്ചകൾക്ക് അതിൽ പദ്ധതികളില്ല. തൊഴിലില്ലായ്മ, ദാരിദ്ര്യം, വിലക്കയറ്റം, വർദ്ധിച്ചുവരുന്ന അസമത്വം, കർഷക ആത്മഹത്യ തുടങ്ങിയവ പരിഹരിക്കുന്നതിന് പദ്ധതികളോ ക്രിയാത്മക നിർദ്ദേശങ്ങളോ ഇല്ല. സമസ്ത ജനവിഭാഗങ്ങളെയും വിസ്മരിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഡൽഹിയിൽ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചത്. കാർഷിക-വ്യാവസായിക മേഖലകളെ കുത്തുപാളയെടുപ്പിക്കുന്ന സമീപനമാണ് അതിൽ കാണുന്നത്. അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവജന സമൂഹത്തോട് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് സ്വയം തൊഴിൽ കണ്ടെത്തിക്കോളൂ എന്നാണ്. പാവപ്പെട്ടവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുകയെന്നതാണ് സാമ്പത്തിക വളർച്ചയുടെ അടിസ്ഥാനയുക്തി. അതിനും പദ്ധതികളില്ല. തൊഴിലുറപ്പ് പദ്ധതികൾക്കുപോലും പണം വർദ്ധിപ്പിക്കാൻ തയ്യാറായില്ല. ഇതിൽനിന്നും

വ്യത്യസ്തമാണ് കേരളത്തിന്റെ ബഡ്ജറ്റ്. ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ സമ്പദ് വ്യവസ്ഥ സൂര്യോദയ സമ്പദ്ഘടനയായി മാറിയിരിക്കുന്നുവെന്ന ബഡ്ജറ്റിലെ ആമുഖത്തിലെ നിരീക്ഷണം അടിവരയിട്ട് സാധൂകരിക്കുന്നതാണ് കഴിഞ്ഞ ഏഴര വർഷക്കാലത്തെ കേരളം കൈവരിച്ച നേട്ടങ്ങൾ. ഇത്രയേറെ മാനവീയനേട്ടങ്ങൾ കൈവരിച്ച മറ്റൊരു സംസ്ഥാനമുണ്ടോ? ബഡ്ജറ്റിൽ പറഞ്ഞതുപോലെ പശ്ചാത്തലവികസന സൗകര്യ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് കേരളത്തിൽ വന്നത്. ശാസ്ത്ര സാങ്കേതിക പുരോഗതിയുടെയും ഡിമാന്റിന്റെ ചലനാത്മകതയുടെയും ഉത്പ്പാദന വളർച്ചയുടെയും മുൻനിരയിൽ നിൽക്കുന്ന വികസനത്തുറകളെയാണ് സൂര്യോദയ മേഖലയെന്ന് പരാമർശിച്ചത്. പശ്ചാത്തല സൗകര്യ വികസനത്തിനും വൈജ്ഞാനിക സമൂഹത്തിനും ഊന്നൽ നൽകാൻ ഈ ബഡ്ജറ്റിന് കഴിഞ്ഞു. ചൈനീസ് മാതൃകയിലുള്ള വികസന സോണുകളെക്കുറിച്ച് പരാമർശിച്ചു. പ്രായമായവരെ സംരക്ഷിക്കുന്നതിന് കെയർ സെന്ററുകൾ, സർക്കാർ ആശുപത്രികളെ സഹായിക്കുന്നതിന് ആരോഗ്യ സുരക്ഷാഫണ്ട്, അങ്കണവാടി ജീവനക്കാർക്ക് ഇൻഷ്വറൻസ്,

പ്രവാസി അക്കാദമിക് വിദഗ്ധരുടെ ടാസ്ക് ഫോഴ്സ്, കായിക സമ്പദ്‌വ്യവസ്ഥ, സുരക്ഷിതമാക്കാം പശ്ചിമഘട്ടം, കുടുംബശ്രീ അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ K-LIFT (Kudumbashree Livelihood Initiative for Transformation) എന്നിവയെല്ലാം ബഡ്ജറ്റിലെ പുതിയ പ്രഖ്യാപനങ്ങളാണ്. റബ്ബറിന്റെയും നാളികേരത്തിന്റെയും താങ്ങുവില വർദ്ധിപ്പിക്കാൻ ഈ സർക്കാർ തയ്യാറാകുകയും അത് വർദ്ധിപ്പിക്കുകയും ചെയ്തു. റബ്ബറിനെക്കുറിച്ച് ചില അംഗങ്ങൾ ഇവിടെ പരാമർശിക്കുകയുണ്ടായി. റബ്ബറിന്റെ താങ്ങുവില 10 രൂപ വർദ്ധിപ്പിച്ച് 170-ൽനിന്ന് 180 രൂപയായി ഉയർത്തിയത് മഹാകാര്യമാണെന്ന അഭിപ്രായമല്ല. പക്ഷേ ഈ സാമ്പത്തിക പരിമിതികൾക്കിടയിൽനിന്നുകൊണ്ടും മലയോര കർഷകന്റെ കണ്ണീരൊപ്പാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തയ്യാറായി എന്നതാണ് പ്രസക്തമായകാര്യം. ബി.ജെ.പി. ഭരണത്തിൽ രാജ്യത്ത് റബ്ബർ കൃഷി വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. 2009-ൽ ഡോ. മൻമോഹൻ സിംഗിന്റെ കാലത്താണ് ആസിയാൻ സ്വതന്ത്ര്യവ്യാപാരക്കരാർ നിലവിൽവന്നത്. കോർപ്പറേറ്റുകൾക്കുവേണ്ടി കോൺഗ്രസ്സാണ് അന്ന് രാജ്യത്തെ കർഷകരെ ഒറ്റിക്കൊടുത്തത്. അന്നേ

ഇടതുപക്ഷം മുന്നറിയിപ്പ് നൽകിയിരുന്നു. ആസിയാൻ കരാറിനെതിരെ ഞങ്ങൾ നടത്തിയ മനുഷ്യച്ചങ്ങലയെ പരിഹസിച്ചവരാണ് പ്രതിപക്ഷത്തുള്ളത്. ഇപ്പോൾ എന്തായി? ആസിയാൻ കരാറിന്റെ ഫലമായി ചരിത്രത്തിൽ ഇതുവരെയില്ലാത്ത പ്രതിസന്ധിയാണ് റബ്ബർ കർഷകർ നേരിടുന്നത്. കോൺഗ്രസ്സിന്റെ കുത്തക അനുകൂല നയങ്ങൾ ബി.ജെ.പി. അതിശക്തമായി ഇന്ത്യ രാജ്യത്ത് തുടരുകയാണ്. റബ്ബർ മേഖലയിലെ പ്രതിസന്ധികൾക്കിടയിൽ വലിയ ആശ്വാസമാണ് ഇത്തവണ കേരള ബഡ്ജറ്റിലുണ്ടായിരിക്കുന്നത്. റബ്ബർ കർഷകർ ദുരിതങ്ങൾ നേരിടുന്ന ഘട്ടത്തിൽ അതിനെ കൂടുതൽ ആഴത്തിലേയ്ക്ക് തള്ളിവിടുന്ന വെട്ടിപ്പാണ് ടയർ കമ്പനികൾ നടത്തുന്നതെന്ന് Competition Commission of India (CCI) കണ്ടെത്തിയത് ഈയടുത്ത ദിവസമാണ്. എം.ആർ.എഫ്., ജെ.കെ. ടയേഴ്സ്, അപ്പോളൊ, സിയാറ്റ്, ബിർല തുടങ്ങിയ കുത്തക ടയർ കമ്പനികളും അവരുടെ കോർപ്പറേറ്റ് കൂട്ടായ്മയായ ഓട്ടോമോട്ടീവ് ടയർ മാനുഫാക്ചേഴ്സ് അസോസിയേഷനും ചേർന്ന് രാജ്യത്തെ മത്സരനിയമങ്ങൾക്ക് വിരുദ്ധമായി ഇടപെടുകയും ഇന്ത്യയിൽ ഉത്പ്പാദിപ്പിക്കുന്ന റബ്ബറിന്റെ വില ഉയരാതിരിക്കാനുള്ള നടപടികൾ

സംയുക്തമായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്ക് ഇതിനെക്കുറിച്ച് എന്ത് അഭിപ്രായമാണ് പറയാനുള്ളത്?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റബ്ബറിന്റെ വില വളരെയധികം കുറഞ്ഞിട്ടും ടയറിന്റെ വില കുത്തനെ ഉയർത്തി ഉപഭോക്താക്കളെക്കൂടി വഞ്ചിച്ച കമ്പനികൾക്ക് 1788 കോടി രൂപയുടെ പിഴയാണ് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ചുമത്തിയത്. കോമ്പറ്റീഷൻ കമ്മീഷന്റെ വിധിയെ നാഷണൽ കമ്പനി നിയമ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഇടപെടലിൽ അസ്ഥിരപ്പെടുത്താൻ ടയർ രംഗത്തെ കുത്തക കമ്പനികൾക്ക് കഴിഞ്ഞു. എന്നാൽ ഇതിനെതിരെ കോമ്പറ്റീഷൻ കമ്മീഷൻ തന്നെ ഇപ്പോൾ സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. ഒരു കാര്യം വളരെ പ്രസക്തമാണ്. ഡോ. മൻമോഹൻ സിംഗിന്റെ സമ്മാനമായ ആസിയാൻ കരാറിനെ ന്യായീകരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്ത ഐക്യജനാധിപത്യ മുന്നണിയിലെ പലരും ഇപ്പോൾ പശ്ചാത്തപിക്കുന്നുണ്ട്. ആസിയാൻ കരാറും കോൺഗ്രസ് സർക്കാർ അന്ന് നടപ്പിലാക്കിയ പല നയങ്ങളും തെറ്റായിപ്പോയെന്ന് സമ്മതിക്കാൻ കൂട്ടാക്കാത്ത ഒരുകൂട്ടർ നാട്ടിലുണ്ട്. യു.ഡി.എഫ്.-ലെ ചില ഘടകകക്ഷികളും ഇതിൽപ്പെടുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇക്കാര്യത്തിൽ യു.ഡി.എഫ്. കക്ഷികളുടെ

നിലപാട് വ്യക്തമാക്കേണ്ടതുണ്ട്. തെറ്റ് തിരുത്താൻ എന്തുചെയ്യും? ജനങ്ങളോട് എന്താണ് നിങ്ങൾ പറയുന്നത് അല്ലെങ്കിൽ അത് വ്യക്തമാക്കാൻ തയ്യാറാകണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. എം.ആർ.എഫ്. ആരുടെ കമ്പനിയാണ്? മലയാളമനോരമയെന്ന മാധ്യമ സാമ്രാജ്യത്തിന്റെ കമ്പനിയാണ് എം.ആർ.എഫ്.. അതായത് ഇന്നാട്ടിലെ  കർഷക ജനസാമാന്യത്തെ ചൂഷണം ചെയ്താണ് ഇന്നും മലയാള മനോരമയിൽനിന്നും പത്രമിറങ്ങുന്നത്. റബ്ബർ കർഷകരുടെ ജീവൻ ഊറ്റിക്കുടിച്ചാണ് മലയാളമനോരമ മുതലാളി തടിച്ചുകൊഴുക്കുന്നത്. അതിൽ അച്ചടിക്കുന്ന ഓരോ അക്ഷരത്തിലും പാവപ്പെട്ട റബ്ബർ കർഷകരുടെ കണ്ണീരിന്റെ അംശമുണ്ട്. റബ്ബർ മേഖലയുടെ തകർച്ചയ്ക്ക് കോൺഗ്രസ്സിനും ബി.ജെ.പി.ക്കുമൊപ്പം മലയാള മനോരമ കൂട്ടുപ്രതിയാണ്. അവരുടെ കോൺഗ്രസ്-ബി.ജെ.പി. പ്രേമത്തിന്റെ കാരണവും ഇതുതന്നെയാണ്. പത്രമുത്തശ്ശിയുടെ കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ കാരണം മറ്റൊന്നുമല്ല. കേരളത്തിലെ റബ്ബർ കൃഷിക്കാരെ വഞ്ചിച്ചുകൊണ്ട് കൊള്ളലാഭം കൊയ്യുന്ന ടയർ കമ്പനികളെക്കുറിച്ചും പകൽക്കൊള്ളയെക്കുറിച്ചും കോൺഗ്രസ് പാർട്ടിയുടെ

നിലപാടെന്താണെന്നറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. റബ്ബർ കൃഷിയെ പ്രതിസന്ധിയിലാക്കിയ നയങ്ങൾ നടപ്പാക്കിയ കോൺഗ്രസും ബി.ജെ.പി.-യ്ക്കൊപ്പം ഇക്കാര്യത്തിൽ മൗനംപാലിക്കുകയാണ്.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പ്രകാരം കേരളത്തിന് ആഭ്യന്തര വരുമാനത്തിന്റെ 3 ശതമാനം നിബന്ധനകളില്ലാതെയും 0.5 ശതമാനം വൈദ്യുത മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് വിധേയമായും വായ്പയെടുക്കാവുന്നതാണ്. എന്നാൽ സ്വതന്ത്ര സ്ഥാപനങ്ങളെടുക്കുന്ന വായ്പ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിലുൾപ്പെടുത്തി, കേരളത്തിന്റെ വായ്പാ പരിധി 2021-22 മുതൽ മുൻകാല പ്രാബല്യത്തോടെ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു. ഇതുമൂലം 2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിന് ആകെ വായ്പാ പരിധിയിൽ ആറായിരം കോടി രൂപയുടെ കുറവുണ്ടായി. ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിലും മാനദണ്ഡങ്ങളിലും കൈകടത്തി കേരളത്തിന് ലഭിക്കേണ്ട അർഹതപ്പെട്ട തുക നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാരിൽനിന്നുണ്ടായത്. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-ലെ സെൻസസ് നികുതി വിഭജനത്തിനുള്ള

മാനദണ്ഡമായി നിശ്ചയിച്ചു. ഇതിന് പതിനഞ്ച് ശതമാനം വെയിറ്റേജ് നൽകി. ജനസംഖ്യാ നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കിയ കേരളത്തിന് നികുതി വിഹിതം കുറയുന്നതിന് ഇത് കാരണമായി. 1971-ലെ സെൻസസ് അടിസ്ഥാനമാക്കി ജനസംഖ്യാപരമായ നേട്ടങ്ങൾക്കുള്ള വെയിറ്റേജ് മുപ്പത് ശതമാനമാക്കാൻ സംസ്ഥാനം ആവശ്യപ്പെട്ടതാണെങ്കിലും അത് നടന്നില്ല. കേരളത്തിനെതിരെ ഉപരോധ സമാനമായ സാമ്പത്തിക വിവേചനം, നിരന്തരം കുറയുന്ന നികുതി വിഹിതം, ഗ്രാന്റുകളിലെ വൻ കുറവ്, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുക, റവന്യൂ കമ്മി ഗ്രാന്റ് ഇല്ലാതാക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വിഹിതം തടയുക, ആരോഗ്യ ഗ്രാന്റും നെല്ല് സംഭരണ വിലയും പെൻഷൻ വിഹിതവും ഉച്ചഭക്ഷണ പദ്ധതി വിഹിതവുമടക്കം എല്ലാ കേന്ദ്ര വിഹിതങ്ങളും അകാരണമായി പിടിച്ചുവയ്ക്കുക, കടമെടുപ്പ് പരിധി നിയമ വിരുദ്ധമായി വെട്ടിക്കുറയ്ക്കുക തുടങ്ങിയ നടപടികളിലൂടെ കീശ കവരുന്ന കേന്ദ്രമാണ് നമ്മുടെ മുമ്പിലുള്ളത്. അധികാരങ്ങളുടെയും ചുമതലകളുടെയും വിഭജനത്തിൽ വലിയ അസന്തുലിതാവസ്ഥയാണ് നിലവിലുള്ളത്. കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിലെ അസന്തുലിതാവസ്ഥ പതിനഞ്ചാം ധനകാര്യ കമ്മീഷൻതന്നെ

പ്രത്യേകം പറഞ്ഞിട്ടുണ്ട്. ആകെ വരുമാനത്തിന്റെ 62.7 ശതമാനവും കേന്ദ്ര സർക്കാരിനാണ്. അതേസമയം ചെലവുകളിൽ 62.4 ശതമാനവും സംസ്ഥാനങ്ങളാണ് വഹിക്കുന്നത്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിലുള്ള ക്രമീകരണമാണ് ധനകാര്യ കമ്മീഷൻ. വിഭവ കൈമാറ്റം സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശമാണ്, ഔദാര്യമല്ല. എന്തുകൊണ്ടാണ് റവന്യൂ കമ്മിയുണ്ടാകുന്നത്? കേരളം ഉയർന്ന റവന്യൂ കമ്മിയുള്ള സംസ്ഥാനമാണെന്നാണല്ലോ സ്ഥിരം പഴി. ഈ റവന്യൂ കമ്മികളുടെ അടിസ്ഥാന കാരണം പി.ആർ.എസ്. ലെജിസ്ലേറ്റീവ് റിസർച്ചിന്റെ സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ് ഫിനാൻസ് റിപ്പോർട്ടിൽ പ്രത്യേകം പറയുന്നുണ്ട്. ചില സംസ്ഥാനങ്ങൾ സ്ഥിരമായി റവന്യൂ കമ്മിയിലാകുന്നത് തനത് വരുമാനം കുറഞ്ഞതുകൊണ്ടല്ല, ദേശീയ ശരാശരിയോളമോ ഉയർന്നതോ ആയ തനത് വിഭവ സമാഹരണം നടത്തുമ്പോഴും ഇവർ റവന്യൂ കമ്മിയിലാകുന്നതിന്റെ പ്രധാന കാരണം കുറഞ്ഞ കേന്ദ്ര വിഹിതമാണ്. ഇത്തരത്തിൽ വലിയ നഷ്ടം വരുന്ന സംസ്ഥാനമായി കേരളത്തെയും ഈ റിപ്പോർട്ട് പ്രത്യേകം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വളർച്ചയും ജനസംഖ്യാ നിയന്ത്രണവുമെല്ലാം നമുക്ക് മുന്നിൽ പുതിയ പല വെല്ലുവിളികളും

ഉയർത്തുകയാണ് ചെയ്യുന്നത്. ഇത് പരിഗണിക്കപ്പെടുന്നില്ല എന്നുമാത്രമല്ല, അതുമൂലം കേരളം ശിക്ഷിക്കപ്പെടുകയും ചെയ്യുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ദുരന്തം. മാറാത്ത മാനദണ്ഡങ്ങളും മാറുന്ന കേരളവുമാണ് നമ്മുടെ മുന്നിലുള്ളത്. നികുതി വിഹിതത്തിലെ ഈ നഷ്ടം പരിഹരിക്കുകയെന്നത് കേന്ദ്രത്തിന്റെ ധനസന്തുലനത്തിന് അതിപ്രധാനമാണ്. 1971-ൽ നമ്മുടെ ജനസംഖ്യ രാജ്യത്തെ ജനസംഖ്യയുടെ 3.9 ശതമാനമുണ്ടായിരുന്നു. ഇപ്പോഴത് 2.8 ശതമാനം മാത്രമാണുള്ളത്. പ്രത്യുല്പാദന നിരക്ക് ഗണ്യമായി കുറഞ്ഞതാണ് ഈ മാറ്റത്തിന് ആധാരം. അത് നമ്മുടെ നേട്ടമാണ്. എന്നാൽ വിഭവ വിന്യാസത്തിൽ അതിപ്പോൾ ദോഷമായി മാറുന്ന സ്ഥിതിയാണ്. പ്രത്യുല്പാദന നിരക്ക് മാത്രമല്ല, മരണ നിരക്കും കുറവായിരുന്നു. ഇതോടുകൂടി ജനസംഖ്യയുടെ പ്രായഘടനയിൽ വലിയ മാറ്റം വന്നു. ശരാശരി ആയുർദൈർഘ്യം എഴുപത്തിയഞ്ച് വയസായി. പ്രായമുള്ളവരുടെ എണ്ണം കൂടി, ചെറുപ്പക്കാരുടെ എണ്ണം കുറഞ്ഞു. രോഗങ്ങളുടെ സ്വഭാവം മാറി. നമ്മുടെ ആവശ്യങ്ങൾ മാറി. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുടെ വികസന ലക്ഷ്യങ്ങൾ അതേപോലെ കേരളത്തിന് സാധുവാകാത്ത സ്ഥിതി സംജാതമാകുകയാണുണ്ടായത്. ആരോഗ്യ, വിദ്യാഭ്യാസ

മേഖലകളിലായാലും ഈ വ്യത്യാസം ഒരു യാഥാർത്ഥ്യമാണ്. ഫെഡറലിസം, ഇന്ത്യ എന്ന ആശയം കെട്ടുറപ്പോടെ നിലനിൽക്കുന്നത് ബഹുസ്വരതയുടെ സർഗാത്മകതയിലും മതനിരപേക്ഷതയുടെ സാഹോദര്യത്തിലും ഭരണഘടന അനുശാസിക്കുന്ന നീതിയിലധിഷ്ഠിതമായ തുല്യതാ ബോധത്തിലുമാണ്. ഇന്ത്യൻ ഭരണഘടന പ്രകാരം ഓരോ വ്യക്തിയും സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ നീതിക്ക് അർഹനാണ്. ഇവയ്ക്കെല്ലാം അനിവാര്യമായ താങ്ങും തണലും പ്രദാനം ചെയ്യുന്നത് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്ന ഫെഡറൽ തത്വങ്ങളാണ്. അധികാര വിഭജനം അഥവാ ഫെഡറലിസത്തെ സംബന്ധിച്ചിടത്തോളം, ഇന്ത്യൻ ഭരണഘടന 1935-ലെ ഇന്ത്യാ ഗവൺമെന്റ് വ്യവസ്ഥകളെയാണ് അനുവർത്തിച്ചിട്ടുള്ളത്. ‘ Foedus’ എന്ന ലാറ്റിൻ പദത്തിൽനിന്നാണ് ‘ Federalism’ എന്ന വാക്ക് പിറവിയെടുത്തത്. ‘ Foedus’ എന്ന വാക്കിന് ‘ വളരെ സൗഹൃദപരമായ ഒരുടമ്പടി’ എന്നാണർത്ഥം. അതായത്, ഇന്ത്യയിൽ ഫെഡറലിസമെന്നത് രാജ്യത്തിന്റെ കെട്ടുറപ്പിനുവേണ്ടി ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിന് ദേശീയ, പ്രാദേശിക ഭരണകൂടങ്ങളും യൂണിയൻ സർക്കാരും പരസ്പരം എത്തിച്ചേരേണ്ടിവരുന്ന ഭരണഘടനാനുസൃതമായ

സൗഹൃദ ഉടമ്പടികളുടെ ആകെത്തുകയാണ്. ഇന്ത്യൻ ഫെഡറലിസത്തിന്റെ കാര്യത്തിൽ അധികാര വികേന്ദ്രീകരണ പ്രവണത കൂടുതലായി കാണുകയാണ്. 1935-ലെ ഇന്ത്യാ ഗവൺമെന്റ് വ്യവസ്ഥകളെത്തുടർന്ന് ബ്രിട്ടീഷ് ഇന്ത്യയിൽ പ്രവിശ്യകൾക്ക് കൂടുതൽ അധികാരം നൽകാനുള്ള വൈമനസ്യം അക്കാലത്തുണ്ടായിരുന്നു. ഫെഡറൽ ഘടനയുമായി ബന്ധപ്പെട്ട് സംസ്ഥാന ഭരണകൂടങ്ങളെ വെറും നോക്കുകുത്തികളാക്കി മാറ്റുന്ന രാഷ്ട്രീയ സാഹചര്യത്തിന് കോൺഗ്രസ് തുടക്കം കുറിക്കുകയും നരേന്ദ്ര മോദി സർക്കാർ അതിനെ ഏറ്റവും പാരമ്യത്തിൽ എത്തിക്കുന്ന സ്ഥിതിയുമാണുണ്ടായിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഒരുവശത്ത് സാമ്പത്തികമായി സംസ്ഥാനത്തെ ഞെരുക്കാനും മറുവശത്ത് നുണക്കഥകൾ മെനഞ്ഞ് എൽ.ഡി.എഫ്. സർക്കാരിനെതിരെ പ്രചരണം നടത്താനും ബി.ജെ.പി. നടത്തുന്ന നീക്കങ്ങൾ ചെറുക്കേണ്ടത് കേരളത്തിലെ ജനാധിപത്യ വിശ്വാസികളുടെ കടമയാണ്. കേരളം തകർന്നാലും തങ്ങൾക്ക് അധികാരം കിട്ടിയാൽ മതിയെന്ന ആർത്തിയിൽ കഴിയുന്ന കോൺഗ്രസിനെയും

പരാജയപ്പെടുത്തിക്കൊണ്ട് മാത്രമെ കേരള ജനതയുടെ താൽപ്പര്യം സംരക്ഷിക്കാൻ കഴിയുകയുള്ളൂ. വരാനിരിക്കുന്നത് ലോക്സഭാ തെരഞ്ഞെടുപ്പാണ്. യു.ഡി.എഫ്.-ന് ദയാവധത്തിന് രജിസ്റ്റർ ചെയ്യാവുന്ന സമയമാണ്. ആംസ്റ്റർഡാമിൽ വൃദ്ധ ദമ്പതികൾക്ക് ദയാവധത്തിന് രജിസ്റ്റർ ചെയ്യാവുന്ന ആറ് മാനദണ്ഡങ്ങളിലൊന്ന് മാറാരോഗംകൊണ്ട് വീർപ്പുമുട്ടുന്ന അവസ്ഥയാണ്. ഇവിടെ ഇടതു വിരോധമെന്ന മാറാരോഗമുള്ള യു.ഡി.എഫ്.-നും ഈ വരുന്ന തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ദയാവധത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ഈ ബജറ്റ് നിർദ്ദേശങ്ങളെ എതിർക്കുകയാണ്. ബജറ്റ് പ്രൊവിഷനെന്ന് പറയുന്നത് കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷനാണ്, ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റാണ്. അതിനൊരു പവിത്രതയുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ്സും പ്രതിപക്ഷ വിമർശനവും കുത്തിനിറച്ച് ആ പവിത്രത ഇല്ലാതാക്കി. ഇത് എവിടെയും കാണിക്കേണ്ട ഒരു ധനകാര്യ ഡോക്യുമെന്റാണ്. സംസ്ഥാനത്തിന്റെ അവസാന വർഷത്തെ പെർഫോമൻസും വരാൻ പോകുന്ന വർഷത്തെ എസ്റ്റിമേറ്റുമാണ് ഇതിലുള്ളത്.

ഈ ബജറ്റിന് ഒരു ക്രെഡിബിലിറ്റിയില്ല. അത് അങ്ങയുടെ കുഴപ്പമല്ല. കഴിഞ്ഞ ഏഴ് വർഷക്കാലത്തെ ഇടതുപക്ഷ സർക്കാരുകളുടെ ബജറ്റ് നിർദ്ദേശങ്ങളുടെ പെർഫോമൻസ് ഓഡിറ്റിംഗ് നടത്തി നിങ്ങൾ പ്രഖ്യാപിച്ചതെന്താണെന്നും നടപ്പാക്കിയതെന്താണെന്നും പരിശോധിച്ചാൽ നിങ്ങളുടെ ബജറ്റിന് വിശ്വാസ്യതയില്ല എന്ന് വ്യക്തമാകും. കേരളം ഒരു വലിയ മുന്നേറ്റത്തിന് തുടക്കം കുറിക്കുകയാണെന്നാണ് ആദ്യ ഭാഗങ്ങളിൽ അവകാശപ്പെടുന്നത്. വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ചാണ് അതിൽ പരാമർശിച്ച ഒരു ഭാഗം. വിഴിഞ്ഞം പദ്ധതി ഉമ്മൻ ചാണ്ടി സർക്കാർ കൊണ്ടുവന്നപ്പോൾ അന്ന് പാർട്ടി സെക്രട്ടറിയായിരുന്ന, ഇന്നത്തെ മുഖ്യമന്ത്രി പറഞ്ഞത്, ആറായിരം കോടി രൂപയുടെ റിയൽ എസ്റ്റേറ്റ് കച്ചവടമാണെന്നാണ്. ധനകാര്യ വകുപ്പുമന്ത്രിയോട് നന്ദിയുണ്ട്. ലോകത്തിലേയ്ക്കുള്ള കേരളത്തിന്റെ വികസനത്തിന്റെ കവാടമാണ് വിഴിഞ്ഞമെന്ന് അദ്ദേഹം തിരുത്തി പറഞ്ഞിരിക്കുന്നു. പഴയ പാർട്ടി സെക്രട്ടറിയെ അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുമ്പോൾത്തന്നെ ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി തിരുത്തി പറഞ്ഞിരിക്കുകയാണ്. എന്തെല്ലാം ത്യാഗങ്ങൾ സഹിച്ചാണ് യു.ഡി.എഫ്. വിഴിഞ്ഞം പദ്ധതി കേരളത്തിൽ

കൊണ്ടുവന്നത്. കൊച്ചി മെട്രോയെക്കുറിച്ചും വാട്ടർ മെട്രോയെക്കുറിച്ചും അങ്ങ് വാതോരാതെ ഈ ബജറ്റിൽ സംസാരിക്കുകയുണ്ടായി. ആരാണ് കൊച്ചി മെട്രോ കൊണ്ടുവന്നത്; വാട്ടർ മെട്രോയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കിയത് ആരാണ്? നിങ്ങളത് ഉദ്ഘാടനം ചെയ്തു, അക്കാര്യത്തിൽ സന്തോഷമുണ്ട്. അതെല്ലാം നിങ്ങൾ ക്ലെയിം ചെയ്യുകയാണ്. ഗെയിൽ പൈപ്പ്ലൈനിനായി ഗവൺമെന്റ് നല്ല ഇനിഷ്യേറ്റീവെടുത്തു. അക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ ഞങ്ങൾ ഭരിക്കുമ്പോൾ, ഗെയിൽ പൈപ്പ്ലൈനിന് എതിരായി സമരം ചെയ്യുകയും ഇത് ഭൂമിക്കടിയിൽ കുഴിച്ചിട്ട ബോംബാണെന്ന് പറയുകയും ചെയ്തവർ ഇപ്പോൾ ഭരണപക്ഷത്ത് മന്ത്രിമാരായി ഇരിക്കുകയാണ്. അന്ന് അക്കാര്യത്തിൽ വികസന വിരുദ്ധ നിലപാട് കൈക്കൊണ്ടവരാണ് ഇന്ന് അതെല്ലാം സ്വീകരിക്കുന്നത്. നാഷണൽ ഹൈവേയുടെ വികസനത്തിലുള്ള ഏറ്റവും വലിയ തടസ്സമെന്തായിരുന്നു? നിങ്ങൾ അത്തരത്തിലുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ അങ്ങനെ ചെയ്തിട്ടില്ല എന്നൊന്നും ഞാൻ പറയില്ല. ഉള്ള കാര്യങ്ങൾ ഞാൻ ഇല്ല എന്നുപറഞ്ഞാൽ അവ ഇല്ലാതാകുമോ? അക്വിസിഷനായിരുന്നു നാഷണൽ ഹൈവേയുടെ കാര്യത്തിലുണ്ടായിരുന്ന

ഏറ്റവും വലിയ തടസം. കാരണം, പത്തോ ഇരുപത്തിയഞ്ചോ വർഷം മുമ്പുള്ള വിലയാണ് ഭൂമിക്ക് നിശ്ചയിച്ചിരുന്നത്. 2006-ൽ ഭൂമി അക്വയർ ചെയ്ത സമയത്ത് എന്റെ നിയോജകമണ്ഡലത്തിൽ ഒരു സെന്റ് ഭൂമിക്ക് കിട്ടിയത് 21,000/- രൂപയാണ്. പത്ത് സെന്റ് ഭൂമി ഏറ്റെടുക്കുമ്പോൾ ലഭിച്ചത് രണ്ട് ലക്ഷത്തി ചില്വാനം രൂപയാണ്. പത്ത് സെന്റിന്റെ തുക കൊണ്ട് ഒരു സെന്റ് ഭൂമിപോലും വാങ്ങാൻ കഴിയില്ല. രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act അനുസരിച്ചുള്ള പാക്കേജാണ് കൊണ്ടുവന്നത്. പ്രസ്തുത ആക്ടിന്റെ റൂൾസ് വന്നതിനുശേഷമാണ് ഈ അക്വിസിഷൻ പ്രോസസ്സ് നടക്കുന്നത്. സ്ഥലം നഷ്ടപ്പെടാത്തവർക്ക് തങ്ങളുടെ സ്ഥലം പോയില്ലല്ലോ എന്നോർത്ത് ഇപ്പോൾ സങ്കടമാണ്. കാരണം അത്രയും നല്ല പാക്കേജാണത്. റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആക്ട് കൊണ്ടുവന്നപ്പോൾ, അങ്ങനെ ഇത് കൊണ്ടുവരാൻ പാടില്ലെന്ന് പറഞ്ഞ് കോർപ്പറേറ്റ് മേഖലകളിൽനിന്ന് ഒരുപാട് എതിർപ്പുകളുണ്ടായിരുന്നെങ്കിലും ഞങ്ങളത് കൊണ്ടുവന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ആ

ബില്ലുമായി ബന്ധപ്പെട്ട കമ്മിറ്റിയിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചയാളെന്ന നിലയിൽ ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. ആ ബില്ലിന്റെ ഷെഡ്യൂളിൽ എക്സംപ്റ്റഡ് ലോസുണ്ടായിരുന്നു. ആദ്യം നിങ്ങൾ കൊണ്ടുവന്ന ബില്ലിൽ NHAI (National Highways Authority of India) എക്സംപ്റ്റഡ് ആയിരുന്നു. ദേശീയ പാതയ്ക്കുവേണ്ടി ഭൂമിയേറ്റെടുക്കൽ എൽ.എ.ആർ.ആർ. (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013) ആക്ടിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ടാണ് ആ സർക്കാർ ബിൽ കൊണ്ടുവന്നത്. സ്റ്റാൻഡിംഗ് കമ്മിറ്റി റിപ്പോർട്ട് നോക്കിയാൽ അതുസംബന്ധിച്ച് അറിയാൻ കഴിയും. കൃത്യമായി ഡിസെന്റ് രേഖപ്പെടുത്തിയ ഭാഗംകൂടിയാണിത്. അത് തെറ്റായ ഒരു പ്രസ്താവനയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അത് പിന്നീട് ചേർത്തു. ഇപ്പോൾ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act എന്നൊരു സംവിധാനം ഉള്ളതുകൊണ്ടാണ് നാഷണൽ ഹൈവേയുടെ അക്വിസിഷനും കൂടിചേർത്ത്

ആ പാക്കേജ് അനുസരിച്ച് പേയ്മെന്റ് കൊടുക്കേണ്ട സ്ഥിതിവന്നത്.

കേരളത്തിന്റെ സമ്പദ്ഘടന 'Sun rise' എന്നാണ് ഇവിടെ വാദിക്കുന്നത്. യഥാർത്ഥ ചിത്രം എന്താണ്; Budget at a glance-ലെ Fiscal indicators എന്താണ് പറയുന്നത്? 2022-23-ലെ റവന്യൂ കമ്മി GSDP (Gross State Domestic Product)-യുടെ 0.88%, അത് ഒരു ശതമാനത്തിൽ താഴെയായിരുന്നു. 2023-24-ലെ റിയൽ എസ്റ്റിമേറ്റിൽ റവന്യൂ കമ്മി GSDP അനുപാതം 2.09 ശതമാനമായി ഉയർന്നു. റവന്യൂ കമ്മി ഈ കാലയളവിൽ 9,226 കോടി രൂപയിൽനിന്നും 24,585 കോടി രൂപയായി ഇരട്ടിയിലും കൂടുതലായി ഉയർന്നു. 2022-23-ൽ ധനകമ്മിയും GSDP-യും തമ്മിലുള്ള ratio 2.44 ശതമാനമായിരുന്നത്, 2023-24-ൽ 3.45 ശതമാനമായി ഉയർന്നു. അതായത് ധനകമ്മി ഈ കാലയളവിൽ 25,554 കോടി രൂപയിൽനിന്നും 40,461 കോടി രൂപയായി ഉയർന്നു. ഇതാണ് സൂര്യോദയ സമ്പദ്ഘടന. ഇനി ജി.എസ്.ടി. വരുമാനത്തിലുണ്ടായ വർദ്ധനവ് പരിശോധിച്ചാൽ അതിൽ സർക്കാരിന്റെ കെടുകാര്യസ്ഥത വളരെ വ്യക്തമാണ്. 2022-23-ൽ 29,513 കോടി രൂപയായിരുന്ന ജി.എസ്.ടി. വരുമാനം. 2023-24-ൽ അത് 32,596 കോടി രൂപയായി വർദ്ധിച്ചു. അപ്പോൾ എത്രയാണ് ജി.എസ്.ടി.

വർദ്ധന? 10 ശതമാനം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് തന്ന കത്തിലും ധനകാര്യവകുപ്പുമന്ത്രി ഇവിടെ സംസാരിച്ചപ്പോഴും പറഞ്ഞത് 20 ശതമാനം ടാക്സ് വർദ്ധനവുണ്ടെന്നാണ്. Budget at a glance വന്നപ്പോൾ അതിൽ കേവലം 10 ശതമാനമാണ് ജി.എസ്.ടി. വർദ്ധന. റവന്യൂ ന്യൂട്രൽ റേറ്റ് എന്നുപറയുന്നത് 14 ശതമാനമാണ്. ആ പതിനാല് ശതമാനത്തിലും താഴെയാണ് ജി.എസ്.ടി. ഗ്രോത്ത്. ഇന്ത്യയിൽ ഏറ്റവും കുറവ് ജി.എസ്.ടി. ഗ്രോത്തുള്ള സംസ്ഥാനങ്ങളുടെ മുൻനിരയിലേയ്ക്കാണ് കേരളം പോയത്. അപ്പോൾ ഞങ്ങൾ പറഞ്ഞതെല്ലാം ശരിയായില്ലേ. നികുതി വരുമാനം വർദ്ധിക്കുന്നില്ല, നികുതി പിരിക്കുന്നില്ല, ജി.എസ്.ടി. ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം പരാജയമാണ്, തകരുകയാണ്; ടാക്സ് വെട്ടിപ്പുകാരുടെ പറുദീസയായി കേരളം മാറിയിരിക്കുന്നു. സംസ്ഥാനത്ത് ഭീകരമായ തോതിൽ നികുതി വെട്ടിപ്പ് നടക്കുകയാണ്. മറിച്ചായിരുന്നെങ്കിൽ വലിയ ഗ്രോത്താണ് ഉണ്ടാകേണ്ടിയിരുന്നത്. ജി.എസ്.ടി. ഗ്രോത്ത് 30 ശതമാനത്തിനപ്പുറത്തേയ്ക്ക് പോയിരുന്നെങ്കിൽ എത്ര കോടി രൂപയുടെ വരുമാനം സംസ്ഥാനത്തിനുണ്ടാകുമായിരുന്നു. ആയിരം പേർ ജി.എസ്.ടി. വകുപ്പിൽ വെറുതെയിരിക്കുകയാണ്. ജി.എസ്.ടി. ടാക്സ് അഡ്മിനിസ്ട്രേഷൻ restructure

ചെയ്തത് failure ആണെന്ന് എത്രപ്രാവശ്യമാണ് ഞങ്ങൾ ആവർത്തിച്ചുപറഞ്ഞത്. അതാണ് ഈ തകരാറിന്റെ മുഴുവൻ കാരണം. ഞാൻ വീണ്ടും ആവർത്തിക്കുന്നു; There is no check posts, no camera, no surveillance, no intelligence. ഒന്നും വർക്ക് ചെയ്യുന്നില്ല. ആർക്കും എന്ത് സാധനവും കൊണ്ടുവന്ന് വിൽക്കാൻ പറ്റുന്ന സ്ഥലമാക്കി കേരളത്തെ മാറ്റി. ഇവിടെ 2023-24 ബജറ്റ് എസ്റ്റിമേറ്റിൽ വച്ചിരിക്കുന്ന ജി.എസ്.ടി. വരുമാനം 35,982 കോടി രൂപയാണ്. 2024-2025-ലേയ്ക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് അതിനേക്കാൾ കുറവാണ്; 35,874 കോടി രൂപ. ഞാൻ അത്ഭുതപ്പെടുകയാണ്; ഓരോ വർഷം കഴിഞ്ഞ് അടുത്ത വർഷത്തേയ്ക്ക് പോകുമ്പോൾ കഴിഞ്ഞ വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ കൂടണ്ടേതല്ലേ അടുത്ത വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്? ജി.എസ്.ടി. ഗ്രോത്ത് ഇല്ലേ? അപ്പോൾ അടുത്ത വർഷവും ഉണ്ടാകില്ലേ? ഇതാണോ സൂര്യോദയ സമ്പദ്ഘടന? അടുത്ത വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് കഴിഞ്ഞ വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ കുറയുമോ? അപ്പോൾ സർക്കാർ ജി.എസ്.ടി.യിൽനിന്ന് കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നില്ലേ? എന്ത് കണക്കാണിത്? ഏത് തലത്തിലേയ്ക്കാണ് സർക്കാർ പോകുന്നത്.

ഇവിടെ കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ വളർച്ചയുണ്ടായിരിക്കുന്നത് Tax and duties on electricity ആണ്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. 2022-23-ൽ 72 കോടി രൂപയിൽനിന്നും 2023-24 ആയപ്പോൾ 373 കോടി രൂപയായി ഉയർന്നു. സാധാരണക്കാരെ പിഴിയുകയാണ്. Kerala Electricity Supply Code പരിഷ്കരിക്കുന്നതോടെ വൈദ്യുതി കണക്ഷൻ നൽകുന്നതിലെ നിരക്കുകളിൽ വീണ്ടും വലിയ വർദ്ധനവുണ്ടാകും. വിവിധ സേവനങ്ങളുടെ നിരക്ക് 85% വർദ്ധിപ്പിച്ചു. ആ തരത്തിലെല്ലാമാണ് സർക്കാർ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത് എന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. എത്ര വലിയ കുടിശ്ശികയാണുള്ളത്. സപ്ലൈകോയ്ക്ക് 3,000 കോടി രൂപ, സാമൂഹ്യസുരക്ഷാ പെൻഷൻ 5,400 കോടി രൂപ, കാരുണ്യ ഇൻഷ്വറൻസ് പദ്ധതി 1,128 കോടി രൂപ, കാരുണ്യ ബെനവലന്റ് ഫണ്ട് 198 കോടി രൂപ, സർക്കാർ ഡി.എ., ഡി.ആർ., പേ റിവിഷൻ അരിയർ, പെൻഷൻ റിവിഷൻ അരിയർ, ലീവ് സറണ്ടർ എല്ലാം കൂടി 40,000 കോടി രൂപ, കരാറുകാർക്ക് 16,000 കോടി രൂപ ഉൾപ്പെടെ ഒരുപാട് കാര്യങ്ങൾ കുടിശ്ശികയാണ്. ക്ഷേമനിധികളെല്ലാം പോയി; അക്കാര്യം ഞാൻ ഇന്നലെ പറഞ്ഞിരുന്നു.

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇപ്പോഴില്ല, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, അംഗൻവാടി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിൽനിന്നൊന്നും ആനുകൂല്യങ്ങൾ കിട്ടുന്നില്ല. അപ്പോൾ എവിടെപ്പോയി സൂര്യോദയ സമ്പദ്ഘടനയിലെ സോഷ്യൽ വെൽഫെയർ സ്കീമുകൾ? ഇതെല്ലാം കാലാകാലങ്ങളിൽ മാറിമാറിവന്ന സർക്കാരുകൾ സാധാരണക്കാരെ സഹായിക്കാനും പാവപ്പെട്ടവരെ ചേർത്തുനിർത്താനും കൊണ്ടുവന്ന സാമൂഹ്യക്ഷേമ നിയമങ്ങളാണ്. അവയെല്ലാം തകരാറിലായി. ഇതാണോ കേരളത്തിന് ഒരു കുഴപ്പവുമില്ല എന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയുന്നത്? ഞാൻ budget at a glance-ലെ fiscal indicators-നെ മാത്രം അടിസ്ഥാനമാക്കിയാണ് സംസാരിക്കുന്നത്. സത്യം പറഞ്ഞാൽ ഞാനിത് വായിച്ചപ്പോൾ ഞെട്ടിപ്പോയി. കഴിഞ്ഞ നാലഞ്ച് വർഷങ്ങളിലെ കണക്കുകളുമായി താരതമ്യപ്പെടുത്തിയപ്പോൾ അപകടകരമായ നിലയിലേയ്ക്കാണ് കേരളം പോകുന്നതെന്ന് ബോധ്യമായി. ഇവിടെ പല ചർച്ചകളിലും പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല.

എനിക്ക് വളരെ രസകരമായ ഒരു കാര്യം പറയാനുള്ളത്, സർക്കാർ

പ്ലാനിംഗിൽ വിശ്വസിക്കുന്നില്ലേ, അതോ മോദി സർക്കാരിനെപ്പോലെ പ്ലാൻ വഴിയിൽ ഉപേക്ഷിച്ച് right extreme step ആയ പ്രോജക്ടിന്റെ പുറകെ പോകുകയാണോ എന്നാണ് എന്റെ ചോദ്യം. പ്ലാനിന്റെ ഗുണം എന്താണ്? പ്ലാനിന് ഒരു മുൻഗണനയുണ്ട്, അതിനൊരു റീജിയണൽ ബാലൻസുണ്ട്. പിന്നാക്കം നിൽക്കുന്ന പ്രദേശത്തിന് മുൻഗണന കൊടുക്കാൻ പറ്റുന്ന ഒരു ബാലൻസുണ്ട്. പട്ടികജാതി പട്ടികവർഗ്ഗം ഉൾപ്പെടെ പിന്നാക്കം നിൽക്കുന്ന സമൂഹങ്ങൾക്കെല്ലാം പ്ലാനിൽ പ്രത്യേകമായ പ്രൊവിഷൻസുണ്ടാകും. രാജ്യത്തിന്റെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ എല്ലാ പ്രത്യേകതകളെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് പണ്ട് ജവഹർലാൽ നെഹ്റു ഇന്ത്യയിലേയ്ക്ക് പ്ലാനിംഗ് കൊണ്ടുവന്നത്. ഇപ്പോൾ നരേന്ദ്ര മോദി ഗവൺമെന്റ് പ്ലാനിംഗ് കമ്മീഷൻ നിർത്തലാക്കി നേരെ പ്രോജക്ടിന്റെ പുറകെ പോകുകയാണ്. പ്രോജക്ടിന് kick back കിട്ടും; അത്രയേയുള്ളൂ. അല്ലാതെ എന്ത് പ്രയോരിറ്റിയാണ് പ്രോജക്ടുകൾക്കുള്ളത്? പല പ്രോജക്ടുകൾക്കും ഒരു പ്രയോരിറ്റിയുമില്ല, ഒരു റീജിയണൽ ബാലൻസുമില്ല. പലപ്പോഴും റീജിയണൽ ഇംബാലൻസാണ്. എസ്.സി./എസ്.ടി. പ്രോഗ്രാം എവിടെയാണ്? സർക്കാർ ഇവിടെ പ്രധാനപ്പെട്ട പ്രോജക്ടുകളെല്ലാം

കിഫ്ബിയിലാണ് ചെയ്യുന്നതെന്നാണ് പറയുന്നത്. കിഫ്ബിയിൽ എസ്.സി./എസ്.ടി.ക്കുള്ള പ്രൊവിഷൻസുണ്ടോ? കേരളത്തിൽ പത്ത് ശതമാനം SCP (Special Component Plan)-ഉം രണ്ട് ശതമാനം TSP (Tribal Sub-Plan) ആണുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ളതാണത്. അവർക്കൊക്കെ കിട്ടേണ്ട പണം മുഴുവൻ നഷ്ടമാകുകയാണ്. നമ്മളെ അത്ഭുതപ്പെടുത്തുന്ന കാര്യമെന്നുപറയുന്നത് 2021-22-ൽ plan expenditure 34,450 കോടി രൂപയാണെങ്കിൽ 2023-24 ആയപ്പോൾ 29,329 കോടി രൂപയാണ്. അയ്യായിരം കോടി രൂപ plan expenditure 2021-22-ൽ നിന്ന് 2023-24 ആയപ്പോൾ കുറഞ്ഞു. ഇനി ബജറ്റിലെ എസ്റ്റിമേറ്റ് എത്രയാണെന്നറിയാമോ? plan expenditure 29,000 കോടി രൂപയാണ്. അപ്പോൾ 2021-22-ൽ ഉണ്ടായ plan expenditure പോലും അടുത്ത കൊല്ലം ഉണ്ടാവില്ല എന്നുപറഞ്ഞാൽ എങ്ങനെ വിസ്മയിക്കാതിരിക്കും. സമ്പദ്ഘടന വലുതാവുകയല്ലേ, അതിനനുസരിച്ച് ആനുപാതികമായി പ്ലാൻ സൈസ് വർദ്ധിക്കില്ലേ? ഇവിടെ പ്ലാൻ സൈസ് കീഴ്പോട്ടാണ് പോകുന്നത്. അപ്പോൾ തീവ്ര വലതുപക്ഷ വ്യതിയാനമാണിത്. പ്ലാനിൽനിന്നും നേരെ താഴേയ്ക്ക് പോകുകയാണ്.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ഡേറ്റ ഞാൻ നോക്കി. എല്ലാ വർഷവും പത്ത് ശതമാനം plan expenditure കൂടിക്കൊണ്ടിരിക്കുകയാണ്. അതിന് മുൻപുള്ള എൽ.ഡി.എഫ്. സർക്കാരും അങ്ങനെതന്നെയാണ് ചെയ്തുകൊണ്ടിരുന്നത്. 2021-22-ൽനിന്ന് ഇങ്ങോട്ട് വരുമ്പോൾ എസ്റ്റിമേറ്റ് പോലും 29000 കോടി രൂപയിൽ നിന്നു. Plan expenditure total വച്ചിട്ടും കാര്യമില്ല. 55-60% ഒക്കെയാണ് expenditure വരുന്നത്. Capital expenditure ഭയങ്കരമായി കൂടിയെന്ന് സർക്കാർ പറയുന്നുണ്ട്. 2021-22-ൽ capital expenditure എന്നുപറഞ്ഞാൽ ഒരു ക്വാളിറ്റി expenditure ആണ്. അതായത് പണം ചെലവാക്കുന്നതിനെ സ്വാഗതം ചെയ്യുകയാണ്. അതിന് return ഉണ്ടാകും, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആകും, ഇൻവെസ്റ്റ്മെന്റായിരിക്കും. എപ്പോഴും ഒരു എക്കോണമിയുടെ ഏറ്റവും വലിയ ക്വാളിറ്റി ഫേസ് എന്നുപറയുന്നത് capital expenditure ആണ്. ഇവിടെ 2021-22-ൽ 17,000-ൽ ചില്ലാനം കോടി രൂപ ചെലവാക്കി. 2023-24-ൽ 16,984 കോടി രൂപയിൽ താഴേയ്ക്ക് പോയി. അടുത്ത വർഷത്തേയ്ക്കുള്ള expenditure 2021-22-ൽ ചെലവാക്കിയതുപോലെതന്നെ 17,000 കോടി രൂപ മാത്രമേയുള്ളൂ. അപ്പോൾ അടിസ്ഥാന സൗകര്യ

വികസനമൊക്കെ സർക്കാർ ഇത്രയും വലുതായി കൊട്ടിഘോഷിച്ചിട്ടും മൂലധന ചെലവ് താഴോട്ടുപോകുകയാണ്. അപ്പോൾ ശരിക്കുമിത് sun rise economy ആണോ sunset economy ആണോ? ഞാൻ ഇതിന്റെ സൂചകങ്ങൾ ഉപയോഗിച്ചാണ് പറയുന്നത്. എല്ലാം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അത്ഭുതപ്പെടുത്തുന്ന കാര്യങ്ങളാണ് ഇക്കാര്യത്തിൽ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.

തുല്യതയുടെയും സുതാര്യതയുടെയും തത്വങ്ങൾ അടിത്തറയാക്കിക്കൊണ്ട് പുതിയ യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കേരളത്തിൽ വിദേശ സർവ്വകലാശാല ക്യാമ്പസ്സുകൾ സ്ഥാപിക്കുന്നതിനുള്ള അവസരങ്ങൾ പരിശോധിക്കും. ഇത് യു.ജി.സി നിർദ്ദേശമാണ്; ശരിയാണ്. യു.ജി.സി. നിർദ്ദേശം വന്നപ്പോൾ നിങ്ങളുടെ പോളിറ്റ് ബ്യൂറോയുടെ ഒരു സ്റ്റേറ്റ്മെന്റ് വന്നു: "The Polit Bureau of the CPI(M) strongly opposes the move of the UGC to facilitate foreign universities and educational institutions to set up campuses in India allowing them autonomy in determining fees and recruitment of teachers after a 90-day approval process. This will lead to creating

enclaves of high fees, elitist institutions which will further distort the structure of higher education in the country." അങ്ങുകൂടി അംഗമായ പോളിറ്റ് ബ്യൂറോയുടെ സ്റ്റേറ്റ്മെന്റാണിത്. അതിൽ അംഗമായ അങ്ങ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ പോളിറ്റ് ബ്യൂറോ നിഷേധിച്ച, വിമർശിച്ച അതേ യു.ജി.സി. ഗൈഡ്ലൈൻ യു.ജി.സി.-യുടെ പ്രൊപ്പോസൽ കേരളത്തിൽ നടപ്പാക്കും. പിന്നെ വീണ്ടും ഒരു വാചകം കൂടെ പറയുന്നുണ്ട്. നിങ്ങൾ ഏത് പാർട്ടിയാണെന്ന് പരിശോധിക്കൂ എന്ന്. നിങ്ങളുടെ പാർട്ടി സിസ്റ്റത്തോട് ഞങ്ങൾക്ക് ചെറിയ ബഹുമാനമുണ്ടായിരുന്നു. സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നിനുള്ള നടപടികളും സ്വീകരിക്കും. അങ്ങ് പാർട്ടി സെക്രട്ടറിയായിരിക്കുമ്പോഴാണ് വിദേശ സർവ്വകലാശാലകളെയും സ്വകാര്യ സർവ്വകലാശാലയെയുംകുറിച്ച് പഠനം നടത്താൻ ഉമ്മൻ ചാണ്ടി സർക്കാർ തീരുമാനിച്ചത്. അന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാനായിരുന്ന, അമേരിക്കൻ അംബാസിഡറായിരുന്ന ശ്രീ. ടി. പി. ശ്രീനിവാസനെ അദ്ദേഹത്തിന്റെ കൊച്ചുമകനാകാൻ പ്രായമുള്ള ഒരു എസ്.എഫ്.ഐ.-കാരനെ പറഞ്ഞുവിട്ട് കരണത്തടിച്ചു. അവന്റെ മുത്തച്ഛനാകാൻ പ്രായമുള്ള ആളാണ്. എന്തിനാണ്? ചർച്ച നടത്താൻ

പോയതിന്. അതുകൊണ്ട് നിങ്ങൾ വിദേശ സർവ്വകലാശാലകളും സ്വകാര്യ സർവ്വകലാശാലയും ആരംഭിക്കുന്നതിന് മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ടി. പി. ശ്രീനിവാസനോട് ക്ഷമചോദിക്കണം; അതിൽ തെറ്റൊന്നുമില്ല. ശ്രീ. ടി. പി. ശ്രീനിവാസൻ വെറുമൊരു വ്യക്തിയല്ലല്ലോ. ഒരു ചർച്ച നടത്താൻ പോയതിന്റെ പേരിൽ ആ പ്രായത്തിലുള്ള ഒരാളെ മുഖത്തടിക്കുകയും ആൾക്കൂട്ടത്തിനിടയിൽ അദ്ദേഹം വീഴുകയും ചെയ്തു. ഒന്ന് ആലോചിച്ചുനോക്കൂ; നമ്മുടെ പിതാവാകാൻ പ്രായമുള്ള ആളാണ്. സത്യം പറഞ്ഞാൽ അദ്ദേഹത്തെ കാണുമ്പോൾ സങ്കടമാണ്. നിങ്ങൾ ഇതൊക്കെ ന്യായീകരിച്ചോളൂ.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പ്രധാനമന്ത്രി വിളിച്ച വിരുന്നിനുപോയി സംസാരിച്ചു; അതോടുകൂടി യു.ഡി.എഫ്.-ഉം സംഘപരിവാറുമായി ഭയങ്കര ലിങ്കായി പ്രധാനമന്ത്രിയുമായി ഭയങ്കര അടുപ്പമായി എന്നൊക്കെ ഇവിടെ കുറേപേർ പറഞ്ഞു. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്നും അദ്ദേഹത്തെ വിളിച്ചാൽ പോകണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും എന്നെ വിളിക്കുമ്പോൾ ഞാൻ പോകുമല്ലോ. നമുക്ക് ഈ ക്യാന്റീനിൽ കയറി കാപ്പി കുടിക്കാമെന്ന് മുഖ്യമന്ത്രി പറയുകയാണ്....

പക്ഷെ മുഖ്യമന്ത്രി ഇതുവരെയും അത് പറഞ്ഞിട്ടില്ല. ഇന്ന് ഞാൻ 2 മണിക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ റൂമിൽ മീറ്റിംഗിനുപോയി. അവിടെ അദ്ദേഹം ആഹാരം കഴിച്ചുകഴിഞ്ഞിരുന്നു. എന്നെ കണ്ടപ്പോൾതന്നെ ഭക്ഷണം കഴിച്ചോയെന്ന് ചോദിച്ചു. ഞാൻ കഴിച്ചില്ലെന്ന് പറഞ്ഞപ്പോൾ ഇവിടെ വിളിച്ചുപറഞ്ഞ് റെഡിയാക്കാമെന്ന് മീറ്റിംഗ് കഴിഞ്ഞിറങ്ങുന്ന സമയത്ത് അദ്ദേഹം പറഞ്ഞു. എന്റെ റൂമിൽ ഭക്ഷണം വച്ചിട്ടുണ്ട് അതുകൊണ്ട് വരുന്നില്ലെന്ന് ഞാൻ പറഞ്ഞു. ഇതൊക്കെ സാധാരണയായി നടക്കുന്ന കാര്യമല്ലേ. പ്രധാനമന്ത്രിയുടെ വീട്ടിലേയ്ക്കൊന്നുമല്ലല്ലോ പോയത്. അവിടെ പോയി കണ്ടുകഴിഞ്ഞപ്പോൾ അപ്പുറത്തിരിക്കാമെന്ന് പറഞ്ഞു. (...ബഹളം....) നിങ്ങൾക്ക് എന്നിട്ടും തൃപ്തിയായില്ലെങ്കിൽ ഞാൻ ഒരു കാര്യംകൂടി പറഞ്ഞുതരാം. 2019 ജൂൺ 11-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വസതിയിൽ ഒരു അതിഥിയുണ്ടായിരുന്നു. അവിടെ ഒരാൾ കുടുംബവുമായുണ്ടായിരുന്നു. ആരാണെന്ന് അറിയാമോ? മുഖ്യമന്ത്രി ഭക്ഷണം കഴിക്കാൻ ക്ഷണിച്ചതുകൊണ്ട് വന്നതാണ്; ആരാണ്? ബി.ജെ.പി.-യുടെ മുൻപ്രസിഡന്റ്, കേന്ദ്രമന്ത്രി, നാഗ്പൂരിൽനിന്നുള്ള എം.പി., നാഗ്പൂർ ആർ.എസ്.എസ്. ആസ്ഥാനത്തെ ശ്രീ. മോഹൻ ഭാഗവതിന്റെ മാനസപുത്രൻ

ശ്രീ. നിതിൻ ഗഡ്കരിയും കുടുംബവും ഭക്ഷണം കഴിക്കാൻ അവിടെ പോയി. ഞങ്ങൾ വിമർശിച്ചോ? അങ്ങനെ വിളിക്കണമെന്നുതന്നെയാണ് ഞാൻ പറയുന്നത്. ഞങ്ങൾ നിങ്ങളെപ്പോലെയല്ല; അതുകൊണ്ട് ഞങ്ങൾ വിമർശിച്ചില്ല. ഞാൻ ഇപ്പോഴും വിമർശിക്കുന്നില്ല. ഒരു കേന്ദ്രമന്ത്രി കുടുംബവുമായി തിരുവനന്തപുരത്ത് ടൂർ വന്നതാണ്; ഒഫീഷ്യലായിട്ടല്ല. പരിചയവും ബന്ധവുമുള്ളതുകൊണ്ട് ഉച്ചഭക്ഷണത്തിന് ക്ഷണിച്ചതിൽ എന്താണ് തെറ്റ്; ആർ.എസ്.എസ്. ആസ്ഥാനത്തെ ശ്രീ. മോഹൻ ഭാഗവതിന്റെ സ്വന്തം ആളിന് മുഖ്യമന്ത്രി ഉച്ചഭക്ഷണം കൊടുത്തുവെന്ന് പറഞ്ഞ് ഞങ്ങൾ പിറ്റേ ദിവസം ബഹളമുണ്ടാക്കിയോ? ഞങ്ങൾ ബഹളമുണ്ടാക്കിയില്ല. അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. ഇനി ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ നേർക്ക് ഒരു വിരൽ ചൂണ്ടുമ്പോൾ നാല് വിരൽ സ്വന്തം നെഞ്ചത്തോട്ടാണെന്ന് വിചാരിച്ച് ചൂണ്ടിയാൽ മതി. (...ബഹളം...) ശ്രീ. നിതിൻ ഗഡ്കരിയെ വിളിച്ചതിൽ എനിക്ക് വിരോധമില്ലെന്ന് പറഞ്ഞു. പക്ഷെ മറ്റൊരു കാര്യത്തിൽ എനിക്ക് വിരോധമുണ്ട്. ശ്രീ. എം. എന്നുപറയുന്ന ഒരാളുടെ മധ്യസ്ഥതയിൽ മസ്കറ്റ് ഹോട്ടലിൽ വച്ച് ആർ.എസ്.എസ്. നേതാക്കളും മുഖ്യമന്ത്രിയുമായി ഒരു

രഹസ്യ ചർച്ച നടത്തി. ഇതുവരെയും ആരോടും പറഞ്ഞിട്ടില്ല. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ശ്രീ. എം.-ന് നാല് ഏക്കർ പതിച്ചുകൊടുത്തു. അത് ഇതുവരെ ആർക്കും അറിയില്ല. നമ്മുടേത് പ്രബുദ്ധ കേരളമാണ്. ഇലക്ഷൻ കാലത്ത് .... (...ബഹളം....) നമ്മൾ സംസാരിക്കുമ്പോൾ കുറച്ചുകൂടി ശ്രദ്ധയോടെ സംസാരിച്ചാൽ നമുക്കെല്ലാവർക്കും നല്ലത് അല്ലെങ്കിൽ അങ്ങോട്ടുമിങ്ങോട്ടും പറയും.

ഈ ബഡ്ജറ്റ് നമുക്ക് നൽകുന്ന യഥാർത്ഥ സൂചന, ഈ പ്രസംഗത്തിനുമപ്പുറമുള്ള യഥാർത്ഥ സമ്പദ്ഘടനയുടെ സ്ഥിതിവിവരങ്ങൾ നമ്മെ ഭീതിപ്പെടുത്തി അപകടത്തിലേയ്ക്ക് കൊണ്ടുപോകുന്നു എന്നതാണ്. അതുപരിശോധിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കാനും ചെലവും അഴിമതിയും ധൂർത്തും കുറയ്ക്കാനും കെടുകാര്യസ്ഥത മാറ്റി ശ്രദ്ധയോടുകൂടി.. കേരളത്തിന്റെ ഭാവിയാണ്, ഈ ജനറേഷനെ മാത്രമല്ല; വരാനിരിക്കുന്ന ജനറേഷനെപ്പോലും ബാധിക്കുന്ന രീതിയിലാണ് കേരളത്തിന്റെ ഇക്കോണമി പോകുന്നത്. അതുകൊണ്ടാണ് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഒരു പ്രതീക്ഷയ്ക്കുപോലും വകനൽകാത്ത രീതിയിൽ പറഞ്ഞിരിക്കുന്നതിനെ എതിർക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, അടുത്ത ഒരു വർഷക്കാലത്തേയ്ക്കുള്ള സംസ്ഥാനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളെ സംബന്ധിച്ച ഒരു പ്രധാനപ്പെട്ട ഭാവി രൂപരേഖയാണ് ഈ ബഡ്ജറ്റിലൂടെ നിയമസഭയ്ക്ക് മുമ്പാകെ അവതരിപ്പിച്ചതും നമ്മളിപ്പോൾ ചർച്ച ചെയ്ത് അംഗീകരിക്കുന്നതിന്റെ ഭാഗമായി ഞാൻ ഈ മറുപടി പ്രസംഗത്തിന് തുനിയുന്നതും. കഴിഞ്ഞ മൂന്ന് ദിവസമായി നമ്മൾ ബഡ്ജറ്റ് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ചർച്ച ചെയ്യുന്ന വേളയിൽ ബഡ്ജറ്റ് അവതരിപ്പിച്ച 5-ാം തീയതിയുണ്ടായിരുന്നതിനെക്കാളും ഈ ബഡ്ജറ്റ് സംബന്ധിച്ച് മുന്നോട്ടുവച്ച കാര്യങ്ങൾ കൂടുതൽ കൂടുതൽ ശരിയാണെന്നും കേരളത്തിന്റെ ഭാവിക്കുവേണ്ടി വളരെ ഗൗരവത്തോടുകൂടി ഇടപെടുന്ന ഒരു ഗവൺമെന്റാണിതെന്നും കേരളം ഉന്നയിച്ച പ്രശ്നങ്ങൾ ശരിയാണെന്നും ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട നീതിപീഠംതന്നെ പറയുന്ന ഒരു അന്തരീക്ഷത്തിലേയ്ക്ക് കാര്യങ്ങളെത്തിയെന്നുള്ളത് അഭിമാനകരമായ കാര്യമാണ്.

5-ാം തീയതി ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം, കേന്ദ്രം കേരളത്തിനോട് നിരന്തരമായി കാണിച്ചുകൊണ്ടിരിക്കുന്ന, കേരളത്തിന്റെ

പൊതുവായ താല്പര്യങ്ങളെ ഹനിക്കുന്ന നിലപാടുകൾക്കെതിരെ പ്രതിഷേധം സംഘടിപ്പിച്ചുകൊണ്ട് ഡൽഹിയിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ.-മാരുമെല്ലാം പോയിരുന്നു. അതിനെ യു.ഡി.എഫ്. ബഹിഷ്കരിച്ചു. ആ സമരവും അതിനുമുമ്പ് നടത്തിയ കാര്യങ്ങളുമൊക്കെ കേരളം പറയുന്നതിനകത്ത് ന്യായമുണ്ടെന്ന നിലയിൽത്തന്നെ വന്നിരിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുമായി സംസ്ഥാനതലത്തിൽനിന്നുള്ള ചർച്ച നാളെ നടക്കുകയാണ്. സംസ്ഥാനങ്ങളുടെ അവകാശങ്ങൾ സംബന്ധിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നത് ഇന്ത്യയിലെ ഏറ്റവും ഒടുവിലത്തെ സ്ഥിതിയാണ്. കേരളം രണ്ടര വർഷം മുമ്പുതന്നെ അല്ലെങ്കിൽ അതിനുമുമ്പുതന്നെ കേരള സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട അവകാശങ്ങളെ സംബന്ധിച്ച് നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. അങ്ങനെ പറയുന്നത് അധികപറ്റാണെന്നും കേരളത്തിന് അത്തരത്തിലൊന്നും ലഭിക്കാനില്ലെന്നുമുള്ള ന്യായം ദൗർഭാഗ്യവശാൽ സഭയ്ക്കകത്തും പ്രതിപക്ഷം പറഞ്ഞിരുന്നു. ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങൾ അതിലുൾപ്പെടുന്നുണ്ടായിരുന്നില്ല. ഇന്ന് ഇന്ത്യയിലെ

ഓരോ സംസ്ഥാനങ്ങളും ഇന്ത്യയിൽ കോ-ഓപ്പറേറ്റീവ് ഫെഡറലിസം ശക്തിപ്പെടുത്തുന്നതിനുവേണ്ടി സെൻട്രൽ സ്റ്റേറ്റ് റിലേഷൻഷിപ്പിൽ കുറച്ചുകൂടി തുല്യമായ വിതരണം വേണമെന്നല്ലാം പറയുന്ന കാര്യങ്ങളെ അംഗീകരിക്കുന്ന സ്ഥിതിയാണുള്ളത്. ഈ ഒരു പശ്ചാത്തലം രാജ്യത്തെ ഓരോ സംസ്ഥാനങ്ങളും അവതരിപ്പിക്കുന്ന ബഡ്ജറ്റിനെ സംബന്ധിച്ചുണ്ടെന്ന കാര്യം ഞാൻ പറയുകയാണ്. ബഡ്ജറ്റിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ച് അവസാനിപ്പിച്ചപ്പോൾ കേരളത്തിലൊന്നും നടക്കുന്നില്ലെന്ന് മാത്രമല്ല ഇങ്ങനെയൊരു ബഡ്ജറ്റിന്റെത്തന്നെ ആവശ്യമില്ലെന്നും ഒരു പ്രതീക്ഷയുടെയും കാര്യമില്ലെന്ന നിലയിലും പറഞ്ഞ് അവസാനിപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. എന്നാൽ ഈ ബഡ്ജറ്റിന്റെ ആകെയുള്ള അവസ്ഥ നോക്കിയാൽ, കണക്കുകളിൽ ഊന്നിനിന്നുകൊണ്ടാണ് അദ്ദേഹം സംസാരിച്ചതെന്ന് പറഞ്ഞു.

Budget at a glance-ൽ സംസ്ഥാനത്തിന്റെ ബഡ്ജറ്റ് സംബന്ധിച്ച് കഴിഞ്ഞ മൂന്നുവർഷകാലത്തെയും (2021-22-ലെയും 2022-23-ലെയും 2023-24-ലെയും) അതിനുശേഷം 2024-25-ലെ projection-നും അതിനുമുമ്പുള്ള രണ്ട് വർഷത്തെ അക്കൗണ്ട്സും ഒരു വർഷത്തെ പുതുക്കിയ

എസ്റ്റിമേറ്റും ഫ്യൂച്ചറിലുള്ള സാദ്ധ്യതയും നൽകിയിട്ടുണ്ട്. കേരളം ഓരോ വർഷവും പുറകോട്ടാണോ മുന്നോട്ടാണോ പോകുന്നത് എന്നതുസംബന്ധിച്ച് ഇന്ത്യൻ ഭരണഘടന പറഞ്ഞിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഏജൻസിയായ എ.ജി. അക്കൗണ്ടന്റ് ജനറൽ ഉൾപ്പെടെ അംഗീകരിച്ച അക്കൗണ്ടുകളാണ് ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. കേരളം 2021 മാർച്ചിൽ 1,38,000 കോടി രൂപയാണ് ആകെ ചെലവാക്കിയത്. എന്നാൽ ഈ വർഷം അവസാനമാകുമ്പോൾ 1,38,000 കോടി രൂപയിൽ നിന്ന് 1,68,000 കോടി രൂപയാകും. ഇത്തരമൊരു സാഹചര്യത്തിൽ മൂന്നുവർഷംകൊണ്ട് 30,000 കോടി രൂപയാണ് ചെലവാക്കുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഞാൻ തയ്യാറാക്കുന്ന കണക്കല്ല. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരമാണ് അന്തിമമായി കണക്കുകൾ തയ്യാറാക്കുന്നത്.

Budget at a Glance-നകത്ത് receipts-ന്റെ ഭാഗത്തുവരുമ്പോൾ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന Grant-in-Aid-ന്റെ കോളത്തിൽ 2021-22-ൽ 30,000 കോടി രൂപ ലഭിച്ചുവെങ്കിൽ ഈ വർഷം 11,000 കോടി രൂപയാണ് ലഭിച്ചതെന്ന കണക്കുകൂടി അദ്ദേഹത്തിന്റെ തുറന്നുപിടിച്ച കണ്ണുകൾക്കുമുമ്പിൽ വരേണ്ടതായിരുന്നു. 20,000 കോടി രൂപ രണ്ടുമൂന്ന്

വർഷംകൊണ്ട് വെട്ടികുറച്ചത് ഇതേ റിക്കോർഡിനകത്തുള്ളതാണ്. കേരളംപോലെയുള്ള സംസ്ഥാനത്തെ ഇത്തരത്തിൽ ശ്വാസംമുട്ടിക്കുന്നുവെന്നത് വ്യക്തിപരമായി നമ്മുടെ ഓരോരുത്തരുടെയും പ്രശ്നം മാത്രമല്ല; നമ്മുടെയെല്ലാം പ്രശ്നമാണെന്നതുകൊണ്ടാണ് ഞാൻ പറയുന്നത്. കേരളമാകെ സാമ്പത്തിക പരിമിതിയിലും കടത്തിലും ബുദ്ധിമുട്ടിലുമാണെന്ന് പറയുന്ന കണക്കുകളുണ്ട്. ഇന്ത്യയിലെ സാഹചര്യവും കേരളത്തിലെ സാഹചര്യവും തമ്മിൽ നോക്കുമ്പോൾ എന്താണ് സ്ഥിതി; ഈ വർഷത്തെ രാജ്യത്തിന്റെ ആകെ ജി.ഡി.പി. 3,27,78,808 കോടിയാണ്. അതിൽ കേരളത്തിന് കേരളത്തിന്റെ ജനസംഖ്യയെക്കാളും കൂടുതലാണ് (കേരളത്തിന് 4% ആണ്). കേരളത്തിന്റെ ജി.എസ്.ഡി.പി. എന്നുപറഞ്ഞാൽ, ജി.ഡി.പി.-യുടെ ഭാഗം ഏറ്റവും അവസാനത്തെ കണക്കനുസരിച്ച് 13,11,437 കോടിയാണ്. രാജ്യത്തിന്റെ ആകെ ബഡ്ജറ്റ് സൈസ് 47,65,768 കോടിയാണ്. കേരളത്തിന്റെ ബഡ്ജറ്റ് സൈസ് കേന്ദ്ര ബഡ്ജറ്റിന്റെ 3.89% ആണ്; അതായത് 1,84,327 കോടിയാണ്. രാജ്യത്തിന്റെ ആകെയുള്ള കടത്തിന്റെ കണക്ക് നോക്കുമ്പോൾ കേരളത്തിന്റെ കടം അധികമായി പോയെന്ന് കേന്ദ്രം പറയുന്നു.

മറ്റുസംസ്ഥാനങ്ങളുടെയൊക്കെ താരതമ്യം പറയുന്നുണ്ട്. ഇന്ത്യയുടെ ആകെ കടം സംബന്ധിച്ച കണക്കുള്ളതിൽ 2.4% ആണ് കേരളത്തിന്റെ കടം. ആകെയുള്ള ജി.ഡി.പി.-യുടെ 4% കേരളത്തിന്റെ ബഡ്ജറ്റിന്റെ സൈസുണ്ട്. കേന്ദ്രത്തിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റിന്റെ ഏകദേശം 3.94% കേരളത്തിനുണ്ട്. പക്ഷെ ആകെയുള്ള കടത്തിന്റെ 2.4 ശതമാനമേയുള്ളൂ. മോണിറ്ററി ടേംസിൽ കേരളത്തിന്റെ സ്ഥാനം പരിശോധിക്കുമ്പോൾ നല്ലൊരു നിലയിലാണെന്ന ആത്മവിശ്വാസം നമുക്ക് വേണമെന്നതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. പ്രതിപക്ഷമായാലും രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും കാര്യങ്ങൾ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകണം എന്ന താല്പര്യത്തിലാണ് പറയുന്നത്. ഈ താരതമ്യം അദ്ദേഹത്തിന്റെ കയ്യിലുണ്ടാകുന്നത് സഹായകരമായിരിക്കും എന്നതിനാലാണ് ഇക്കാര്യം പറഞ്ഞത്. കഴിഞ്ഞ ബഡ്ജറ്റ് വന്നതിനുശേഷം ഇന്ത്യൻ ബഡ്ജറ്റിൽ ആകെയുള്ളതിൽ 25% പലിശയാണ്; അതുസംബന്ധിച്ച കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. ഞാൻ ആ കണക്കുകൾ വായിക്കാം. ഈ വർഷത്തെ കേന്ദ്രത്തിന്റെ കടവുമെല്ലാം ഉൾപ്പെടുത്തികൊണ്ട് ഇന്ത്യയിലെ ആകെ ബഡ്ജറ്റ് 48,00,000 കോടി

രൂപയാണ്. അതിൽ 36% (17,00,000 കോടി രൂപയും) കേന്ദ്ര ഗവൺമെന്റ് കടമെടുത്തിട്ടുള്ളതാണ്. നല്ല ഫിനാൻസ് സ്റ്റേറ്റ്ങ്ത് ഉണ്ടെന്നുപറയുന്ന ഒരു രാജ്യത്തിന്റെ........ 36%-ൽ അധികം കടമെടുത്തിരിക്കുന്ന ഒരു രാജ്യത്ത് അവരുടെ ആകെ ചെലവായ 48,00,000 കോടി രൂപയിൽ 12,00,000 കോടി രൂപയും പലിശയാണ്. അതായത്, ഓരോ വർഷവും 25% പലിശയാണ് കൊടുക്കുന്നത്. കേരളത്തിന് 15%-ന് അടുത്താണ് പലിശ കൊടുക്കാനുള്ളത്. ഒരു സാമ്പത്തിക നയത്തിലും കടമെടുക്കാതെയും പലിശ കൊടുക്കാതെയും പോകണമെന്ന് പറയുന്നത് ഒരു രാജ്യത്തും സാധിക്കില്ല. വ്യവസായമായാലും അങ്ങനെതന്നെയാണ്. വികസനത്തിനുവേണ്ടി തിരിച്ചടയ്ക്കാൻ കഴിയുന്ന തുക കടമെടുക്കണമെന്നാണുള്ളത്. ഇക്കാര്യങ്ങളിൽ താരതമ്യം വരുമ്പോൾത്തന്നെ ഇന്ത്യാ ഗവൺമെന്റ് മൊത്തത്തിലെടുക്കുന്ന നിലപാടും സംസ്ഥാനത്തിന്റെ നിലപാടും സംസ്ഥാനത്തിന്റെ അവസ്ഥയുമെല്ലാം വ്യക്തമാകും. ഇവിടെ ഇരിക്കുന്നവരെല്ലാം കാര്യങ്ങൾ വളരെ വ്യക്തമായി വീക്ഷിക്കുന്നവരാണ്. കേന്ദ്ര ഗവൺമെന്റ് കടമെടുക്കുന്നതിന്റെ നിരക്ക് കുറയ്ക്കുന്നത് എന്തുകൊണ്ടാണ് എന്നതിന്റെ പൊളിറ്റിക്സ് നമ്മൾ വേണ്ടത്ര ചർച്ച ചെയ്തിട്ടില്ല. അതുസംബന്ധിച്ച്

ബഹുമാനപ്പെട്ട നിർമ്മല സീതാരാമൻ ഇപ്രാവശ്യം പാർലമെന്റിൽ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് ഈ വർഷം ഒരു ലക്ഷത്തിലധികം കോടി രൂപ കടമെടുക്കുന്നതിൽ കുറയ്ക്കുമെന്നാണ്. അങ്ങനെ കടമെടുക്കുന്നത് കുറയ്ക്കുമ്പോൾ ആ സ്പെയ്സ് കോർപ്പറേറ്റുകൾക്ക് എടുക്കാം. ഇവിടെ എക്കണോമിക്സ് നിരവധി വർഷം പഠിപ്പിക്കുകയും ഇക്കാര്യങ്ങളിലൊക്കെ ഇടപെടുകയും ചെയ്യുന്ന അദ്ധ്യാപകരുണ്ട്. എക്കണോമിക്സിൽ പി.എച്ച്.ഡി.-യുള്ള വ്യക്തികളുമുണ്ട്. ആകെ നാഷണൽ ലെവലിലുള്ള ബോറോയിംഗ്, ഒരു രാജ്യത്തിന്റെ credit worthiness എല്ലാം നോക്കുന്നത് ഇന്റർനാഷണൽ ഏജൻസീസാണ്. രാജ്യത്തിന്റെ ആകെ കടബാധ്യത നോക്കുന്നതിനകത്ത് 1,00,000 കോടി രൂപ കേന്ദ്ര ഗവൺമെന്റിന്റെ കടവും സംസ്ഥാനത്തിന്റെ കടവും കുറച്ചാൽ സ്വകാര്യ മേഖലയ്ക്ക് കടമെടുക്കാമെന്നുള്ള കാര്യംകൂടി ഇപ്രാവശ്യം അവർ ബഡ്ജറ്റിൽ പറഞ്ഞിരുന്നു. സംസ്ഥാനങ്ങളെ കടമെടുക്കുന്നതിന് അർഹമായ പരിധിയിലേയ്ക്ക് എത്തിക്കാതെ നിയന്ത്രിക്കുന്ന പ്രശ്നങ്ങൾ ഞാൻ ചൂണ്ടിക്കാണിച്ചെന്നേയുള്ളൂ. ഇത് ഇന്ത്യാ ഗവൺമെന്റിന്റെ ഫിനാൻഷ്യൽ ഹെൽത്തിനെക്കാളും മോശമല്ല; സാധാരണഗതിയിൽ സംസ്ഥാനങ്ങൾക്കുള്ള പരിമിതി കാരണം കുറച്ചുകൂടി

മോശമാകാവുന്നതാണ്. രാജ്യത്തിന്റെ ആകെയുള്ള വരുമാനത്തിന്റെ 64 ശതമാനത്തോളം നികുതിയും മറ്റുവരുമാനവും പിരിക്കുന്നത് കേന്ദ്രമാണ്. എന്നാൽ ആകെ ചെലവിന്റെ 64 ശതമാനവും സംസ്ഥാനങ്ങളാണ് ചെലവഴിക്കേണ്ടി വരുന്നത്. ഇത് കേരളത്തിൽ മാത്രമല്ല; ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലുമാണെന്നുള്ള കണക്ക് അറിയാം. മൂന്നിൽ രണ്ട് ഭാഗം സംസ്ഥാനങ്ങൾ ചെലവാക്കുമ്പോൾ മൂന്നിൽ ഒരു ഭാഗമേ കേന്ദ്രം ചെലവാക്കുന്നുള്ളൂ. വരുമാനത്തിന്റെ മൂന്നിൽ രണ്ട് ഭാഗം കേന്ദ്രത്തിന് ലഭിക്കുന്നുവെന്ന acceptable principle ഫിനാൻസ് കമ്മീഷൻ അംഗീകരിച്ചതാണ്. ഇത്തരമൊരു injustice നിൽക്കുമ്പോഴാണ് കേരളം ഈ പരിമിതിക്ക് അകത്തുനിന്നുകൊണ്ട് ഓരോ ഘട്ടത്തിലും കൂടുതൽ അധികാരവും അവകാശവും പോകുന്ന ഘട്ടത്തിൽ നിന്നുകൊണ്ട് പ്രവർത്തിക്കുമ്പോൾ കുറെ മുന്നേറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. ഇനിയും കൂടുതൽ മുന്നേറ്റങ്ങൾ ഉണ്ടാക്കണമെന്നാണ് നമ്മളെല്ലാം ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് കൂടുതലായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കുന്നത്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് കേരളത്തിന്റെ ആകെയുള്ള സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് കൂടുതൽ വിഷയങ്ങൾ

പറഞ്ഞില്ലെങ്കിൽപോലും ഓരോ മേഖലയിലും കേരളമുണ്ടാക്കിയിട്ടുള്ള നേട്ടവും ഇന്ത്യയുടെ അവസ്ഥയും എന്താണെന്ന് നമുക്കെല്ലാം അറിയാം.

സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം കഴിഞ്ഞ വർഷത്തെ ഉൽപ്പാദന വളർച്ച 6.6 ശതമാനമാണെന്ന് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. പ്രതിശീർഷ വരുമാനം real terms-ൽ constant price, 1,74,214 രൂപയാണ്. ആളോഹരി വരുമാനത്തിൽ കഴിഞ്ഞ വർഷത്തെക്കാളും നല്ല വർദ്ധനയുണ്ട്. ദേശീയതലത്തിലുള്ള വരുമാന വർദ്ധനയെക്കാളും വളർച്ചയെക്കാളും വർദ്ധനയുണ്ട്. പ്രതിശീർഷ വരുമാനത്തിലും കേരളത്തിൽ നല്ല വർദ്ധനയുണ്ട്, ഇതെല്ലാം ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇത്രയും മോശമായി പെരുമാറുന്ന സംസ്ഥാനമാണ് കേരളമെന്ന് നമ്മൾതന്നെ പറഞ്ഞ് മോശപ്പെടുത്തരുതെന്ന് എപ്പോഴും ഞാൻ അഭ്യർത്ഥിക്കാറുണ്ട്. കാരണം ഇവിടെ പറയുന്ന കാര്യങ്ങൾ റിപ്പോർട്ട് ചെയ്തുപോകുന്നതാണ്. കേരളം അത്ര മോശമാണോ; ഇന്ത്യയിൽ NITI Aayog-ന്റെ National Multidimensional Poverty Index (MPI) പ്രകാരം ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. ഇങ്ങനെ കേരളം ദാരിദ്ര്യമാണന്നാണ് പ്രതിപക്ഷം പറയുമ്പോൾ അവർ ഒന്നുകൂടി പരിശോധിക്കും.

പരിശോധിച്ചാലും അതിൽ മാറ്റമൊന്നും വരില്ല. ഇന്ത്യയിൽ ഏറ്റവും മെച്ചപ്പെട്ട സംസ്ഥാനമാണ് കേരളം. നിങ്ങളുടെ പറച്ചിലും പ്രസംഗവും കേൾക്കുമ്പോൾ കേരളത്തെക്കുറിച്ച് ഈ പറയുന്ന റിപ്പോർട്ടൊക്കെ മോശമാണെന്ന് തോന്നും. രക്തസാക്ഷികളെയെല്ലാം വിളിച്ച് കുറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. രക്തസാക്ഷികളെയും ജീവിക്കുന്ന ഏറ്റവും ഉജ്ജ്വലരായ പോരാളികളെക്കുറിച്ചും ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ നേട്ടങ്ങളെ സംബന്ധിച്ച കണക്കുകളൊക്കെ ശരിയല്ലെന്ന് തോന്നുന്ന തരത്തിലാണ് ഇത് പറയുന്നത്. അതിദരിദ്രരുടെ കണക്കെടുത്താൽ 0.44 ശതമാനമേയുള്ളൂ. ശിശുമരണ നിരക്ക് ആയിരത്തിൽ ആറ് എണ്ണം മാത്രമേയുള്ളൂ. ഇതൊക്കെ ഞാൻ എപ്പോഴും ആവർത്തിക്കുന്ന കാര്യങ്ങളാണ്. പ്രസംഗങ്ങൾ പലതും ഒന്നുകൂടി ആവർത്തിക്കുകയും ഇത്രയേറെ കാര്യങ്ങൾ പറഞ്ഞിട്ടും മനസ്സിലാകാത്ത തരത്തിലേയ്ക്ക് പ്രതിപക്ഷം വീണ്ടും പറയുന്നതുകൊണ്ടാണ് ഞാനും ഇത് വീണ്ടും ആവർത്തിക്കുന്നത്. കാരണം ഇതൊക്കെ രേഖയിൽ ഉണ്ടാകുന്നത് നല്ലതാണ്. അഖിലേന്ത്യാനുപാതത്തിൽ മാതൃമരണ നിരക്കിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ, ദേശീയതലത്തിൽ തൊണ്ണൂറ്റിയേഴ് പേർ

മരിക്കുമ്പോൾ കേരളത്തിലെ മാതൃമരണ നിരക്ക് പത്തൊമ്പതാണ്. ആയുർദൈർഘ്യം കേരളത്തിൽ 75-ഉം ദേശീയ ശരാശരി 70-ഉം ആണ്. ഇങ്ങനെ ഏത് സ്ഥിതിവിവരക്കണക്ക് പരിശോധിച്ചാലും കേരളത്തിന്റെ മുൻകൈ നമുക്ക് കാണാൻ സാധിക്കും. കഴിഞ്ഞ സാമ്പത്തികവർഷം 23 ശതമാനം തനതുവരുമാനത്തെ സംബന്ധിച്ചാണ് മുഖ്യമന്ത്രിയും ഞങ്ങളും പറഞ്ഞത്. തനതുവരുമാനം ഏതിൽനിന്ന് ഏതിലേയ്ക്ക് വർദ്ധിച്ചുവെന്നുള്ളതാണ്; തനതുവരുമാനമെന്നുപറഞ്ഞാൽ സെൻട്രൽ ഗവൺമെന്റിൽനിന്നും ലഭിക്കുന്ന ടാക്സിന്റെ ശതമാനം കഴിഞ്ഞുള്ള നമ്മുടെ വരുമാനമാണ്. SOTR (State's Own Tax Revenue) ആണ് പറഞ്ഞത്. 2021 മാർച്ചിലെ ആകെ തനതുവരുമാനം 47000 കോടി രൂപയായിരുന്നു, അതിൽ ലോട്ടറിയില്ല. അതിനടുത്ത വർഷം അത് 58000 കോടി രൂപയായി. കഴിഞ്ഞ വർഷം അത് 72000 കോടി രൂപയായി. കാൽക്കുലേറ്ററുണ്ടെങ്കിൽ ഇവിടെ പറഞ്ഞ ശതമാനം കണക്കുകൂട്ടി നോക്കണം. മുഖ്യമന്ത്രിയും ഞങ്ങളുമൊക്കെ തെറ്റായ ശതമാനമാണോ പറഞ്ഞത്. കേരളത്തിൽ ഞങ്ങൾ പറഞ്ഞത് State's Own Tax Revenue ആണ്. അതുനോക്കുമ്പോൾ, ഈ ബഡ്ജറ്റ് രേഖകളിൽ ഓരോവർഷത്തെയും ആകെ റവന്യൂ

റെസീപ്റ്റ്സിനെക്കുറിച്ചും State's Own Tax Revenue-നെക്കുറിച്ചും പറയുന്നുണ്ടല്ലോ. കഴിഞ്ഞ വർഷം State's Own Tax Revenue 58340 കോടി രൂപയാണ്. അതിനുതൊട്ടുമുമ്പത്തെ വർഷം 47,024 കോടി രൂപയാണ്. 2022-23-ൽ അത് 71968 കോടി രൂപയാണ്. ഈ വർഷം പ്രതീക്ഷിച്ചത് 81000 കോടി രൂപയാണ്. പക്ഷേ 77000 കോടി രൂപയേ വരുന്നുള്ളൂ. അടുത്തവർഷം 77000 കോടി രൂപയിൽനിന്നാണ് 84000 കോടി രൂപ പ്രതീക്ഷിച്ചിരിക്കുന്നത്. അല്ലാതെ നേരത്തെയുള്ള പ്രൊജക്റ്റഡ് ഫിഗറിൽ നിന്നല്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചല്ലോ, ഇത് പുറകോട്ട് പോകുകയാണെന്ന്; എന്നാലിത് പുറകോട്ടുപോകുകയല്ല. കോവിഡിനുശേഷം സാധാരണഗതിയിലുണ്ടായ സാമ്പത്തികമായി പുറകോട്ട് നിന്നിടത്തുള്ള ഒരു കുതിച്ചുകയറ്റത്തിന്റെ ആ ശതമാനം വരില്ല. ഇന്ത്യയിലാകെ ഭയക്കുന്നൊരു സ്ഥിതിയുമുണ്ട്. സമ്പദ്‍വ്യവസ്ഥയിൽ ചെറിയ സ്ലോഡൗണുണ്ട്, ചെറിയ സ്ലോഡൗണല്ല. എല്ലാസംസ്ഥാനങ്ങളിലും ഈ വർഷം ജനുവരി മാസത്തിലാണ് ഓട്ടോമൊബൈലിന്റെ സെയിൽസ് വർദ്ധിച്ചത്. ഇന്നത്തെ പത്രം നിങ്ങൾ വായിച്ചുകാണും. മറ്റുപല മേഖലയിലും സെയിൽസ് അത്രയും വന്നിട്ടില്ല. ഓരോമേഖലയിലെയും വില പരിശോധിച്ചാൽ അറിയാൻ

സാധിക്കും. സിമന്റിന്റെ വിലയിൽ എത്രയോ നാളിനുശേഷമാണ് കേരളത്തിൽ നൂറുരൂപ കുറഞ്ഞത്. കേരളത്തിലല്ല, ഇന്ത്യയിലാകെ ഒരു ചാക്കിന് 100 രൂപ കുറഞ്ഞുവെന്ന് പറഞ്ഞാൽ...., നിർമ്മാണമേഖലയിൽ കുറച്ച് കുറവുണ്ട്, ഓട്ടോമൊബൈൽ, മറ്റ് മേഖലകളിലും കുറവുണ്ട്. ഇത് ലോകത്താകെയുള്ള അന്തരീക്ഷമാണ്. ഞാൻ ആ അന്തരീക്ഷത്തെക്കുറിച്ച് പറയേണ്ട കാര്യമില്ലല്ലോ; ലോകത്ത് ഗൾഫ് മേഖലയിൽ, റഷ്യൻ മേഖലയിൽ, ഉക്രൈൻ-റഷ്യ, അതുപോലെ പാലസ്ഥീന്റെ നേരെ നടക്കുന്ന ആക്രമണങ്ങൾ ഇത്തരം കാര്യങ്ങളൊക്കെ ലോകത്തുണ്ടാക്കുന്ന അവസ്ഥയുണ്ട്. ലോകത്താകെയുള്ള പെട്രോളിയം കൊണ്ടുപോകുന്ന കണ്ടെയ്നർഷിപ്പുകളാകെ നിയന്ത്രിക്കുന്ന കമ്പനികളിൽ 70 ശതമാനത്തോളം ഓണർഷിപ്പുള്ള കമ്പനികൾ ഇനിമേലാൽ ഗൾഫിൽക്കൂടി ഈ ഷിപ്പുകൾ കൊണ്ടുപോകരുതെന്ന് പറയുന്നു. കാരണം അവിടെയൊക്കെ ഈ ആക്രമണങ്ങൾ പലതും വരുന്നതിനെപ്പറ്റി നമ്മൾ വായിക്കുന്നുണ്ടല്ലോ; ഇന്ത്യൻ പട്ടാളം പോയി ചില കപ്പലുകളെ മോചിപ്പിച്ച കാര്യമൊക്കെ പറയുന്നു. അങ്ങനെ യുദ്ധത്തിന്റെ അന്തരീക്ഷം..., ഒരു എക്കണോമിയുടെ സ്ലോഡൗണിന്റെ പ്രശ്നം കൂടി നമുക്ക് പറ്റുന്നത്ര അഡ്രസ്സ് ചെയ്യണമെന്ന് ഈ

ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. നിർമ്മാണ മേഖലയിലും മറ്റുമേഖലയിലും നമ്മുടെ എക്കണോമി സജീവമാക്കണമെന്ന് അവിടെയാണ് പറഞ്ഞത്. ഇതെല്ലാം കണ്ടുകൊണ്ടല്ലേ ബഡ്ജറ്റ് നമ്മൾ സാധാരണ ചർച്ച ചെയ്യേണ്ടത്. ഇന്ത്യ എന്ന വലിയ രാജ്യത്ത്, ഒരു ചെറിയ പ്രദേശമാണ് കേരളം. നാല് ശതമാനത്തോളം ജി.ഡി.പി.-യും ജി.എസ്.ഡി.പി.-യും മൂന്ന് ശതമാനത്തോളം വരുന്ന ജനസംഖ്യയുമെല്ലാമുള്ള ഈ പ്രദേശം ലോകമാകെ എടുക്കുമ്പോൾ വളരെ ചെറിയ പ്രദേശമാണ്. പക്ഷേ നമുക്ക് നമ്മുടേതായ കാര്യങ്ങൾ ചെയ്ത് മുന്നോട്ടുപോകണമെന്നുള്ള കാഴ്ചപ്പാട് ഇതിൽ വച്ചിട്ടുണ്ട്. സാമ്പത്തിക കാര്യങ്ങളിൽ മറ്റുകാര്യങ്ങൾ പറയുന്നില്ല. ഇതിനകത്ത് ആകെയുള്ള കടത്തിന്റെ കണക്കുകൾ ഇതിനകത്തുണ്ട്. ആകെയുള്ള കടത്തിന്റെ കണക്കെടുത്താൽത്തന്നെ കോവിഡ് കാലത്ത് 38 ശതമാനം..., ആകെ നമ്മുടെ ജി.എസ്.ഡി.പി.-യുടെ 38 ശതമാനത്തിലേയ്ക്ക് ആകെ കടം പോയിരുന്നു. അവിടെനിന്ന് കുറഞ്ഞ് 34 ശതമാനത്തിനടുത്തേയ്ക്ക് ഇപ്പോൾ വന്നിട്ടുണ്ട്. ഓരോമേഖലയിലും, സാമ്പത്തിക രംഗത്തെ കാര്യങ്ങൾ നോക്കുമ്പോൾ മുന്നോട്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഇതിൽ കാണുന്നുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസത്തിന്റെ കാര്യത്തിൽ അന്തർദേശീയ അവാർഡ്,

ആരോഗ്യമേഖലയിൽ ദേശീയ അംഗീകാരം അങ്ങനെ ഓരോ മേഖലയിലും നേട്ടം ലഭിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഈ നേട്ടങ്ങളൊക്കെ നമുക്ക് നേടാൻ കഴിഞ്ഞു. ഞാൻ ഈ വേദിയിൽ പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം, ഇന്ത്യയിലെ ഒരു പ്രമുഖമായ സ്റ്റേറ്റിലെ ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി. കൗൺസിലിൽ പങ്കെടുത്തിട്ടുവരുമ്പോൾ എന്നോടുപറഞ്ഞു, 'I have twenty seven thousand crores as surplus in my treasury'. പക്ഷേ ആ സ്റ്റേറ്റിലാണ് ആദിവാസി മേഖലയിൽ ഇന്ത്യയിലെ ഏറ്റവും കൂടുതൽ പട്ടിണി മരണം ഉണ്ടായിട്ടുള്ളത്. Drought-നെ സംബന്ധിച്ച് വളരെ പ്രശസ്തനായ പത്രപ്രവർത്തകൻ ശ്രീ. പി. സായിനാഥ് പുസ്തകം എഴുതിയിട്ടുണ്ട്. 27000 കോടി രൂപ ട്രഷറിയിൽ ചെലവാക്കാതെ കിടക്കുന്നുണ്ട് ..., അവിടെ ഏറ്റവും വലിയ നോൺ ടാക്സ് വരുമാനമുള്ള മൈനുകൾ ഏറെയുള്ള സ്ഥലമാണ്. ഇവിടെ ആ പണം ട്രഷറിയിലങ്ങനെ കാലിയായി കിടക്കുന്നില്ല. ഇവിടെ പതിനായിരക്കണക്കിനാളുകൾക്കല്ല...., ഇനിയൊരു മൂന്നുലക്ഷം പേർക്കുകൂടി വീട് കിട്ടിയാൽ കേരളം മുഴുവനാളുകൾക്കും വീടുള്ള ഇന്ത്യയിലെ സംസ്ഥാനമാകുമെന്നല്ല, ലോകത്തെ ഒരു വളരെ പ്രത്യേകതയുള്ള

സ്ഥലമാകും. മാർച്ച് മാസത്തിൽ 'ലൈഫ് മിഷൻ' പദ്ധതിയിൽ പറഞ്ഞിട്ടുള്ള അഞ്ചുലക്ഷം പേർക്ക് വീട് കൊടുക്കും. മുഴുവനാളുകൾക്കും വീട് കൊടുക്കുക എന്നുപറയുന്നത് സാധാരണ കാര്യമാണോ; മുഴുവനാളുകൾക്കും വീട് കൊടുക്കാൻവേണ്ടി ശ്രമിക്കുകയാണ്. കുറച്ചുപേർക്കുകൂടി കൊടുക്കാനുണ്ട്. അതിദാരിദ്ര്യത്തിന്റെ മേഖലയിൽനിന്ന് അടുത്ത നവംബർ മാസത്തോടുകൂടി അതിദരിദ്രരായ ഒരാൾപോലും ഇല്ലാതാകാനുള്ള ശ്രമം നടത്തും. അതിനുവേണ്ടി നമുക്ക് കടമെടുക്കേണ്ടിവരും. കടം ഏറ്റവും പ്രധാന അജണ്ടയല്ല. ഇന്ത്യാഗവൺമെന്റ് പറയുന്നതല്ലാതെ ഒരുരൂപ എടുക്കാൻ സാധിക്കില്ല. ആ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് നമ്മൾ എടുത്തുകാണണം. കാർഷികമേഖലയെക്കുറിച്ച് ഇന്നത്തെ പത്രത്തിൽ വാർത്ത ഉണ്ടായിരുന്നല്ലോ; ഇന്നലെ ഉണ്ടായിരുന്നല്ലോ? സിവിൽ സപ്ലൈസിന്റെ കാര്യം പറഞ്ഞല്ലോ. ഇന്ത്യയിൽ ഭക്ഷ്യധാന്യങ്ങൾക്ക് ഏറ്റവും വിലക്കുറവുള്ള സംസ്ഥാനം കേരളമാണ്. ഇന്ത്യയിൽ ഈ കാര്യങ്ങളെല്ലാം ഉൽപ്പാദിപ്പിക്കുന്നില്ല. അരിയുൾപ്പെടെ കുറെ പുറത്തുനിന്നും വരേണ്ടതാണ്. മറ്റുഭക്ഷ്യസാധനങ്ങൾ പുറത്തുനിന്നും വരുന്നതാണ്. പഞ്ചസാര മഹാരാഷ്ട്രയിൽനിന്നായിരിക്കും കൂടുതൽ വരുന്നത്. ഇന്ത്യയിലെ

മറ്റുസംസ്ഥാനങ്ങളിൽനിന്ന് ഭക്ഷ്യസാധനങ്ങൾ വരുന്ന കേരളത്തിൽ, ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ വിലക്കയറ്റമേയുള്ളൂ എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്; അതിന്റെ അർത്ഥം കേരളത്തിൽ ഇക്കാര്യത്തിലെല്ലാം നല്ലതുപോലെ ഇടപെടാൻ സാധിക്കുന്നുണ്ട്, ഇനിയും അത് മെച്ചപ്പെടുത്തണം. സപ്ലൈകോയുടെ കാര്യം പറയാം, സപ്ലൈകോയുടെ കാര്യമുൾപ്പെടെ ചില അംഗങ്ങൾ വലിയ വിഷമത്തോടെ പറഞ്ഞല്ലോ. ആത്മാർത്ഥമായിട്ടും അല്ലാതെയും പറഞ്ഞവരുണ്ടല്ലോ; ഇതിനകത്ത് കലക്ക വെള്ളത്തിൽ കുറച്ച് മീൻ പിടിച്ചുകളയാം എന്നുപറഞ്ഞുള്ള ചില ചർച്ചകളുമുണ്ട്. കെ.എസ്.ആർ.ടി.സി. പെൻഷനെക്കുറിച്ചും ശമ്പളത്തെക്കുറിച്ചും പറഞ്ഞു. കെ.എസ്.ആർ.ടി.സി. പെൻഷൻ കിട്ടാതെ തൊഴിലാളികൾ ആത്മഹത്യചെയ്തു. 8 വർഷംമുമ്പുള്ള കാര്യം ഇപ്പോൾ പറയണമോ എന്നാണ് ചോദിക്കുന്നത്; 8 വർഷം മുമ്പ് പറഞ്ഞ കാര്യം പറയണം. രാവിലെ പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഞങ്ങൾ ഒരുകാര്യം ചോദിക്കാൻ ശ്രമിച്ചെങ്കിലും അപ്പോൾ പറയാൻ സാധിച്ചില്ല. ഇന്ത്യയിൽ മൂന്നരലക്ഷം കർഷകർ ആത്മഹത്യ ചെയ്തത് കോൺഗ്രസിന്റെ കാലഘട്ടത്തിലാണ്. അന്ന് ബി.ജെ.പി. ഗവൺമെന്റല്ലല്ലോ; പിന്നീടുവന്ന

ഡോ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റിന്റെ കാലത്തുള്ളതാണ് തൊഴിലുറപ്പ് പദ്ധതി. ഇടതുപക്ഷംകൂടി പിന്തുണച്ച് ഉണ്ടായൊരു ഗവൺമെന്റാണ്. ഇടതുപക്ഷം പിന്തുണച്ചതുകൊണ്ടാണ് ആ ഗവൺമെന്റ് നിന്നതെന്ന് തോന്നുന്നുണ്ടോ; അവസാനം ആ ഗവൺമെന്റിനെ താഴെയിറക്കി. ഞങ്ങൾ അവിശ്വാസ പ്രമേയം കൊണ്ടുവന്നപ്പോൾ പരോക്ഷമായി പറഞ്ഞത് ബി.ജെ.പി.-യുടെയുംകൂടി വോട്ടുകൊണ്ടാണെന്നത് ആവശ്യമില്ലാത്ത കാര്യമല്ലേ; അമേരിക്കൻ കരാറുമായി ബന്ധപ്പെട്ട കാര്യത്തിന് ആ ഗവൺമെന്റിന് പിന്തുണ കൊടുത്തപ്പോൾ പറഞ്ഞ കാര്യം, തൊഴിലുറപ്പ് പദ്ധതിപോലുള്ള പദ്ധതികൾ വേണമെന്നുള്ളതാണ്. ആ കാര്യങ്ങൾ മറന്നുകൊണ്ട് ഇവിടെ സംസാരിക്കരുത്, കാരണം കഴിഞ്ഞ എട്ടുവർഷക്കാലമായി കേരളത്തിൽ ഈ കാര്യമുള്ളപ്പോൾ എന്തായിരുന്നു നേരത്തെ കെ.എസ്.ആർ.ടി.സി. പെൻഷന്റെ അവസ്ഥ, എത്രയാണ് അവിടെ മരണം നടന്നുവെന്നുള്ളത് അറിയാമല്ലോ; ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നില്ലെന്നാണ് പറയുന്നത്. കെ.എസ്.ആർ.ടി.സി. യൂണിയന്റെ പ്രമുഖ നേതാക്കന്മാർ സഭയുടെ ഇരു ഭാഗത്തും ഇരിപ്പുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ ഇപ്പോഴത്തെ അവസ്ഥ

അറിയാമല്ലോ. കെ.എസ്.ആർ.ടി.സി.-യിൽ എന്താണ് സർക്കാർ ചെയ്തത്; ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലം 1464 കോടി രൂപയാണ് കൊടുത്തത്. ഒന്നാം പിണറായി സർക്കാർ കൊടുത്തത് 5002 കോടി രൂപയാണ്. നിലവിൽ ഈ സർക്കാർ വന്നതിനുശേഷം 4948 കോടി രൂപ കൊടുത്തു. ശ്രീ. എം. വിൻസെന്റ് ഉൾപ്പെടെ അത് തർക്കിക്കുമെന്ന് ഞാൻ കരുതുന്നില്ല. അദ്ദേഹം കെ.എസ്.ആർ.ടി.സി. യൂണിയന്റെ നേതാവാണ്. എൽ.ഡി.എഫ്. സർക്കാർ രണ്ട് പ്രാവശ്യം അധികാരത്തിലെത്തിയിട്ട് 8 വർഷം ആകുന്നു. ഏകദേശം 10,000 കോടി രൂപയാണ് കൊടുത്തിട്ടുള്ളത്. 900 കോടി രൂപയാണ് ബഡ്ജറ്റിൽ വയ്ക്കുന്നത്. ഇവിടെ ചർച്ചയിൽ പറഞ്ഞല്ലോ; 900 കോടി രൂപ ബഡ്ജറ്റിൽ വയ്ക്കുമ്പോഴാണ് ശരാശരി 2000 കോടിയിലധികം രൂപ കൊടുക്കുന്നത്. ക്ഷേമപെൻഷനെക്കുറിച്ച് ഏറെ കാര്യങ്ങൾ പറഞ്ഞു. ബഡ്ജറ്റിൽ ക്ഷേമപെൻഷനെക്കുറിച്ച് ഒരു ഖണ്ഡികയിൽ പറഞ്ഞിട്ടുണ്ട്. ക്ഷേമപെൻഷൻ നിലവിലുള്ളത് കൃത്യമായി നല്കും, ഞങ്ങൾ മാനിഫെസ്റ്റോയിൽ പറഞ്ഞതിൽ നിന്നും മാറുന്നില്ല. പക്ഷേ മാനിഫെസ്റ്റോയിൽ പറഞ്ഞതിൽനിന്നും എന്തെല്ലാം മാറ്റം വന്നു. കേന്ദ്ര-ഗവൺമെന്റ് എത്ര തുക കട്ട് ചെയ്തു. അത് സാമ്പത്തികമായി ബന്ധപ്പെട്ട

എല്ലാ മേഖലയെയും ബാധിക്കുകയല്ലേ; സഹകരണ മേഖലയിലുൾപ്പെടെ കേന്ദ്ര ഗവൺമെന്റ് എങ്ങനെയാണ് ഇടപെടുന്നുവെന്നത് അറിയാമല്ലോ; സഹകരണ മേഖലയ്ക്ക് സംസ്ഥാനത്തിന്റെ അവകാശമുണ്ട്, അതോടൊപ്പം സ്റ്റേറ്റ് ലിസ്റ്റിലുമായിരുന്നു. ഇന്നിപ്പോൾ കേന്ദ്ര ഗവൺമെന്റ് ആ മേഖലയിലുൾപ്പെടെ ഇടപെടുകയാണ്. എന്നാലും ക്ഷേമപെൻഷന് കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് എത്രയാണ് എൽ.ഡി.എഫ്. സർക്കാർ നൽകിയത്. യു.ഡി.എഫ്. സർക്കാർ അഞ്ചുവർഷം കൊണ്ട് 9011 കോടി രൂപ ക്ഷേമപെൻഷൻ നൽകി. അന്ന് അത്രയും തുക മതിയായിരുന്നു, അതിൽ തർക്കമില്ല. ഇപ്പോഴത്തെ രണ്ടര വർഷം പിന്നിട്ട ഈ സർക്കാരിന് രണ്ട്-മൂന്ന് മാസത്തെ കുടിശ്ശികയുണ്ട്. അതുകൂടി ചേർത്ത് ഈ സർക്കാർ ഇതുവരെ 23958 കോടി രൂപ നല്കി. ഏഴര വർഷം കൊണ്ട് ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരുമായി ഞങ്ങൾ കൊടുത്തത് 57000 കോടി രൂപയാണ്. ഇവിടെ 'it's an extreme right-wing budget', എന്ന് അങ്ങ് പറഞ്ഞല്ലോ; ഇത് Extreme right-wing policies ആണ്. എന്നുപറഞ്ഞാൽ 57,000 കൊടുക്കുന്നത് കുറയ്ക്കുകയോ നിർത്തുകയോ ചെയ്താൽ ഈ പ്രശ്നം വല്ലതുമുണ്ടോ; പക്ഷേ ഞങ്ങൾ കൊടുക്കുന്നത് കുറയ്ക്കാൻ

ഉദ്ദേശിക്കുന്നില്ല. ഞങ്ങൾക്ക് മൂന്ന്-നാല് മാസത്തെ കുടിശ്ശികയുണ്ടെന്ന് ബഡ്ജറ്റിൽ വളരെ ഓപ്പണായി പറഞ്ഞിരുന്നു, രഹസ്യമായി എവിടെയും ഒളിച്ച് വച്ചിട്ടില്ല. ഞങ്ങൾ ഈ തുക നല്കും. അതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് സമരങ്ങളും പ്രക്ഷോഭവും മറ്റ് കാര്യങ്ങളുമെക്കൊ ചെയ്ത് വരുമാനം വർദ്ധിപ്പിക്കാനായി ശ്രമം നടക്കുന്നത്. 2500 രൂപ നല്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അതിലേക്ക് എത്തണമെങ്കിൽ കിട്ടാനുള്ളത് കിട്ടിയാൽ മതി, വേറെയൊന്നും വേണ്ട. കണക്കുകൾ ആവർത്തിക്കേണ്ട. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പറയുന്നുണ്ട്, 1.9 ശതമാനമല്ല കേരളത്തിന് നൽകേണ്ടത്. നേരത്തെയുള്ള 3.8 ശതമാനം നൽകണമെന്ന കാര്യത്തിൽ ചിലപ്പോൾ തർക്കം കാണും. അങ്ങ് ഇടയ്ക്കുള്ളൊരു അക്കം അംഗീകരിക്കുക, 3 ശതമാനമോ അല്ലെങ്കിൽ 3.25 ശതമാനമോ പറയൂ. എന്നാൽപ്പോലും 12,000 കോടി ഒരുവർഷം അധികം വരില്ലേ? ഇന്ത്യയിൽ നമ്മുടെ അതേ ജനസംഖ്യയുള്ള സംസ്ഥാനങ്ങളിലും ജനസംഖ്യ കുറവുള്ള സംസ്ഥാനങ്ങളിലും ഇതിനെക്കാൾ കൂടുതൽ തുക കിട്ടുന്നുണ്ട്. ഒഡീഷ, ജാർഖണ്ഡ്, അസം തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം കൂടുതൽ തുക നല്കുന്നുണ്ട്. ജാർഖണ്ഡിൽ കേരളത്തെക്കാൾ ജനസംഖ്യ

കുറവാണ്. ഇപ്പോൾ പുതിയതായി വന്ന ക്രൈറ്റീരിയയിൽ പലതുമുണ്ട്. കഴിഞ്ഞ ദിവസം ഡൽഹിയിലെ പോളിസി സ്റ്റഡീസിൽ പ്രവർത്തിക്കുന്ന എകണോമിസ്റ്റ് ഒരു ചർച്ചയിൽ പറഞ്ഞിരുന്നു; നിങ്ങളുടെ പൊതുവിലുള്ള ആളോഹരി വരുമാനം, വർദ്ധനവ് വന്നുകഴിഞ്ഞാൽ 45 ശതമാനമാണ്. അതിലാണ് വെയിറ്റേജ്. ഇന്ത്യയിലെ അഞ്ച് പ്രധാനപ്പെട്ട സംസ്ഥാനങ്ങളിലൊന്നാണ് കേരളം, അവിടെ ആളോഹരി വരുമാനം കൂടുതലാണ്. അതുകൊണ്ട് നിങ്ങൾക്കത്രയും വേണ്ട. ശുചിമുറിയും ശൗചാലയവും ഇവിടത്തെ ഏതെങ്കിലും വീട്ടിൽ വേണോ? 30 വർഷം മുമ്പുള്ള കാര്യമല്ല ഇപ്പോഴുള്ളത്; നമുക്കെല്ലാവർക്കും വീടും സൗകര്യവുമുണ്ട്, സ്കൂളുകളുമുണ്ട്. അതുകാരണം നമുക്ക് വെട്ടിക്കുറച്ച ഈ കാര്യം മാത്രം വന്നാൽ മതി. നമുക്കിതിൽ കളക്ടീവായി ഈ കാര്യത്തിൽ യോജിച്ചുകൂടെ; ഇന്നിപ്പോൾ ഇതിനകത്ത് വച്ചുവേണ്ട. കേരളത്തിന്റെ സവിശേഷമായ പ്രശ്നങ്ങൾ എന്തൊക്കെയാണ്? ഒന്നാമത്തെ വിഷയം, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ കാര്യം നോക്കിയാൽ നമ്മുടെ വിഷയം ജീറിയാട്രിക് ഇഷ്യു ആണ്. 60 വയസ്സ് കഴിഞ്ഞയാളുകൾ കേരളത്തിലെ ജനസംഖ്യയുടെ 20 ശതമാനത്തിലേക്ക് അതിവേഗമെത്തുന്നു. അവർക്കുവേണ്ടി പ്രത്യേകം

സൗകര്യങ്ങൾ വേണം. നമ്മുടെ സെക്കന്റ് ജനറേഷൻ ഇഷ്യൂസ് വേറെ പലതുമുണ്ട്. നമ്മൾ 16-ാം ധനകാര്യ കമ്മീഷനെ സംബന്ധിച്ചുള്ള ചർച്ചകളുടെ പ്രാഥമികമായ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. രണ്ടുവർഷം കഴിഞ്ഞേ അതിന്റെ അവാർഡ് വരികയുള്ളൂ, പക്ഷേ ഇപ്പോഴേ പ്രവർത്തനം തുടങ്ങണം. നാഷണൽ ഹൈവേയ്ക്ക് സ്ഥലമെടുക്കുമ്പോഴുള്ള വിലയുടെ പ്രശ്നത്തെക്കുറിച്ച് പറഞ്ഞല്ലോ. ഏതൊരു പ്രോജക്ട് എടുക്കണമെങ്കിലും വിലയുടെ പ്രശ്നമുണ്ട്. എന്തുപറഞ്ഞാലും കേരളത്തിൽ ഭൂമി വില കൂടുതലാണ്. പുതിയ നിയമമനുസരിച്ച് മൂന്നിരട്ടി വില കൊടുക്കണം. ഇന്ത്യയുടെ നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒരു സെന്റ് എടുക്കണമെങ്കിൽ 1000 രൂപ പോലും വേണ്ട, അതിലും കുറവാണ്. മുമ്പ് ഇവിടെ നിന്ന് ഗൾഫിലേയ്ക്ക് ആളുകൾ പോകുന്നതുപോലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇവിടെ വന്ന് ജോലി ചെയ്ത് ഒരുവർഷത്തെ മിച്ചം ഉപയോഗിച്ച് അവർ അവരുടെ സ്ഥലത്ത് രണ്ടും മൂന്നും ഏക്കറാണ് വാങ്ങുന്നത്. അതാണ് വിലയുടെ സ്ഥിതി. അങ്ങനെ ഇവിടെ ഭൂമിയുടെ വില ഇത്രയും കൂടുതലുണ്ട്. മിനിമം വേതനം തന്നെ ഇന്ത്യൻ റേറ്റ് അനുസരിച്ച് മൂന്ന് മടങ്ങാണ്. ഇതിൽ വെയിറ്റേജ് വരുന്നില്ല. ഇതുകൂടെ വരികയാണെങ്കിൽ

നമുക്ക് കുറച്ചുകൂടെ ഫണ്ട് വരും. നമുക്ക് ഇങ്ങനെ ലഭിക്കേണ്ട തുക പലതും കിട്ടുന്നില്ല; അതെല്ലാം വെട്ടിക്കുറച്ചിക്കുന്നു. എന്നിട്ടും നമ്മൾ ഇതെല്ലാം ചെയ്യുകയാണ്. ഇപ്പോഴത്തെ സ്ഥിതിയിൽ പെൻഷന്റെ കാര്യത്തിൽ അസന്ദിഗ്ധമായി പറയാം; പെൻഷൻ തുക വർദ്ധിപ്പിക്കാനുള്ള പ്രഖ്യാപനം നടത്താൻ ഉദ്ദേശിക്കുന്നില്ല. എന്തെന്നാൽ, നിലവിലുള്ള തുക കൃത്യമായി കൊടുക്കുക എന്നുള്ളത് തന്നെയാണ് ഒന്നാമത്തെ കാര്യം. സ്ഥിതി മെച്ചപ്പെട്ടാൽ യാതൊരു സംശയവുമില്ല; ഇടയ്ക്ക് ബഡ്ജറ്റ് വയ്ക്കേണ്ട കാര്യമില്ല, നിയമസഭ കൂടേണ്ട കാര്യവുമില്ല; സാധാരണഗതിയിലുള്ള അഡ്മിനിസ്ട്രേറ്റീവ് തീരുമാനമായി തന്നെ ഇടയ്ക്ക് വർദ്ധിപ്പിക്കാവുന്നതാണ്. പക്ഷേ ആദ്യം ഞങ്ങളുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വം 62 ലക്ഷം പേർക്ക് പെൻഷൻ കൊടുക്കുക എന്നുള്ളതാണ്. അത് കൊടുക്കുന്നതിനായി ഇപ്പോൾ മാനേജ് ചെയ്യുന്നതിനുള്ള പ്രശ്നമാണ് നമ്മൾ നോക്കുന്നത്. ഞങ്ങൾ ആഗ്രഹിക്കുന്നത് നാളത്തെ ചർച്ചയുടെ ഭാഗമായി നമ്മളെല്ലാവരും മനസ്സുകൊണ്ട് പോസിറ്റീവ് ആകണം. നാളത്തെ ചർച്ചയുടെ ഭാഗമായി കേരളത്തിന് കുറച്ചുകൂടി നേട്ടം വരുമെന്ന് പ്രതീക്ഷയാണ്. എന്നാലും പെൻഷൻ നല്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. അത് കൊടുക്കുക,

പിന്നീട് സ്ഥിതി അനുസരിച്ച് വർദ്ധിപ്പിക്കാം. കേന്ദ്രത്തിൽനിന്നും അതിനുള്ള തുക ലഭിക്കുന്നില്ല. ഒരുവർഷം കൊടുക്കുന്ന തുകയുടെ മൊത്തം 200 കോടി രൂപയാണ് കേന്ദ്രം നല്കുന്നതെന്ന് ഞാൻ ആവർത്തിക്കേണ്ട കാര്യമില്ല. അതിൽ താഴെയാണ് നല്കുന്നത്, അതിനകത്തുതന്നെ ബ്രാൻഡിങ് പ്രശ്നം വരികയാണ്. ഇത്രയും ആളുകൾക്ക് പെൻഷൻ നല്കുമ്പോൾ ഏകദേശം 11000 കോടി രൂപയാകും. ഏകദേശം 14000 കോടി രൂപ നമ്മൾ സോഷ്യൽ സെക്യൂരിറ്റിക്ക് വേണ്ടി മാത്രം ഒരുവർഷം കൊടുക്കുന്നു. ഇത്രയും കാര്യങ്ങൾ ചെയ്യുന്നൊരു സർക്കാരാണ്.

ലൈഫ് മിഷന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. ലൈഫ് മിഷന്റെ കാര്യത്തിൽ വളരെ കൃത്യമായ കാര്യം കൂടി സൂചിപ്പിക്കുകയാണ്; ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും അദ്ദേഹം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ആലോചന നടത്തുകയും ചെയ്തിരുന്നു. പതിനായിരം കോടി രൂപയുടെ നിർമ്മാണമെങ്കിലും അടുത്ത രണ്ടുവർഷം കൊണ്ട് പൂർത്തിയാക്കേണ്ടതുണ്ട്. പതിനായിരം കോടി രൂപയുടെ നിർമ്മാണം പൂർത്തീകരിക്കുകയെന്ന് പറഞ്ഞാൽ....., നിർമ്മാണ പ്രവർത്തനം താഴെ വന്നുകഴിഞ്ഞാൽ..., സാമ്പത്തിക രംഗത്ത്

മന്ദതയുണ്ടെന്ന് ഞാൻ ആദ്യമേ സൂചിപ്പിച്ചിരുന്നു. അത് മാറണമെങ്കിൽ സാധാരണക്കാർക്ക് ജോലി ലഭിക്കണം. പാറമട, മണൽ വാരുന്നവർ, സിമന്റ് ജോലിക്കാർ; അതിനൊരു ആക്ടിവിറ്റി കൂടിയാകും. അതിനായി ബാങ്കുകളുമായി ചർച്ച ചെയ്ത് ഒരു സംവിധാനമുണ്ടാക്കണം. ഇവിടെ സംസാരിക്കുമ്പോൾ പ്രതിപക്ഷ ബഞ്ചിൽനിന്നും പറഞ്ഞ കാര്യമുണ്ട്; നിങ്ങൾ ലൈഫ് മിഷനുവേണ്ടി ഫണ്ട് കൊടുക്കുന്നു, പഞ്ചായത്ത് കൊടുക്കുന്നുവെങ്കിൽ അത് പഞ്ചായത്തിന്റെ ഫണ്ടല്ല എന്ന്. അല്ല. അത് പഞ്ചായത്തിന്റെ ഫണ്ടല്ല. സംസ്ഥാനത്തിന്റെയും നാടിന്റെയും എല്ലാവരുടെയും കൂടി തുകയാണ്. കാരണം ഇത് പ്ലാൻ ഹെഡ്ഡിൽ വച്ചശേഷം നല്കുകയാണ്. പ്ലാൻ ഹെഡ്ഡിൽ വച്ച് ലോൺ എടുക്കുകയാണെങ്കിൽപ്പോലും..., ഇപ്പോൾ ഹഡ്കോ ലോൺ എടുക്കുകയാണെങ്കിൽ ദീർഘകാലത്തേക്കാണ് കൊടുക്കുകയാണ്. ഇവിടെ 17105 കോടി രൂപയാണ് ഈ സമയത്തിനുള്ളിൽ നമ്മൾ കൊടുത്തിരിക്കുന്നത്. 374000 ആളുകളുടെ വീടുകൾ പൂർത്തീകരിക്കുന്നു. ഇപ്പോൾ 119000 വീടുകൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ ത്രിതല പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതവും ബഡ്ജറ്റിൽ നിന്നുള്ള വിഹിതവുമുൾപ്പെടെയുണ്ട്.

സിവിൽ സപ്ലൈസ് വകുപ്പിനെക്കുറിച്ച് ഇവിടെ ഏറെ ചർച്ച വന്ന വിഷയമാണ്. ഞാൻ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അതിന്റെ ആകെ തുക ഒരുമിച്ച് പറഞ്ഞില്ല. കാരണം നിങ്ങൾക്കെല്ലാമറിയാം. പ്രത്യേകിച്ച് സിവിൽ സപ്ലൈസിന്റെ പ്രവർത്തനത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്  അറിയാവുന്നതാണ്. അതിൽ പ്ലാനും നോൺ പ്ലാനുമെല്ലാം കൂടി ചേർത്താണ് തുക കണക്കാക്കിയിരിക്കുന്നത്. പ്ലാനും നോൺ പ്ലാനും ചേർന്ന് ഇതിൽ 1930.88 കോടി രൂപയുണ്ട്. ഈ തുക വകയിരുത്തിയത് വിവിധ പദ്ധതികളിലാണ്. കഴിഞ്ഞ തവണത്തെ ഒരു ഹെഡ്ഡിൽ തുക കുറച്ച് മതി. കേന്ദ്രത്തിന്റെ പദ്ധതിയിൽ 'പ്രയോരിറ്റി ഹൗസ് ഹോൾഡ് ' എന്ന ഗുണഭോക്താക്കൾക്ക് നമ്മൾ അടയ്ക്കേണ്ടി വന്ന റേറ്റിൽ കുറവ് വന്നിട്ടുണ്ട്. അതിന്റെ തുക നേരത്തെ ഒരു മാസം 52 കോടി രൂപയുണ്ടായിരുന്നത് ഇപ്പോൾ 27.63 കോടി രൂപയായി കൊടുത്താൽ മതി. അതിന്റെ വ്യത്യാസം വരുന്നുണ്ട്. ഇതിനനുസൃതമായി സാമ്പത്തിക വർഷം 335 കോടി രൂപ മതി, എന്നാൽ കഴിഞ്ഞ തവണ 600 കോടി രൂപയായിരുന്നു. അതുകൊണ്ട്  335 കോടി രൂപ മതിയെങ്കിലും 370 കോടി രൂപ വച്ചിട്ടുണ്ട്. അതുകൊണ്ട് ഇതിനുള്ള തുക കുറഞ്ഞിട്ടില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ടോട്ടൽ തുക സിവിൽ സപ്ലൈസിനും കൂടിയാണോ വച്ചിട്ടുള്ളത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അല്ല. ഞാൻ പറഞ്ഞത് ടോട്ടൽ തുക സിവിൽ സപ്ലൈസും വിലക്കയറ്റവും കൂടി ചേർത്താണ്. അതുകൊണ്ട് ഈ വർഷം 1930 കോടി രൂപയിൽ ബാക്കി തുക കൂടി ഉൾപ്പെടുത്തി 2000 കോടി രൂപ ഭക്ഷ്യ വിതരണ മേഖലയിലേക്ക് മാറ്റിവയ്ക്കും. ഇവിടെ മാവേലി സ്റ്റോറുകളെക്കുറിച്ച് പറഞ്ഞു. ഒരു കാര്യം ഉറപ്പായി പറയുന്നു, മാവേലി സ്റ്റോറുകളിൽ വില കുറഞ്ഞ 13 ഇനങ്ങളുണ്ടാകും. മാവേലി സ്റ്റോറിൽ ആളുകൾ വരുന്നത് 13 ഇനങ്ങൾക്ക് മാത്രമല്ല, മറ്റ് സാധനങ്ങളും പത്തും പതിനഞ്ചും ശതമാനം വിലക്കുറവിലാണ് നൽകുന്നത്. എല്ലാസ്ഥലത്തും അതുണ്ടാകും. ഇതൊരു അഷ്വറൻസാണെന്ന് ഞാൻ ഇവിടെ പറയുകയാണ്. അഷ്വറൻസ് പറഞ്ഞതുകൊണ്ട് വെറുതെ വരുമെന്നല്ല. എല്ലാകടകളിലും മാവേലി സ്റ്റോറിലും നമ്മുടെ സിവിൽ സപ്ലൈസിലും ഈ സാധനങ്ങൾ ഉണ്ടാകുന്നതിനുള്ള അടിയന്തരമായ നടപടിയെടുത്ത് കാര്യങ്ങൾ ചെയ്യുന്നതാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ലെന്ന് നിയമസഭയിൽ അറിയിക്കുകയാണ്. കാരണം അങ്ങനെയൊരു

കൺഫ്യൂഷനുണ്ടാക്കാൻ ശ്രമിച്ചതുകൊണ്ട് പറയുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇപ്പോൾ അതിനകത്ത് പ്രശ്നമില്ലേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇപ്പോൾ അതിൽ പ്രശ്നമില്ലെന്ന് പറഞ്ഞിട്ടില്ല. ഇവിടെ ഞങ്ങൾ ഏതെങ്കിലും കാര്യത്തിൽ കള്ളം പറയാറുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ പറഞ്ഞതുകൊണ്ടുള്ള ഗുണമാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആ ഗുണമൊന്നുമല്ല. പ്രതിപക്ഷവും ചില ഗുണങ്ങൾ ചെയ്യണ്ടേ? ഞാനൊരു ഗുണം ചെയ്തല്ലോ എന്ന് അദ്ദേഹത്തിന് തന്നെയൊരു ഞെട്ടലാണ്. ഒരു ഗുണവും ചെയ്യേണ്ടെന്ന് പറഞ്ഞാണോ പ്രതിപക്ഷ നേതാവ് വരുന്നത്; എന്തെങ്കിലും ഗുണമൊക്കെ ചെയ്യേണ്ടേ? ഞാൻ ഈ കണക്ക് എടുത്തു പറഞ്ഞുവെന്നേയുള്ളൂ. ഈ കടകളിൽ പറഞ്ഞ സാധനങ്ങളെല്ലാം കൃത്യമായുണ്ടാകും. ഞങ്ങളെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് ഏറ്റവും പ്രധാനം വില നിയന്ത്രിച്ച് കടകളിൽ സാധനങ്ങളെത്തിക്കുക എന്നതാണ്. അതുകൊണ്ടാണ് ഉല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളെക്കാൾ വിലകുറച്ച്

സാധനങ്ങൾ ഇവിടെ കൊടുക്കാൻ കഴിയുന്നത്. ഞങ്ങൾ സിവിൽ സപ്ലൈസിനെയും മറ്റ് പൊതുവിതരണ സംവിധാനത്തെയും കൂടുതൽ ശക്തിപ്പെടുത്തുമെന്ന് വീണ്ടും ആവർത്തിച്ച് പറയുകയാണ്.

നെല്ലിന്റെ കാര്യത്തിൽ ഈ ബഡ്ജറ്റിൽ ചർച്ച ചെയ്തുകൊണ്ട് പറയുകയാണ്. അതിന്റെ സിസ്റ്റമൊന്നും മാറ്റാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. ഇന്ത്യയിലുള്ള സിസ്റ്റം പാലക്കാട് അംഗം ഉൾപ്പെടെയുള്ളവർ അറിയേണ്ടതാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും എങ്ങനെയാണ് നെല്ല് സംഭരിക്കുന്നത്? സിവിൽ സപ്ലൈസ് മന്ത്രിയുമായി പഞ്ചാബിലുള്ള അനുഭവങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. കർഷക സംഘത്തിന്റെ ഒരു പ്രവർത്തകനായതുകൊണ്ട് കുറച്ചൊക്കെ കാര്യങ്ങൾ എനിക്കുമറിയാം. നെല്ലും ഗോതമ്പും കൊയ്തുകഴിഞ്ഞാൽ ഉണക്കി ഗോഡൗണുകളിൽ കൊണ്ടുകൊടുക്കണം. അവിടെ പലയിടത്തും ഗോഡൗൺ ഇല്ല. നെല്ലും ഗോതമ്പും ഗോഡൗണിൽ എത്തിക്കാൻ കഴിയാത്തതുകൊണ്ട് ഇന്നും ഇന്നലെയുമൊക്കെ അവിടെ കർഷക സമരം നടക്കുകയാണ്. ഗോഡൗണിൽ കൊണ്ടുകൊടുത്താൽ ഈ വില ആറുമാസം കഴിഞ്ഞുമാത്രമേ കൊടുക്കുകയുള്ളൂ. കേരളത്തിൽ എങ്ങനെയാണ്; കേരളത്തിൽ കൂടുതലായി

നെൽകൃഷി ചെയ്യണമെന്നുള്ള താല്പര്യം വരാൻവേണ്ടിയാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, പഞ്ചാബിനെപ്പോലെ ആകാനാണോ അങ്ങനെ ചെയ്യുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതുപോലെ ആകാനല്ല, എന്നാലും എന്താണ് കാര്യമെന്നുള്ളത് മനസ്സിലാക്കണം. നെൽക്കൃഷിയുള്ള സ്ഥലത്താണ് ഈ സമരം നടക്കുന്നത്. ബീഹാറിൽ ഒരു കിലോഗ്രാം നെല്ലിന് 11 രൂപപോലും കിട്ടാത്ത അവസ്ഥയാണ്, ഒരു കളക്ഷനുമില്ല. പ്രതിപക്ഷനേതാവിനു മാത്രമെ ഞാൻ വഴങ്ങാൻ തീരുമാനിച്ചിട്ടുള്ളൂ. അല്ലെങ്കിൽ എനിക്ക് പ്രസംഗിച്ച് തീർക്കാൻ കഴിയില്ല. കൃത്യസമയത്ത് പ്രസംഗം തീർക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പ്രത്യേകം പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: പ്ലീസ്... ഇന്ന് സപ്ലിമെന്ററി ഡിമാന്റ് കൂടിയുള്ളതാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, മറ്റ് സ്റ്റേറ്റുകളിൽ നെല്ലിന് ഈ വില കിട്ടുന്നില്ല. ഹരിയാനയിലും പഞ്ചാബിലുമൊക്കെയാണ് താരതമ്യേന നെല്ലിന് വില കിട്ടുന്നത്. മറ്റ് പല സ്ഥലങ്ങളിലും വില കിട്ടുന്നില്ല. അതുകൊണ്ടാണ് കർഷകരുടെ വലിയ സമരങ്ങൾ നടക്കുന്നത്. Mandi സമ്പ്രദായം നിർത്തലാക്കാൻ ബി.ജെ.പി. ഗവൺമെന്റ്

തീരുമാനിച്ചതിനെത്തുടർന്നാണ് ഇപ്പോൾ വലിയ സമരം വന്നത്. അവിടെ കിട്ടുന്നതിനേക്കാൾ വലിയ വില നമുക്ക് കൊടുക്കാം. കർഷകർക്ക് കൂടുതൽ വില കൊടുക്കുന്നത് സർക്കാരിന് സന്തോഷമുള്ള കാര്യമാണ്. ഈ സ്ഥിതിയിൽ മറ്റ് സ്റ്റേറ്റുകളെക്കാൾ ഉയർന്നവില സംസ്ഥാനം കൊടുക്കുന്നുണ്ട്. അവിടെ നെല്ലിന്റെ വില കൊടുക്കുന്നതിന് ആറുമാസത്തെ കാലതാമസം വരുന്നത് വലിയ പ്രശ്നമാണ്. ആറുമാസത്തെ കാലതാമസം വരുന്നതിനുപകരം കേരളത്തിൽ എന്താണ് ചെയ്യുന്നത്? ഈ പണം അഡ്വാൻസായി സപ്ലൈകോ ബാങ്കുവഴി എടുത്തുകൊടുക്കും. ഇത്തരം കാര്യങ്ങൾക്കായി 2500 കോടി രൂപ ഗ്യാരന്റിയിൽ കടമെടുത്തിരിക്കുകയാണ്. ഇങ്ങനെ കടമെടുത്ത തുക അഡ്വാൻസായി കർഷകർക്ക് നൽകും. എന്നിട്ട് അവിടെനിന്നും പണം കിട്ടുമ്പോൾ തിരിച്ചുവാങ്ങും. ഇത്തരത്തിൽ എത്ര രൂപയാണ് കിട്ടാനുള്ളതെന്ന് അറിയാമോ? ആയിരത്തി ചില്വാനം കോടി രൂപ കിട്ടാനുണ്ട്. ഈ തുക കിട്ടാൻ ശരാശരി ആറുമാസക്കാലമെടുക്കും. അതിന്റെ പലിശ സംസ്ഥാന സർക്കാർ കൊടുക്കും, കൃഷിക്കാരുടെ മുകളിലല്ല അത് വരുന്നത്. CRISIL Ratings എന്നൊക്കെ പറഞ്ഞ് പാവപ്പെട്ട ആളുകളെ തെറ്റിദ്ധരിപ്പിക്കരുത്.

കേരളത്തിൽ മാത്രമേയുള്ളൂ ഈ സമ്പ്രദായമെന്ന് ഞാൻ ആവർത്തിച്ച് പറയണ്ടേ?

ശ്രീ. ഷാഫി പറമ്പിൽ: .......(മൈക്ക് ഓഫ്)......

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് Paddy Receipt Sheet-ന്റെ അടിസ്ഥാനത്തിലാണ്. ഇത് നേരത്തേയുള്ളതാണ്. യു.ഡി.എഫ്. സർക്കാരും ഇത് ചെയ്തിട്ടുണ്ട്, ഇല്ലെന്നല്ല ഞാൻ പറയുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ബഡ്ജറ്റ് സപ്പോർട്ട് കൊടുക്കണമെന്നാണ് ഞങ്ങൾ പറയുന്നത്.

മി. സ്പീക്കർ: അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ വഴങ്ങുന്നില്ലെങ്കിലും അദ്ദേഹം പറഞ്ഞത് കേട്ടു. ഇതിൽ ബഡ്ജറ്റ് സപ്പോർട്ട് അല്ലാതെ കേന്ദ്രത്തിന്റെ സപ്പോർട്ട് ഇല്ല. കർഷകർക്ക് ഓരോവർഷവും ആയിരം കോടിയിലധികം രൂപ കൊടുക്കുന്നത് ബഡ്ജറ്റ് സപ്പോർട്ടാണ്. അത് റിവോൾവ് ചെയ്ത് കൊടുക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, സംസ്ഥാന ബോണസ് 6.37 ശതമാനമായി കേരളത്തിൽ കുറയ്ക്കുന്നതെന്തിനാണ്; കേന്ദ്രം

വർദ്ധിപ്പിച്ചതനുസരിച്ച് കേരളത്തിലെ കർഷകർക്ക് ലഭിക്കേണ്ടതല്ലേ; സംസ്ഥാനത്തിന്റെ വിഹിതം കുറയ്ക്കുന്നതെന്തിനാണ്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, സപ്ലിമെന്ററി ഡിമാന്റുള്ളതിനാൽ പരമാവധി ചെയറിനോട് സഹകരിക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ വഴങ്ങിയതല്ല. അദ്ദേഹം എഴുന്നേറ്റ് ബഹളം വച്ചതുകൊണ്ട് എനിക്ക് സംസാരിക്കാൻ കഴിയാത്തതാണ്.

മി. സ്പീക്കർ: അക്കാര്യം ചെയർ ശ്രദ്ധിക്കാം. ബഹുമാനപ്പെട്ട മന്ത്രി അങ്ങോട്ട് നോക്കണ്ട.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ ചെയറിനെ നോക്കി സംസാരിക്കാം. ഏതായാലും അദ്ദേഹത്തിന് നെല്ലിന്റെയും കൃഷിയുടെയും കാര്യം കേന്ദ്രത്തിൽ പറയാൻ വേണ്ടിയാണ്. 1000 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ട്. കേരളം പോലുള്ള സംസ്ഥാനത്തിന് ആയിരക്കണക്കിന് കോടി രൂപ ഒരുമിച്ച് കൊടുക്കാൻ കഴിയില്ല. കാരണം, ട്രഷറിയിൽ പണമില്ലാത്തതുകൊണ്ട് ഒരിടത്തുനിന്നും പണമെടുത്ത് കൊടുക്കാൻ കഴിയുന്ന സ്ഥിതിയല്ല. നെല്ലിന് ഇന്ത്യയിൽ ഏറ്റവുമധികം വില

കൊടുക്കുന്ന സംസ്ഥാനം കേരളമാണെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ആറുമാസം കാലതാമസം വന്നാലും ബഡ്ജറ്റ് സപ്പോർട്ട് കൊണ്ടാണ് സർക്കാർ അതിന്റെ പലിശ കൊടുക്കുന്നത്. ബഡ്ജറ്റിൽ വകയിരുത്തിയ പണം കൂടാതെ കഴിഞ്ഞവർഷവും അതിന്റെ മുൻപത്തെ വർഷവുമൊക്കെ 250 കോടി രൂപവീതം അധികം വകയിരുത്തുന്നുണ്ട്. ഇപ്പോഴും വകയിരുത്തും. കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 900 കോടി രൂപയാണെങ്കിലും അധികം കൊടുക്കേണ്ടി വന്നതുപോലെ, നെൽക്കർഷകർക്ക് വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് സപ്പോർട്ട് കഴിഞ്ഞ് ബാക്കി പണത്തിന് പ്രത്യേക എസ്.ഡി.ജി. ഉണ്ട്. ബഡ്ജറ്റ് ചർച്ച കഴിഞ്ഞ് അവതരിപ്പിക്കാൻ പോകുന്നത് ഉപധനാഭ്യർത്ഥനകളാണ്. ഉപധനാഭ്യർത്ഥന വഴി കൊടുക്കുന്നത് ഇനിയും കൊടുക്കുമെന്ന കാര്യത്തിൽ തർക്കം വേണ്ട. പാർലമെന്റ് സമ്മേളനം കഴിഞ്ഞെങ്കിലും നെൽക്കൃഷിക്കാരുടെ കാര്യത്തിൽ ആയിരം കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതിന് സമരം നടത്താൻ 18 എം.പി.-മാരോട് അങ്ങ് പറയണം. ഇവിടെ പാർലമെന്റ് ഇലക്ഷന്റെ കാര്യമൊക്കെ നന്നായി പറഞ്ഞു. അടിയന്തരമായി നെൽകർഷകരുടെ പണം ലഭിക്കാൻവേണ്ടി

കേന്ദ്രത്തിൽ പറയുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. പാർലമെന്റ് സമ്മേളനം കഴിഞ്ഞെങ്കിലും എം.പി.-മാർക്ക് അക്കാര്യം പോയി പറയാം.

പി.എസ്.സി. നിയമനത്തെക്കുറിച്ച് പറയുന്നത് ആവർത്തനമാണെങ്കിലും പറയാതിരിക്കാൻ കഴിയില്ല. അങ്ങ് നേരത്തെ യുവജന സംഘടനയുടെ പ്രവർത്തകനായിരുന്നു. ഇന്ത്യയിൽ പി.എസ്.സി. വഴി ഏറ്റവും കൂടുതൽ നിയമനം നടത്തുന്നത് എവിടെയാണ്? കഴിഞ്ഞ ദിവസം ഒരു പ്രമുഖ പത്രത്തിൽ വാർത്ത വന്നിരുന്നു. അറുപതിനായിരത്തിലധികം പി.എസ്.സി. നിയമനം കഴിഞ്ഞ ഒരുവർഷക്കാലം നടത്തിയതിൽ 42 ശതമാനവും കേരളത്തിലാണ്. കേരളത്തിലെ പി.എസ്.സി. വഴി മാത്രമെ നിയമനം നടക്കുന്നുള്ളൂ. മൂന്ന് ശതമാനത്തിൽത്താഴെ ജനങ്ങളുള്ള നമ്മുടെ സംസ്ഥാനത്ത് 42 ശതമാനം പി.എസ്.സി. നിയമനങ്ങൾ നടന്നു. ഇന്ത്യയിലെ എല്ലാസംസ്ഥാനത്തെയും അപേക്ഷിച്ച് കേരളത്തിൽ നിയമനങ്ങൾ നടക്കുകയാണ്. (....ബഹളം....)

<u>മി. സ്പീക്കർ</u>: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, പ്ലീസ്..... പ്ലീസ്... ശ്രീ. ഷാഫി പറമ്പിൽ........ (....ബഹളം....) ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ Pin-drop silent ആയിരുന്നു. ഇത് ശരിയല്ല. (....ബഹളം....)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ സഭ എന്തിനുള്ളതാണ്; സഭയിലെ 140 അംഗങ്ങളും ഒരുമിച്ച് സംസാരിക്കാനുള്ളതല്ല. വാസ്തവത്തിൽ കേരളത്തിലെ ജനങ്ങളോടും കേരളത്തിലെ കാര്യങ്ങളിൽ താൽപ്പര്യമുള്ള ഇന്ത്യയിലെ ജനങ്ങളോടും കാര്യങ്ങൾ പറയാനുള്ളതാണ് ഈ സഭ. ഇന്ത്യയിലെ 42 ശതമാനം പി.എസ്.സി. നിയമനവും നടക്കുന്നത് കേരളത്തിലാണ്. പി.എസ്.സി. ലിസ്റ്റിലെ മുഴുവൻ ആളുകൾക്കും നിയമനം കൊടുക്കാൻ കഴിയില്ല. അതിനുവേണ്ടി കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് വലിയ സമരമൊക്കെ നടത്തിയില്ലേ; എത്രയോ സമരങ്ങൾ നടത്തുന്നുണ്ട്. പക്ഷെ ഇക്കാര്യം പറഞ്ഞപ്പോൾ നിങ്ങൾ ബഹളമുണ്ടാക്കുന്നത് എന്തിനാണ്? ഇന്ത്യയിലുള്ളവർ ഇക്കാര്യങ്ങളൊന്നും അറിയാതിരിക്കുകയാണോ; ഇവിടെ ബഹളമുണ്ടാക്കിയാൽ വാർത്ത പുറത്തുവരില്ലെന്നാണോ? കേന്ദ്ര ഗവൺമെന്റിൽ 10 ലക്ഷം പി.എസ്.സി. ഒഴിവുകൾ ഒഴിഞ്ഞുകിടക്കുകയാണ്. യൂത്ത് കോൺഗ്രസ് നേതാക്കന്മാരുൾപ്പെടെ ഇവിടെയുണ്ടല്ലോ? മറ്റ് സംസ്ഥാനങ്ങളിൽ 32 ലക്ഷം

വേക്കൻസികൾ ഒഴിഞ്ഞുകിടക്കുന്നു. കേരളത്തിൽ ഒരു ഒഴിവുപോലുമില്ല. (....ബഹളം....) അങ്ങനെ പി.എസ്.സി. വഴി ഇത്രയുമധികം നിയമനങ്ങൾ സംസ്ഥാനത്ത് നടത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റുൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി ഇതാണ്. സൂര്യോദയം എന്താണെന്നും സൂര്യഗ്രഹണമെന്താണെന്നും സൂര്യാസ്തമയമെന്താണെന്നുമുള്ള ചർച്ചകൾ ഇവിടെ നടന്നു. ഏതൊക്കെ വ്യവസായ മേഖലയിൽ പുതിയ കാര്യങ്ങൾ വരുന്നുവെന്നതിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം വ്യവസായ വകുപ്പുമന്ത്രി വളരെ വിശദമായി മറുപടി പറഞ്ഞിരുന്നു. പുതിയ ജനറേഷൻ എംപ്ലോയ്മെന്റുകൾ എത്രയാണ് വരുന്നത്. ബഡ്ജറ്റിൽ കുറച്ചുകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പഴയ ജനറേഷൻ എംപ്ലോയിമെന്റിലാണ് പരമ്പരാഗത വ്യവസായ മേഖലകൾ വരുന്നത്. അതിനെയും ഈ സർക്കാർ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അതിനെ ഇല്ലാതാക്കുകയല്ല ചെയ്യുന്നത്. ഖാദി, കൈത്തറി, കയർ, കശുവണ്ടി എന്നീ മേഖലകളിൽ ഇൻകം സപ്പോർട്ട് സ്കീം കൊടുത്താണ് നിലനിർത്തുന്നത്. എന്നാൽ പുതിയ മേഖലകളിലും ഇത് കൊടുക്കുന്നുണ്ട്. പഴയ മേഖലകളിൽ കൊടുത്തശേഷമാണ് പുതിയ മേഖല പരിഗണിക്കുന്നത്. വ്യവസായത്തിന്റെ

കാര്യത്തിൽ നമുക്ക് സന്തോഷവും അഭിമാനവും തോന്നുന്ന തരത്തിലാണ് ഈ മേഖലയിലെ വികസനം. ഇന്നലെ IBM-ന്റെ ഉദാഹരണം ഇവിടെ പറഞ്ഞു. നൂറോ ഇരുന്നൂറോ ആളുകൾക്ക് നിയമനം നടത്താനാഗ്രഹിച്ച സ്ഥലത്ത് 20,000 ആളുകൾ വന്നുകഴിഞ്ഞു. കഴിഞ്ഞ ദിവസം എറണാകുളത്ത് IBS-ന്റെ നാലരലക്ഷം സ്ക്വയർ ഫീറ്റുള്ള കെട്ടിടം ഉദ്ഘാടനം ചെയ്തു. ഇതുപോലെ ധാരാളം പുതിയ കെട്ടിടങ്ങൾ വരുന്നുണ്ട്. തിരുവനന്തപുരത്ത് ടോറസിന്റെ 15 ലക്ഷം സ്ക്വയർ ഫീറ്റിലുള്ള കെട്ടിടം 25 ലക്ഷം സ്ക്വയർ ഫീറ്റിൽ പണിയാൻ പോകുകയാണെന്ന് കഴിഞ്ഞ ദിവസം പറഞ്ഞു. ഇവിടെ പതിനായിരം ആളുകൾ ജോലി ചെയ്യുന്ന രീതിയിൽ റിക്രൂട്ട്മെന്റുകൾ നടത്തുകയാണ്. ഇതൊക്കെ പുതിയ ജനറേഷൻ ജോലികളാണ്. പുതിയതരം വ്യവസായങ്ങളെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 'പുതിയ ജനറേഷൻ വ്യവസായങ്ങൾ' എന്ന പുസ്തകത്തെക്കുറിച്ച് പറഞ്ഞിരുന്നു. ലോകത്തിലെ ഏറ്റവും വലിയ സിംഗിൾ ബ്ലഡ് ബാങ്ക് യൂണിറ്റ് കേരളത്തിലെ തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട് വികസിപ്പിച്ചെടുത്തതാണ്. ദന്തൽ

ഇംപ്ലാന്റിന്റെയും മറ്റ് ചില വാക്സിന്റെയും കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. ഇങ്ങനെ പല മേഖലകളിലും കേരളം മുന്നിലാണ്. ഇപ്പോൾ സൂചിപ്പിച്ച 'ഗ്രാഫീൻ'-നെ സംബന്ധിച്ച് ആ പദ്ധതിയുടെ അടിസ്ഥാനകാര്യങ്ങൾ ചെയ്തുകഴിഞ്ഞു. അടുത്തഘട്ടമായി അതിന്റെ ഡെവലപ്മെന്റും പിന്നീട് കൊമേഴ്സ്യൽ ആപ്ലിക്കേഷന്റെ ഡെവലപ്മെന്റും പ്രാവർത്തികമാക്കണം. ഒറ്റപ്പാലത്തെ പുതിയ KINFRA Defence Park-ൽ ഗ്രാഫീന്റെ 260 കോടി രൂപയുടെ യൂണിറ്റുവന്നു.

സർക്കാർ പ്രമോട്ട് ചെയ്യണമെന്നുള്ളതുകൊണ്ടാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ രണ്ടുമൂന്ന് കാര്യങ്ങളെക്കുറിച്ച് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ഡിജിറ്റൽ യൂണിവേഴ്സിറ്റി 'കൈരളി' എന്ന പേരിൽ ഒരു എ.ഐ. ചിപ്പ് വികസിപ്പിച്ചെടുത്തു. പല മേഖലയിലും ഡിജിറ്റൽ സയൻസ് പാർക്ക് തുടങ്ങുകയും അവിടെ പത്തോളം യൂണിറ്റുകൾ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഒരുമിച്ച് 1000 കോടി രൂപ ചെലവാക്കുന്നിടത്തേയ്ക്കല്ല ചെറിയതോതിലാണ് അവർ അതെല്ലാം ആരംഭിച്ചിട്ടുള്ളത്. മറ്റ് മൂന്ന് സയൻസ് പാർക്കുകൾ കൂടി ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് ഒരു മേഖലയിൽ മാത്രമല്ല; വയനാട്ടിലെ

സുൽത്താൻ ബത്തേരിയിൽ 150 പേർക്ക് വർക്ക് ചെയ്യാൻ കഴിയുന്ന ഒരു ഐ.ടി. പാർക്കുണ്ട്. കൂടാതെ മഞ്ചേരിയിലും ഒരു ഐ.ടി. പാർക്കുണ്ട്. പെരിന്തൽമണ്ണയിൽ ആരംഭിച്ച 'ഓപ്പൺ' എന്ന സ്ഥാപനം ഇപ്പോൾ ബാംഗ്ലൂരിലും പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ 'ഫിൻടെക്' എന്ന പേരിൽ പ്രവർത്തിക്കുന്ന സ്ഥാപനം കേരളത്തിലെ ആദ്യത്തെ Unicorn ആണ്. ഇപ്പോൾ അതിന് 8000 കോടി രൂപയുടെ ടേണോവർ വന്നു. കഴിഞ്ഞദിവസം മുഖ്യമന്ത്രിയോട് സംസാരിക്കുമ്പോൾ നവകേരള സദസ്സിൽ ഫിൻടെക്കുമായി ബന്ധപ്പെട്ടവർ എറണാകുളത്ത് വരികയും തങ്ങൾക്ക് സ്റ്റാർട്ട് അപ്പ് മിഷനുമായി ബന്ധപ്പെട്ട് 17 കോടി രൂപയുടെ പലതരത്തിലുള്ള സഹായം ലഭിച്ചെന്ന് പറയുകയും ചെയ്തു. കേരളത്തിലെ പെരിന്തൽമണ്ണയിലും തിരുവല്ലയിലുമുള്ള മൂന്നുനാല് ചെറുപ്പക്കാരാണ് അതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വ്യക്തികൾ. അത്തരം ആളുകൾക്ക് ഒരു പ്രോത്സാഹനമാകാൻ വേണ്ടിയാണ് ഞാൻ ഇതുപോലെയുള്ള കാര്യങ്ങൾ പറയുന്നത്.

മൂന്നോ നാലോ പേരെ പ്രധാനമന്ത്രിയുടെ ഒരു ടീം സെലക്ട് ചെയ്തതിൽ, ആലപ്പുഴ ജില്ലയിലെ പാതിരപ്പള്ളിയിൽ നിന്നുള്ള ഒരു ചെറുപ്പക്കാരനും ഉൾപ്പെട്ടിരുന്നു. Simultaneous translation അതായത് Hindi to English,

English to Malayalam അല്ലെങ്കിൽ Hindi to Malayalam പോലെയുള്ള simultaneous translation കേരളത്തിലെ ഒരു ചെറുപ്പക്കാരൻ വികസിപ്പിച്ചെടുത്തു. ഇതുപോലെയുള്ള ധാരാളം കാര്യങ്ങൾ നമ്മുടെ നാട്ടിലെ ഓരോ മേഖലയിലും വരുന്നുവെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. നേരത്തെ പറഞ്ഞ റോബോർട്ടിക്സിന്റെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയുമൊക്കെ കാര്യത്തിൽ പുതിയ മേഖലയിൽ നമുക്ക് എങ്ങനെ ഇടപെടൽ നടത്താൻ കഴിയുമെന്ന് സൂചിപ്പിച്ചുവെന്നുമാത്രം.

കേരളത്തിൽ ഈ വികസനമെല്ലാം കൊണ്ടുവന്നതിനെ 'sunrise' എന്നുപറഞ്ഞ് നിങ്ങൾ സൂര്യന്റെ കാര്യമൊക്കെ പറയുന്നു. മാത്രമല്ല; കേരളത്തിൽ ഇതുവരെ നടന്നിട്ടുള്ള വിഴിഞ്ഞം പദ്ധതി, നാഷണൽ ഹൈവേ, ഗെയിൽ പൈപ്പ് ലൈൻ, മെട്രോ, കണ്ണൂർ എയർപോർട്ട് തുടങ്ങിയ എല്ലാത്തിന്റെയും ഉടമസ്ഥത ഞങ്ങൾക്കാണെന്നും ഇപ്പോഴത്തെ ഭരണപക്ഷത്തിന് ഇതിലൊന്നും പങ്കില്ലെന്നും ഇവിടെ പറയുന്നതുകേട്ടു. അനുഭവവും പരിചയവുമുള്ള ആളുകൾ അങ്ങനെ പറയാൻ പാടില്ല. മെട്രോയുടെ കാര്യം തന്നെയെടുത്താൽ, മെട്രോയുടെ കാര്യത്തിൽ, The government led by E. K. Nayanar ideated the project in 1999, തുടർന്ന്

എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തകാര്യങ്ങൾ, തുടർന്ന് ഇതിന്റെ ഫീസിബിലിറ്റി സ്റ്റഡി നടത്തിയശേഷം യു.ഡി.എഫ്. ഗവൺമെന്റ് വന്നു. 2004-ൽ യു.ഡി.എഫ്. ഗവൺമെന്റ് അതിനകത്തെ ചില കാര്യങ്ങളിൽ ഇടപെടുകയും മെട്രോ റെയിലുമായി സംസാരിക്കുകയും ചെയ്തു. നായനാർ സർക്കാരിന്റെ കാലത്തിനുശേഷം 2006-ൽ വന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് (In 2008 LDF Government under the Chief Minister V. S. Achuthanandan approved the Kochi Metro rail project in a cabinet meeting held on 2 January 2008 and sent to Central Government...) അപ്രൂവ് ചെയ്തതിനുശേഷം അതിന്റെ പണം അനുവദിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഞാൻ ഒരു കാഴ്ചക്കാരനെപ്പോലെയല്ല; അക്കാലത്ത് ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പൊളിറ്റിക്കൽ സെക്രട്ടറി കൂടിയായിരുന്നതിനാൽ അദ്ദേഹത്തിന്റെ കൂടെ ഡൽഹിയിൽ പോയി. രാഷ്ട്രീയമായി വ്യത്യാസങ്ങളുണ്ടായിരുന്നിരിക്കാം. ശ്രീ. ഇ. ശ്രീധരൻ ആയിരുന്നു അന്ന് മെട്രോയുടെ എം.ഡി., മുഖ്യമന്ത്രിയും ശ്രീ. ഇ. ശ്രീധരനും ഒരുമിച്ച് ഡൽഹിയിലെ മെട്രോയിൽ സഞ്ചരിച്ച് അവിടെയുള്ള കാര്യങ്ങൾ കണ്ടു.

അതിനുശേഷം ഇവിടെ വന്നുവെങ്കിലും മെട്രോയ്ക്ക് അനുവാദം ലഭിക്കുന്നതിന് കുറേ കാലതാമസം നേരിട്ടു. അന്നുണ്ടായിരുന്ന മൻമോഹൻ സിംഗ് ഗവൺമെന്റ് PPP (public private partnership) മോഡൽ മാത്രമേ അനുവദിക്കൂ എന്നുപറഞ്ഞുവെങ്കിലും ശ്രീ. ഇ. ശ്രീധരൻ, PPP മോഡൽ സാധ്യമല്ലെന്ന് അഭിപ്രായപ്പെട്ടു. PPP ആയി ഇത് മുന്നോട്ടുപോകാൻ കഴിയില്ല, അതിനാൽ ഇത് ഗവൺമെന്റിന്റെ ഒരു പ്രോജക്ട് ആകണം. ശ്രീ. ഇ. ശ്രീധരന്റെ അഭിപ്രായം തന്നെയാണ് നമ്മുടെ പോളിസിയെന്ന് കേരള ഗവൺമെന്റ് വ്യക്തമാക്കുകയുണ്ടായി. പ്രസ്തുത തർക്കത്തിന്മേൽ തീരുമാനമെടുക്കാൻ കാലതാമസം നേരിട്ടതിനാൽ ഈ പ്രോജക്ട് നീണ്ടുപോകുകയാണുണ്ടായത്. ആ സമയത്ത് ഞാൻ അദ്ദേഹത്തെ കാണാനായി ഒരിക്കൽ ഡൽഹിയിലെ മെട്രോ ഹെഡ് ക്വാർട്ടേഴ്സിൽ പോയപ്പോൾ, എന്തായാലും സാംഗ്ഷൻ ലഭിക്കട്ടെയെന്നും നമുക്ക് enabling work-കൾ തുടങ്ങാമെന്നും ശ്രീ. ഇ. ശ്രീധരൻ പറഞ്ഞു. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കലൂരിലെ രണ്ട് ഓവർ ബ്രിഡ്ജിന് ബഡ്ജറ്റിൽ 50 കോടിരൂപ വകയിരുത്തുകയും ആ തുക ഉപയോഗിച്ച് enabling work ചെയ്യുകയും ചെയ്തു. ഇതുവരുമ്പോഴേയ്ക്കും

പിന്നീട് പാലം മാറ്റാനും മറ്റുമൊക്കെ തടസ്സമുള്ളതിനാൽ നേരത്തെ തന്നെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം നടത്തുകയായിരുന്നു. പിന്നീട് ഓരോഘട്ടത്തിലും തുക അനുവദിച്ചതനുസരിച്ച് 158 കോടി രൂപയാണ് ആ സമയത്ത് ചെലവായത്. അതിനുശേഷം ഇപ്പോഴത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, കൃഷ്ണയ്യർ സ്വാമി (ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ), അന്ന് പാർട്ടി സംസ്ഥാന സെക്രട്ടറിയായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രിയുമുൾപ്പെടെയുള്ളവർ എറണാകുളത്ത് പോയി വലിയ മനുഷ്യചങ്ങലയും സമരങ്ങളുമൊക്കെ ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നടത്തി. ഇപ്പോൾ ആര് വേണമെങ്കിലും അവകാശവാദം പറഞ്ഞോ; പക്ഷേ ഈ പദ്ധതി തുടർച്ചയായ ഒരു പദ്ധതിയാണ്. ഇ. കെ. നായനാരുടെ കാലത്ത് തുടങ്ങുകയും അതിനുശേഷം ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് മുന്നോട്ടുപോകുകയും തുടർന്ന് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ കാലത്ത് കുറേ പണം മാറ്റിവച്ച് കാര്യങ്ങൾ ചെയ്തതിനാൽ ഞങ്ങളാണ് ഇത് ചെയ്തതെന്ന് പറയുന്നത് ശരിയായ ഒരു കാര്യമല്ല.

നായനാർ ഗവൺമെന്റിന്റെ കാലത്താണ് വിഴിഞ്ഞം പദ്ധതിയുടെയും

ആദ്യ ആശയം വരുന്നത്. ഈ പദ്ധതികളൊക്കെ വരുമ്പോഴും ഞങ്ങളുടെ മുഖ്യമന്ത്രിയും ഗവൺമെന്റ് എന്ന് പറയുമ്പോൾ ഞങ്ങളുടെ പാർട്ടിയും എൽ.ഡി.എഫ്.-ഉം കാര്യങ്ങൾ ചർച്ച ചെയ്തശേഷമാണ് ഇത്തരം പോളിസികളെടുക്കുന്നത്. വിഴിഞ്ഞത്തിന്റെ കാര്യത്തിലും ധാരാളം ചർച്ചകൾ നടത്തുകയും സമരങ്ങൾ സംഘടിപ്പിക്കുകയും പോലീസിന്റെ ലാത്തിച്ചാർജ്ജ് ഉണ്ടാകുകയുമൊക്കെ ചെയ്തിട്ടുണ്ട്. നമ്മുടെ റവന്യൂ വകുപ്പുമന്ത്രിയും വിഴിഞ്ഞത്ത് സമരത്തിനുപോയി വിഴിഞ്ഞം പദ്ധതി നടപ്പിലാക്കണമെന്നൊക്കെ പറഞ്ഞ് ലാത്തി ചാർജ്ജ് നേരിട്ടയാളാണ്. 2006-ലെ ഗവൺമെന്റിന്റെ കാലത്ത് ഇത് ടെണ്ടർ ചെയ്തു. ഇന്നത്തെ Vizhinjam International Seaport Limited (VISL) എന്ന കമ്പനി അക്കാലത്തുമുണ്ട്. അതിൽ ഇതെങ്ങനെ (Build-Own-Operate (BOO) മോഡൽ വേണോ, Design-Build-Fincnce-Operate-Transfer (DBFOT) മോഡൽ വേണോ) വേണമെന്നത് സംബന്ധിച്ച ധാരാളം ചർച്ചകൾ നടന്നു. 60 വർഷമാണോ അതോ 90 വർഷമാണോ വേണ്ടതെന്ന കാര്യങ്ങൾ സംബന്ധിച്ച് ബോർഡ് മീറ്റിംഗ് നടക്കുമ്പോൾ, അതിന്റെ ഭാഗമായി ഇതൊക്കെ കാണാൻ കഴിഞ്ഞ ഒരാളാണ് ഞാൻ. അതിനുശേഷം

സ്ഥലമെടുക്കുകയും ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടർ ചെയ്തപ്പോൾ കേന്ദ്ര ഗവൺമെന്റ് അതിന് തടസ്സം പറഞ്ഞു. അന്ന് കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയായിരുന്നു. അന്ന് മുഴുവൻ സ്ഥലവുമെടുത്തുവെന്ന് മാത്രമല്ല; അതിനകത്ത് കോൺട്രാക്ട് എടുത്തത് ഒരു ചൈനീസ് കമ്പനിയായിരുന്നു. ചൈനയിൽ ഒരു പോർട്ടുള്ള കമ്പനിയായതിനാൽ ചൈനയുമായുള്ള ബന്ധമുണ്ടെങ്കിൽ ഇത് പ്രശ്നമാകുമെന്ന് അന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞുവെങ്കിലും ടെണ്ടർ ചെയ്ത് സ്ഥലമെടുത്തു. അന്ന് ആ സ്ഥലമെടുപ്പിനെതിരായി ലോക്കലായ ഒരു പ്രക്ഷോഭം വരികയും എല്ലാവരും ചേർന്നെടുത്ത തീരുമാനത്തിന്റെ ഫലമായി സ്ഥലത്തിന്റെ അളവ് കുറയ്ക്കുകയും ചെയ്തു. പ്രക്ഷോഭത്തിന്റെ ഫലമായി സ്ഥലം കുറയ്ക്കരുതെന്ന് വ്യക്തിപരമായി അഭിപ്രായപ്പെട്ട ആളാണ് ഞാൻ. അന്ന് 2000 ഏക്കർ എടുത്തിരുന്നെങ്കിൽ ഇന്ന് വിഴിഞ്ഞം ഇതിനേക്കാൾ ഉയർന്ന നിലയിലേയ്ക്ക് എത്തുമായിരുന്നു. അവസാനം 500 ഏക്കറിലേയ്ക്ക് അത് ചുരുക്കുകയാണുണ്ടായത്. അങ്ങനെ നടന്നില്ലായെന്നുള്ളത് സത്യമാണ് എങ്കിലും കമ്പനിയുണ്ടാക്കി ഇത്രയും കാര്യങ്ങളൊക്കെ ചെയ്തു. അന്ന് ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ ഉൾപ്പെടെ ചെയ്തപ്പോൾ നിങ്ങൾ എവിടെയായിരുന്നു? ഇവിടെ

നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും കൊണ്ടുവന്നത് നിങ്ങളാണെന്ന് ഇപ്പോൾ അവകാശപ്പെടുകയാണ്. ഇതിന്റെ പ്രവർത്തനം ആരംഭിക്കുമ്പോഴേയ്ക്കും നമ്മുടെ മുഖ്യമന്ത്രിയും ഗവൺമെന്റും ചുമതലയേറ്റു. എല്ലാം ഒരു കാവ്യനീതി പോലെ തോന്നുന്നില്ലേ? വിഴിഞ്ഞം പോർട്ട് ഉദ്ഘാടനം ചെയ്തപ്പോൾ അവിടെ ആദ്യം വന്നതും ചൈനീസ് കപ്പലുകൾ തന്നെയാണ്. ചൈനയുടെ കാര്യം പറഞ്ഞ് പദ്ധതി പത്തുപതിനഞ്ച് വർഷം നീട്ടി. മൂന്നരലക്ഷം ടൺ ഭാരമുള്ള കപ്പലുകൾ വരുമ്പോൾ കണ്ടെയ്നർ ഇറക്കാനുള്ള വലിയ മദർ ഷിപ്പ് കൊണ്ടുവരുതിനായി ആദ്യം വന്നതും ചൈനീസ് കപ്പലാണ്. അവർ കൊമേഴ്സ്യലായി വർക്ക് ചെയ്യുന്നവരാണ്. ചൈനയായതുകൊണ്ടോ കമ്മ്യൂണിസ്റ്റുകാർ ഭരിക്കുന്നതുകൊണ്ടോ ഇതിൽ വിശേഷിച്ച് കാര്യമൊന്നുമില്ല. ആ കമ്പനി വളരെ കൊമേഴ്സ്യലായി പ്രവർത്തിക്കുന്ന ഒന്നാണ്. വിഴിഞ്ഞം പോർട്ട് പണി പൂർത്തിയായി ഉദ്ഘാടനം ചെയ്തുവെങ്കിലും പണത്തിന്റെ കാര്യത്തിൽ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആ തുറമുഖം കൂടുതൽ ഉപയോഗപ്പെടും എന്നുപറയുന്നതിൽ എന്തെങ്കിലും തെറ്റുണ്ടോ; ഇതൊന്നും കൂടാതെ നാഷണൽ ഹൈവേയും നിങ്ങളാണ് കൊണ്ടുവന്നതെന്ന് പറഞ്ഞില്ലല്ലോ?

ഒരു ലക്ഷത്തിമുപ്പതിനായിരം കോടിയോളം രൂപ നാഷണൽ ഹൈവേയ്ക്ക് ഇപ്പോൾത്തന്നെ ചെലവായിട്ടുണ്ട്, നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. അന്ന് നടന്ന ചർച്ചകളിൽ എനിക്ക് ഒരാശങ്കയുണ്ടായിരുന്നത് തുറന്നുപറയാം. നാഷണൽ ഹൈവേയ്ക്ക് 30 മീറ്റർ പോരേ 45 മീറ്റർ വേണോ എന്നൊരു അഭിപ്രായം വ്യക്തിപരമായി എനിക്കുണ്ടായിരുന്നു. അന്നത്തെ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായതുകൊണ്ട് ഈ വിഷയം ചർച്ചയ്ക്ക് വന്ന സമയത്ത് അത് ഞാൻ ചോദിക്കുകയും ചെയ്തിരുന്നു. ഇത്രയും വിപുലമായ ഒരു റോഡ് വരുമ്പോൾ അത്രയും വീതിയിൽ വരുന്നതാണ് നല്ലതെന്നാണ് അന്ന് പാർട്ടി സെക്രട്ടറിയായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രി അഭിപ്രായപ്പെട്ടത്. ഇക്കാര്യത്തിൽ പ്രതിഷേധം വരുമെന്നുപറഞ്ഞ് ഉമ്മൻ ചാണ്ടി ഗവൺമെന്റ് പുറകോട്ടുപോകുകയും നമ്മുടെ പ്രോത്സാഹനത്തിലൂടെ ഇപ്പോൾ ഇത് പ്രാവർത്തികമാകുകയും ചെയ്തു. സർവ്വകക്ഷി യോഗത്തിൽ സി.പി.ഐ.(എം.) ഇത് ഇങ്ങനെതന്നെ എടുക്കണമെന്ന അഭിപ്രായം തുറന്നുപറഞ്ഞിരുന്നു. ഇന്ന് ആ വികസനം കേരളത്തിലാകെ (കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ) നടക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നവകേരള

സദസ്സിന് പോയപ്പോൾ വാഹനം നിർത്തി വഴിയിൽ ഇറങ്ങിയത് വലിയ വാർത്തയായതാണ്. വാഹനം break down ആയെന്ന് ടി.വി. ചാനലുകാർ വാർത്ത നൽകി. അത് break down ആയതല്ല. ആറുവരി പാതയാകാൻ പോകുന്ന ആ സ്ഥലം കാണാൻ ഞങ്ങൾ അവിടെ ഇറങ്ങിയതാണ്. ആ നാഷണൽ ഹൈവേ വന്നത് ഈ പ്രവർത്തനത്തിന്റെ ഭാഗമല്ലേ; ഗെയിൽ പൈപ്പ് ലൈൻ വരുന്നതിനെ സംബന്ധിച്ച് ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് ട്വിറ്ററിൽ കമന്റ് ചെയ്തു, ഇത് നടപ്പാക്കുകയാണെങ്കിൽ കേരളത്തിലെ മുഖ്യമന്ത്രിയെ ഞാൻ അംഗീകരിക്കാമെന്ന്. ഗെയിൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിഞ്ഞത് കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ഉറച്ച നിലപാട് കൊണ്ടാണ്. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കേരളത്തിന് വളരെ നന്നായി ചെയ്യാൻ സാധിച്ചുവെന്ന് ശ്രീ. നിതിൻ ഗഡ്കരി പറഞ്ഞു. ഈ പദ്ധതി കേരളത്തിൽ നടപ്പിലാകില്ലെന്ന് പറഞ്ഞിട്ടും ഇവിടെ പദ്ധതി പ്രാവർത്തികമാക്കിയതിനെ അംഗീകരിച്ചുകൊണ്ട് പ്രധാനമന്ത്രിയും സംസാരിച്ചു. കോഴിക്കോട് എയർപോർട്ടിനുള്ള ഭൂമി ഏറ്റെടുത്തത് അവിടത്തെ എം.എൽ.എ. ആണല്ലോ; വല്ലാർപാടത്തെ റെയിൽവേ ലൈൻ വന്നത് എന്നാണ്; അന്നത്തെ പോർട്ട് ട്രസ്റ്റിന്റെ ചെയർമാൻ ആസ്സാമിലെ

ഡി.ജി.പി., ശ്രീ. എൻ. രാമചന്ദ്രൻ ഉൾപ്പെടെ ചെയ്ത കാര്യത്തെക്കുറിച്ച് ഞാൻ പറയാം. വാട്ടർ മെട്രോയുടെ പ്ലാൻ ഉൾപ്പെടെ തയ്യാറാക്കിയത് നിങ്ങളാണെന്ന് പറയുന്നു, അങ്ങനെയുള്ള കാര്യങ്ങൾ നിങ്ങൾ പറയുമ്പോൾ ഞങ്ങൾ ചെയ്യുന്ന കാര്യങ്ങൾ ചെയ്തുവെന്ന് നിങ്ങളും അംഗീകരിക്കണം. മലയോര ഹൈവേയും തീരദേശ ഹൈവേയും ലൈഫ് സയൻസ് പാർക്കും ഉൾപ്പെടെ ധാരാളം പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മുൻ ഗവൺമെന്റുകളുടെ പങ്ക് ഞങ്ങൾ കുറച്ച് കാണുന്നില്ലല്ലോ; റോഡ് വികസനത്തിനായി അന്നത്തെ ഗവൺമെന്റ് സ്ഥലം ഏറ്റെടുക്കുമ്പോൾ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആയതുകൊണ്ട് 30 മീറ്റർ മാത്രമെ എടുക്കാവൂ 45 മീറ്റർ എടുക്കാൻ പാടില്ല എന്ന് അന്നത്തെ സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി സഖാവ് പിണറായി വിജയൻ പറഞ്ഞിട്ടില്ല. നിങ്ങൾക്ക് ഒറ്റ പ്രശ്നം മാത്രമെയുള്ളൂ, ഞങ്ങൾ പ്രതിപക്ഷമായതുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഭരിക്കുന്ന സമയത്ത് ഇതൊന്നും നടക്കേണ്ടെന്നാണ് നിങ്ങൾ പറയുന്നത്. നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം ഇത്രമാത്രമേയുള്ളൂ. സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ള കാര്യങ്ങളിൽ പോസിറ്റീവായ നിലപാട് മാത്രമെ എടുത്തിട്ടുള്ളൂ.

യു.ഡി.എഫ്.-ന്റെ കാലത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിമർശനങ്ങൾ ഉണ്ടായിട്ടുണ്ടാകാം, അത് ഞങ്ങൾ പറഞ്ഞിട്ടുമുണ്ടാകും. എന്നാൽ പൊതുവായ കാര്യങ്ങളിൽ ഞങ്ങൾക്ക് തർക്കമില്ല. മുമ്പോട്ട് ഇത്തരം കാര്യങ്ങളിൽ നമ്മൾ ഒരുമിച്ച് നിൽക്കണം. ഓരോ മേഖലയ്ക്കും നൽകാൻ ഉദ്ദേശിക്കുന്ന തുക സംബന്ധിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു. ഇപ്പോഴത്തെ സാഹചര്യത്തിൽ കേരളം മുന്നോട്ട് പോകുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്, അതൊരു ചെറിയ കാര്യമല്ല. വളരെ വ്യത്യസ്തമായ കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഇങ്ങനെയൊരു സാഹചര്യം കേരളത്തിൽ മുമ്പുണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ അവകാശങ്ങളെ സംബന്ധിച്ച് കേരളത്തിന്റെ അനുഭവംവച്ച് ചുരുക്കി പറയാം. സംസ്ഥാനത്തിന് ലഭിക്കേണ്ട ടാക്സ് കിട്ടേണ്ടതും ഫിനാൻഷ്യൽ പവേഴ്സ് സപ്പോർട്ട് ചെയ്യേണ്ടതും എന്തുകൊണ്ടാണെന്ന് പരിശോധിക്കാം. കേരളമാകുന്നതിനുമുമ്പ് തിരുവിതാംകൂറും കൊച്ചിയും മലബാറുമായിരുന്നു കേരളത്തിൽ ഉണ്ടായിരുന്നത്. സാമൂതിരിക്ക് ശേഷമാണ് മലബാറിനെ കൊളോണിയൽ ശക്തികൾ വന്ന് എ.ഡി. 1800-ഓടുകൂടി ബ്രിട്ടീഷുകാരുടെ കീഴിലാക്കിയത്. ആ കാലഘട്ടത്തിൽ സാമൂതിരിയെ കാണാനായി

ആദ്യമായി വാസ്കോഡ ഗാമ വന്നതിനെപ്പറ്റി വായിച്ചിട്ടുണ്ടല്ലോ; അന്നത്തെ കാലത്ത് ഏറ്റവും സമ്പന്നമായ, മനോഹരമായ ഒരു രാജ്യമായിരുന്നു മലബാർ. പക്ഷേ അത് ബ്രിട്ടീഷുകാരുടെ കയ്യിൽ വന്നപ്പോഴുള്ള അവസ്ഥ എങ്ങനെയായിരുന്നു? അവിടത്തെ പുരോഗതിയെല്ലാം നഷ്ടപ്പെട്ടു. മലബാറിൽ നിന്നുള്ള വരുമാനമെല്ലാം അവർ കൊണ്ടുപോയി എന്നതാണ് സത്യം. ചെറിയ നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറും കൊച്ചിയും വൈസ്രോയിയുടെ കീഴിലായിരുന്നതിനാൽ കുറച്ച് കപ്പം നൽകേണ്ടി വന്നെങ്കിലും ഇവിടെ ഇൻവെസ്റ്റ് ചെയ്യാൻ സാധിച്ചിരുന്നു. അതത് സ്ഥലത്തെ നികുതി പിരിച്ചെടുക്കുകയും വരുമാനമുണ്ടാക്കുകയും ചെയ്യുന്നത് എളുപ്പമുള്ള കാര്യമല്ലെന്ന് നിങ്ങൾ കാണണം. നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയെ അതുമായി താരതമ്യപ്പെടുത്തുന്നില്ല. ഓരോ സംസ്ഥാനത്തിനും വരുമാനം ലഭിക്കുന്ന അവസ്ഥയുണ്ടാകണമെന്നാണ് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും പറയുന്നത്. അതിനായി ഞങ്ങൾ ഡൽഹിയിൽ സമരത്തിനുപോയി. അതിനുമുമ്പ് പലപ്പോഴും ഈ വിഷയങ്ങൾ ഞങ്ങൾ ഉയർത്തിക്കാട്ടിയിട്ടുണ്ട്. 57000 കോടിരൂപ കിട്ടാനില്ലെന്നും 5000 കോടി രൂപ മാത്രമാണ് ലഭിക്കാനുള്ളതെന്നും ഫ്ലോറിൽ നടന്ന ചർച്ചയിൽ

പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പറഞ്ഞു. ഇപ്പോൾ പറയുന്നത് ഞങ്ങളുടെ നോഷണലായിട്ടുള്ള ലോസാണ്. 57000 കോടി രൂപ ഞങ്ങൾക്ക് ലഭിക്കേണ്ടതായിരുന്നു. ചെലവഴിച്ച 5300 കോടി രൂപയും ഞങ്ങൾക്ക് കിട്ടേണ്ടതായിരുന്നു. ആ അവകാശപ്പെട്ട നികുതി വിഹിതം ചോദിക്കണ്ടേ; മഹാരാഷ്ട്രയുടെ മുൻ മുഖ്യമന്ത്രി ശ്രീ. കമൽനാഥിന്റെ പേര് കേൾക്കുമ്പോൾ അങ്ങനെ ഇവിടെ ഉണ്ടാകരുതെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അവരുടെ ആശയങ്ങളിലേയ്ക്ക് പോകുന്ന ആളുകൾ പറയുന്നത് കേട്ട് 57000 കോടിരൂപയൊന്നും കിട്ടാനില്ലെന്നാണോ പറയേണ്ടത്? ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞതിനെ സംബന്ധിച്ചും ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. ഇവിടെ പ്രതിപക്ഷം പറഞ്ഞത് കർണ്ണാടകത്തിൽ എല്ലാം മെച്ചവും ഇവിടെ മെച്ചമല്ലെന്നുമാണ്. കർണ്ണാടകത്തിലെ ഗവൺമെന്റ് പറയുന്നതും അവർ ഉന്നയിക്കുന്നതും അടിസ്ഥാന രഹിതമാണെന്ന് ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞത് എന്റെ ഫോണിനകത്തുണ്ട്. ശ്രീമതി നിർമ്മല സീതാരാമൻ കർണ്ണാടകത്തിൽ എല്ലാം ശരിയാണെന്ന് പറഞ്ഞതായാണ് ഇവർ പറയുന്നത്. ഞങ്ങൾ ഡൽഹിയിലേയ്ക്ക് സമരത്തിന് പോകുന്നതിനുമുമ്പ്

കോൺഗ്രസ് സമരത്തിന് പോയിരുന്നു. പ്രതിപക്ഷനേതാവിനെയും പ്രതിപക്ഷ ഉപനേതാവിനെയും വിളിച്ച് ഡൽഹിയിൽ സമരത്തിന് പോകണമെന്ന് മുഖ്യമന്ത്രി പറഞ്ഞതാണ്. പരിപാടി നടത്തേണ്ട തീയതിവരെ നിങ്ങളുടെ താത്പര്യത്തിനനുസരിച്ച് തീരുമാനിക്കാമെന്നും പറഞ്ഞതാണ്. ആ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. 9-ാം തീയതി പാർലമെന്റ് സമ്മേളനം തീരുന്നതിനാൽ അതിനുമുമ്പുള്ള തീയതി വേണമെന്ന ഒറ്റ കാര്യം മാത്രമാണ് മുഖ്യമന്ത്രി അന്ന് പറഞ്ഞത്. നിങ്ങൾ സമരത്തിന്റെ തീയതി പറയാതെ യോജിക്കുന്നില്ലെന്ന് പറഞ്ഞു, ഇതെല്ലാം നിങ്ങൾ ആലോചിക്കേണ്ട കാര്യമാണ്. അതിനുശേഷം എൽ.ഡി.എഫ്. യോഗം ചേരുകയും സമര തീരുമാനം പ്രഖ്യാപിക്കുകയും ചെയ്തു. ഏതായാലും കോൺഗ്രസ് കർണ്ണാടകത്തിൽനിന്നും സമരത്തിന് പോയി. പ്രതിഷേധം സംഘടിപ്പിച്ചത് കോൺഗ്രസ് ഒറ്റയ്ക്കാണ്. ഞങ്ങൾ ഡൽഹിയിൽ പോയപ്പോൾ ഇന്ത്യൻ പാർലമെന്റിൽ ഇക്കാര്യം പറയാൻ ഇന്ത്യയുടെ പ്രധാനമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും നിർബന്ധിതരായി. നോർത്ത്-സൗത്ത് പ്രശ്നം എന്നെല്ലാം പറയാൻ ശ്രമിച്ചു. അങ്ങനെയൊരു വികാരം കൊണ്ടുവരാൻ ശ്രമിച്ചു. പക്ഷേ സമരം നടന്നപ്പോൾ ഞങ്ങളുടെ പ്രതീക്ഷയ്ക്കും

അപ്പുറമായി കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള ഒരു ദേശീയ സമരമായി അത് മാറി. അവിടത്തെ ഓരോ പ്രസംഗങ്ങളും രാഷ്ട്രീയത്തിന്റെ വികാരം മാത്രം ചാലിച്ച പ്രസംഗമായിരുന്നില്ല. 1980-കളിൽ ഇന്ത്യയിലെ ഏറ്റവും പ്രമുഖമായ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായ ശ്രീ. ഫാറുഖ് അബ്ദുള്ള മുതൽ ഓരോരുത്തരും സംസാരിച്ചത് ഇന്ത്യയെന്ന വികാരം അവരുടെ ഹൃദയത്തിൽ വച്ചുകൊണ്ടായിരുന്നു. ഇന്ത്യയുടെ ദേശീയത ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്ത്യൻ സംസ്ഥാനങ്ങൾ ഇങ്ങനെ കോപ്പറേറ്റീവ് ഫെഡറലിസത്തിന്റെ ഭാഗമായി നിൽക്കണമെന്നും അതത് സംസ്ഥാനങ്ങളിലെ ജനങ്ങളുടെ താൽപ്പര്യംകൂടി സംരക്ഷിക്കണമെന്നുള്ള വികാരത്തോടുകൂടിയാണ് ഓരോരുത്തരും സംസാരിച്ചത്. ഡൽഹി മുഖ്യമന്ത്രിയും പഞ്ചാബ് മുഖ്യമന്ത്രിയും സംസാരിച്ചിരുന്നു, തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിൻ വിദേശത്തായിരുന്നതിനാൽ ഓൺലൈനായാണ് സമരത്തിൽ പങ്കുചേർന്നത്. കേരളത്തിലെ കോൺഗ്രസ് പാർട്ടിയും യു.ഡി.എഫ്.-ഉം അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചോ? പഴയ രാജധാനികളിലെ രാജഭരണം പോലെയാണ് ഇന്ന് ഇന്ത്യൻ പാർലമെന്റ് ചേരുന്നതെന്ന് ആളുകൾ പറയുന്നുണ്ട്. പഴയ ചെങ്കോലും സംവിധാനങ്ങളും തിരിച്ചുവരികയും

അഭിപ്രായങ്ങളും സംസാരങ്ങളും ഇല്ലാതാകുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വരികയുമാണ്. പാർലമെന്റിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഉൾപ്പെടെയുള്ള എല്ലാ നിയമങ്ങളെക്കുറിച്ചും ചോദ്യം വരുന്നതാണ്. ഇന്ത്യയിലെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് എല്ലാവരും ഒരുമിച്ച് നിൽക്കേണ്ട ഘട്ടമാണിത്. 'ഇന്ത്യ' എന്ന ഒരു രാഷ്ട്രീയ പ്ലാറ്റ്ഫോം ഉണ്ടാക്കിയിരിക്കുകയാണ്. അതിന്റെ നേതൃത്വത്തിലിരിക്കുന്ന നേതാക്കന്മാരെ എല്ലാവരെയും ഒരുമിച്ച് കൊണ്ടുവരണം. ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ അടക്കമുള്ളവർക്ക് ഞങ്ങൾ കത്ത് കൊടുത്തിരുന്നല്ലോ; ഇവിടെ വരാൻ സാധിക്കാത്തതിലുള്ള ദുഃഖം കൊണ്ട് അവർ ഇക്കാര്യം രാജ്യസഭയിൽ പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സമരം ഞങ്ങളുടെ ആവശ്യങ്ങൾ പോലെ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള സമരമാണെന്നും ഞങ്ങൾ പിന്തുണയ്ക്കുന്നുവെന്നും കർണ്ണാടകത്തിലെ മുഖ്യമന്ത്രിയും ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററും പറഞ്ഞു. ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ അവിടെ വന്നില്ല. 'സംസ്ഥാനത്തെ ജനങ്ങളുടെ അവകാശം' എന്നത് ഇന്ത്യയിലെ പ്രതിപക്ഷത്തെ ഒരുമിച്ച് നിർത്താവുന്ന ഏറ്റവും വലിയൊരു Political slogan ആയിരുന്നു. ആ അവകാശത്തെയും സമരത്തെയും സംയുക്തമായി കൊണ്ടുപോകുന്നതിന് തടസ്സമുണ്ടാക്കിയത്

കേരളത്തിലെ കോൺഗ്രസ് നേതൃത്വമാണെന്ന് പറയുന്നതിൽ വിഷമമുണ്ട്, പക്ഷെ പറയാതിരിക്കാൻ കഴിയില്ല. നമ്മുടെ രാജ്യത്തെ ഇത്രയും ശക്തമായ മുന്നേറ്റത്തിന് തടസ്സമുണ്ടാക്കാൻ 'മൂക്ക് മുറിച്ച് ശകുനം മുടക്കുക' എന്ന് പറയുന്നതുപോലെ സ്വന്തം നാടിന്റെ താൽപ്പര്യം തടയുന്ന തരത്തിലേയ്ക്ക് തടസ്സമുണ്ടാക്കി ജനങ്ങളുടെ വികാരത്തെ ഒറ്റിക്കൊടുത്തുവെന്ന് പറയുന്നത് അധികമാണെങ്കിൽ അങ്ങനെ ഞാൻ പറയുന്നില്ല. പക്ഷേ നിങ്ങൾ ചെയ്തത് അങ്ങേയറ്റം വഞ്ചനാപരമായ നിലാപാടാണെന്ന് പറയാതിരിക്കാൻ സാധിക്കുന്നില്ല. കാരണം ഇതിൽ ഞങ്ങൾക്ക് അതിയായ വിഷമമുണ്ട്. ഞങ്ങൾ ഈ കാര്യങ്ങളെല്ലാം നാടിന്റെ താൽപ്പര്യത്തിനുവേണ്ടി പറഞ്ഞതാണ്. ബഡ്ജറ്റിനകത്ത് ഇത്തരം ഒരു പോളിസി എടുക്കുന്നുവെന്നതിനെക്കുറിച്ചും ഇവിടെ ചർച്ച വന്നു. വിദേശ സർവ്വകലാശാലയെക്കുറിച്ചാണല്ലോ മറ്റൊരു ചർച്ച; പുഷ്പനെ ഓർമ്മയുണ്ടോയെന്ന് ബഹുമാനപ്പെട്ട അംഗങ്ങളിൽ ഒന്നുരണ്ടുപേർ ഇവിടെ ചോദിച്ചിരുന്നു. സഖാവ് പുഷ്പനെ ഓർമ്മയുണ്ടെന്നുമാത്രമല്ല, ആ സമരത്തിനകത്ത് സജീവമായി പങ്കെടുത്തവരാണ് ഈ ഇരിക്കുന്ന ഞങ്ങളെല്ലാവരും. ആ സമരം കണ്ടുകൊണ്ട് നിന്നവരും ഇവിടെയുണ്ടാകും.

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരങ്ങളും ചർച്ചകളും വേണമെന്നാണ് ഞങ്ങൾ പറഞ്ഞത്. വിദേശ സർവ്വകലാശാലയെ സംബന്ധിച്ച് ചർച്ച വേണമെന്നേ പറഞ്ഞിട്ടുള്ളൂ. ഞാൻ ഒരുകാര്യം പറയാം. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലും പൊതുമേഖലയിലും എന്താണ് സംഭവിക്കുന്നത്; ഇന്ത്യയിൽനിന്ന് ആകെ 13 ലക്ഷത്തോളം പേർ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നു. 13 ലക്ഷം പേർ അപ്ലൈ ചെയ്യുതിൽ എഫക്ടീവായി ആറോ ഏഴോ ലക്ഷം പേർ പോയെന്നാണ് കണക്ക്. നാല് ശതമാനം കേരളത്തിലുള്ളവരാണ്. കേരളത്തിൽനിന്നും ഒരു വർഷം 30000 പേരെങ്കിലും വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുകയാണ്. കേരളത്തിലെ വിദ്യാർത്ഥികളിൽ 40000 പേരെങ്കിലും മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. നിങ്ങൾ നേരത്തേ പറഞ്ഞു, ഞങ്ങൾ നേരത്തേ പറഞ്ഞു എന്ന പ്രശ്നമല്ല. നിങ്ങൾ ഞങ്ങളേക്കാളും നന്നായി പഠിച്ചു, ഞാൻ നിങ്ങളേക്കാളും മോശമായി പഠിച്ചുവെന്ന വിഷയമാണോ ഇവിടെയുള്ളത്. ഇത് കേരളത്തെ എങ്ങനെ ബാധിക്കുന്നുവെന്നതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേകത, കേരളം മുപ്പത് വർഷം മുമ്പോ അറുപത് വർഷമുമ്പോ പറഞ്ഞ കാര്യമാണോ;

ബഹുമാനപ്പെട്ട അംഗം ശ്രീ. എം. എം. മണിയൊക്കെ ഏറ്റവും സീനിയറായ തലമുറയിൽപ്പെട്ടവരാണ്. അമ്പതോ അറുപതോ വർഷങ്ങൾക്കുമുൻപ് ട്രാക്ടർ വരുന്നു. അല്ലെങ്കിൽ നാൽപ്പതു വർഷം മുമ്പ് ട്രാക്ടറിനും കമ്പ്യൂട്ടറിനുമെതിരെ സമരം ചെയ്തവരാണ് അന്നത്തെ തലമുറ. ട്രാക്ടറിനെതിരെ ഞങ്ങളുടെ അന്നത്തെ തലമുറ കുട്ടനാട്ടിലും മറ്റും സമരം ചെയ്തിട്ടുണ്ട്. അതിനുകാരണം മൂവായിരം തൊഴിലാളികൾ വന്നുനിൽക്കുമ്പോൾ പാടശേഖരങ്ങളിൽ കർഷകത്തൊഴിലാളികൾക്ക് ജോലി ലഭിക്കാതെ പോകുന്ന കാലത്ത് സമരം ചെയ്തത് പോലെയാണോ ഇപ്പോഴത്തെ സ്ഥിതി. അന്ന് മൂവായിരം പേർ ജോലി ചെയ്യാൻ തയ്യാറായി വരുമ്പോൾ യന്ത്രവൽക്കരണം വന്നു. ഇന്നത്തെ സാഹചര്യം അതുപോലെയല്ല. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇവിടെ പണിയെടുക്കാൻ ആളുകൾ വരുന്നു. രണ്ടും ഒരുപോലെയല്ല. കാലം മാറുമ്പോൾ ആ കാലത്തെ മനസ്സിലാക്കണം. ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. കേരളത്തിലെ പ്രശ്നമെന്താണ്; കേരളത്തിലെ കുടുംബങ്ങളിൽനിന്ന് കുട്ടികൾ വിദേശത്തേയ്ക്ക് പോകുന്നു. ആദ്യം അതിന്റെ സാമ്പത്തിക വശമെടുക്കാം. മുപ്പതിനായിരം കുട്ടികൾ പോകുന്നുവെന്ന് പറഞ്ഞാൽ ഒരുവർഷം പതിനായിരം കോടി രൂപയെങ്കിലും

കേരളത്തിന് പുറത്തേയ്ക്ക് പോകും. ഒരു കുട്ടിക്ക് മുപ്പത് ലക്ഷംരൂപ മുതൽ അതിനുമുകളിലേയ്ക്ക് വരും. നമ്മുടെ നാട്ടിൽ ചെലവാകേണ്ട പണം ഇവിടെ വരണമെന്നുള്ളത് ഒരു കാര്യം. എല്ലാ കുട്ടികളും പഠിക്കാൻവേണ്ടി മാത്രം പോകുന്നതല്ല, ജോലിക്കും മൈഗ്രേഷനുമാണ്. കേരളത്തിൽ ഒരു കുട്ടി പി.ജി.-യോ ഡിഗ്രിയോ കഴിയുമ്പോൾ 25 ലക്ഷം രൂപവരെയെങ്കിലും സംസ്ഥാന സർക്കാർ ചെലവാക്കുന്നുണ്ടാകും. വിദേശ രാജ്യങ്ങളെ സംബന്ധിച്ച് അവിടെ ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അവർക്ക് ജോലികൾ ചെയ്യുന്നതിന് ആളുകൾ വേണം. പലതരം ജോലികളാണ്, അതിൽ ഉയർന്ന ജോലികളൊന്നുമില്ല. 25 ലക്ഷം രൂപ മുടക്കി പഠിച്ച ഒരു കുട്ടി അവിടെ പോകുമ്പോൾ, ഇത്രയും എക്യുപ്ഡ് ആക്കിയ, വിദ്യാഭ്യാസം ചെയ്ത, ഏകദേശം എല്ലാതരത്തിലും ഡെവലപ് ചെയ്ത ഒരു പ്രോഡക്ടിനെയാണ് അവർക്ക് ലഭിക്കുന്നത്. വിദേശ രാജ്യങ്ങളിലുള്ളവർ അവരെ ജോലിക്ക് എടുക്കുകയാണ്. അങ്ങനെ വരുമ്പോൾ നമുക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കെയർ ഇക്കോണമി കൊള്ളാമെന്ന് പറഞ്ഞതുകൊണ്ട് കാര്യമില്ല. പ്രായമായവരുടെ എണ്ണം വർദ്ധിക്കുകയാണ്. കുട്ടികളെല്ലാം വിദേശത്തേയ്ക്ക് പോകുകയാണ്. അങ്ങനെയൊരു സ്ഥലത്ത്

ഇതിനൊരു പരിഹാരമെന്താണ്; അതിനുള്ള പരിഹാരമെന്ന നിലയ്ക്കാണ് കഴിഞ്ഞദിവസം വ്യവസായ വകുപ്പുമന്ത്രി ഇവിടെപ്പറഞ്ഞ ഐ.ബി.എം.-ലും അതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളിലും വ്യത്യസ്ത മേഖലകളിൽ ന്യൂ ജനറേഷൻ ജോലികളുണ്ട്. ഇവിടത്തെ ചെറുപ്പക്കാർക്ക് ഇവിടെത്തന്നെ ജോലി ലഭിക്കാനുള്ള അവസരമുണ്ടാകണം. അതിനായി ക്യാമ്പസിനകത്തും മറ്റ് സ്ഥലങ്ങളിലും ഇൻഡസ്ട്രി വരണം. ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെതന്നെ ഒരു അനുഭവം പറയാം. അങ്ങയുടെ നിയോജകമണ്ഡലത്തിലും ചിലപ്പോൾ ഇത്തരം സംഭവങ്ങളുണ്ടാകും. വലിയ തുക കടം വാങ്ങി കാനഡയിൽ പോയി. അവിടെ ചെന്നപ്പോൾ ജോലിയൊന്നും കിട്ടാത്തതിനാൽ മൂന്നുനാല് മാസങ്ങൾക്കുമുമ്പ് ഒരു ചെറുപ്പക്കാരൻ ആത്മഹത്യ ചെയ്തു. ഇവിടെനിന്ന് മുപ്പത്-നാൽപ്പത് ലക്ഷംരൂപ മുടക്കി വിദേശത്തേയ്ക്ക് പോയിട്ടും മുൻകാലങ്ങളിലെ പോലെ അവിടെ ജോലി ലഭിക്കുന്നില്ല. ഇത് വലിയൊരു സാമൂഹികവും സാമ്പത്തികവുമായ പ്രശ്നമാണ്. ഇപ്പോൾ ഇവിടെ 30000 പേരെയും 7000 പേരെയും 8000 പേരെയും പുറത്തേയ്ക്കുകൊണ്ടുപോകുന്ന ഏജൻസികളെക്കുറിച്ച് കൊട്ടിഘോഷിക്കുന്നുണ്ടല്ലോ; ഇതൊരു ചെറിയ

പ്രശ്നമല്ല, കേരളത്തിനകത്ത് ഇത്തരത്തിൽ മാറ്റമുണ്ടാകണം. നല്ല ജോലിയും വരുമാനവുമുണ്ടെങ്കിൽ ആളുകൾ നമ്മുടെ നാട്ടിൽത്തന്നെ നിൽക്കും. അതിനാണ് പുതിയ സെന്ററുകൾ വരുന്നത്. ആ ഒരു കാഴ്ചപ്പാടോടെയാണ് പുതിയ വിദ്യാഭ്യാസ കേന്ദ്രങ്ങളെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ വന്നപ്പോൾ ജോലി കളയുമെന്ന് പറഞ്ഞ് അവിടത്തെ കോൺഗ്രസ് സംഘടനയുടെ സമരം ഉദ്ഘാടനം ചെയ്തത് ഉമ്മൻ ചാണ്ടി സാറാണെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഒരിടത്ത് മാത്രമല്ല ഇത്തരം സംഭവങ്ങളുണ്ടാകുന്നത്. ഇക്കാലത്തുവരുന്ന ഇത്തരം കാര്യങ്ങൾ, ക്യാമ്പസുകളിൽ പുതിയ ടെക്നോളജി ഉപയോഗിച്ചേ മതിയാകൂ. പുതിയ സ്ഥാപനങ്ങളും ജോലി സാധ്യതകളും ഉണ്ടാകണം. വിഴിഞ്ഞം അതുപോലെ മറ്റ് സ്ഥലങ്ങളിൽ ഞങ്ങൾ പതിനായിരം ഏക്കർ ഒന്നും ആളുകളിൽനിന്നും ഏറ്റെടുക്കാനല്ല മറിച്ച് ആളുകളെക്കൂടി വിനിയോഗിച്ച് സഹകരണ മേഖലയേയും സ്വകാര്യ മേഖലയേയും ഉപയോഗിച്ച് ക്യാപിറ്റൽ ഇൻവെസ്റ്റ് ചെയ്ത് സ്ഥലം ഡെവലപ് ചെയ്ത് അവിടെയെല്ലാം സ്ഥാപനങ്ങൾ വരുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ജോലി സാധ്യതകൾ വർദ്ധിപ്പിക്കാനുമാണ്

ശ്രമിക്കുന്നത്. അങ്ങനെ ടൂറിസം, ഇൻഡസ്ട്രിയൽ തുടങ്ങിയ എല്ലാ മേഖലകളിലും പുതിയ സ്ഥാപനങ്ങൾ ഉണ്ടാകണം. ഞങ്ങൾ ഇക്കാര്യങ്ങൾ നേരത്തെയും പറഞ്ഞതാണ്, ഇതൊരു പുതിയ കാര്യമല്ല. ഇ.എം.എസ്.-ന്റെ മന്ത്രിസഭയുടെ കാലത്ത് മാവൂർ ഗ്വാളിയോർ റയോൺസ് ഉൾപ്പെടെയുള്ള വ്യവസായങ്ങൾ വരാമെങ്കിൽ ഇന്ന് അതിനേക്കാളും പുതിയ സംരംഭങ്ങൾ വരുന്നത് വലിയ കാര്യമല്ല. ചൈനയിൽ നടന്ന ഡെവലപ്മെന്റിന്റെ കാര്യമുണ്ട്. അവരെ എല്ലാവരുംകൂടി ശ്വാസം മുട്ടിക്കാൻ ചെന്നപ്പോൾ അവിടെ സംഭവിച്ച കാര്യങ്ങളെക്കുറിച്ച് നമുക്ക് എല്ലാവർക്കും അറിയാം. സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറിയും എം.എൽ.എ.-യും കൂടിയായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത് ഞങ്ങൾ ഈ വിഷയം ചർച്ച ചെയ്യുന്നതേയുള്ളൂ എന്നാണ്. ഈ നയമെടുത്തിട്ടുള്ളത് സി.പി.ഐ.(എം.) അല്ല, പാർട്ടിയുടെ എല്ലാ നയവും ഗവൺമെന്റിന് നടപ്പാക്കാൻ സാധിക്കില്ല. ഞങ്ങൾ കൂട്ടായി ചർച്ച ചെയ്ത് കാര്യങ്ങൾ തീരുമാനിക്കും. ഇത്തരം കാര്യങ്ങളിൽ പൊതുവായ മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ഇതുസംബന്ധിച്ച ചർച്ചകൾ പോലും പാടില്ലെന്ന് പറയുന്ന തരത്തിൽ അഭിപ്രായം വരുന്നത് ശരിയല്ലെന്നാണ്

ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങേയ്ക്ക് ഇനി എത്രസമയം വേണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇവരുടെ നിലപാടുകൾ വ്യക്തമാക്കുന്ന ചില കാര്യങ്ങളുണ്ട്. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, എം.പി.-യുടെ കാര്യത്തെക്കുറിച്ച് പറയാം. അദ്ദേഹം എം.പി. ആയതുകൊണ്ട് പറയുകയാണ്. അദ്ദേഹം പ്രധാനമന്ത്രിയുടെ വിരുന്നിൽ പങ്കെടുത്തതിനെക്കുറിച്ച് ഇവിടെ ഇന്നലെ മുൻ പ്രതിപക്ഷനേതാവിന്റെയും ഇപ്പോഴത്തെ പ്രതിപക്ഷനേതാവിന്റെയും പ്രസംഗം ഉണ്ടായിരുന്നു. ഇന്നലെ അദ്ദേഹം പറഞ്ഞു, മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ കണ്ടപ്പോൾ എന്തൊരു ബഹുമാനത്തിലാണ് നിന്നത്, അങ്ങനെ നിൽക്കാമോയെന്ന്. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പോയത് ഏറ്റവും ഉയർന്ന താത്വിക കാര്യങ്ങൾ സംസാരിക്കാനാണ്. ഞങ്ങൾ പോയതിന്റെയും വന്നതിന്റെയും പ്രശ്നങ്ങൾ എന്താണെന്നുവച്ചാൽ ഇന്ത്യയിൽനിന്നും ആകെ 8 പേരെ മാത്രമാണ് അവർ സെലക്ട് ചെയ്തത്. തമിഴ്നാട് കേന്ദ്രമന്ത്രി ശ്രീ. എൽ. മുരുകൻ,

ലഡാക്കിൽനിന്നുള്ള ബി.ജെ.പി. അംഗം, എം.പി. Shri Jamyang Tsering, ബി.ജെ.പി. എം.പി.-യും ദേശീയ വക്താവുമായ മഹാരാഷ്ട്രയിൽനിന്നുള്ള Smt. Heena Gavit, നാഗാലാൻഡ് ബി.ജെ.പി. എം.പി., Smt. S. Phangnon Konyak, ഇന്ത്യാ സഖ്യത്തിൽ ചേരാതെ നിൽക്കുന്ന ഒറീസയിലെ ബി.ജെ.ഡി. എം.പി. Dr. Sasmit Patra, ഇന്ത്യാ സഖ്യത്തിൽ ചേരാതെ നിൽക്കുന്ന ആന്ധ്രാപ്രദേശിലെ ടി.ഡി.പി. എം.പി. ശ്രീ. രാംമോഹൻ നായിഡു, ഇന്ത്യാ മുന്നണിയിൽ ചേരാത്ത മറ്റൊരു പാർട്ടിയായ ബി.എസ്.പി.-യുടെ എം.പി. Shri Ritesh Pandey, കേരളത്തിൽനിന്നുള്ള എം.പി. എന്നിവരെയാണ് അവർ വിളിച്ചത്. അതത് മുന്നണിയിൽനിന്നും മാറിനിൽക്കുന്ന ആളുകളെയാണ് അവർ വിളിച്ചത്. ഡോ. ശശി തരൂരിനെ വിളിച്ചില്ല. കാസർഗോഡ് എം.പി. പറഞ്ഞത് ഞാനാണെങ്കിൽ പോകില്ലായിരുന്നുവെന്നാണ്. മുഖ്യമന്ത്രി, പ്രധാനമന്ത്രി വരുമ്പോൾ തൊഴുതു, അദ്ദേഹത്തെ ബഹുമാനിച്ചു എന്നൊക്കെ പറഞ്ഞല്ലോ. മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ കാണുമ്പോഴും പ്രധാനമന്ത്രി മുഖ്യമന്ത്രിയെക്കാണുമ്പോഴും സംസാരിക്കുന്നതുപോലെയാണോ ഇത്; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞൊരു ഉദാഹരണമാണ് ഏറ്റവും കഷ്ടമായിപ്പോയത്. എന്നെ

മുഖ്യമന്ത്രി പലപ്പോഴും വിളിച്ചിട്ടുണ്ടല്ലോയെന്നും ശ്രീ. വി. ശിവൻകുട്ടി മിനിസ്റ്റർ വിളിച്ചല്ലോയെന്നും അങ്ങ് പറഞ്ഞു. കേരളത്തിലെ മുഖ്യമന്ത്രിയെയും ബി.ജെ.പി.-യുടെ രാഷ്ട്രീയത്തെയും ഒരുപോലെ കാണുന്നുവെന്നതാണ് അങ്ങയുടെ പ്രശ്നം. (...ബഹളം...) അതും മുഖ്യമന്ത്രി വിളിക്കുന്നതും ഒരുപോലെയാണോ?

ശ്രീ. വി. ഡി. സതീശൻ: സർ, (മൈക്ക് ഓഫ്)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കോൺഗ്രസിലെ നേതാക്കളെ വിളിച്ചാൽ, കോൺഗ്രസിനെ ഞങ്ങൾ കാണുന്നത് ആർ.എസ്.എസ്.-ന്റെ ഇത്തരം സമീപനം പോലെയല്ല. കോൺഗ്രസിന്റെ കാര്യത്തിന് വിളിച്ചാൽ വരും. അതുകൊണ്ട് ആ പറഞ്ഞത് ശരിയല്ല. മുഖ്യമന്ത്രി വിളിച്ചിട്ടും ഞാൻ പോയില്ലല്ലോ, എന്നു പറഞ്ഞിട്ട്. ക്രിസ്തുമസ് വിരുന്ന്, അതുപോലുള്ള വിരുന്നുകൾ ഇതൊക്കെ പൊതുവിലുള്ള കാര്യമല്ലേ. അതിനും പങ്കെടുത്തില്ലല്ലോ?

ശ്രീ. വി. ഡി. സതീശൻ: സർ, (മൈക്ക് ഓഫ്)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ് വന്നില്ല. ഇതിനകത്തൊരു കാര്യമേയുള്ളൂ. ഇതൊരു വാണിംഗാണ്. ഞങ്ങൾ ഒരു

വാണിംഗ് പറഞ്ഞുതരുന്നു. റെഡ് ലൈറ്റ് കത്തുന്നുണ്ട്, ശ്രദ്ധിച്ചാൽ കൊള്ളാം. അത്രയേ പറയുന്നുള്ളൂ.

മി. സ്പീക്കർ: യെസ്.... യെസ്.. പ്ലീസ് കൺക്ലൂഡ്. അങ്ങേയ്ക്ക് ഇനി എത്ര സമയം വേണം.

ശ്രീ. വി. ഡി. സതീശൻ: സർ, (മൈക്ക് ഓഫ്)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ശ്രീ. നിതിൻ ഗഡ്കരി മന്ത്രിയാണ്. രാഷ്ട്രീയപരമായ കാര്യമാണ്. (...ബഹളം...) അങ്ങ് മാറ്റിപ്പറയരുത്. അടുത്ത രണ്ടുമാസത്തിനകം തെരഞ്ഞെടുപ്പ് നടക്കുകയാണ്. ഈ സമയത്ത് സെലക്ട് ചെയ്ത് 8 പേരെ വിളിക്കുന്നത് സാധാരണ വിളിക്കുന്നതുപോലെയല്ല. അത്രയേയുള്ളൂ. ഞാൻ ഇക്കാര്യം ഇവിടെ പറയാനുദ്ദേശിച്ചതല്ല. ഇപ്രകാരം ന്യായീകരിച്ച് പറഞ്ഞതുകൊണ്ട് പറഞ്ഞതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇനിയും ധാരാളം കാര്യങ്ങൾ പറയാനുണ്ട്. എല്ലാം സമയമെടുത്ത് പറയുന്നില്ല. ഇവിടെ നടന്ന ചർച്ചകളിൽ കുറെയേറെ കാര്യങ്ങൾ വന്നെങ്കിലും ഇതിൽ കൂടുതൽ പ്രഖ്യാപനങ്ങളൊന്നും

നടത്താനില്ല. എന്നാൽ ചില കാര്യങ്ങളെക്കുറിച്ച് പറയാനുമുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിലേയ്ക്കായി 2,001 കോടി രൂപയുടെ ബഡ്ജറ്റുണ്ടാകും. അതിനായി അഡീഷണലായി വരുന്ന തുക നീക്കിവയ്ക്കുന്നതാണ്. കേരള അന്താരാഷ്ട്ര സാംസ്കാരിക സമുച്ചയത്തിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് പറഞ്ഞിരുന്നു. നോർക്കയുമായി ചേർന്ന് കേരളത്തിന്റെ എല്ലാ കലാരൂപങ്ങളും സ്ഥിരമായി അവതരിപ്പിക്കാൻ സാധിക്കുന്നതും തനത് ഭക്ഷണശീലങ്ങളുള്ളതും കേരളത്തിന്റെ ആകെ ക്രോസ് സെക്ഷനായി വരുന്നതുമായ ഒരു കൺവെൻഷൻ സെന്റർ വികസിപ്പിച്ചെടുക്കണം. അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് അഞ്ച് കോടി രൂപ നീക്കിവയ്ക്കുന്നു. ഇത് വിപുലമായ ഒരു പദ്ധതിയാണ്. ഇന്ത്യൻ സാംസ്കാരികതയുടെ വ്യത്യസ്തങ്ങളായ അംശങ്ങൾ നമുക്കുണ്ട്. കേരളത്തിൽ കൊല്ലം ജില്ലയിലെ മലനടയിൽ പ്രശസ്തമായ ദുര്യോധന ക്ഷേത്രമുണ്ട്. കൂടാതെ മലനടയുടെ പ്രാന്തപ്രദേശങ്ങളിൽ ദുശ്ശള, ദുശാസനൻ, ശകുനി എന്നിവർക്കും ക്ഷേത്രങ്ങളുണ്ട്. ഇതൊക്കെ പഴയ സംസ്കാരത്തിന്റെ ഭാഗമാണ്. മലബാറിലേയ്ക്ക് പോയാൽ ബൗദ്ധിക പാരമ്പര്യത്തിന്റെ ധാരാളം കാര്യങ്ങളുണ്ട്. ഓരോ സ്ഥലത്തും വ്യത്യസ്തമായ ആചാരങ്ങളും

വിശ്വാസങ്ങളുമുണ്ട്. ഇന്ത്യയിൽ ആ ആചാരങ്ങളും വിശ്വാസങ്ങളുമുണ്ടെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതുസംബന്ധിച്ച് ഡിജിറ്റലാക്കുകയും മനസ്സിലാക്കുകയും വേണം. കാരണം എല്ലാം ഒന്നുമതിയെന്നാണെല്ലോ ഇപ്പോൾ പറയുന്നത്. ഒറ്റത്തരത്തിലുള്ള കാര്യങ്ങൾ മതിയെന്ന് പറയുമ്പോൾ നമ്മുടെ വ്യത്യസ്തതകളും ചരിത്രവും അതത് സ്ഥലത്തെ രീതികളുമൊക്കെ പഠിക്കുന്നതിന് സാംസ്കാരിക ഡിജിറ്റൽ സർവ്വേ നടത്തി അതിന്റെ കാര്യങ്ങൾ ചെയ്യണം. കാരണം ഇപ്പോഴത്തെ ഇന്ത്യയുടെ സാഹചര്യത്തിൽ അത് ആവശ്യമാണ്. അതിനുവേണ്ടി മൂന്നുകോടി രൂപ നീക്കിവയ്ക്കുന്നതാണ്. സയൻസ് മേഖലയിൽ ധാരാളം കാര്യങ്ങൾ നടത്തുന്നുണ്ട്. ഇപ്പോൾ ഒരു സയൻസ് എക്സിബിഷൻ നടക്കുകയാണ്. സ്ഥിരമായ ഒരു സയൻസ് സിറ്റി കേരളത്തിലില്ല. ഇന്ത്യയിൽ കൽക്കട്ടയിലാണ് വലിയൊരു സയൻസ് സിറ്റിയുള്ളത്. അത്തരത്തിലൊരു സയൻസ് സിറ്റി കേരളത്തിൽ ആരംഭിക്കേണ്ടതുണ്ട്. ധാരാളം ചെലവ് വരുന്ന ഒരു പദ്ധതിയാണത്. സയൻസ് സിറ്റിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി അഞ്ച് കോടി രൂപ നീക്കിവയ്ക്കുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ എൻ. ആർ. മാധവ മേനോൻ ചെയറിന് ഈ

പ്രാവശ്യം ഒറ്റത്തവണയായി ഒരു തുക വകയിരുത്തുകയാണ്. നേരത്തെ 50 ലക്ഷം രൂപ വകയിരുത്തിയതാണ്. മീഡിയ അക്കാദമിക്കുവേണ്ടിയുള്ള ചർച്ച ഇവിടെ വന്നിരുന്നു. മീഡിയ അക്കാദമിയുടെ കാക്കനാടുള്ള സ്ഥലത്തെ കെട്ടിടം മെട്രോ റെയിൽ പദ്ധതിയുടെ സ്ഥലമെടുപ്പിന്റെ ഭാഗമായി പൊളിച്ചുമാറ്റേണ്ടിവന്നു. അവിടെ അവർക്ക് രണ്ട് ഏക്കർ സ്ഥലമുണ്ട്. ആ കെട്ടിടത്തിനുവേണ്ടി മൂന്നുകോടി രൂപ നീക്കിവയ്ക്കുന്നു. ബാക്കി തുക ആവശ്യമനുസരിച്ച് പിന്നീട് വയ്ക്കുന്നതാണ്. പട്ടയ മിഷൻ വളരെ നല്ലൊരു പദ്ധതിയാണ്. അത് ശക്തമാക്കാൻ പ്രാഥമികമായി മൂന്ന് കോടി രൂപ നീക്കിവയ്ക്കുകയാണ്. പട്ടയ മിഷന് പ്ലാൻ ഫണ്ടിൽ തുക അനുവദിച്ചിട്ടില്ലായിരുന്നു. അധികമായി നികത്തിയ നെൽ വയലുകൾ പൂർവ്വസ്ഥിതിയിലാക്കാൻ റിവോൾവിംഗ് ഫണ്ടായി രണ്ട് കോടി രൂപ നീക്കിവയ്ക്കുന്നു. സർക്കാർ ഭൂമി സംരക്ഷണത്തിന് റവന്യൂ വകുപ്പ് ഒരു നിർദ്ദേശം നൽകിയിരുന്നു. അത് കഴിഞ്ഞ ദിവസത്തെ ഇവിടെയുള്ള ചർച്ചയിലും ഉദ്യോഗസ്ഥന്മാരുമായുള്ള ചർച്ചയിലും പറഞ്ഞിരുന്നതാണ്. സർക്കാർ ഭൂമി സംരക്ഷണത്തിന് രണ്ട് കോടി രൂപ പ്രത്യേകമായി അനുവദിക്കുന്നു. ബാക്കി പണം നൽകില്ലെന്നല്ല. വകുപ്പിൽനിന്ന്

പ്രാഥമികമായി ആവശ്യപ്പെട്ടിട്ടുള്ളതാണിത്. ഇത് റിവോൾവിംഗ് ഫണ്ടായതിനാൽ പിന്നീടും വരുന്നതാണ്. ക്ഷീര വികസന വകുപ്പിൽ ബീജ ബാങ്കിന് അനുവദിച്ച തുക കുറഞ്ഞുപോയിട്ടുണ്ട്. ആ മേഖലയിൽ ആവശ്യമായ പണം അനുവദിക്കുന്നതാണ്. കേന്ദ്ര സർക്കാർ ഫണ്ട് വരുമ്പോൾ മാച്ചിംഗ് ഗ്രാന്റ് നൽകേണ്ടതാണ്. കർഷക തൊഴിലാളി ക്ഷേമനിധിക്ക് കഴിഞ്ഞ വർഷം അനുവദിച്ച 100 കോടി രൂപ ഇപ്പോഴുമുണ്ട്. 20 കോടി രൂപകൂടി അധികമായി അനുവദിക്കുന്നു. ക്ഷേമനിധി പെൻഷൻ മുഴുവൻ കർഷക തൊഴിലാളികൾക്ക് പൊതുവായ സ്കീമിൽനിന്നാണ് നൽകുന്നത്. ബാക്കി വർഷാന്ത്യ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കുവേണ്ടിയാണ് നൽകുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പും വ്യവസായ വകുപ്പും നല്ല താൽപ്പര്യമെടുക്കുന്ന പദ്ധതിയാണ് കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്. ഇത് വിജയകരമായ ഒരു പദ്ധതിയാണ്. പലയിടത്തും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ IHRD-യിൽ ഒരു ഇൻഡസ്ട്രിയൽ പാർക്ക് വരുന്നുണ്ട്. ഇനിഷ്യേറ്റീവുള്ളിടത്തൊക്കെ പുതിയ കാമ്പസുകൾ വരുന്നുണ്ട്. അതിനായി പത്ത് കോടി രൂപ നീക്കിവയ്ക്കുകയാണ്. സഹകരണ

മേഖലയിൽ വ്യവസായ പാർക്കുകൾ എന്ന ആശയം പറഞ്ഞിട്ടുണ്ട്. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനും സഹകരണ വ്യവസായ പാർക്കിനും സംസ്ഥാന വ്യവസായ വകുപ്പിന്റെ ഒരു പ്രത്യേക സബ്സിഡിയുണ്ട്. റോഡൊക്കെ നിർമ്മിക്കുന്നതിന് ഒരു പ്രത്യേക പദ്ധതിയുണ്ട്. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾക്ക് കൂടുതൽ സൗകര്യങ്ങൾ വരണമെന്നുള്ളതാണ്. സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു കാര്യം എടുത്തുപറയണം. സഹകരണ മേഖലയിൽ കേരളത്തിൽ എല്ലാവർക്കും വലിയ താൽപര്യമാണ്. അതുസംബന്ധിച്ച് വിമർശനങ്ങളുണ്ടാകും. അതിൽ പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമൊന്നും പറയുന്നില്ല. സഹകരണ മേഖല വല്ലാതെ തകർന്നുപോയി, ജനങ്ങളുടെ പിന്തുണയില്ലെന്നൊക്കെ പറയുമ്പോൾ ഈ വർഷത്തെ സഹകരണ നിക്ഷേപ സമാഹരണ പദ്ധതിയിലൂടെ 23,362 കോടി രൂപയാണ് സമാഹരിച്ചതെന്ന് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ വകുപ്പുമന്ത്രി ഇന്ന് പറയുകയുണ്ടായി. ഒൻപതിനായിരം കോടി രൂപ ലക്ഷ്യം വച്ചപ്പോഴാണ് ഇത്രയും കോടി രൂപ സമാഹരിക്കാൻ സാധിച്ചത്. സഹകരണ മേഖലയെ നന്നായി ഉപയോഗിച്ചുകൊണ്ട് കുറെയേറെ നിക്ഷേപ പദ്ധതികൾ ഇവിടെ

നടപ്പാക്കണം.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സഹകരണ മേഖലയുടെ പുനരുദ്ധരണത്തിന് നീക്കിവച്ച തുക വളരെ കുറവാണ്. വിശ്വാസ്യത എത്രത്തോളമുണ്ടെന്ന് തെളിയിക്കുന്നതാണ് സിപ്പോസിറ്റ് മൊബിലൈസേഷൻ. വഴിവിട്ട് പ്രവർത്തിക്കുന്ന കുറച്ച് സംഘങ്ങളുണ്ട്. അതുകൂടി നല്ല രീതിയിൽ കൊണ്ടുവരാൻ നീക്കിവച്ച തുക മതിയാകില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇപ്പോൾ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആവശ്യമനുസരിച്ച് കുറച്ചുകൂടി അനുവദിക്കേണ്ടിവരും. സഹകരണ മേഖലയെ സംരക്ഷിക്കാൻവേണ്ടിയുള്ള കൂടുതൽ കാര്യങ്ങളുണ്ടാകും. അതുസംബന്ധിച്ച് ചർച്ച ചെയ്യാം. പക്ഷെ ഇപ്പോൾ സഹകരണ മേഖലയിൽ ഇത്രയും ഫണ്ട് വന്നപ്പോൾ സംയുക്തമായി ആലോചിച്ച് നല്ല നിക്ഷേപ പദ്ധതികൾ നൽകുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സഹകരണ മേഖലയിലെ സ്ഥാപനങ്ങളെക്കുറിച്ച് ചിലത് പറഞ്ഞിട്ടുണ്ട്. തകഴി റൈസ് മില്ലിനെയും കോട്ടയത്ത് പുതിയതായി

ആരംഭിച്ച റൈസ് മില്ലിനെയും സജീവമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രത്യേകമായെടുക്കാം. ഇക്കാര്യം ചർച്ചയിൽ വന്നതാണ്. നിലവിൽ അതിലേയ്ക്ക് ഫണ്ട് അനുവദിച്ചിട്ടില്ല. റബ്കോയുടെ പ്രവർത്തനങ്ങളെ ഉൾപ്പെടെ സജീവമാക്കുന്നതിനുള്ള പദ്ധതിയും സഹകരണ മേഖലയുമായി ബന്ധപ്പെടുത്തി ചെയ്യാൻ മുൻകയ്യെടുക്കുന്നതാണ്.

എം.എൽ.എ. ആസ്തി വികസന ഫണ്ട് സംബന്ധിച്ച് ചില വിമർശനങ്ങൾ വന്നിരുന്നു. ആസ്തി എന്ന് പറഞ്ഞാൽ immovable ആയിട്ടുള്ള പ്രോപ്പർട്ടിക്കല്ല സാധാരണ അനുവാദം നൽകുന്നത്. എങ്കിലും ആസ്തി വികസന ഫണ്ടിൽ ചില കാര്യങ്ങൾക്ക് അനുവാദം നൽകുന്നുണ്ട്. അതിനെക്കുറിച്ച് ഒന്നുകൂടി ചർച്ച ചെയ്ത് പോളിസി രൂപപ്പെടുത്താം. മുമ്പ് ഇത് നടപ്പാക്കുന്ന സമയത്ത് കെട്ടിടങ്ങൾ നിർമ്മിക്കാനാണിത് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ കെട്ടിടങ്ങൾ ധാരാളം നിർമ്മിച്ചതുകൊണ്ട് ഇതുപോലെയുള്ള കാര്യങ്ങൾക്കാണ് ചെലവഴിക്കുന്നത്. അങ്ങനെ ചെയ്യുന്നത് ആസ്തി എന്നുപറയുന്ന ആശയത്തിന് അനുകൂലമല്ല. അത് ചർച്ച ചെയ്ത് തീരുമാനിക്കാം. അത് അസറ്റായി തന്നെ വരുന്നതായിരിക്കണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി പ്ലീസ് ..... പ്ലീസ് ......

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പൂരക്കളി അക്കാദമിയെ സംബന്ധിച്ച് ഇവിടെ സംസാരിച്ചിരുന്നു. അതിലേയ്ക്ക് കഴിഞ്ഞ വർഷം അനുവദിച്ച ഫണ്ടുതന്നെയുണ്ടാകും. ഫണ്ട് ലഭ്യമായില്ലെന്നാണ് പറഞ്ഞത്. അത് അനുവദിക്കുന്നതാണ്. ജി.എസ്.ടി. സംബന്ധിച്ച് ഇവിടെ ചില ചോദ്യങ്ങൾ വന്നു. ഇന്റലിജൻസ് സംവിധാനങ്ങൾ കുറച്ചുകൂടി പുരോഗമിച്ചിട്ടുണ്ടെന്നും ഏകദേശം 1,700-റോളം കോടി രൂപ ഈ വർഷം തന്നെ അവർ ഫൈൻ അടച്ചിട്ടുണ്ടെന്നുമുള്ളത് പറഞ്ഞതാണ്. ഇവിടെ ഒരു ചർച്ച വന്നത്, Informer Reward വളരെ നന്നായി നടപ്പാക്കണമെന്നും അതിന് കൂടുതൽ ഫണ്ട് അനുവദിക്കണമെന്നുമാണ്. ഈ മേഖലയിലുള്ള ഇതിനെക്കുറിച്ച് അറിയാവുന്ന ആളുകൾ തന്നെയാണ് പറഞ്ഞത്. Informer Reward സിസ്റ്റം വളരെ ശക്തമായി ജി.എസ്.ടി. മേഖലയിൽ കൊണ്ടുവരുന്നതിനായി തുക വകയിരുത്താം. മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പുതുക്കി പണിയാൻ അഞ്ച് കോടി രൂപ അനുവദിക്കുന്നതാണ്. സ്കൂൾ പാചക തൊഴിലാളികളുടെയും പ്രൈമറി ടീച്ചർമാരുടെയുമൊക്കെ ചില കാര്യങ്ങളിലുള്ള പരിഷ്കരണത്തെക്കുറിച്ച് ചർച്ച വന്നിരുന്നു. ഇത് കഴിഞ്ഞ് അവരുടെ കാര്യങ്ങളിൽ പരിഹാരമുണ്ടാക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പ്ലീസ് ..... പ്ലീസ് ...... ഇനിയും വഴങ്ങേണ്ട. സമയം കുറെയായി.

ശ്രീ. രമേശ് ചെന്നിത്തല: സർ, എല്ലാ എം.എൽ.എ.-മാരും നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം. പി.ഡബ്ല്യൂ.ഡി. റോഡുകളല്ലാത്ത ഗ്രാമീണ റോഡുകളിൽക്കൂടി ഇന്ന് സഞ്ചരിക്കാൻ നിർവ്വാഹമില്ല. അതുകൊണ്ട് അതിനുവേണ്ടി ഒരു നിശ്ചിത തുക ഉൾപ്പെടുത്തണമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം സംബന്ധിച്ച് വ്യക്തമാക്കാം. ശാസ്താംകോട്ട കായലിന്റെ നവീകരണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അതുപോലെ, 25 നഴ്സിംഗ് കോളേജുകൾ തുടങ്ങുമെന്നത് കഴിഞ്ഞ ബഡ്ജറ്റിൽ സൂചിപ്പിച്ച ഒരു പ്രധാന കാര്യമാണ്. അതിൽ 16 നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. SI-MET (State Institute of Medical Education and Technology) -ന്റെതാണ് 7 നഴ്സിംഗ് കോളേജുകൾ. അവിടെ സർക്കാരിന്റെ സഹായമെന്ന നിലയിൽ ഓരോ കോടി രൂപ വീതം 7 കോടി രൂപ പ്രസ്തുത മേഖലയിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ കാര്യം മുൻ പ്രതിപക്ഷ നേതാവ്

ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 1000 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നുണ്ട്. അതൊരു stimulus package ആണ്. ഇതുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതികൾ തയ്യാറാക്കാം. അതിൽ ഗ്രാമീണ റോഡുകൾക്ക് അർഹമായ പ്രാധാന്യം കൊടുക്കാവുന്നതാണ്. പ്രസ്തുത വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് ധനകാര്യവകുപ്പ് ഉചിതമായ തീരുമാനമെടുക്കാം.

നവകേരള സദസ്സുമായി ബന്ധപ്പെട്ട് ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. പ്രതിപക്ഷാംഗങ്ങൾ സഹകരിച്ചിട്ടില്ലെന്നത് ഒരു പ്രശ്നമായി വരുന്നില്ല. അതിന്റെ പേരിൽ ഒരു നിയോജകമണ്ഡലത്തെയും മാറ്റിനിർത്തിയിട്ടില്ല. യാതൊരു വ്യത്യാസവുമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാപരമായ പദ്ധതികൾ ആവിഷ്കരിക്കും. നവകേരള സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി 1000 കോടി രൂപ മാറ്റിവയ്ക്കും.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഏകദേശം സമയം കഴിയാറാകുന്നു..

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് വർഷാന്ത്യ റൊക്ക ബാക്കി (-)273.94 കോടി രൂപയായിരുന്നു. നിലവിൽ 129 കോടി രൂപ കൂടി ഇതിൽ ഉൾപ്പെടും. ആകെ (-)402.94 കോടി രൂപയാണ്

വർഷാന്ത്യ രൊക്ക ബാക്കിയായി വരുന്നത്. ബഡ്ജറ്റിനെ സംബന്ധിച്ച് ഇത്രയും കാര്യങ്ങളാണ് സൂചിപ്പിക്കാനുണ്ടായിരുന്നത്. ഈ ബഡ്ജറ്റ് അംഗീകരിച്ച് പാസ്സാക്കിതരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ...

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന മൂന്ന് ദിവസം നീണ്ടുനിന്ന ചർച്ച ഇന്നിവിടെ അവസാനിക്കുകയാണ്. സഭാനടപടി ചട്ടങ്ങളിലെ ചട്ടം (142) പ്രകാരം, ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിയുടെ സ്ക്രൂട്ടിണി റിപ്പോർട്ടിന് അയയ്ക്കുകയാണ്. ഇവിടെ സർക്കുലേറ്റ് ചെയ്യപ്പെട്ട യോഗ സമയ വിവരപ്പട്ടികയുടെ അടിസ്ഥാനത്തിൽ വിവിധ സബ്ജക്ട് കമ്മിറ്റികൾ ഈ മാസം 21 മുതൽ മാർച്ച് 6-ാം തീയതി വരെ യോഗം ചേർന്ന് ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന പൂർത്തീകരിക്കുന്നതാണ്.

ഓർഡർ... ഓർഡർ.......

## 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന

ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,00,00,000/- രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 81,83,61,000/- രൂപയുടെയും തെരെഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,31,64,000/- രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,88,46,000/- രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,05,20,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,24,66,000/- രൂപയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 904,60,19,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,28,99,000/-

രൂപയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 671,80,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22,78,44,000/- രൂപയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,00,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 647,17,97,000/- രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,63,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 425,02,03,000/- രൂപയുടെയും

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 78,00,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 276,88,16,000/- രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1362,67,51,000/- രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 33,60,29,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം.

ബി. രാജേഷ്): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000/- രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,21,31,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 82,19,03,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 46,63,10,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

2,50,00,000/- രൂപയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,53,55,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 45,16,63,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 838,23,69,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 114,03,39,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 332,21,85,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

(ചർച്ച... ശ്രീ. കെ. വി. സുമേഷ്)

**P 14.02.2024**

NR/SR (2)
4.20-4.30

## 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ച

ശ്രീ. കെ. വി. സുമേഷ്: സർ, 2023-24 വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. നമ്മുടെ കേരളം വളരെ അഭിമാനകരമായിട്ടുള്ള വികസന മുന്നേറ്റം നടത്തിയ ഒരു കാലയളവാണ് നമ്മുടെ മുമ്പിലുള്ളത്. 2024-25 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചതിന്മേൽ നടന്ന ചർച്ചയ്ക്കുള്ള മറുപടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അല്പംമുമ്പ് പറഞ്ഞത്. വളരെ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു ബഡ്ജറ്റാണ് അദ്ദേഹം അവതരിപ്പിച്ചത്. കേരളം ഇന്ത്യയ്ക്കുതന്നെ മാതൃകയായിട്ടുള്ള സംസ്ഥാനമാണ്. രാജ്യത്ത് നമ്മൾ കാണുന്നത് ഏകാധിപത്യത്തിന്റെ കാലൊച്ചകൾ കേൾക്കുന്ന നിലയിൽ രാജ്യത്തിന്റെ മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളെ വെല്ലുവിളിക്കാൻ രാജ്യം ഭരിക്കുന്ന ഭരണാധികാരികൾ തയ്യാറാകുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. രാഷ്ട്രപതിയുടെ

നയപ്രഖ്യാപനത്തിന് മുമ്പ് തന്നെ ചെങ്കോലുമായി ഒരാൾ ഇന്ത്യൻ പാർലമെന്റിലേയ്ക്ക് പോകുന്ന കാഴ്ച നമ്മൾ ആദ്യമായി കാണുകയാണ്. ഒരു മതരാഷ്ട്ര സങ്കൽപ്പത്തിലേയ്ക്ക് ഇന്ത്യയെ കൊണ്ടുപോകാൻ ആസൂത്രിതമായി ബി.ജെ.പി. ശ്രമിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിലും അതോടൊപ്പംതന്നെ കേന്ദ്ര ധനമന്ത്രിയുടെ ബഡ്ജറ്റിലും രാമക്ഷേത്ര നിർമ്മാണമാണ് ഏറ്റവും പ്രധാനപ്പെട്ട നേട്ടമെന്ന് ഇന്ത്യയെപോലൊരു മതനിരപേക്ഷത ജനാധിപത്യ രാജ്യത്തിന്റെ ഭരണാധികാരികൾ പ്രഖ്യാപിക്കുന്ന ആപത്കരമായ കാഴ്ചയാണ് നമ്മൾ കാണുന്നത്. സോമനാഥ ക്ഷേത്രത്തിന്റെ ഉദ്ഘാടനത്തിന് അന്നത്തെ രാഷ്ട്രപതിയായിരുന്ന ഡോ. എസ്. രാജേന്ദ്രപ്രസാദിനെ ക്ഷണിച്ചപ്പോൾ അതറിഞ്ഞ ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹത്തെ തടയുകയാണ് ചെയ്തത്. ഇന്ത്യയുടെ ഭരണാധികാരി ഏതെങ്കിലും ഒരു മതത്തിന്റെ വക്താവാകാൻ പാടില്ലെന്ന ശരിയായ കാഴ്ചപ്പാട് അന്ന് ജവഹർലാൽ നെഹ്റു ഉയർത്തിപ്പിടിച്ചു. വിശ്വാസമെന്നത് ഒരാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യമാണ്. ഒരു മതസ്ഥാപനങ്ങളെയും ഞങ്ങളാരും എതിർക്കുന്നില്ല. പക്ഷേ

ഇന്ത്യയെപോലെ ബഹുസ്വരതയുള്ള ഒരു നാട്ടിൽ, വളരെ അപകടകരമായ നീക്കം നടത്തുന്ന രാജ്യം ഭരിക്കുന്ന ഗവൺമെന്റ്, ആർ.എസ്.എസ്. എന്ന കുടിലമായ രാഷ്ട്രീയ ബുദ്ധിയുള്ള സംഘടനയാൽ നയിക്കപ്പെടുന്ന ഈ ഗവൺമെന്റ് ഇന്ത്യയെ ഒരു മതരാഷ്ട്ര സങ്കൽപ്പത്തിലേയ്ക്ക് കൊണ്ടുപോകുന്നുവെന്നുവേണം നമ്മൾ കാണാൻ. ഇതിൽ രാജ്യത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് അതിശക്തമായ വിയോജിപ്പുണ്ട്. രാജ്യത്തെ മതപരമായി ഭിന്നിപ്പിക്കാൻ വർഗ്ഗീയ അജണ്ടയിലൂടെ വോട്ടാക്കി അധികാരം തുടരാനുള്ള ഒരു ശ്രമമാണ് ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടത്തുന്നത്. രാജ്യത്ത് മഹാരാഷ്ട്രയുടെ മുൻ കോൺഗ്രസ് നേതാവ് ശ്രീ. അശോക് ചവാൻ ബി.ജെ.പി.-യുടെ ഭാഗമായി മാറുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞിരുന്നു. അൽപ്പംമുമ്പ് ലാൽ ബഹദൂർ ശാസ്ത്രിയുടെ കൊച്ചുമകൻ ബി.ജെ.പി.-യിലേയ്ക്ക് ചേരാൻ പോകുന്നതായുള്ള വാർത്ത ഞാൻ ചായ കുടിച്ചുവരുമ്പോൾ വാർത്താ ചാനലുകളിൽ ബ്രേക്കിംഗ് ന്യൂസായി കണ്ടു. കോൺഗ്രസ്സിന്റെ ബഹുമാനപ്പെട്ട നേതാക്കന്മാർ ഇന്ത്യയിൽ സ്വീകരിക്കുന്ന ഒരു മൃദുഹിന്ദുത്വ സമീപനമാണ് ഇതിന് കാരണം. ബഹുമാനപ്പെട്ട രാഹുൽഗാന്ധി രാമക്ഷേത്ര ഉദ്ഘാടന

ദിവസമാണ് ആസാമിലെ ക്ഷേത്രം സന്ദർശിക്കാൻ വ്യഗ്രത കാണിച്ചത്. വിശ്വാസം ഓരോ വ്യക്തിയുടെയും വ്യക്തിപരമായ സ്വാതന്ത്ര്യമാണ്. ഇന്ത്യയിലെ മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാൻ കറകളഞ്ഞ സെക്കുലർ വാദം ഉയർത്തിക്കൊണ്ടുവരാനും ആ അർത്ഥത്തിൽ മുന്നോട്ടുകൊണ്ടുപോകാനും എന്തുകൊണ്ടാണ് കോൺഗ്രസ് ഇതുവരെ തയ്യാറാകാത്തതെന്നത് പ്രധാനപ്പെട്ട കാര്യമല്ലേ; ലോക്സഭ തെരഞ്ഞെടുപ്പ് മുന്നിൽ നിൽക്കുന്ന ഈ ഘട്ടത്തിൽ ശ്രീ. നരേന്ദ്രമോദിയും കൂട്ടരും സംഘപരിവാറും കാണിക്കുന്ന അങ്ങേയറ്റത്തെ രാജ്യത്തിന് സഹായകരമല്ലാത്തതും മതനിരപേക്ഷതയെ തകർക്കുന്നതുമായ ഈ മൂല്യങ്ങളെ എതിർക്കാൻ കോൺഗ്രസ് എന്ന ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പാർട്ടി ആർജ്ജവത്തോടെ നിലപാട് സ്വീകരിക്കുന്നത് നമ്മൾ കാണുന്നില്ല. കോൺഗ്രസ്സിന് എങ്ങനെ മുന്നോട്ടുപോകാൻ കഴിയും; ഒന്നിച്ചുനിൽക്കേണ്ട സമയത്തും ഏറ്റവും ശക്തമായ നിലപാട് സ്വീകരിക്കുന്നതിനുപകരം ഒരു മൃദുഹിന്ദുത്വ നിലപാട് സ്വീകരിച്ചാൽ എങ്ങനെയാണ് കോൺഗ്രസ്സിന് മുന്നോട്ടുപോകാൻ കഴിയുന്നത്; എല്ലാ കാര്യത്തിനും സ്വീകരിക്കുന്ന സമീപനം അതാണ്. നേരത്തെ ഇവിടെ

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും സൂചിപ്പിച്ചു. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയത്തെ മുൻനിർത്തിയാണ് നാം ഡൽഹിയിൽ സമരം നടത്തിയത്. ആ സമരത്തിൽ പങ്കെടുത്ത ഇന്ത്യ കണ്ട ഏറ്റവും പ്രഗത്ഭനായിട്ടുള്ള മുൻ ജമ്മുകശ്മീർ മുഖ്യമന്ത്രി ഫാറൂഖ് അബ്ദുള്ള എത്ര ഗംഭീരമായ പ്രസംഗമാണ് അദ്ദേഹം അവിടെ നടത്തിയത്. ആ പ്രസംഗത്തിന്റെ അവസാനം അഞ്ചോ, ആറോ തവണ അദ്ദേഹം പറഞ്ഞ കമന്റ് United, United, Please United എന്നായിരുന്നു. ശ്രീ. അരവിന്ദ് കെജ്‌രിവാൾ, പഞ്ചാബ് മുഖ്യമന്ത്രി ശ്രീ. ഭഗവന്ത് സിംഗ് മാൻ തുടങ്ങിയ ദേശീയ നേതാക്കന്മാർ അവിടെ പ്രസംഗിച്ചു. ഇവിടെ കോൺഗ്രസ് കേരളത്തിൽ സ്വീകരിക്കുന്നത് വളരെ സമർത്ഥമായിട്ടുള്ള ബുദ്ധിയാണ്. ഇടതുപക്ഷ രാഷ്ട്രീയത്തെ ദുർബ്ബലപ്പെടുത്താനും ശ്രീ. പിണറായി വിജയനെയും ഗവൺമെന്റിനെയും അതിന്റെ രാഷ്ട്രീയത്തെയും അപമാനിക്കുക എന്ന ആസൂത്രിതമായ നീക്കം നിങ്ങൾ നടത്തുകയാണ്. കേരളം പറയുന്നത് കേൾക്കണമെന്നും അവരുമായി ചർച്ച ചെയ്യണമെന്നും കേന്ദ്രം ചർച്ചയ്ക്ക് തയ്യാറാകണമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി ഇന്നലെ പറഞ്ഞു. രാജ്യത്തെ നയിക്കുന്ന മുഖ്യമന്ത്രിയായി, കേരളത്തിന്റെ

ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിനെ നയിക്കുന്ന ശ്രീ. പിണറായി വിജയൻ സമരത്തിന് നേതൃത്വം കൊടുക്കുന്നുവെന്ന അഭിമാനകരമായ കാഴ്ച നാം ഡൽഹിയിൽ കണ്ടില്ലേ; അഹങ്കാരത്തോടെ ഞങ്ങൾ പറയുന്നതല്ല, അവിടെ വന്നവരെല്ലാം സംസാരിച്ചത് ഇന്ത്യയ്ക്ക് മാതൃകയായി ഫെഡറലിസത്തെയും ഫിസ്കൽ ഫെഡറലിസത്തെയും സംരക്ഷിക്കാൻ സുപ്രീംകോടതിതന്നെ ഇന്നലെ പറഞ്ഞതുപോലെ സംസ്ഥാനങ്ങൾ ഉന്നയിക്കുന്നത് വളരെ ശരിയായിട്ടുള്ള കാര്യമാണെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വന്നില്ലേ; ഞങ്ങൾ സമരം ചെയ്യാൻ പോയപ്പോൾ ഇവിടെയുണ്ടായിരുന്ന രാഷ്ട്രീയ കമന്റ് എന്തായിരുന്നു; അയ്യോ കേരളത്തിന്റെ മാത്രം സമരമാണെന്നും മറ്റ് സംസ്ഥാനങ്ങൾക്ക് ബാധകമല്ലെന്നുമാണ് പറഞ്ഞത്. എന്നാൽ ഞങ്ങൾ സമരം ചെയ്യാൻ പോയപ്പോൾ കണ്ടതെന്താണ്; 7-ാം തീയതി കർണ്ണാടക സർക്കാരിന്റെ സമരം. നേരത്തെ ഇവിടെ പറഞ്ഞതുപോലെ കാശ്മീർ മുതൽ കന്യാകുമാരിവരെയുള്ള ഇന്ത്യയെ വിഭജിക്കുകയല്ല, ഇന്ത്യയെന്ന് പറയുന്ന രാജ്യത്തിന് സംസ്ഥാനങ്ങൾക്കുള്ള അധികാരം, ശക്തമായ സംസ്ഥാനങ്ങൾ, അതുവഴി ശക്തമായ രാജ്യം അതിനെ തകർക്കാൻ ശ്രമിക്കുന്ന സംഘപരിവാറിനെതിരെ ധൈര്യപൂർവ്വം

ആ സമരത്തെ മുന്നോട്ടുനയിച്ചത് ഈ ജനാധിപത്യ കേരളമാണെന്ന് തെളിയിക്കപ്പെട്ടില്ലേ; ആ കേരളത്തിലെ പരിണതപ്രജ്ഞരും പ്രഗത്ഭരുമായ യു.ഡി.എഫ്.-ന്റെ ധാരാളം നേതാക്കന്മാരുണ്ട്. ഇപ്പോൾ അവർക്ക് ലേശം നിരാശയുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അവർ ഒറ്റ അക്ഷരം മിണ്ടുന്നില്ല. നമ്മൾ തെരഞ്ഞെടുത്ത എം.പി.-മാർ പാർലമെന്റിൽ നമുക്കുവേണ്ടി സംസാരിക്കുന്നില്ലെങ്കിൽ അവർ എന്തിനാണ് അവിടെയിരിക്കുന്നത്; ഏത് രാഷ്ട്രീയ പാർട്ടിയോ ആകട്ടെ നമ്മൾ കാണുന്ന സാധാരണ മര്യാദയില്ലേ; നാടിന്റെ പൊതുപ്രശ്നത്തിന്മേൽ ഏറ്റവും ശക്തമായി ഉന്നയിക്കാൻ എല്ലാവരും നിൽക്കില്ലേ; ഈ പതിനെട്ട് എം.പി.-മാരും ഞങ്ങൾ പോയി നടത്തിയ സമരത്തിൽ പങ്കെടുത്തില്ല. എന്നാൽ തമിഴ്നാട്ടിലെ ഏതാണ്ട് എട്ടോളം എം.പി.-മാർ നമ്മുടെ സമരത്തിന്റെ ഭാഗമായി അവിടെ വരികയും നമുക്ക് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ സ്വന്തം നാട് അഭിമുഖീകരിക്കുന്ന, അതിന്റെ ഭാവി വളർച്ചയെ സാരമായി ബാധിക്കുന്ന, അതിന്റെ വികസനത്തെ തടയുന്ന കേന്ദ്ര ഗവൺമെന്റിന്റെ ആ നയത്തെ ചോദ്യം ചെയ്യാൻ യു.ഡി.എഫ്.-ന്റെ പതിനെട്ട് എം.പി.-മാർ ഉണ്ടായില്ല എന്നത് എത്രമാത്രം

അപമാനകരമായിട്ടുള്ള കാര്യമാണ്. നിങ്ങൾ എങ്ങനെയാണ് ഇക്കാര്യം നാട്ടുകാരോട് പറയുന്നത്; നിങ്ങൾക്ക് മലയാളികളുടെ വോട്ട് ആവശ്യമാണ്. ഒരു രൂപയും നൽകാൻ പോകുന്നില്ലയെന്നാണ് ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് പറയുന്നത്. ബി.ജെ.പി. സ്വീകരിക്കുന്ന നിലപാട് യു.ഡി.എഫ്.-ന് സ്വീകരിക്കാൻ കഴിയുമോ; ഇത് നമ്മുടെ നാടല്ലേ; ഈ നാട്ടിലെ ജനങ്ങളുടെ വോട്ടും വാങ്ങിച്ചല്ലേ പാർലമെന്റിലേയ്ക്ക് പോയത്; അപ്പോൾ ഈ നാടിന്റെ കാര്യങ്ങൾ പാർലമെന്റിൽ അവതരിപ്പിക്കണ്ടേ ബാധ്യതയില്ലേ; ഒരുമിച്ചുനിന്നില്ലെങ്കിൽ ഒരുമിച്ച നിൽക്കാനാവശ്യമായ നിലപാട് സ്വീകരിക്കുന്നില്ലെങ്കിൽ യു.ഡി.എഫ്. ഇനി ഒരിക്കലും കേരളത്തിൽ അധികാരത്തിൽ വരില്ലെന്ന് തീരുമാനിച്ചോ. ഇവിടെ കടത്തെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും പറയുന്നു. കേരളത്തിൽ 2011 മുതൽ 2016-വരെയുള്ള ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റിന്റെ കാലത്തെക്കുറിച്ച് പരിശോധിച്ച് നോക്കുമ്പോൾ ഏതാണ്ട് 74,464 കോടി രൂപ ഉണ്ടായിരുന്ന പൊതുകടം 1,35,565 കോടി രൂപയായി മാറി. പൊതു കടം ഇരട്ടിക്കുകയാണ് ചെയ്തത്. Public debt എന്നത് സ്റ്റേറ്റ് ലിസ്റ്റിന്റെ ഭാഗമായിട്ടുള്ളതാണ്. അത് concurrent list-ൽ ഉൾപ്പെട്ടതല്ല. സംസ്ഥാന ഗവൺമെന്റിനാണ് അതിന്റെ

ഉത്തരവാദിത്വം. ആ നിലയിൽ സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് സഹായകരമായിട്ടുള്ള ഏറ്റവും ശരിയായ കാഴ്ചപ്പാട്, ക്ഷേമപദ്ധതികൾ, സേവനങ്ങൾ എന്നിവ ഏറ്റവും ഫലപ്രദമായി ഗവൺമെന്റ് ചെയ്തു. ഇവിടെ പെൻഷന്റെ കാര്യം പറഞ്ഞു, ഇപ്പോൾ ഒരു മറിയക്കുട്ടിയമ്മ ചട്ടിയുമായി വന്നിരിക്കുകയാണ്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് മറിയക്കുട്ടിയമ്മയ്ക്ക് ചട്ടി ലഭിച്ചില്ലേ; അന്ന് ചട്ടിയുണ്ടായിരുന്നില്ലേ? അല്ല, ഈ കഴിഞ്ഞ ആറ് മാസം മുമ്പാണോ ബഹുമാന്യയായ മറിയക്കുട്ടിയമ്മ ഈ കേരളത്തിലെത്തിയത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 18 മാസത്തെ പെൻഷൻ കിടിശ്ശികയായിരുന്നപ്പോൾ ചട്ടിയില്ല, ആളില്ല, ഒന്നുമില്ല. എന്നിട്ടിപ്പോൾ ഈ മറിയക്കുട്ടിയമ്മയുടെ വീടിന് തറക്കല്ലിടുന്നത് കെ.പി.സി.സി.-യും ചുമരിന്റെ നിർമ്മാണം ബി.ജെ.പി.-ക്കുമാണ്. വീടിന്റെ മേൽക്കൂര ആര് പണിയുമെന്ന് കണ്ടറിയേണ്ടതാണ്. ഇങ്ങനെ കുറെ അവതാരങ്ങൾ ഇതിന്റെ ഭാഗമായി വരികയാണ്. പെൻഷൻ ലഭിക്കാത്തതിന്റെ പേരിൽ കട്ടിലുമായി പഞ്ചായത്താഫീസിനുമുന്നിൽ സമരം നടത്തുകയാണ്. ഒരു കാര്യം ഞങ്ങൾ പറയുകയാണ്, ഈ കേരളത്തിലെ സാധാരണ മനുഷ്യനെ എല്ലാ നിലയിലും സംരക്ഷിക്കുന്നതിനുവേണ്ടി ഈ

സർക്കാർ മാതൃകാപരമായി ക്ഷേമ പദ്ധതികൾ നടപ്പിലാക്കുകയും പെൻഷൻ തുക 1600 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ഈ സർക്കാർ ഭരണകാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് പെൻഷൻ തുക 2000 രൂപ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അത് പൂർത്തീകരിക്കുന്ന കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ക്ഷേമപെൻഷൻ വിതരണം ഏറ്റവും ഫലപ്രദമായി ഈ ഗവൺമെന്റ് ചെയ്യുകയല്ലേ; ഏത് കാര്യത്തിലാണ് ഈ സർക്കാരിനെതിരെ അഴിമതി അരോപണം ഉന്നയിക്കാൻ സാധിക്കുന്നത്? ബഹുമാന്യനായ മൂവാറ്റുപുഴ അംഗത്തിന്റെ പ്രകടനങ്ങൾ ഈ സഭയിൽ കണ്ടു, അതുകഴിഞ്ഞ് സഭയ്ക്ക് പുറത്ത് ആർക്ക് എതിരെയാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ടാർജറ്റ് ചെയ്ത്, മുഖ്യമന്ത്രിയുടെ കുടുംബത്തെ ടാർജറ്റ് ചെയ്ത്, മന്ത്രിമാരിൽ ചിലരെ ടാർജറ്റ് ചെയ്ത്, ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നിൽ കണ്ടുകൊണ്ട് ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ഇകഴ്ത്തിക്കാണിക്കുകയാണ്. നേരത്തെ ഈന്തപ്പഴത്തിനുള്ളിൽ സ്വർണ്ണം കടത്തിയെന്ന ആരോപണവുമായി മുൻ മന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീലിനെ എത്ര നാളാണ് ചോദ്യം ചെയ്തത്; എന്നിട്ട് ഈന്തപ്പഴത്തിനുള്ളിൽ സ്വർണ്ണമുണ്ടായിരുന്നോ? ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ വീട്ടിലേയ്ക്ക് ബിരിയാണി ചെമ്പിൽ സ്വർണ്ണം കടത്തിയെന്ന ആക്ഷേപമുന്നയിച്ച് അദ്ദേഹത്തെയും കുടുംബത്തെയും എത്രമാത്രം ആക്ഷേപിച്ചു. പ്രായപൂർത്തിയായ മക്കൾ അവരുടെ ബിസിനസ്സിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ എന്തെല്ലാം ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. കേരളത്തിലെ രാഷ്ട്രീയ നേതാക്കളുടെ മക്കൾ ആരും ഒരു ജോലിയും ചെയ്യുന്നില്ലേ? അതിനൊക്കെ ആ അർത്ഥത്തിലുള്ള വിവാദങ്ങൾ കൊണ്ടുവരണമോ? 2004-ൽ ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് നൽകിയ കരിമണൽ ഖനനത്തിനുള്ള അനുമതിയെപ്പറ്റി ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇന്നലെ സഭയിൽ പറയുകയുണ്ടായി. പിന്നെ എന്തിനാണ് ശ്രീ. പിണറായി വിജയനെ ലക്ഷ്യം വച്ച് ഇങ്ങനെ പെരുമാറുന്നത്? ഒരു കാര്യം നിങ്ങൾ ഉറപ്പിച്ചോ, ശ്രീ. പിണറായി വിജയനും ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിനും ജനങ്ങൾ അവരുടെ മനസ്സിൽ ഒരു തട്ട് ഉയരത്തിലാണ് അംഗീകാരം നൽകിയിരിക്കുന്നത്. അതിനെ ചോദ്യം ചെയ്യാനോ തകർക്കാനോ യു.ഡി.എഫ്.-ന് സാധിക്കില്ല. ഇലക്ഷന്റെ ഭാഗമായുള്ള ഗിമ്മിക്കുകൾ ജനം മനസ്സിലാക്കുകതന്നെ ചെയ്യുമെന്ന്

സൂചിപ്പിച്ചുകൊണ്ട് ഉപധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെയൊരു പശ്ചാത്താപ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇടതുപക്ഷമുന്നണി പ്രതിപക്ഷത്തായിരുന്നപ്പോൾ സ്വീകരിച്ച വികസന വിരുദ്ധ, കേരള വിരുദ്ധ നിലപാടുകളിലുള്ള പശ്ചാത്താപമാണ് ഈ ബഡ്ജറ്റിൽ നിഴലിച്ചുനിൽക്കുന്നത്. വിഴിഞ്ഞം തുറമുഖത്തെക്കുറിച്ച് ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നാല് പേജുകളിലാണ് വാചാലനായത്. വിഴിഞ്ഞം തുറമുഖം ഭാവിയുടെ വികസന കവാടമാണെന്നും ദക്ഷിണേന്ത്യയുടെ വ്യാപാര ഭൂപടം മാറ്റിവരയ്ക്കപ്പെടുമെന്നുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഏത് വിഴിഞ്ഞത്തെക്കുറിച്ചാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്? ദേശാഭിമാനി പത്രത്തിന്റെ ഫ്രണ്ട് പേജിൽ വിഴിഞ്ഞം പദ്ധതിയെപ്പറ്റി 'കടൽകൊള്ള' എന്ന വാർത്തയാണ് വന്നിരിക്കുന്നത്. (പ്രസ്തുത പത്രത്തിന്റെ കോപ്പി ബഹുമാനപ്പെട്ട അംഗം സഭയിൽ ഉയർത്തികാട്ടി). എന്നിട്ടിപ്പോൾ അതേ ഇടതുപക്ഷ മുന്നണി സർക്കാർ തന്നെ ഇപ്പോൾ പറയുന്നത് ഇതൊരു

വികസന കവാടമെന്നാണ്. എന്തെല്ലാം പ്രചാരണങ്ങളാണ് അന്ന് എൽ.ഡി.എഫ്. നടത്തിയത്? മത്സ്യബന്ധനത്തിന് മരണമണിയെന്നും തീരദേശത്തെ മത്സ്യത്തൊഴിലാളികളെ മുഴുവൻ പുകച്ചുപുറത്ത് ചാടിച്ച് പ്രദേശം അദാനിക്ക് തീറെഴുതാനുള്ള എല്ലാ ഒത്താശയും സർക്കാർ ചെയ്ത് ഒരു ജനതയെ ദുരന്തമുഖത്ത് കൊണ്ടെത്തിച്ചുവെന്നുമാണ് അന്നവർ പറഞ്ഞത്? ഇത് അന്നത്തെ ദേശാഭിമാനി പത്രത്തിലെ വാർത്തയാണ്. 17-05-2015-ലെ ദേശാഭിമാനി പത്രത്തിൽ, ഇതിൽ 6000 കോടി രൂപയുടെ കൊള്ളയെന്ന് അന്നത്തെ പോളിറ്റ് ബ്യൂറോ അംഗമായ ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. 6000 കോടി രൂപയുടെ കൊള്ള എന്ന് നിങ്ങൾ വിശേഷിപ്പിച്ച അതേ പദ്ധതി എല്ലാ എതിർപ്പുകളേയും അതിജീവിച്ചുകൊണ്ട് ഉമ്മൻചാണ്ടി നടപ്പിലാക്കിയതുകൊണ്ടാണ് ഇന്ന് വികസനത്തിന്റെ കവാടമെന്ന് നിങ്ങൾക്ക് പറയാൻ സാധിച്ചത്. ആ പശ്ചാത്താപമാണ് നിങ്ങളെകൊണ്ട് ഇങ്ങനെ പറയിപ്പിക്കുന്നത്. രണ്ട് പതിറ്റാണ്ട് വൈകിയെന്ന് നിങ്ങൾ പറഞ്ഞു, ഈ സർക്കാർ അധികാരമേറ്റശേഷം 2019-ൽ പൂർത്തീകരിക്കേണ്ട ഈ പദ്ധതി 2024-ലും പൂർത്തീകരിക്കാതെ അഞ്ച് വർഷംകൂടി വൈകിപ്പിച്ചുവെന്നതാണ് ഈ സർക്കാരിന്റെ ഭരണനേട്ടമായി പറയാൻ

ആഗ്രഹിക്കുന്നത്. ഗവൺമെന്റ് ഒരു ഫെസിലിറ്റേറ്ററുടെ ചുമതല ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കാത്തതുകൊണ്ടാണ് ഈ പദ്ധതി ഇത്രയധികം വൈകിയത്. ഈ സർക്കാരിന്റെ പല പരിപാടികളിൽ നിന്നും പ്രതിപക്ഷം ബഹിഷ്കരിച്ചുവെന്ന് ഭരണപക്ഷാംഗങ്ങൾ ആവർത്തിച്ച് പറയുന്നുണ്ടല്ലോ? വികസന കവാടമെന്ന് പറഞ്ഞ ഈ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം അന്നത്തെ പ്രതിപക്ഷമായിരുന്ന നിങ്ങൾ സമ്പൂർണ്ണമായി ബഹിഷ്കരിച്ചില്ലേ? ആ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ ആളുകളെ കല്ലെറിഞ്ഞ് ഓടിക്കുകയല്ലേ എൽ.ഡി.എഫ് ചെയ്തത്? ആ പദ്ധതി യഥാസമയം പൂർത്തീകരിച്ചിരുന്നെങ്കിൽ തുറമുഖത്തിന്റെ പേരിൽ ഇടതുപക്ഷം വേട്ടയാടിയ ഉമ്മൻ ചാണ്ടി സാറിന് മരണത്തിനുമുമ്പ് അത് കാണാൻ സാധിക്കുമായിരുന്നു. അന്ന് കൊള്ളക്കാരനെന്ന് വിശേഷിപ്പിച്ച് നിങ്ങൾ അദ്ദേഹത്തെ വേട്ടയാടി. എന്നാൽ അത്തരം ആരോപണങ്ങൾക്ക് അദ്ദേഹം വഴങ്ങിയിരുന്നെങ്കിൽ ഇന്നീ പദ്ധതി യാഥാർത്ഥ്യമാകുമായിരുന്നില്ല. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ തീരമെടുത്തുപോകുന്ന ആളുകൾക്ക് തൊഴിലും വീടും ഉറപ്പാക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് രൂപം നൽകിയ 470 കോടി രൂപയുടെ പദ്ധതി

ഈ സർക്കാർ അട്ടിമറിച്ചു. സ്ഥലവും വീടും നഷ്ടപ്പെടുന്നവർക്ക് പ്രഖ്യാപിച്ച പാക്കേജ് ഇനിയും പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. അപാകതകളുണ്ടെങ്കിൽ അത് പരിഹരിച്ച് പാക്കേജുകൾ മുഴുവൻ ഗുണഭോക്താക്കൾക്കും നൽകണമെന്ന് ആവശ്യപ്പെടുകയാണ്. തുറമുഖം നിർമ്മിക്കുന്നത് നിർമ്മാണ കമ്പനിയാണെങ്കിലും ഇതിന്റെ റെയിൽ കണക്റ്റിവിറ്റി നിർമ്മിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഈ സർക്കാരിന്റെ കെടുകാര്യസ്ഥതകൊണ്ടാണ് ഏഴര വർഷമായിട്ടും ഇതിന് തറക്കല്ലിടാൻപോലും സാധിക്കാതെപോയത്. രണ്ടാമത്തെ പശ്ചാത്താപമെന്ന് പറയുന്നത്, കേരളത്തെ ഒരു മെഡിക്കൽ ഹബാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചതാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഓരോ ജില്ലകളിലും ഒരു മെഡിക്കൽ കോളേജ് അനുവദിച്ചു. ഈ സർക്കാർ അത് അട്ടിമറിച്ചു. മാത്രമല്ല, തിരുവനന്തപുരത്ത് 138000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം 143 സ്റ്റാഫ്, പ്രിൻസിപ്പാൾ, സൂപ്രണ്ട്, All India Medical Council-ന്റെ അംഗീകാരവും നേടിയ ഇന്ദിരാഗാന്ധിയുടെ പേരിൽ ആരംഭിച്ച മെഡിക്കൽ കോളേജിനെ അട്ടിമറിച്ചവരാണ് എൽ.ഡി.എഫ്.സർക്കാർ. എന്നിട്ടാണ് ബഹുമാനപ്പെട്ട അംഗം

ഡോ. കെ. ടി. ജലീൽ ഇന്ദിരാഗാന്ധിയുടെ പേര് വെട്ടിമാറ്റിയതിനെക്കുറിച്ച് പറയുന്നത്? ഏഴര വർഷം കഴിഞ്ഞിട്ട് മെഡിക്കൽ ഹബാക്കുമെന്ന് പറയുന്നു. 1,38,000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം ഇന്നും അവിടെ കാണാൻ കഴിയും. തട്ടുകടയിൽ മെഡിക്കൽ കോളേജ് തുടങ്ങാൻ സാധിക്കില്ലെന്നാണ് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പറഞ്ഞത്. നിങ്ങളുടെ തട്ടുകടയ്ക്ക് 1,38,000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമാണോ ഉള്ളത്? എല്ലാ ജില്ലകളിലെയും മെഡിക്കൽ കോളേജുകൾ ഈ സർക്കാർ അട്ടിമറിച്ചു. സ്വകാര്യ സർവകലാശാലയെക്കുറിച്ചും വിദേശ സർവകലാശാലയെക്കുറിച്ചും ഇവിടെ പറയുകയുണ്ടായി. ശ്രീ. ടി.പി. ശ്രീനിവാസൻ എന്ന അംബാസിഡറെ നിങ്ങൾ ആക്രമിച്ചതിനെപ്പറ്റി ഞാൻ പറയുന്നില്ല, കൂത്തുപറമ്പ് പോലെയുള്ള സമരങ്ങൾക്കുള്ള പശ്ചാത്താപമായിട്ടാണ് ഇതിനെ കാണാൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ടാക്കൂറിനെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. അന്ന് ടാക്കൂറിനെതിരെ സമരം നടത്തിയില്ലായിരുന്നെങ്കിൽ ഇന്ന് വിദേശത്തേയ്ക്ക് വിദ്യാർത്ഥികൾക്ക് പോകേണ്ട സാഹചര്യമുണ്ടാകുമായിരുന്നില്ല. കഴിഞ്ഞ ബഡ്ജറ്റിൽ തീരദേശമേഖലയ്ക്ക് 321.31 കോടി രൂപ വകയിരുത്തിയിരുന്നതെങ്കിൽ ഇന്നത് 136 കോടി

രൂപയായി കുറഞ്ഞിരിക്കുകയാണ്. തീരദേശത്തെ പൂർണ്ണമായി അവഗണിക്കുന്നു. മത്സ്യത്തൊളിലാളികൾക്കുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി പുനരാരംഭിക്കണം. പുനർഗേഹം പദ്ധതിക്കുള്ള വിഹിതം 20 ലക്ഷം രൂപയായി ഉയർത്തണം. കാലാവസ്ഥ മുന്നറിയിപ്പ് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്തവർക്ക് പ്രതിദിനം കുറഞ്ഞത് 500/- രൂപയെങ്കിലും ദിനബത്ത നൽകണം. കഴിഞ്ഞ ഏഴര വർഷമായി തീരദേശത്ത് പട്ടയം നൽകുന്നില്ല. അതിനാൽ പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം. CRZ-ന്റെ പേരിൽ വീട് നിർമ്മിക്കാൻ സാധിക്കാത്ത മത്സ്യത്തൊഴിളിലാളികൾക്ക് അതിനുള്ള തടസ്സങ്ങൾ ഒഴിവാക്കാൻ സർക്കാർ തയ്യാറാകണം. പുതിയ ഗതാഗത വകുപ്പുമന്ത്രി കെ.എസ്.ആർ.ടി.സി.-യുടെ അനാവശ്യ ചെലവുകൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ, അവർക്ക് ഇന്നും ശമ്പളം നൽകാൻ സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ആത്മഹത്യകൾ പെരുകുകയാണ്, പലരും ഹൃദയം പൊട്ടി മരിക്കുകയാണ്. ഉമ്മൻചാണ്ടി സർക്കാരിനേക്കാൾ കൂടുതൽ തുക നൽകിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ശമ്പളം നൽകാനും ഡീസൽ

വിതരണത്തിനും അന്ന് ആ തുക മതിയായിരുന്നു. ഇത്രയധികം തുക നൽകിയിട്ടും എന്തുകൊണ്ടാണ് ശമ്പളം മുടങ്ങുന്നത്? അത് mismanagement ആണ്. തികഞ്ഞ mismanagement കാണിക്കുന്ന മാനേജ്മെന്റിനെ കയർ ഊരിവിട്ടതാണ് ഈ സർക്കാർ ചെയ്ത ഏറ്റവും വലിയ തെറ്റെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. എം.എൽ.എ.-മാരുടെ ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടുകൾ ഉപയോഗിച്ച് ചെയ്യണമെന്നാണ് പറയുന്നത്. ഇതിൽ ലോക്കൽ ഏര്യാ ഡെവലപ്മെന്റ് ഫണ്ട് കൂടി കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് ഒരു തീരുമാനമെടുക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കുകയാണ്. ഭരണകക്ഷി എം.എൽ.എ.-മാർക്ക് ഈ സഭ പാർലമെന്റാണെന്നുള്ളൊരു വിഭ്രാന്തിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയേണ്ട കാര്യം നിങ്ങൾ എന്തുകൊണ്ട് ശ്രീ. നരേന്ദ്ര മോദിയോട് പറയുന്നില്ലെന്നാണ് അവർ ചോദിക്കുന്നത്. കോൺഗ്രസ്സിന്റെ പാർലമെന്റ് അംഗങ്ങൾ പാർലമെന്റിൽ പറയേണ്ട കാര്യങ്ങളൊക്കെ അവിടെ പറയുന്നുണ്ട്, ഇവിടെ പറയേണ്ട കാര്യങ്ങൾ ഞങ്ങൾ ഇവിടെയും

പറയുന്നുണ്ട്. ഇവിടെ പറഞ്ഞില്ലെങ്കിൽ ഞങ്ങൾ സംഘികളാണ്, ഞങ്ങൾക്ക് സംഘ്പരിവാറിനും ബി.ജെ.പി.-ക്കും എതിരായുള്ള പോരാട്ടത്തിന് എൽ.ഡി.എഫ്-ന്റെ ലൈസൻസ് ആവശ്യമില്ല. നിങ്ങൾക്കറിയില്ലേ; രണ്ടുതവണ ഇന്ത്യയുടെ പ്രധാനമന്ത്രി സ്ഥാനം കൈവെള്ളയിൽ വന്നിട്ടും 'അത് വേണ്ട' എന്ന് പറഞ്ഞ ശ്രീമതി സോണിയാ ഗാന്ധിയെ അവരുടെ അനാരോഗ്യംപോലും കണക്കിലെടുക്കാതെ മരം കോച്ചുന്ന തണുപ്പത്ത് ഇ.ഡി. ചോദ്യം ചെയ്തത് നിങ്ങൾ മറന്നിട്ടില്ലല്ലോ; ശ്രീ. രാഹുൽ ഗാന്ധിയെ എത്ര തവണയാണ് നരേന്ദ്രമോദി ഗവൺമെന്റ് ചോദ്യം ചെയ്തത്. അതിനെതിരെ കേരളത്തിലെ എം.പി.-മാരുൾപ്പെടെ ഡൽഹിയിലെ തെരുവീഥികളിൽ നടത്തിയിട്ടുള്ള സമരങ്ങൾ, നരേന്ദ്രമോദിയുടെ പോലീസുകാർ കേരളത്തിലെ എം.പി.-മാരെ വലിച്ചിഴച്ച് ബൂട്ടിട്ട് ചവിട്ടി പോലീസ് ക്യാമ്പുകളിലേയ്ക്കും തുഗ്ലക്ക് റോഡിലെ പോലീസ് സ്റ്റേഷനിലേയ്ക്കും കിംങ്സ്‌വേ പോലീസ് ക്യാമ്പിലേയ്ക്കും കൊണ്ടുപോയത് ഞങ്ങളെയാണ്, നിങ്ങളെയായിരുന്നില്ല എന്നോർക്കണം. നിങ്ങൾ സംഘ്പരിവാറിന് എതിരാണെന്ന്, നിങ്ങൾ ബി.ജെ.പി. ഗവൺമെന്റിന് എതിരാണെന്ന് അറിയാത്ത ആളുകൾ ബി.ജെ.പി. നേതാക്കൾ മാത്രമാണ്.

നിങ്ങളുടെ ഒരു ദൂതനെ വിട്ട് ശ്രീ. നരേന്ദ്രമോദിയോട് ഞങ്ങൾ നിങ്ങൾക്ക് എതിരാണെന്ന് പറയണം. അവർ ഇക്കാര്യം അറിഞ്ഞിട്ടില്ല. നിങ്ങൾ ഇവിടെ ഏതെങ്കിലും മൂലയിൽ കിടന്ന് കേന്ദ്രത്തിനെതിരെ വിളിക്കുന്നത് അവർ അറിഞ്ഞിട്ടില്ല. അവരെ ഒന്ന് ദയവായി അറിയിക്കാൻ നിങ്ങളാദ്യം ശ്രമിക്കണം. അതുകൊണ്ടാണ് ഇന്ത്യയിലെ മുഖ്യമന്ത്രിമാർക്കുമെതിരെ കേന്ദ്രഗവൺമെന്റിന്റെ അന്വേഷണ ഏജൻസികൾ അന്വേഷണം നടത്തുമ്പോഴും ജാർഖണ്ഡിലെ മുഖ്യമന്ത്രിയെ ജയിലിലടച്ചപ്പോഴും ഇവിടത്തെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി വിവിധ കേസ്സുകളിൽപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട് ജയിലിലടച്ചിട്ടും കേരള മുഖ്യമന്ത്രിക്കെതിരെ അന്വേഷണം നടത്താനോ ചോദ്യം ചെയ്യാനോ വിളിച്ചില്ലെന്നതിന് കാരണമെന്താണ്?

മി. ചെയർമാൻ: പ്ലീസ്....പ്ലീസ് കൺക്ലൂഡ്...

ശ്രീ. എം. വിൻസെന്റ്: കേരളത്തിലെ മുഖ്യമന്ത്രിയെ വളരെ വ്യക്തമായി ശ്രീ. നരേന്ദ്രമോദിക്കും കേരളത്തിലെ ബി.ജെ.പി.-ക്കാർക്കുമറിയാം. കേരളത്തിലെ പ്രതിപക്ഷനേതാവിനും കെ.പി.സി.സി. പ്രസിഡന്റിനുമെതിരായി കേസ്സെടുത്ത ശ്രീ. പിണറായി വിജയൻ എന്തുകൊണ്ടാണ് കള്ളപ്പണക്കേസ്സിൽ ശ്രീ. കെ. സുരേന്ദ്രനെ അറസ്റ്റ്

ചെയ്യാത്തതും കേസ്സെടുക്കാത്തതുമെന്നും വ്യക്തമാക്കുമ്പോൾ നിങ്ങളും അവരും തമ്മിലുള്ള അന്തർധാര വളരെ വ്യക്തമായി അറിയാൻ കഴിയും. അതുകൊണ്ട് ഇന്ത്യയിലെ ബി.ജെ.പി.-ക്കും സംഘ്പരിവാറിനുമെതിരായി തെരുവിൽ പോരാടുന്ന പ്രസ്ഥാനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, സമസ്ത മേഖലകളെയും പരിഗണിക്കുകയും മുന്നിൽ വരുന്ന പ്രശ്നങ്ങളെ ധൈര്യമായി നേരിടുകയും ചെയ്യുന്ന കാഴ്ചപ്പാടോടുകൂടി ബഡ്ജറ്റ് അവതരിപ്പിച്ച ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

കേന്ദ്രഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ കോർപ്പറേറ്റ് പൂജ നടത്തുമ്പോൾ സംസ്ഥാന ബഡ്ജറ്റ് സാധാരണക്കാരന്റെ ജീവിതമേഖലയെ ശാക്തീകരിക്കുന്നതാണെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. രാജ്യത്തെ ഗ്രാമങ്ങൾ അനാഥമാകുകയാണ്. നഗരകേന്ദ്രീകൃത വികസനമാണ് രാജ്യത്ത് നടക്കുന്നത്. ധനകാര്യ മന്ത്രാലയത്തിന്റെ റിപ്പോർട്ടുപ്രകാരം തന്നെ ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ചയുടെ ഗുണം ഉപരിമധ്യവർഗ്ഗങ്ങളിൽ ഒതുങ്ങുന്നുണ്ടെന്ന് പറയുന്നുണ്ട്. ഗ്രാമീണ മേഖലകളിലെയും

നഗരമേഖലകളിലെയും തൊഴിലാളികളുടെ സാമ്പത്തികവളർച്ചാ നിരക്ക് കുറഞ്ഞു. അവരുടെ ശമ്പളത്തിൽ മാറ്റമില്ലാത്തതും അവരുടെ സാമ്പത്തിക ക്രയവിക്രയ ശേഷി (ഉപഭോഗത്തിന്റെ വളർച്ച) ഇല്ലാത്തതുമാണ് അതിന് കാരണം. രാജ്യത്തെ കോടീശ്വരന്മാരുടെ എണ്ണം വർദ്ധിക്കുകയാണ്. 2026-ഓടുകൂടി രാജ്യത്തെ കോടീശ്വരന്മാരുടെ എണ്ണം ഇരട്ടിയാകുമെന്നാണ് ധനകാര്യ മന്ത്രാലയത്തിന്റെ റിപ്പോർട്ടുകളിൽ സൂചിപ്പിക്കുന്നത്. ഒരു വിഭാഗത്തിനുമാത്രം കൂടുതൽ വരുമാന വളർച്ചയുണ്ടാകുന്നതും സാമ്പത്തിക അസമത്വമുള്ള രാജ്യമായി ഇന്ത്യ മാറുന്നുവെന്നാണ് 2022-ലെ ആഗോള അസമത്വ റിപ്പോർട്ടുപോലും പ്രതിപാദിക്കുന്നത്. താഴെത്തട്ടിൽ 50 ശതമാനത്തേക്കാൾ 20 മടങ്ങിലധികമാണ് സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന ആദ്യ 10 ശതമാനത്തിന്റെ വരുമാനം. ദേശീയ വരുമാനത്തിന്റെ 22 ശതമാനം രാജ്യത്തെ ഒരു ശതമാനം ആളുകളുടെ കയ്യിലാണ്. താഴെത്തട്ടിൽ 50 ശതമാനത്തിന്റെ കയ്യിൽ ആകെ 13 ശതമാനം വരുമാനമാണുള്ളത്. ഈ യാഥാർത്ഥ്യത്തിൽ നിന്നുകൊണ്ടാണ് കേരളത്തിലൊരു ബഡ്ജറ്റും അതിന്റെ സമീപനവുമൊക്കെ ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപീകരിക്കുന്നത്. ആ നയവ്യത്യാസമാണ് ഞങ്ങൾ

എപ്പോഴും എടുത്തുകാണിക്കുന്നത്. കേരളത്തിന്റെ നയംമൂലം പണപ്പെരുപ്പവും തൊഴിലില്ലായ്മയും വർദ്ധിച്ചപ്പോഴും കോവിഡ് മഹാമാരി ആഞ്ഞടിച്ചിട്ടും ഗ്രാമീണ സമ്പദ്ഘടനയിൽ തിളക്കമാർന്ന നേട്ടമുണ്ടാക്കിയ സംസ്ഥാനമാണ് കേരളം. അത്തരം പ്രവർത്തനങ്ങളെ ധൂർത്ത് എന്നുപറഞ്ഞ് പ്രതിപക്ഷം വിശേഷിപ്പിക്കുന്നത് ഖേദകരമായി തോന്നുകയാണ്. അത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. റിസർവ് ബാങ്ക് പുറത്തുവിട്ട 2022-23 സാമ്പത്തിക വർഷത്തെ കണക്കുപ്രകാരം തന്നെ കാർഷിക-കാർഷികേതര നിർമ്മാണത്തൊഴിലാളികൾക്ക് പ്രതിദിന വേതനം ഏറ്റവുമധികം ലഭിക്കുന്നത് കേരളത്തിലാണ്. ദേശീയ ശരാശരി 345.7 രൂപയാണ്. കേരളത്തിൽ ഒരു തൊഴിലാളിക്ക് ലഭിക്കുന്നത് 764 രൂപയാണ്. കഴിഞ്ഞ വർഷത്തേക്കാൾ 36.5 അധികമാണിത്. കർഷകത്തൊഴിലാളികൾക്ക് കേരളത്തിൽ 764 രൂപ ലഭിക്കുമ്പോൾ മധ്യപ്രദേശിൽ ലഭിക്കുന്നത് 292 രൂപയാണ്. വ്യവസായ സംസ്ഥാനമെന്ന് കൊട്ടിഘോഷിക്കുന്ന ഗുജറാത്തിൽ ലഭിക്കുന്നത് 241 രൂപയാണ്. കേരളത്തിൽ കാർഷികേതര മേഖലയിലെ ദിവസക്കൂലി 696 രൂപയും മധ്യപ്രദേശിൽ 246 രൂപയും ഗുജറാത്തിൽ 273 രൂപയുമാണ്. നിർമ്മാണത്തൊഴിലാളി മേഖലയിൽ കേരളത്തിൽ 825

രൂപയും മധ്യപ്രദേശിൽ 278 രൂപയും ഗുജറാത്തിൽ 323 രൂപയുമാണ്. ദേശീയ ശരാശരി 393 രൂപ. കർഷകത്തൊഴിലാളികളുടെ കാര്യത്തിൽ കേരളത്തിന് തൊട്ടുപിന്നിൽ നിൽക്കുന്ന കാശ്മീരിൽപ്പോലും 550 രൂപയാണ് ലഭിക്കുന്നത്. കേരളത്തിൽ 764 രൂപയാണ്. അത്രയും അന്തരമുണ്ട്. ഇത് ഹിമാചൽപ്രദേശിൽ 473 രൂപയും തമിഴ്നാടിൽ 470 രൂപയുമാണ്. കേരളത്തിന്റെ ഗ്രാമീണ സമ്പദ്ഘടനയുടെ ഒരു പ്രതിഫലനമാണത്. കേരളത്തിലെ ഉയർന്ന വരുമാനം കേരളത്തിലെ കർഷകത്തൊഴിലാളികളെ ഉൾപ്പെടെ ആകർഷിക്കുന്നു. ഇത്തരത്തിൽ രാജ്യത്തെ ഗ്രാമങ്ങൾ മുഴുവൻ അനാഥമാകുമ്പോൾ 2030-ൽ രാജ്യം ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി മാറുമെന്നൊക്കെയാണ് പ്രധാനമന്ത്രി പറയുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വികസന കാഴ്ചപ്പാട് നിങ്ങൾ പരിശോധിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. സാധാരണക്കാരന്റെ ക്രയവിക്രയശേഷിയെ എങ്ങനെ വർദ്ധിപ്പിക്കാമെന്നതാണ് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ സാമ്പത്തിക നയത്തിന്റെ അടിസ്ഥാനം. സാമൂഹ്യക്ഷേമ പെൻഷൻ -

കേരളത്തിലെ 62 ലക്ഷം കുടുംബങ്ങൾക്ക് ഒരു വർഷം 11,000 കോടി രൂപ. അതിൽ വെറും 600 കോടി രൂപ മാത്രം ഒരു വർഷം കേന്ദ്രഗവൺമെന്റ് കേരളത്തിന് നൽകുമ്പോൾ 11,000 കോടി രൂപ കേരളത്തിലെ 62 ലക്ഷം കുടുംബങ്ങളുടെ കയ്യിൽ 1600/- രൂപ വീതം എത്തിക്കുമ്പോൾ അവരുടെ ക്രയവിക്രയശേഷി വർദ്ധിക്കുകയാണ്. ഗ്രാമങ്ങൾ അനാഥവും നഗരകേന്ദ്രീകൃത വികസനവും രാജ്യത്ത് നടക്കുമ്പോൾ ഗ്രാമങ്ങൾ സനാഥമാകുന്നത് എങ്ങനെയാണ്; നമ്മൾ പെൻഷൻ കുടിശ്ശിക കൊടുക്കാൻ പോയപ്പോഴുണ്ടായ അനുഭവങ്ങൾ നമുക്കറിയാം. അവരുടെ സന്തോഷം കാണേണ്ടതാണ്. ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലുമുള്ള നേട്ടങ്ങളെ സംബന്ധിച്ച് പറയുമ്പോൾ വെറും 30 ശതമാനം ആളുകൾ മാത്രം ഉപയോഗിച്ചുകൊണ്ടിരുന്ന ആരോഗ്യ മേഖല ഇന്ന് 60 ശതമാനമാളുകൾ ഉപയോഗിക്കുന്ന മേഖലയായി മാറി. 42 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ സംസ്ഥാനമാണിത്. 22 ലക്ഷം കുടുംബങ്ങൾക്ക് മാത്രമാണ് 60 ശതമാനം സഹായം കേന്ദ്രം തരുന്നത്. എന്നുപറഞ്ഞാൽ കേരളത്തിൽ 1600 കോടി രൂപ പ്രതിവർഷം ഈ നാട്ടിലെ സാധാരണക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി

ചെലവാക്കുമ്പോൾ വെറും 140 കോടി രൂപയാണ് കേന്ദ്ര സർക്കാർ തരുന്നത്. ഈ വീടുകളിലുണ്ടാകുന്ന സാമ്പത്തികലാഭം അവരുടെ ക്രയവിക്രയശേഷി വർദ്ധിപ്പിക്കുകയാണ്. ഈയൊരു സാഹചര്യമില്ലായിരുന്നുവെങ്കിൽ ചികിത്സയുടെ അഭാവംമൂലം ആ കുടുംബം അനാഥമാകില്ലായിരുന്നോ; അതാണ് ഇടതുപക്ഷത്തിന്റെ കാഴ്ചപ്പാട്. ജനങ്ങളെ അവരുടെ ക്രയവിക്രയ ശേഷി വർദ്ധിപ്പിക്കാൻവേണ്ടി സാധാരണക്കാരന്റെ പണം അവന്റെ കൈകളിലേയ്ക്ക് എങ്ങനെ എത്തിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ വന്ന പരിഷ്കാരങ്ങൾ-10 ലക്ഷത്തിലധികം കുടുംബങ്ങളിലെ കുട്ടികൾ വിദ്യാഭ്യാസമേഖലയിലേയ്ക്ക് വന്നുവെന്ന് പറയുമ്പോൾ ആ കുട്ടികൾ മറ്റൊരു അൺ എയ്ഡഡ് സ്കൂളിൽ പോയി പഠിക്കണമെങ്കിൽ ഒരു കുട്ടിക്ക് പ്രതിവർഷം 25,000 രൂപയെങ്കിലും ഇല്ലാതെ പറ്റില്ല. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ 2 കുട്ടികൾ പഠിക്കുന്നൊരു കുടുംബത്തിന് 50,000 രൂപ ഒരു വർഷം സേവ് ചെയ്യാൻ കഴിയുകയാണ്. ഗ്രാമങ്ങൾ സനാഥമാകുന്ന ഒരു കാഴ്ചപ്പാടാണ് എൽ.ഡി.എഫ്. ഗവണമെന്റിനുള്ളത്. ഇതെല്ലാം ധൂർത്താണെന്നാണ് പറയുന്നത്. കേരളത്തിന്റെ അവകാശങ്ങൾ

നേടിയെടുക്കാൻ പ്രതിപക്ഷാംഗങ്ങൾ കൂടെനിൽക്കാത്തത് ഇവിടെയെല്ലാം ധൂർത്ത് നടക്കുകയാണ്, എല്ലാം ധൂർത്തായതുകൊണ്ടാണെന്നാണ് അവർ പറയുന്നത്. 11,000 കോടി രൂപ കൊടുക്കുന്നതും 1600 കോടി രൂപ ചികിത്സയ്ക്ക് കൊടുക്കുന്നതും പാർപ്പിടം വച്ചുകൊടുക്കുന്നതുമൊക്കെയാണ് ഈ സർക്കാരിന്റെ ധൂർത്തായി ഇവർ കാണുന്നത്. കേരളത്തിൽ മൂന്നരലക്ഷം കുടുംബങ്ങൾക്ക് പാർപ്പിടം വച്ചുകൊടുത്തു. വെറും 72,000 രൂപ കേന്ദ്ര സർക്കാർ തരുമ്പോൾ 3,28,000 രൂപ സംസ്ഥാന സർക്കാർ നൽകി ഇവിടത്തെ ഭവനരഹിതരായ ആളുകൾക്ക് പാർപ്പിടമുണ്ടാക്കുകയാണ്. മൂന്നരലക്ഷം പേർക്ക് പാർപ്പിടമുണ്ടാക്കി. ധൂർത്താണോ? 4 ലക്ഷം രൂപ കൊടുക്കണ്ടേ; കേന്ദ്ര ഗവൺമെന്റ് പറയുന്നതുപോലെ ഒന്നരലക്ഷം രൂപ കൊടുത്താൽ മതിയോ; ഒന്നര ലക്ഷം രൂപയ്ക്ക് കേരളത്തിൽ വീട് വയ്ക്കാൻ പറ്റുമോ; ബാക്കി രണ്ടര ലക്ഷം രൂപ കൂടി ഇട്ടുകൊടുക്കുന്നത് ധൂർത്താണോ; ഇതൊക്കെയാണോ കേരളത്തിലെ പ്രതിപക്ഷം കാണുന്ന ധൂർത്ത്; തൊഴിലുറപ്പുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിന്റെ സമീപനമെന്താണ്; കേന്ദ്രഗവൺമെന്റ് തൊഴിലുറപ്പ് പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുകയാണ്. കേരളത്തിൽ പദ്ധതി വിഹിതം  കൂട്ടുകയാണ്. നഗരത്തിൽ അയ്യങ്കാളി

തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയ സംസ്ഥാനമല്ലേ ഇത്; അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലൂടെ 13000 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ കൊടുത്ത സംസ്ഥാനമല്ലേ കേരളം; ഗ്രാമപ്രദേശത്തെ ജനങ്ങൾക്ക് അവരുടെ കയ്യിൽ പണമെത്തിക്കുന്ന ഗവൺമെന്റാണിത്. സാധാരണക്കാരന് പണമെത്തിക്കുന്നതാണോ ധൂർത്ത്; അതാണോ പ്രതിപക്ഷം കാണുന്ന ധൂർത്ത്; എന്താണ് ധൂർത്ത്; പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട് പാവപ്പെട്ടവന്റെ വീട്ടിലെ കുട്ടികൾക്കല്ലേ നിയമനം ലഭിക്കുന്നതിനെ ആക്ഷേപിക്കുന്നതെന്തിനാണ്; ഇന്ത്യയിൽ നടന്ന നിയമനങ്ങളുടെ ഏകദേശം 42 ശതമാനത്തോളവും കേരളത്തിലാണെന്ന് പറയുമ്പോഴും എന്തിനാണ് ഗവൺമെന്റിനെ ആക്ഷേപിക്കുന്നത്; ഏത് കാലത്താണ് ഇത്രയധികം നിയമനം നടത്തിയിട്ടുള്ളത്; 10 ലക്ഷത്തിലധികം തസ്തികകളാണ് കേന്ദ്ര സർവ്വീസിൽ ഒഴിഞ്ഞുകിടക്കുന്നത്; അത് കാണണ്ടേ; ഈ നാട്ടിലെ സാധാരണക്കാരായ ആളുകളുടെ വീട്ടിൽ പണം കിട്ടേണ്ടതല്ലേ; ജോലി കിട്ടേണ്ടതല്ലേ; ശമ്പളം കിട്ടേണ്ടതല്ലേ? ഇങ്ങനെ കേരളത്തിൽ സാധാരണക്കാരന്റെ കൈകളിലേയ്ക്ക് പണമെത്തിക്കാൻ ശ്രമിക്കുന്ന വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ അതെല്ലാം

ധൂർത്താണെന്നുപറഞ്ഞ് അടച്ചാക്ഷേപിക്കുന്ന പ്രതിപക്ഷത്തിന്റെ മനോഭാവം നേരത്തേ പറഞ്ഞതുപോലെ സംസ്ഥാന താൽപ്പര്യമല്ല. ഈ ഗവൺമെന്റ് ഒരിഞ്ച് മുന്നോട്ടുപോകരുതെന്ന മനോഭാവത്തോടെ സാമ്പത്തികമായി കുച്ചുവിലങ്ങിടുന്ന കേന്ദ്ര സർക്കാരിനെ പിന്തുണയ്ക്കുന്ന നയമാണത്. അത് കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യമല്ല. ഈ നയം മാറ്റം കോൺഗ്രസ്സും യു.ഡി.എഫ്.-ഉം മനസ്സിലാക്കണം. കേന്ദ്രഗവൺമെന്റ് ഗ്രാമപ്രദേശത്തെ മുഴുവൻ ആളുകളെയും അനാഥമാക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബഡ്ജറ്റിലൂടെ വരുന്ന നികുതിപ്പണം പാവപ്പെട്ടവന്റെ കൈകളിലെത്തിക്കാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമായുള്ള നയമാണ് സ്വീകരിക്കുന്നത്. ഒരു ജനാധിപത്യ ഗവൺമെന്റ് എപ്പോഴും ബഹുഭൂരിപക്ഷം ജനങ്ങളെയും സഹായിക്കുന്ന ഗവൺമെന്റായിരിക്കണമെന്ന് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. ആ നയം ഇവർ മനസ്സിലാക്കുന്നുണ്ടെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനൊടൊപ്പം നിന്ന് ഈ രാജ്യത്തെ, ഈ നാടിനെ സംരക്ഷിക്കാൻ വേണ്ടിയുള്ള പ്രവർത്തനമാണ് പ്രതിപക്ഷം ഏറ്റെടുക്കേണ്ടതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അങ്ങനെ അഭിമാനപുരസ്സരം സാധാരണക്കാരെ നെഞ്ചോട്

ചേർത്തുപിടിക്കുന്ന ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം കേട്ടപ്പോൾ ഒരു Junior Gorbachev നിയമസഭയിൽ പ്രസംഗിക്കുകയാണോയെന്ന് ഞാൻ സംശയിച്ചു. Gorbachev അവസാനം കൊണ്ടുവന്ന perestroika, glasnost എന്നീ ആശയമാറ്റത്തോടെ സോവിയറ്റ് റഷ്യയിൽ കമ്മ്യൂണിസ്റ്റ് ഭരണം തരിപ്പണമായി. അതുപോലെ ഇതുവരെ സി. പി. ഐ. (എം.) തുടർന്നുവന്ന നയം മാറ്റി സ്വകാര്യവൽക്കരണവും ഉദാരവൽക്കരണവും കൊണ്ടുവന്ന് ധനകാര്യ വകുപ്പുമന്ത്രി പിണറായി സർക്കാരിനെ തീവ്ര വലതുപക്ഷത്തിലേയ്ക്കും മുതലാളിത്ത സമീപനത്തിലേയ്ക്കും നയിക്കുന്നുവെന്നാണ് ജനങ്ങൾ മനസ്സിലാക്കുന്നത്. ഈ അടുത്തകാലത്തുമാത്രം ഇത്തരത്തിലൊരു നയം മാറ്റത്തിന് കാരണമെന്താണ്? 2010 ജൂലൈ 20-ന് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മന്ത്രിസഭയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബി യു.പി.എ. ഗവൺമെന്റ് Foreign University

കൊണ്ടുവരാനുദ്ദേശിക്കുന്നതുസംബന്ധിച്ച് പ്രൊഫ. സി. രവീന്ദ്രനാഥിന്റെ ചോദ്യത്തിന് മറുപടിയായി അത് ഉന്നതവിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് വിഘാതമാകുമെന്നും എൽ.ഡി.എഫ്. എതിർക്കുമെന്നുമാണ് പറഞ്ഞത്. 2009, 2014, 2019 പൊതുതെരഞ്ഞെടുപ്പുകളിൽ ഉന്നതവിദ്യാഭ്യാസമേഖലയിൽ വിദേശ മൂലധനം അനുവദിക്കുകയില്ലെന്ന നിലപാട് സ്വീകരിച്ചു. 2021 ജനുവരി 15-ന് ഡോ. ടി. എം. തോമസ് ഐസക് ഈ സഭയിൽ നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ 39, 40, 41 പേജുകളിൽ ഉന്നതവിദ്യാഭ്യാസമേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടി 21 നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതിലൊന്നും വിദേശ സ്വകാര്യ യൂണിവേഴ്സിറ്റികളെക്കുറിച്ച് പറയുന്നില്ല. 2003 ജനുവരി 7-ന് പോളിറ്റ് ബ്യൂറോ യു.ജി.സി. കരട് രേഖയിൽനിന്നും വിദേശ സർവകലാശാല ആരംഭിക്കണമെന്നത് പിൻവലിക്കണമെന്നാവശ്യപ്പെട്ടു. ഇപ്പോൾ പെട്ടെന്ന് ഈ നിലപാട് മാറ്റാനുള്ള കാരണമെന്താണ്? യു. ഡി. എഫ്. ഗവൺമെന്റ് സ്വകാര്യമേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവന്നപ്പോൾ അന്ന് എൽ.കെ.ജി. മുതൽ യൂണിവേഴ്സിറ്റി വരെ സമരം പ്രഖ്യാപിച്ചവരാണ് അന്നത്തെ എൽ.ഡി.എഫ്. അതുകൊണ്ട് എം.എസ്.എഫ്. സംസ്ഥാന

പ്രസിഡന്റ് ശ്രീ. പി. കെ. നവാസ് പറഞ്ഞതുപോലെ കൂത്തുപറമ്പിൽ വെടിയേറ്റ് മരണപ്പെട്ടവരോടുമാത്രമല്ല, കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തോടൊന്നൊടങ്കം നിങ്ങൾ മാപ്പ് ചോദിക്കണമെന്ന അഭിപ്രായം പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങൾക്കുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ 9, 10, 15, 28, 32, 36, 37 എന്നീ പേജുകളിലാണ് സ്വകാര്യ ഇടപെടലിനെ പ്രോത്സാഹിപ്പിക്കുന്നത്. ബഡ്ജറ്റിന്റെ പേജ് 42-ൽ വിദേശ സർവകലാശാല കാമ്പസ് സ്ഥാപിക്കുന്നത് പരിശോധിക്കാമെന്നും പറയുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗം ആരംഭിച്ചപ്പോൾ ഭരണപക്ഷമൊന്നടങ്കം ഡസ്കിലടിച്ച് പ്രോത്സാഹിപ്പിച്ചു, കാര്യങ്ങളിലേയ്ക്ക് പ്രവേശിച്ചപ്പോൾ ഡസ്കിലടി കുറവായി. ഭരണകക്ഷിയിലെ ചെറുപ്പക്കാർക്ക് ഈ നയം മാറ്റം ഇഷ്ടപ്പെട്ടില്ല, സി.പി.ഐ.(എം.) അംഗങ്ങൾ തീരെ പ്രോത്സാഹിപ്പിച്ചില്ല. അവർ പ്രതിപക്ഷത്താണ്, പ്രതിഷേധത്തിലാണ്. അവർ ഞങ്ങളുടെ കൂടെയായിരുന്നപ്പോൾ എന്തൊരു അഭിമാനമുണ്ടായിരുന്നു, അന്തസ്സുണ്ടായിരുന്നു, നിലവാരമുണ്ടായിരുന്നു. ഇപ്പോൾ സി.പി.ഐ.(എം.)-ന്റെ അവഗണനയും ധാർഷ്ട്യവും സഹിക്കുകയല്ലാതെ മറ്റെന്തുമാർഗ്ഗം. ബഹുമാനപ്പെട്ട മന്ത്രിമാരായ

ശ്രീ. ജി. ആർ. അനിലിനും ശ്രീമതി ജെ. ചിഞ്ചുറാണിക്കും ഉദ്ദേശ്യപൂർത്തീകരണത്തിന് നന്മകൾ നേരുന്നു. ബഡ്ജറ്റിന്റെ 158, 159 എന്നീ പേജുകളിലാണ് നവകേരള സദസ്സിനെക്കുറിച്ച് പ്രതിപാദിക്കുന്നത്. ഉമ്മൻചാണ്ടി സർക്കാർ എല്ലാവർക്കും സ്വീകാര്യമായ വിധത്തിൽ നടത്തിയ ജനസമ്പർക്ക പരിപാടിക്ക് പകരമായി പ്ലാൻ ചെയ്ത നവകേരള സദസ്സ് ജനങ്ങളുടെ ചെലവിൽ മന്ത്രിസഭാംഗങ്ങളുടെ ഒരു ഹൈ-ടെക് ആഡംബര കേരള ടൂറായി മാറിയെന്നല്ലാതെ എന്ത് ലക്ഷ്യമാണ് നേടിയത്?ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കും ശ്രീ. തോമസ് ചാഴികാടൻ എം.പി.ക്കും ഇക്കാര്യം ഞങ്ങളെക്കാൾ വളരെ വ്യക്തമായി മനസ്സിലായിട്ടുണ്ടെന്നാണ് പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങളുടെ അഭിപ്രായം. നവകേരള സദസ്സിൽ ഉയർന്ന പദ്ധതികൾക്കും നിർദ്ദേശങ്ങൾക്കും 1,000 കോടി രൂപ നീക്കിവയ്ക്കുന്നുവെന്നാണ് 158, 159 പേജുകളിൽ പറയുന്നത്. ഞാൻ ചോദിക്കട്ടെ; ഭരണപക്ഷ, പ്രതിപക്ഷ എം.എൽ.എ.-മാർ എല്ലാവരും അവരുടെ മണ്ഡലങ്ങളിൽ ജനങ്ങൾക്കാവശ്യമുള്ള പദ്ധതികളും നിർദ്ദേശങ്ങളും ഇക്കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ഗവൺമെന്റിനും മന്ത്രിമാർക്കും സമർപ്പിക്കുകയും

സബ്മിഷൻ മുഖേന ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.-മാർ ആവശ്യപ്പെടാത്ത ഒരു കാര്യവും ഈ നവകേരള സദസ്സിൽ വന്നിട്ടുണ്ടാവില്ല. അതൊന്നും പരിഗണിക്കാതെ ഇപ്പോൾ നവകേരള സദസ്സിന് അതിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കാൻ 1,000 കോടി രൂപ മാറ്റിവയ്ക്കുന്നുവെന്നുപറയുന്നത് ആരെ പറ്റിക്കാനാണ്, ജനങ്ങളെല്ലാം വിഡ്ഢികളാണെന്ന് വിചാരിക്കാൻ പാടുണ്ടോ? മാത്രമല്ല വിവിധ വകുപ്പുകൾക്കുകീഴിൽ സെക്രട്ടേറിയറ്റിൽ 7,89,629 ഫയലുകൾ തീർപ്പാക്കാനുണ്ട്. നവകേരള സദസ്സിൽ 6,21,270 പരാതികൾ ലഭിച്ചിട്ടുണ്ട്. ആകെ 14,10,899 ഫയലുകളുണ്ട്. രണ്ടുമാസത്തിനുള്ളിൽ ഇത്രയും ഫയലുകൾ എങ്ങനെയാണ് തീർപ്പാക്കുന്നത്? ഈ മന്ത്രിസഭയുടെ കാലാവധി കഴിയുന്നതുവരെ ഇതൊന്നും തീർപ്പാക്കാൻ സാധിക്കുകയില്ല. നവകേരള സദസ്സിന്റെ അവസാനഘട്ടത്തിൽ കരിങ്കൊടി, ജലപീരങ്കി, ലാത്തിചാർജ്, കരുതൽ തടങ്കൽ, അറസ്റ്റ്, ജയിലിലിടയ്ക്കൽ എന്നിവയാണ് കേരള ജനത കണ്ടത്. സദസ്സാകെ പാളി. ഇവർക്കെതിരെ കരിങ്കൊടി കാണിക്കാൻ പാടില്ല, മുദ്രാവാക്യം വിളിക്കാൻ പാടില്ല. ഇത് ജനാധിപത്യത്തെ പരിഹസിക്കുന്ന നടപടികളായിപ്പോയി. ഇക്കാര്യത്തിൽ മോദി സർക്കാരും

പിണറായി സർക്കാരും ഒരേപോലെയല്ലേയെന്ന് ഞങ്ങൾ ചോദിക്കുകയാണ്. കേരള മോഡൽ വികസനം, കേരളത്തെ ലോകോത്തര നിലവാരത്തിലേയ്ക്കുയർത്തുമെന്നൊക്കെപ്പറയുന്ന മന്ത്രിക്ക് അറിയാവുന്നതും എന്നാൽ സഭയിൽ അദ്ദേഹത്തിന് പറയാൻ സാധിക്കാത്തതുമായ ചില വസ്തുതകളുണ്ട്. 57,400 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ടെന്നുപറയുന്നത് തെറ്റാണെന്ന് എം.എൽ.എ.-മാരായ ഡോ. മാത്യു കുഴൽനാടനും ശ്രീ. റോജി എം. ജോണും സഭയിൽ സമർത്ഥിക്കുകയുണ്ടായി. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു. പെട്രോൾ, ഡീസൽ സെസ്സ് ചുമത്തിയത് പിൻവലിച്ചില്ല. പാൽ, വെള്ളക്കരം, വൈദ്യുതിചാർജ്ജ്, ഓട്ടോ, ടാക്സി, ബസ് ചാർജ്ജ് ഇവയെല്ലാം വർദ്ധിപ്പിച്ചു. ഒരുതരത്തിലും സഹിക്കാൻ സാധിക്കാത്ത വിധത്തിൽ കെട്ടിട ഉടമകൾക്ക് ഫീസും ടാക്സും വർദ്ധിപ്പിച്ചു. സർക്കാർ ജീവനക്കാർക്ക് ഡി.എ. കുടിശികയില്ല, ലീവ് സറണ്ടറില്ല, ഫിറ്റ്നസ് ബെനഫിറ്റില്ല. കഴിഞ്ഞ 8 വർഷം ഭരണത്തിലുണ്ടായിട്ടും പങ്കാളിത്ത പെൻഷനെക്കുറിച്ച് തീരുമാനമെടുക്കാതെ ഇപ്പോൾ അത് പഠിക്കാനായി സമിതിയെ നിയോഗിക്കുന്നു.

മി. ചെയർമാൻ: പ്ലീസ്, കൺക്ലൂഡ്.... ഒരു മിനിട്ടുകൂടി. തടസ്സപ്പെടുത്തിയാൽ സമയം നൽകുന്നതല്ല.

ശ്രീ. യു. എ. ലത്തീഫ്: സർ, ഇവിടെ ചെക്കുകേസുകൾക്കും കുടുംബ കോടതികൾക്കും ഫീസ് ചുമത്തിയത് അധികമായിപ്പോയി. ഇതുരണ്ടും പിൻവലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: പ്ലീസ്,പ്ലീസ്....

ശ്രീ. യു. എ. ലത്തീഫ്: സർ, മലപ്പുറം ജില്ലയിലെ ഏക മെഡിക്കൽ കോളേജായ മഞ്ചേരി മെഡിക്കൽ കോളേജും ജനറൽ ആശുപത്രിയും വികസിപ്പിക്കാൻ 50 ഏക്കർ ഭൂമി കണ്ടെത്തിയത് ഏറ്റെടുക്കാൻ ഈ ഗവൺമെന്റ് ഒരു നയാപൈസപോലും ഈ ബഡ്ജറ്റിൽ വകയിരുത്തിയില്ല.

മി. ചെയർപേഴ്സൺ: പ്ലീസ്,പ്ലീസ്....

ശ്രീ. യു. എ. ലത്തീഫ്: സർ, ജസീല ജംഗ്ഷൻ മുതൽ ചെരണി വരെയുള്ള റോഡ്, ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് വരെയുള്ള റോഡ് എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് പണമില്ല. പുല്ലൂർ യു. പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുന്നില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, (......മൈക്ക് ഓഫ്.....)

മി. ചെയർമാൻ: പ്ലീസ്,പ്ലീസ്.... എം. എൽ. എ. ഇരിക്കൂ...

ശ്രീ. യു. എ. ലത്തീഫ്: സർ, ഒരു വാക്ക്.... ശ്രീ. പി. ഉബൈദുള്ള അദ്ദേഹത്തിന്റെ രണ്ട് മിനിറ്റ് എനിക്ക് തന്നു. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന് ഒരു നയമുണ്ട്.

മി. ചെയർമാൻ: അത് അനുവദിക്കാവുന്നതാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, കോൺഗ്രസ് പരാജയപ്പെട്ടിടത്ത് ബി.ജെ.പി. അധികാരത്തിലെത്തുന്നു. അതുകൊണ്ട് വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും വേരോട്ടമുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിജയിക്കണം, അധികാരത്തിലെത്തണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനുവേണ്ടി മതേതര കക്ഷികൾ ഒന്നിക്കണമെന്നാണ് ലീഗ് ആവശ്യപ്പെടുന്നത്. ഈ സഭയിലെ ഭരണപക്ഷത്തെ എല്ലാ അംഗങ്ങളും കോൺഗ്രസിനെ ശക്തമായി എതിർക്കുന്നത് കാണുകയാണ്. ഞാൻ ചോദിക്കുന്നത്, കോൺഗ്രസിനെ മാറ്റിയാൽ ബി.ജെ.പി. അല്ലാതെ കേന്ദ്രത്തിൽ അധികാരത്തിൽ വരുന്നത് നിങ്ങൾ കാണുന്ന ബദലേതാണെന്ന് പറയാൻ കഴിയുമോയുന്നുള്ളതാണ്.

ഡോ. കെ. ടി. ജലീൽ, ലീഗിനെ ചീത്ത വിളിക്കാൻ സി.പി.ഐ.(എം.) കൊണ്ടുനടന്നിരുന്ന ഒരു കോടാലിയായിരുന്നു അദ്ദേഹം. അതിന് അദ്ദേഹത്തിന് മന്ത്രിസ്ഥാനം പ്രതിഫലമായി ലഭിച്ചു. ഇനിയും വല്ലതും ലഭിക്കുമോയെന്നാണ് പരിശോധിക്കുന്നതെങ്കിൽ ഒന്ന് ഓർക്കുന്നത് നല്ലതാണ്, നിങ്ങളുടെ നേതാവ് സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത് ലീഗ് ജനാധിപത്യ മതേതര സംഘടനയാണെന്നാണ്. പിന്നെ, സി.പി.ഐ.(എം.).-ന്റെ ഉമ്മറപ്പടിയിലിരിക്കുന്ന, അകത്തേക്ക് പ്രവേശനമില്ലാത്ത ജലീലിന്റെ ആരോപണങ്ങൾ ഞങ്ങൾ തീർത്തും അവഗണിക്കുന്നു.

മി. ചെയർമാൻ: യെസ്, കൺക്ലൂഡ്.

ശ്രീ. യു. എ. ലത്തീഫ്: പിണറായി സർക്കാർ തുടർഭരണത്തിനെത്തിയപ്പോൾ.... എല്ലാ ഭരണകക്ഷികളുടെയും ഭാവം മാറി, അഹങ്കാരമായി... ശ്രീ. ബാലചന്ദ്ര ചുള്ളിക്കാട് എഴുതിയതുപോലെ....

മി. ചെയർമാൻ: പ്ലീസ്,ശ്രീ. ജോബ് മൈക്കിൾ.

<u>ശ്രീ. ജോബ് മൈക്കിൾ:</u> സർ, 2023-24 സാമ്പത്തിക വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന വേളയിൽ നമ്മുടെ സാമ്പത്തിക സ്ഥിതി എന്തായിരുന്നുവെന്ന് നമുക്കറിയാം. ഇപ്പോൾ അതിൽനിന്നും നാം വളരെയധികം മുന്നേറിയിരിക്കുന്നു. നമ്മുടെ തനത് വരുമാനത്തിൽ വലിയ വർദ്ധനവാണുണ്ടായിരിക്കുന്നത്. ഈ നേട്ടം കൈവരിക്കാനായതുകൊണ്ടാണ് നമുക്ക് പിടിച്ചുനിൽക്കാൻ സാധിക്കുന്നത്. കഴിഞ്ഞ ഓണക്കാലത്ത് കേരളത്തിലെ മാധ്യമങ്ങൾ പറഞ്ഞുപരത്തിയ പച്ചക്കള്ളം എന്താണ്; ഓണം വരുമ്പോൾ കേരളത്തിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും ബോണസുമൊന്നും കിട്ടില്ലെന്നാണ് പറഞ്ഞത്. എന്നാൽ കഴിഞ്ഞ ഓണക്കാലത്ത് നമ്മൾ എന്താണ് കണ്ടത്; കേരളത്തിലെ എല്ലാ സർക്കാർ ജീവനക്കാർക്കും ശമ്പളവും അവകാശപ്പെട്ട എല്ലാവർക്കും ബോണസും ലഭിച്ചു. കേരളത്തിലെ ഒരു ട്രഷറിയും പൂട്ടിയില്ല. എല്ലാ ട്രഷറികളും തുറന്നു പ്രവർത്തിച്ചു. അപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾ ഒരു കാര്യം ഓർക്കണം; ഇവിടെ പച്ചക്കള്ളം പറഞ്ഞാൽ അത് സത്യമായി മാറില്ല. ഇവിടെ ശക്തമായി ഭരിക്കുന്ന ഗവൺമെന്റുണ്ട്.

ഇവിടത്തെ ജനങ്ങളുടെ കാര്യങ്ങൾ കൃത്യമായി നോക്കിക്കൊണ്ട് മുന്നോട്ടുപോകുന്നു. എങ്ങനെയാണ് വരുമാന വർദ്ധനവുണ്ടായത്; നികുതി പിരിവ് കാര്യക്ഷമമാക്കിയും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെയുമാണ് ആ കാര്യം സാധിച്ചെടുത്തത്. രാജ്യത്തുതന്നെ ഏറ്റവും കൂടുതൽ ആളോഹരി വരുമാനമുള്ള അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി നമ്മുടെ കൊച്ചുകേരളം മാറിക്കഴിഞ്ഞു. ഇന്ന് അഖിലേന്ത്യാ ശരാശരിയേക്കാൾ മുമ്പിലാണ് നമ്മുടെ സാമ്പത്തിക സ്ഥിതി. റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് രാജ്യത്തെ ഏറ്റവും മെച്ചപ്പെട്ട കൺസോളിഡേറ്റഡ് ഫിനാൻഷ്യൽ പൊസിഷനുള്ള സ്റ്റേറ്റ് കേരളമാണ്. ക്ഷേമ പെൻഷന് നൽകുന്ന തുക മാറ്റിയാൽ സംസ്ഥാനത്തിന് ആവശ്യമായ തുക ലഭിക്കുമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. 62 ലക്ഷത്തിലധികം ആളുകൾക്ക് 1600 രൂപ വീതം നൽകുന്ന ക്ഷേമ പെൻഷൻ കേന്ദ്ര സർക്കാർ ഏതൊക്കെ രീതിയിൽ തടയാൻ ശ്രമിച്ചാലും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ, ബഹുമാനപ്പെട്ട പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ അത് നൽകുകതന്നെ ചെയ്യും. ഇവിടെ നമ്മൾ ചെലവഴിക്കുന്ന തുക പാവപ്പെട്ടവരുടെ ക്ഷേമത്തിനും പാവപ്പെട്ട സമൂഹത്തിന്റെ ഉന്നതിക്കും

വേണ്ടിയാണ്. എല്ലാവർക്കും വീട് എന്ന ആശയവുമായി മുന്നോട്ടുവന്നപ്പോൾ, ഞങ്ങൾ അധികാരത്തിൽ വന്നാൽ ലൈഫ് പദ്ധതി നിർത്തലാക്കുമെന്ന് പറഞ്ഞ നേതാക്കന്മാർ ഈ സഭയിലുണ്ട്. പക്ഷെ നമ്മൾ എന്താണ് കണ്ടത്; കേരളത്തിലെ 3.5 ലക്ഷം ആളുകൾക്ക് വീട് നൽകിക്കൊണ്ട്, വീടും സ്ഥലവുമില്ലാത്തവർക്ക് അത് രണ്ടും നൽകാൻ പദ്ധതി വച്ചുകൊണ്ട് ലൈഫ് പദ്ധതി ഇന്ന് കേരളത്തിലെ ലക്ഷക്കണക്കിന് ആളുകൾ ഇഷ്ടപ്പെടുന്ന പദ്ധതിയായി മാറിക്കഴിഞ്ഞു. 3.5 ലക്ഷം വീടുകൾ ഈ കാലഘട്ടംകൊണ്ട് കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് നൽകിക്കഴിഞ്ഞു. ബഹുമാനപ്പെട്ട കെ. എൻ. ബാലഗോപാൽ മന്ത്രിയുടെ ഒരു പ്രസ്താവനയുണ്ട്, ലോകത്തെ ആകെ കണക്കെടുത്ത് നോക്കിയാൽ വീടില്ലാത്ത ഒരാൾക്ക് വീടും വീടും സ്ഥലവുമില്ലാത്തവർക്ക് അത് രണ്ടും ലഭിക്കുന്ന ലോകത്തെ ഏക സംസ്ഥാനം കേരളമാണ് എന്നാണ്. കേരളത്തിൽ ഇനി 3 ലക്ഷം ആളുകൾക്ക് മാത്രമേ വീട് ലഭിക്കാനുള്ളൂ. ഇങ്ങനെയൊരു പദ്ധതി ലോകത്ത് എവിടെയെങ്കിലുമുണ്ടെങ്കിൽ പ്രതിപക്ഷത്തെ ഏതെങ്കിലും ഒരു അംഗം അത് ചൂണ്ടിക്കാണിക്കട്ടെ. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഭരണപക്ഷ എം.എൽ.എ.-മാരും വളരെ തണുപ്പുള്ള സമയത്ത്

ഡൽഹിയിൽപോയി സമരം ചെയ്തു. ആ സമരത്തിൽ ആവശ്യപ്പെട്ട കാര്യമെന്താണ്; കേരളത്തിന് അർഹതപ്പെട്ട കാര്യങ്ങൾ നൽകണമെന്നാണ്. ഞങ്ങൾ സമരം ചെയ്തതിന്റെ തലേദിവസം കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയുടെ മുഖ്യമന്ത്രി അവിടെ സമരം ചെയ്തു. പക്ഷെ, ഇവിടെനിന്നും 18 എം.പി.-മാർ പാർലമെന്റിലേയ്ക്ക് പോയല്ലോ; ഒരു എം.പി. പോലും കുശലം ചോദിക്കാനെങ്കിലും കേരള ഹൗസിൽ എത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയോ മന്ത്രിമാരെയോ എം.എൽ.എ.-മാരെയോ കാണാൻ തയ്യാറായില്ല. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ചായ കുടിക്കാൻ ക്ഷണിച്ചപ്പോൾ പോയ യു.ഡി.എഫ്. എം.പി.-മാരുണ്ട്. പക്ഷെ, കേരള ഹൗസിലെ കാന്റീനിൽവന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ എം.എൽ.എ.-മാരുടെയോ ഒപ്പമിരുന്ന് ഒരു ചായ കുടിക്കാൻ യു.ഡി.എഫ്.-ന്റെ ഒരു എം.പി.പോലും തയ്യാറായില്ല. അന്ധമായ ഭരണ വിരുദ്ധതയാണ് അതിന്റെ കാരണം. കേരളത്തിലെ ഭരണകക്ഷിയെ എങ്ങനെയെങ്കിലും തോൽപ്പിക്കുക. കേന്ദ്ര ഗവൺമെന്റിനോട് ചേർന്നുനിന്നുകൊണ്ട് കേരളത്തെ തോൽപ്പിക്കാൻ ശ്രമിക്കുമ്പോൾ തോൽക്കില്ലെന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി

സർക്കാർ മുന്നോട്ടുപോകുകയാണ്. റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിച്ചു. 10 രൂപയല്ലേ വർദ്ധിപ്പിച്ചതെന്ന് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. മോൻസ് ജോസഫ് പറയുകയുണ്ടായി. ഒരു കിലോഗ്രാമിനാണ് 10 രൂപ വർദ്ധിപ്പിച്ചത്. ഇപ്പോൾ റബ്ബറിന്റെ താങ്ങുവില 180/- രൂപയാണ്. കേരളത്തിലെ നെൽകർഷകർക്കുവേണ്ടി 100 കോടി രൂപ സർക്കാർ അനുവദിച്ച കാര്യം രാവിലെ ശ്രീ. തോമസ് കെ. തോമസ് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ പറഞ്ഞതാണ്. എല്ലാ മേഖലയിലും വികസനം കൊണ്ടുവരുമ്പോൾ കേരളത്തിലെ ജനങ്ങൾ, കേരളത്തിലെ കർഷകർ ഈ സർക്കാരിനോടൊപ്പം ഉണ്ടാകുമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി പോക്കറ്റിൽ ഒരു റോസാപ്പൂവ് വച്ചുകൊണ്ടാണ് നിയമസഭയിൽ വന്നത്. എന്തുകൊണ്ടാണ് അങ്ങനെ വന്നതെന്ന് ഞാൻ അന്വേഷിച്ചു. അപ്പോഴാണ് ഇന്ന് ഫെബ്രുവരി 14 വാലന്റൈൻസ് ഡേ, പ്രണയദിനമാണെന്ന് മനസ്സിലാക്കിയത്. അതുകൊണ്ട് മുൻകൂട്ടി പൂക്കൾ

വാങ്ങി അദ്ദേഹം തന്റെ സ്നേഹം പങ്കുവയ്ക്കുന്നതാണെന്നാണ് എനിക്ക് തോന്നിയത്. വാലന്റൈൻ ദിനം പരസ്പരം സ്നേഹിക്കുന്നവരുടെ ദിനമാണ്. ക്ലോഡിയസ് ചക്രവർത്തി റോം ഭരിച്ചിരുന്ന കാലത്ത് വാലന്റൈൻ എന്നൊരാളായിരുന്നു കത്തോലിക്കാ സഭയുടെ ബിഷപ്പ്. വിവാഹം കഴിഞ്ഞ അവിടത്തെ പുരുഷന്മാർക്ക് കുടുംബം എന്നൊരു ചിന്ത മാത്രമേയുള്ളൂവെന്നും യുദ്ധത്തിൽ ഒരു വീര്യവും അവർ കാണിക്കുന്നില്ലെന്നും ചക്രവർത്തിക്ക് തോന്നി. അതിനാൽ ചക്രവർത്തി റോമിൽ വിവാഹം നിരോധിച്ചു. പക്ഷെ, ബിഷപ് വാലന്റൈൻ പരസ്പരം സ്നേഹിക്കുന്നവരെ മനസ്സിലാക്കി അവരുടെ വിവാഹം രഹസ്യമായി നടത്തിക്കൊടുക്കാൻ തുടങ്ങി. വിവരമറിഞ്ഞ ചക്രവർത്തി വാലന്റൈനെ ജയിലിലടച്ചു. ബിഷപ്പ് വാലന്റൈൻ ജയിലറുടെ അന്ധയായ മകളുമായി സ്നേഹത്തിലായി. അതോടെ ആ പെൺകുട്ടിക്ക് കാഴ്ചശക്തി ലഭിച്ചുവെന്ന് പറയുന്നു. അത് അറിഞ്ഞ ചക്രവർത്തി വാലന്റൈന്റെ തല വെട്ടാൻ ആജ്ഞാപിച്ചു. തല വെട്ടാൻ കൊണ്ടുപോകുന്നതിനുമുമ്പ് വാലന്റൈൻ ആ പെൺകുട്ടിക്ക് ‘ From your Valentine’ എന്നെഴുതിയ ഒരു കുറിപ്പ് വച്ചു. അതിനുശേഷമാണ് ഈ ദിനം വാലന്റൈൻ ദിനമായി ആചരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട കേരള

മുഖ്യമന്ത്രിയോട് പറയുന്നത്, കേരളത്തിലെ ജനങ്ങൾക്ക് ഈ ദിനത്തിൽ അങ്ങയുടെ പേരിൽ ‘ From your Vijayan’ എന്നൊരു വാക്ക് കേൾക്കണമെന്ന ആഗ്രഹമുണ്ടെങ്കിലും ജനങ്ങളെ സംരക്ഷിക്കുന്ന, നീതിയുടെ കിരീടം കാണിക്കുന്ന, സ്നേഹത്തിന്റെയോ നന്മയുടെയോ ഒരു വശംപോലുമില്ലാത്ത ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറുന്നുവെന്നുള്ളതാണ് ഇന്നത്തെ അവസ്ഥ. വാലന്റൈൻ ദിനമായതുകൊണ്ട് ക്രൂരമായ ഭാഷയിലൊന്നും ഞാൻ സംസാരിക്കുന്നില്ല. ഒരു പ്രണയലേഖനം കൂടി... വൈക്കം മുഹമ്മദ് ബഷീർ എഴുതിയ 'പ്രേമലേഖനം' എന്ന നോവലിന്റെ ഒരു ഭാഗം ചെറിയ മാറ്റം വരുത്തി പറഞ്ഞാൽ അത് ഇങ്ങനെയാണ്;

"നീ ആ ഗവൺമെന്റിനെ എന്ത് ചെയ്തു;

ഏത് ഗവൺമെന്റ്;

ഞാൻ തന്ന രക്തനക്ഷത്രംപോലെ കടും ചുവപ്പ് നിറമാർന്ന ആ ഗവൺമെന്റ്.

ഓ! അതോ;

ആ അതുതന്നെ.

തിടുക്കപ്പെട്ട് അന്വേഷിക്കുന്നത് എന്തിന്;

ചവിട്ടിയരച്ച് കളഞ്ഞോയെന്ന് അറിയാൻ.

അങ്ങനെ ചെയ്തെങ്കിൽ എന്ത്;

ഓ... ഒന്നുമില്ല. അതെന്റെ ഹൃദമായിരുന്നു."

എന്നുള്ളതാണ് ആ പ്രേമലേഖനം. ഇവിടെ ഈ ഗവൺമെന്റ് കഴിഞ്ഞ 7 വർഷക്കാലംകൊണ്ട് ചവിട്ടിയരച്ച് കളഞ്ഞത് ഒട്ടേറെ യുവാക്കളുടെ ഭാവിയാണ്. ഇന്ന് നമ്മുടെ കേരളത്തിന്റെ അവസ്ഥയെന്താണ്; നമ്മൾ ജയിപ്പിച്ചുവിട്ട എം.പി.-മാർ പാർലമെന്റിൽ ഒന്നും മിണ്ടുന്നില്ലെന്നാണ് ബഹുമാനപ്പെട്ട അഴീക്കോട് അംഗം ശ്രീ. കെ. വി. സുമേഷ് ഇവിടെ പറഞ്ഞത്. ഇന്നത്തെ പത്രം ഒന്ന് പരിശോധിക്കണം. പാർലമെന്റിൽ ഏറ്റവും കൂടുതൽ സംസാരിച്ചിട്ടുള്ള മുൻനിര എം.പി.-മാർ ആരൊക്കെയാണ്; കേരളത്തിന്റെ പ്രശ്നം ചർച്ച ചെയ്തവരുടെയും ലോകകാര്യങ്ങൾ സംസാരിച്ചവരുടെയും പ്രശ്നങ്ങൾ ഉന്നയിച്ചവരുടെയും മുൻനിരയിലുള്ളത് ശ്രീ. എൻ. കെ. പ്രേമചന്ദ്രനും ഡോ. ശശി തരൂരുമൊക്കെ ആയിരുന്നുവെന്നുള്ളത് മനസ്സിലാക്കുക. നിങ്ങൾ ജയിപ്പിച്ചുവിട്ട ഒരു എം.പി. ഉണ്ടല്ലോ; മുൻ എം.എൽ.എ. കൂടിയായിരുന്ന ശ്രീ. എ. എം. ആരിഫ്. അദ്ദേഹം ഇന്നുവരെ പാർലമെന്റിൽ വായ തുറന്നിട്ടില്ല. അഥവാ തുറന്നിട്ടുണ്ടെങ്കിൽതന്നെ അത് ആർക്കും മനസ്സിലായിട്ടില്ലെന്നുള്ളതാണ് അവസ്ഥ. ഈ നാടിന്റെ അവസ്ഥ വളരെ ശോചനീയമാണ്. കർഷകർ

ആത്മഹത്യ ചെയ്യുന്നു, തൊഴിലില്ലായ്മ വർദ്ധിക്കുന്നു, ഫീസടയ്ക്കാൻ പണമില്ലാതെ വിദ്യാർത്ഥികൾ അലയുന്നു. നമ്മുടെ നാട്ടിൽ പണം കടം ചോദിക്കുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കാരണം നമ്മുടെ യുവാക്കൾ നാടുവിട്ട് ജോലിക്കായി വിദേശത്തേയ്ക്ക് പോകുന്നു. വാർദ്ധക്യകാല പെൻഷൻ ലഭിക്കാത്തതിന്റെ പേരിൽ ഒരു അമ്മയ്ക്ക് പിച്ചച്ചട്ടി എടുക്കേണ്ട ഗതികേടുണ്ടായ സംസ്ഥാനമാണിത്. വന്യമൃഗങ്ങളുടെ ശല്യം പറയേണ്ടതില്ലല്ലോ; അതുമൂലം എത്രമാത്രം ആളുകൾ മരണപ്പെടുന്നു. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂർ വനാതിർത്തിയിൽ ഉൾപ്പെടുന്ന ഒരു സ്ഥലമാണ്. അവിടത്തെ വേങ്ങൂർ, കൂവപ്പടി തുടങ്ങിയ പഞ്ചായത്തുകളിൽ പത്തുമുപ്പത് ആനകളാണ് വനമേഖലകളിൽനിന്നും ജനവാസ കേന്ദ്രങ്ങളിലേയ്ക്കിറങ്ങിവന്ന് ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുന്നത്. നമ്മൾ ഇതിനെ നിലയ്ക്കുനിർത്തേണ്ടതല്ലേ; ഞാൻ ഈയവസരത്തിൽ വീരപ്പനെ ഓർമ്മിക്കുകയാണ്. അദ്ദേഹം ഉണ്ടായിരുന്നപ്പോൾ എത്ര നന്നായി കാര്യങ്ങൾ ചെയ്തു. നമ്മുടെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി നല്ലൊരു മനുഷ്യനാണ്. എന്നാൽ പ്രായാധിക്യം കൂടിയതുകൊണ്ടാകാം അദ്ദേഹത്തിന് ഒന്നും ചെയ്യാൻ

കഴിയുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന് ഗതാഗത വകുപ്പ് നൽകിയിട്ട് ശ്രീ. കെ. ബി. ഗണേഷ് കുമാറിന് വനം വകുപ്പ് നൽകണമെന്ന് എനിക്കൊരു അഭ്യർത്ഥനയുണ്ട്. കാരണം അദ്ദേഹമൊരു ആനപ്രേമിയായതുകൊണ്ട് ആനയെ മെരുക്കാനും മറ്റും അദ്ദേഹത്തിന് അറിയാം. അതുകൊണ്ട് പ്രസ്തുത വകുപ്പുകൾ വച്ചുമാറാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ വനം വകുപ്പുമന്ത്രിക്ക് വനമേഖലയിൽ പോകാൻ സമയമില്ല, ചുരം കയറാൻ കഴിയുകയുമില്ല. അല്ലെങ്കിൽ ശ്രീ. കോവൂർ കുഞ്ഞുമോനോ ശ്രീ. തോമസ് കെ. തോമസിനോ വകുപ്പ് കൈമാറാമല്ലോ; അങ്ങനെ കഴിവും പ്രാപ്തിയും ചിന്താശക്തിയുമുള്ള പുതിയ തലമുറയിലേയ്ക്ക് അത് കൈമാറണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അല്ലെങ്കിൽ സ്വാമി വിവേകാനന്ദൻ പറഞ്ഞതുപോലെ, കേരളം ഭ്രാന്താലയമായി മാറുമെന്നതാണ് അവസ്ഥ. നിങ്ങൾ നടത്തിയ നവകേരള സദസ്സ് പെരുമ്പാവൂരിൽ എത്തിയത് ഡിസംബർ പത്താം തീയതിയായിരുന്നു. നവകേരള സദസ്സ് കഴിയുമ്പോൾ അവസാനം എനിക്ക് കിട്ടിയത് ഡി.വൈ.എഫ്.ഐ.-ക്കാരുടെ ആക്രമണമായിരുന്നു. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ആളെ കാണാൻപോയ എന്നെ

ഡി.വൈ.എഫ്.ഐ.-യുടെ ഇരുപതോളം ഗുണ്ടകൾ ആക്രമിച്ചു. പുതിയ യൂണിഫോമായ കാക്കി പാന്റും വെള്ള ഷർട്ടും ധരിച്ച അവർ മദ്യപിച്ച് കഞ്ചാവടിച്ച് മദോന്മത്തരായി അവിടെ ഭ്രാന്ത് കാണിക്കുന്ന അവസ്ഥയുണ്ടായി. അതിന്റെ ഭാഗമായി എന്റെ സ്റ്റാഫിനുപോലും നാലുദിവസം ഐ.സി.യു.-വിൽ കിടക്കേണ്ടിവന്നിട്ട് നിങ്ങളുടെ സർക്കാർ കേസെടുത്തോ; ആ ക്രൂരന്മാരെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയയ്ക്കുന്ന അവസ്ഥയാണുണ്ടായത്. ഒട്ടേറെ കാര്യങ്ങൾ പറയണമെന്നുണ്ടെങ്കിലും സമയമില്ലാത്തതിനാൽ ഈ അന്തിമ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, 2023-24 സാമ്പത്തിക വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. 1957-ൽ അധികാരമേറ്റെടുത്ത ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാർ തുടങ്ങിവച്ച വികസനപ്രവർത്തനങ്ങൾ, ഭൂപരിഷ്കരണം, വിദ്യാഭ്യാസം, പൊതുജനാരോഗ്യ സംരക്ഷണ നടപടികൾ, സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെ നടന്ന നിരന്തര ഇടപെടലുകൾ എന്നിവയിലൂടെ നേടിയ വികസന അടിത്തറ, മരിച്ചുപോയാൽ കനാൽ പുറമ്പോക്കിലോ തോടുപുറമ്പോക്കിലോ

കുഴിച്ചിടാൻ ആറടി മണ്ണുപോലും സ്വന്തമായി ഇല്ലാത്ത തലമുറയ്ക്ക് സ്വന്തമായി മണ്ണുണ്ടായി, നടന്നുപോയി ചികിത്സ തേടുന്ന തരത്തിൽ നാടിന്റെ വിവിധ ഭാഗങ്ങളിൽ ആശുപത്രികളുണ്ടായി, സ്വന്തമായി ലഭിച്ച ഭൂമിയിൽ കെട്ടിയുണ്ടാക്കിയ ചെറ്റപ്പുരകളിൽനിന്നും അക്ഷരത്തിന്റെ വെളിച്ചം തേടി ആൺകുട്ടികളും പെൺകുട്ടികളും സ്കൂളുകളിലേയ്ക്ക് പോകാൻ തുടങ്ങി, ഉപ്പുമാവ് കഴിക്കാൻ വരുന്നവരെന്ന ആക്ഷേപത്തെയും മാറ്റിയുടുക്കാൻ ഒരു ജോഡി വസ്ത്രം പോലുമില്ലാത്ത ജാള്യതയെയും അതിജീവിച്ച് അവർ അക്ഷരം പഠിച്ചു. അന്തരിച്ച പ്രൊഫ. എം. കുഞ്ഞാമൻ തന്റെ 'എതിര്' എന്ന പുസ്തകത്തിൽ പറയുന്ന ഒന്നാം തലമുറ സാക്ഷരതയുണ്ടായി. ചിമ്മിനി വിളക്കിന്റെ നേരിയ വെട്ടത്തിലിരുന്ന് പഠിക്കുന്ന കുട്ടി ഉറക്കെ വായിക്കുമ്പോൾ തെറ്റുപറ്റിയാൽ തിരുത്തിക്കൊടുക്കാൻ അക്ഷരമറിയുന്ന ഒരാൾപോലുമില്ലാത്ത ഒരു കുടുംബത്തിൽനിന്നുംവന്ന ഒന്നാം തലമുറ സാക്ഷരതർ. ലോകത്തിന്റെ ഏതുഭാഗത്തും പോയി ഒരു പരിചയവുമില്ലാത്ത ആളുകൾക്കൊപ്പം ഏത് സങ്കീർണമായ ജോലിയും ചെയ്ത് ജീവിക്കാമെന്ന കരുത്ത് ഇവർക്ക് ലഭിച്ചു. പൊതുവിദ്യാലയത്തിൽനിന്ന് ലഭിച്ച അറിവിന്റെ വെളിച്ചത്തിൽ കടൽ കടന്നുപോകാൻ ഇവർ തീരുമാനിച്ചു. വിസയ്ക്കും മറ്റും നൽകേണ്ട തുക

കണ്ടെത്താൻ ഭൂപരിഷ്കരണത്തിലൂടെ ലഭിച്ച ഭൂമി സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയുടെ ഭാഗമായി രൂപീകരിച്ച സഹകരണ ബാങ്കുകളിൽ കുറഞ്ഞ പലിശയ്ക്ക് പണയം വയ്ക്കുകയും പ്രവാസത്തിനുള്ള മൂലധനം സമാഹരിക്കുകയും ചെയ്തു. ഇന്ന് ഇതെല്ലാം അട്ടിമറിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുകയാണ്. പൊതുവിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിച്ചപ്പോൾ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ എത്രമാത്രം വർദ്ധനവാണുണ്ടായതെന്ന് നാം കാണേണ്ടതാണ്. പ്ലാൻ ഫണ്ടിനുപുറമെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഓരോ നിയോജകമണ്ഡലത്തിലും അഞ്ച് കോടി രൂപ നൽകികൊണ്ട് ഒരു സ്കൂളിനെ മാതൃകാ സ്കൂളാക്കി മാറ്റി. ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും മൂന്ന് കോടി രൂപ അനുവദിച്ചു. ഇപ്പോഴത് മൂന്ന് കോടി തൊണ്ണൂറ് ലക്ഷം രൂപയാക്കി ഉയർത്തി. 500 വിദ്യാർത്ഥികൾ പഠിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും അടിസ്ഥാനസൗകര്യ വികസനത്തിന് ഒരു കോടി രൂപ അനുവദിച്ചപ്പോൾ, അത് ഒരു കോടി മുപ്പത് ലക്ഷം രൂപയാക്കി ഉയർത്തി. ഇത്തരത്തിൽ അടിസ്ഥാന സൗകര്യവികസനങ്ങളുമായി സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ

മേഖലയെ വളർത്തുമ്പോൾ, വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണംപോലും നിഷേധിക്കുന്ന നിലപാടാണ് കേന്ദ്രഭരണകൂടം സ്വീകരിച്ചത്. ഇതോടെ പദ്ധതിക്കാവശ്യമായ തുകയും പാചകത്തൊഴിലാളികൾക്ക് ഓണറേറിയം നൽകാനാകാത്ത അവസ്ഥയുമാണുള്ളത്. രാജ്യത്തെ പൊതുവിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതിക്കായി പതിനായിരം കോടി രൂപ വകയിരുത്തിയെങ്കിലും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മാത്രമാണ് ആദ്യ ഗഡു അനുവദിച്ചതെന്ന് നമുക്ക് അറിയാവുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ രണ്ടാം ഗഡു തുക അനുവദിച്ചത് മാർച്ച് 30-നാണ്. അതായത്, സാമ്പത്തിക വർഷം അവസാനിക്കുന്നതിന് കേവലം ഒരു ദിവസം മുൻപ് മാത്രം. ഉന്നതവിദ്യാഭ്യാസ മേഖലയിൽ യു.ജി.സി. ശമ്പള കുടിശ്ശിക നൽകാനുള്ള 750 കോടി രൂപ കേരളത്തിന് നൽകില്ല എന്ന നിലപാടാണ് കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തെ സംബന്ധിച്ചിടത്തോളം ബാധ്യതയായിവരുന്ന സാഹചര്യമാണ് കണ്ടുവരുന്നത്. കേന്ദ്രം തരുന്ന വസ്തുങ്ങൾ പലപ്പോഴും കേരളത്തിന് പാകമാകാതെ പോകുന്ന സ്ഥിതിയുണ്ടെന്നുള്ള വിദഗ്ദ്ധ അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ

ഭൂമിയും വിലയും കൂലിയും വളരെ കൂടുതലാണെങ്കിലും കേന്ദ്ര ബഡ്ജറ്റ് അനുവദിക്കുമ്പോൾ അതൊന്നും കണക്കിലെടുക്കുന്നില്ല. കേന്ദ്രം കേരളത്തെ സാമ്പത്തികമായി ദ്രോഹിക്കുന്നതിന്റെ ഭാഗമായി ചെറിയ കാരണങ്ങൾ പറഞ്ഞ് അർഹമായ വിഹിതം പിടിച്ചുവയ്ക്കുന്നു. കോ-ബ്രാൻഡിംഗ് നടപടിയുടെ പേരിൽ ആരോഗ്യമേഖലയിൽ ലഭിക്കേണ്ട തുക ഇനിയും നൽകിയിട്ടില്ല. വിഴിഞ്ഞം പദ്ധതിക്കും ഇതേ കാരണങ്ങൾ പറഞ്ഞാണ് തുക തടഞ്ഞുവയ്ക്കുന്നത്. തനതുവരുമാനത്തിൽ റെക്കോർഡ് നേട്ടം കൈവരിച്ചതുകൊണ്ടുമാത്രമാണ് സംസ്ഥാനം പിടിച്ചുനിൽക്കുന്നത് അല്ലെങ്കിൽ ശമ്പളം മുടങ്ങുന്ന സാഹചര്യമുണ്ടാകുമായിരുന്നു. കേന്ദ്രസർക്കാരിന്റെ വരുമാനം 2012-13 കാലഘട്ടത്തിൽ, ആകെ വരുമാനത്തിന്റെ കേവലം 5.8 ശതമാനമാണ് ലഭിച്ചിരുന്നതെങ്കിൽ പത്തുവർഷം പിന്നിടുമ്പോൾ 2021-23 കാലയളവിൽ അത് 32 ശതമാനമായി ഉയർന്നു. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്രം വെട്ടിക്കുറച്ചു. ദേശീയപാതാ വികസനത്തിനായി കേരളം ചെലവഴിച്ച 6000 കോടി രൂപ കടമെടുപ്പ് പരിധിയിലേയ്ക്കുൾക്കൊള്ളിച്ച കേന്ദ്ര സർക്കാരിന്റെ നടപടി നമുക്കറിയാം. സ്ഥലമേറ്റെടുക്കാൻ സാധിക്കില്ലെന്നും സംസ്ഥാനത്ത്

30 മീറ്റർ ദേശീയപാത വികസിപ്പിക്കുന്നതാണ് നല്ലതെന്നും ഔദ്യോഗികമായി അഭിപ്രായപ്പെട്ടിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 6000 കോടി രൂപ സർക്കാർ തുടർന്നും നൽകുന്നു. സംസ്ഥാനത്ത് കഴക്കൂട്ടം മുതൽ കാസർഗോഡ് വരെയുള്ള ദേശീയപാതാ വികസനം അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുവരുന്നത്. ദേശീയപാതാ സ്ഥലമെടുപ്പിന്റെ 25 ശതമാനം വരുന്ന ഈ തുക കടമെടുപ്പ് പരിധിയിൽ ഉൾക്കൊള്ളിച്ചതിനെത്തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ പൂർണ്ണമായും സംസ്ഥാനത്തെ സാമ്പത്തികമായി ശ്വാസംമുട്ടിച്ച് കൊല്ലുന്നു. ഈ നടപടിക്കെതിരെയുള്ള ജനകീയ പോരാട്ടത്തിലാണ് കേരളം. എന്റെ നിയോജകമണ്ഡലത്തിലെ ഒരു വിഷയം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് വളരെ വേഗത്തിൽ സ്ഥലമെടുക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ സംസ്ഥാന വിഹിതം കടത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ പുളിമാത്ത്, വെള്ളല്ലൂർ, കരവാരം

വില്ലേജുകളിലൂടെ പോകുന്ന ഈ റോഡ് കേശവപുരത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഭൂമി രണ്ടായി തിരിച്ചാണ് കടന്നുപോകുന്നത്. പകരം ഭൂമി വില കൊടുത്ത് വാങ്ങാൻ തുക അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുക അനുവദിക്കുമെന്നുള്ള പ്രതീക്ഷയിലാണ് അവിടത്തെ ജനങ്ങൾ. സംസ്ഥാനത്തിന്റെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കേണ്ട 814 കോടി രൂപയിൽ ഇതുവരെ 387.35 കോടി രൂപ മാത്രമാണ് നൽകിയത്. പ്രാദേശിക സർക്കാരുകൾ എന്നറിയപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വളർച്ചയിൽ ലോകത്തിനുതന്നെ മാതൃകയായ കേരളം പോലൊരു സംസ്ഥാനത്തിന്റെ പ്രാദേശിക വികസനത്തെ പുറകോട്ടടിക്കുന്ന ഒരു സാഹചര്യമാണ് സൃഷ്ടിച്ചത്. എല്ലാവർക്കും അടച്ചുറപ്പുള്ള വീട് എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നിരവധി പദ്ധതികൾ നടപ്പാക്കിയ നാടാണ് കേരളം. തണൽ ഭവന പദ്ധതി, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി, ലൈഫ് ഭവന പദ്ധതി തുടങ്ങിയ പദ്ധതികളിലൂടെ ഓരോ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലും നിരവധി ഗുണഭോക്താക്കൾക്ക് അടച്ചുറപ്പുള്ള വീട് ഉറപ്പുനൽകി. ലൈഫ് ഭവന പദ്ധതിയിൽ 4 ലക്ഷം രൂപ

നൽകി. ഒരു ഗുണഭോക്താവിന് ഗ്രാമപ്രദേശങ്ങളിൽ 75,000 രൂപയും നഗരപ്രദേശങ്ങളിൽ 1.5 ലക്ഷം രൂപയുമാണ് കേന്ദ്രവിഹിതം നൽകിവരുന്നത്. എന്നാൽ ഈ വിഹിതം ഉൾക്കൊണ്ട് കേന്ദ്ര പദ്ധതികളുടെ ലോഗോ ലൈഫ് മിഷൻ പദ്ധതി വഴിയുള്ള വീടിന്റെ മുന്നിൽ വയ്ക്കണമെന്ന നിർദ്ദേശമാണ് കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ആകെ തുകയുടെ അഞ്ചിൽ ഒന്നുപോലുമില്ലാത്തിടത്ത് ഈ പദ്ധതിയുടെ ഗുണം മുഴുവൻ രാഷ്ട്രീയനേട്ടം ലഭിക്കുന്നതിനും പൊതുസമൂഹത്തിന് മുൻപിൻ ഈ പദ്ധതി നൽകുന്നത് തങ്ങളാണെന്ന് വരുത്തിത്തീർക്കാനുമുള്ള ഇത്തരം ശ്രമങ്ങൾക്ക് സംസ്ഥാന സർക്കാർ ഉചിതമായ മറുപടി നൽകിയതിനെത്തുടർന്ന് ഇത്തരം പദ്ധതികളുമായി ഇനി സഹകരിക്കില്ല എന്നാണ് കേന്ദ്രം അറിയിച്ചിരിക്കുന്നത്. കേരളം ആരോഗ്യ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിവിധ ഏജൻസികളിൽനിന്നും നിരവധി പുരസ്കാരങ്ങളും പ്രശംസകളും നേടിയെടുത്തിട്ടുണ്ട്. കേരളം കോവിഡ് കാലഘട്ടത്തിലും അല്ലാതെയും നടത്തിയ നിരവധി പ്രവർത്തനങ്ങൾ കേന്ദ്ര ഭരണകൂടത്തിനുപോലും അംഗീകരിക്കേണ്ടിവന്ന ഒരു സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിന്റെ

ആരോഗ്യ മേഖലകളിലെല്ലാം കേന്ദ്ര മുദ്രയായ കോ-ബ്രാന്റിംഗ് ചാർത്തണമെന്ന കേന്ദ്ര നിർദ്ദേശം സ്വീകരിക്കുകയും ചെയ്തു. എന്നിട്ടുപോലും അർഹമായ വിഹിതം നൽകാതെ ദേശീയ ആരോഗ്യമിഷനുള്ള 85 കോടി രൂപ തടഞ്ഞുവച്ചിരിക്കുന്നു എന്നതാണ് അവസ്ഥ. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 550 കോടി രൂപയിലാണ് ഇപ്പോൾ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 60:40 എന്ന അനുപാതത്തിലുള്ള കേന്ദ്ര-സംസ്ഥാന വിഹിതമുപയോഗിച്ചുകൊണ്ടാണ് പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കി രൂപരേഖയുണ്ടാക്കിയത്. ഇത്തരത്തിൽ ഭൂപരിഷ്കരണം-പൊതുവിദ്യാഭ്യാസം-പൊതുജനാരോഗ്യ സംവിധാനങ്ങളുടെ അടിത്തറയിൽ ലോകത്തിന് മാതൃകയായ നോബൽ സമ്മാനജേതാവായ അമൃത്യ സെൻ അടക്കമുള്ള നിരവധിപേർക്ക് അത്ഭുതമേകിയ കേരള മോഡൽ, ഇന്ന് കേരള ഭരണകൂടത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനുള്ള യോഗ്യതയായി മാറിയിരിക്കുന്നു എന്നുള്ളതാണ് സങ്കടകരം. പ്രത്യേക സമരമാർഗ്ഗങ്ങൾ ഏർപ്പെടുത്തിയും കേന്ദ്ര അവഗണനയ്ക്കെതിരെ പ്രതിഷേധം നടത്തുന്ന അവസ്ഥ ഇന്ത്യയുടെ ചരിത്രത്തിൽത്തന്നെ ആദ്യത്തേതാണ്. അർഹതപ്പെട്ട അവകാശങ്ങൾ കവർന്നെടുക്കുമ്പോൾ

ശക്തമായ പ്രതിഷേധം നടത്തുന്ന ഒരുവിഭാഗവും എന്നാൽ ഉറക്കം നടിക്കുന്ന മറ്റൊരു കൂട്ടരും ചേരുന്നതാണ് ഇന്നത്തെ കേരള രാഷ്ട്രീയം. ഉറക്കം നടിക്കുന്നവർ ഈ നാടിനെ നശിപ്പിക്കുന്നതിന് കുട പിടിക്കുകയാണ്. 'ആങ്ങള ചത്താലും വേണ്ടില്ല നാത്തൂന്റെ കണ്ണുനീർ കണ്ടാൽ മതി' എന്ന നിലപാട് പുലർത്തുന്ന ഇവർക്ക് കേരള ചരിത്രത്തിന്റെ നാളെയുടെ ചരിത്രപുസ്തകത്തിൽ ഒറ്റുകാരുടെ മുഖമായിരിക്കുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ജനാധിപത്യ ഇന്ത്യ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും ഭയാനകവും ജനവിരുദ്ധവുമായ സാഹചര്യങ്ങളെ എങ്ങനെ ഫലപ്രദമായി നേരിടാൻ കഴിയുമെന്ന് വ്യക്തമാക്കുന്ന ഒരു സാമ്പത്തിക സ്ഥിതിയാണ് തനതു സാമ്പത്തിക വർഷത്തിലെ ബജറ്റ് അലോക്കേഷനിലൂടെ നാം നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യുന്ന തരത്തിൽ വിജ്ഞാന വികസന സാമൂഹിക മേഖലയിലുള്ള വികസനം മുൻനിർത്തി നമ്മുടെ സംസ്ഥാനത്തിന്റെ ദീർഘകാല വികസനം

ലക്ഷ്യമിടുന്ന രീതിയിലാണ് നാം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെ വാക്കുകളിൽ പറഞ്ഞാൽ, കേരളം മുടിഞ്ഞുപോകുമെന്നുള്ള ഒരു കൂട്ടരുടെ ശക്തമായ വാദത്തിനുള്ള ശക്തമായ പ്രതികരണമാണ് ക്ഷേമപ്രവർത്തനങ്ങളിലൂടെ കേരളം ഈ കാലഘട്ടത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. തനതുവരുമാന വർദ്ധനവിന്റെ കാര്യത്തിൽ 2022 വർഷത്തിൽ 58,300 കോടി രൂപയാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്. എന്നാൽ 2023-ൽ അത് 71,900 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതുവരുമാനം വർദ്ധിക്കുന്നില്ലെന്ന വാദമുഖം ശക്തമായി കേരളത്തിൽ പ്രതിപക്ഷവും ചില പിന്തിരിപ്പൻ മാധ്യമങ്ങളും ഉയർത്തിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ രണ്ട് വർഷത്തിനിടയിലുള്ള വ്യത്യാസം പരിശോധിച്ചാൽ, 13,600 കോടി രൂപയായി നമ്മുടെ തനതു നികുതിവരുമാനം വർദ്ധിച്ചതായി കാണാൻ കഴിയും. എന്നാൽ കേന്ദ്രം നൽകേണ്ട നികുതി വരുമാനം 2022-ൽ 47,800 കോടി രൂപയും അത് 2023 ആയപ്പോൾ 45,608 കോടി രൂപയുമായി കുറയുന്ന സാഹചര്യവുമാണുണ്ടായത്. ഏകദേശം 2,200 കോടി രൂപയുടെ കുറവാണ് ഒരു സാമ്പത്തിക വർഷത്തിലുണ്ടായത്. റവന്യൂ കമ്മി ഗ്രാന്റിനത്തിൽ 8,400

കോടി രൂപയും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതിന്റെ ഫലമായി 12,000 കോടി രൂപയും നമുക്ക് നഷ്ടപ്പെടുകയുണ്ടായി. സംസ്ഥാനത്തിന്റെ റവന്യൂ ചെലവ്, ശമ്പളം, പെൻഷൻ, വായ്പാ തിരിച്ചടവ് തുടങ്ങി ദൈനംദിനമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ഈ സാഹചര്യത്തിൽ കഴിയാതെ പോകുകയും അതിന്റെ വർദ്ധനവുണ്ടാവുകയും ചെയ്തിരിക്കുകയാണ്. നിക്ഷേപങ്ങൾമൂലം ചെലവ് വരേണ്ടതായിട്ടുള്ള റോഡ്, പാലം തുടങ്ങിയവയുടെ ചെലവ് 2021-ൽ 1.39 ലക്ഷം കോടി രൂപയായിരുന്നത് 2023 ആയപ്പോൾ  1.59 ലക്ഷം കോടി രൂപയായി വർദ്ധിക്കുന്ന സാഹചര്യമാണുണ്ടായത്. 20,000 കോടി രൂപയുടെ വർദ്ധനവാണ് ആയിനത്തിൽ സംസ്ഥാനത്തിന് അധികമായി നിർവ്വഹിക്കേണ്ടി വന്നത്. വരവ് കുറയുകയും ഒഴിവാക്കാൻ കഴിയാത്ത ചെലവുകൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യമാണ് കേരളത്തിൽ സംജാതമായത്. കേന്ദ്ര ഗവൺമെന്റ് വരുത്തിയ നികുതി വരുമാനത്തിലെ കുറവുകളെസംബന്ധിച്ച് വലിയ ഡിബേറ്റുകളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. റവന്യൂ കമ്മി ഗ്രാന്റിൽ 8,400 കോടി രൂപയും ജി.എസ്.ടി. വിഹിതത്തിൽ 12,000 കോടി രൂപയും നികുതി വിഹിതത്തിൽ

18,000 കോടി രൂപയും വായ്പാനുമതിയുടെ ഭാഗമായി നമുക്ക് നഷ്ടപ്പെട്ട 19,000 കോടി രൂപയുംകൂടി ചേർത്താൽ 57,400 കോടി രൂപ കേരളത്തിന് നഷ്ടപ്പെടും അല്ലെങ്കിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന വസ്തുത ഇപ്പോഴും മനസ്സിലാകാത്തത് കേരളത്തിന്റെ പ്രതിപക്ഷത്തിനുമാത്രമാണ്. വാല്യൂ ആഡഡ് ടാക്സിൽനിന്നും ജി.എസ്.ടി.യിലേയ്ക്ക് മാറിയതുവഴി കടുത്ത വരുമാന നഷ്ടം കേരളത്തിനുണ്ടായിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും മദ്യത്തിന്റെയും വകയിൽ മാത്രമാണ് കേരളത്തിന്റെ വരുമാനം ഒതുങ്ങിനിൽക്കുന്നത്. ജി.എസ്.ടി. നിലവിൽ വന്നതോടെ പകുതി വരുമാനവും കേന്ദ്രത്തിന് പോകുന്ന സാഹചര്യമാണുണ്ടായത്. 2021-22-ൽ കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും ഭാഗമായുള്ള വായ്പ 3,140 കോടി രൂപ കടമെടുപ്പ് പരിധിയിൽനിന്നും വെട്ടിക്കുറയ്ക്കുകയുണ്ടായി. ഇങ്ങനെ എന്തിനാണ് വെട്ടിക്കുറച്ചതെന്നതുസംബന്ധിച്ച് നാളിതുവരെ വ്യക്തമാക്കാൻ കഴിഞ്ഞിട്ടില്ല. 64 ലക്ഷം പേർക്ക് പെൻഷൻ നൽകുന്ന ഒരു സംസ്ഥാനമാണ് കേരളം. കേന്ദ്രം തുച്ഛമായ വിഹിതമാണ് നൽകുന്നത്. അതുതന്നെ 2020 ജനുവരി മുതൽ 2023 വരെയുള്ള കാലയളവിലേത് കുടിശ്ശികയാണ്. സംസ്ഥാനം 579 കോടി രൂപ മുൻകൂറായി നൽകിയാണ് പെൻഷൻ

നൽകാൻവേണ്ടി തയ്യാറായത്. ഈ തുക 2023 ഡിസംബറിലാണ് കേരളത്തിന് കേന്ദ്രം നൽകിയിട്ടുള്ളത്. 2023 ജൂലൈ മാസം കേരളത്തിൽ സാമൂഹിക പെൻഷൻ നൽകിയ ഇനത്തിൽ 769.5 കോടി രൂപ കേരളം ചെലവഴിച്ചപ്പോൾ കേന്ദ്ര വിഹിതമായി ആകെ നൽകിയത് 17.15 കോടി രൂപ മാത്രമാണ്. 'എല്ലാ സഹായവും കേന്ദ്രം നൽകുന്നു, പെൻഷൻ വിഹിതം കേന്ദ്രം നൽകുന്നു' എന്ന് കേരളത്തിലെ പ്രതിപക്ഷവും മുഖ്യധാരാ മാധ്യമങ്ങളുമെല്ലാം പ്രചരിപ്പിക്കുമ്പോൾ, വസ്തുതകൾ ഇതാണെന്ന കാര്യം നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. 2023 ജൂൺ 12-നും ഒക്ടോബർ മാസം 7-നും സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കണ്ട് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച കാര്യങ്ങളെല്ലാം ധരിപ്പിച്ചിരുന്നു. അതുപോലെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിക്കുകയും കേരളത്തിന് അനുവദിക്കേണ്ടതായിട്ടുള്ള പണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ അതിനനുകൂലമായ ഒരു തീരുമാനവും നാളിതുവരെ ഉണ്ടായിട്ടില്ലെന്നതാണ് സ്ഥിതി. 2021-22 വർഷത്തെ ചെലവ് കണക്ക് എ.ജി. സാക്ഷ്യപ്പെടുത്തി കേന്ദ്രത്തിന് നൽകിയില്ല അതുകൊണ്ടാണ്

കേരളത്തിന് അർഹതപ്പെട്ട നികുതി വിഹിതം നൽകാത്തതെന്നാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പാർലമെന്റിൽ പ്രസ്താവിച്ചതായി പത്രമാധ്യമങ്ങളിലൂടെ മനസ്സിലാക്കാൻ സാധിച്ചത്. എന്നാൽ കേരളം സമയബന്ധിതമായിത്തന്നെ അക്കൗണ്ട് ജനറലിന്റെ ഓഫീസിൽ കേരളത്തിന്റെ വരവുചെലവ് കണക്കുകളുടെ സ്റ്റേറ്റുമെന്റ് സമർപ്പിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഒരു ഭരണഘടനാ സ്ഥാപനമായ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ കേരളം സമർപ്പിച്ച കണക്ക് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് അവർ നൽകാത്തതിന്റെ പഴിയും കേരളം ഏറ്റുവാങ്ങേണ്ട സ്ഥിതിയാണുണ്ടായിട്ടുള്ളത്. ദരിദ്രർക്കും സാധാരണക്കാർക്കും ഒരുവിധത്തിലുള്ള സൗജന്യവും സംസ്ഥാനം നൽകേണ്ടതില്ലെന്നുള്ളതാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. കേന്ദ്രത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന ഘട്ടത്തിൽ ഇതുസംബന്ധിച്ച് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിതന്നെ പാർലമെന്റിൽ പ്രസ്താവന നടത്തിയത്, കടം വാങ്ങി ക്ഷേമപ്രവർത്തനങ്ങൾ നടത്തേണ്ടതില്ലെന്നാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റ് കേരളത്തിന് എതിരായിട്ടുള്ളതാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ കേന്ദ്രത്തിന്റെ സമീപനം പരിശോധിക്കുമ്പോൾ

കോർപ്പറേറ്റുകൾക്ക് ധാരാളം ധനസഹായം ചെയ്തുകൊടുക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. വായ്പ എഴുതിത്തള്ളുന്നതിലൂടെയും നികുതി കുറയ്ക്കുന്നതിലൂടെയും അവർ സ്വീകരിക്കുന്ന സമീപനം രാജ്യത്തെ കോർപ്പറേറ്റുകൾക്ക് തഴച്ചുവളരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിലും കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽനിന്നും 22 ശതമാനമായി കുറയ്ക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. ഇതിനെതിരായ ഒരു ബദൽ നയമാണ് കേരളത്തിലെ സാമ്പത്തിക ഭരണരംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്നത്. ഐ.ജി.എസ്.ടി.യുടെ പിരിവിലൂടെ കേന്ദ്രം കളക്ട് ചെയ്യുന്ന നികുതി കേരളത്തിന് നൽകേണ്ടതായിട്ടുണ്ട്. ഇതിൽ 332 കോടി രൂപ വെട്ടിക്കുറയ്ക്കുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. എന്തുകൊണ്ടാണ് ഇങ്ങനെ വെട്ടിക്കുറച്ചതെന്നതുസംബന്ധിച്ച് നാളിതുവരെ ഒരു പ്രതികരണവും നടത്തിയിട്ടില്ല. കേരളത്തിനെ ഞെരുക്കാൻ 15-ാം ധനകാര്യ കമ്മീഷന്റെ പൊതുശിപാർശകൾ വളച്ചൊടിക്കുന്ന സമീപനമാണ് നമുക്ക് കാണാൻ കഴിഞ്ഞത്. കിഫ്ബിയുടെ കടവും സാമൂഹ്യക്ഷേമ പെൻഷൻ ലിമിറ്റഡിന്റെ കടവും ഇതിന്റെ ഭാഗമാക്കി മാറ്റാനുള്ള സമീപനവും അവർ സ്വീകരിച്ചിട്ടുണ്ട്.

ഇതിനെതിരായി ശക്തമായ സമരമാണ് ഈ കാലയളവിൽ കേരളത്തിലെ ഗവൺമെന്റ്, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരും എം.എൽ.എ.മാരും കേരളത്തിൽനിന്നുള്ള ഇടതുപക്ഷ എം.പി.മാരുമെല്ലാം ചേർന്ന് രാജ്യതലസ്ഥാനത്ത് നടത്തിയത്. ആ സമരത്തിന്റെ പ്രാധാന്യം സംബന്ധിച്ച് എനിക്ക് മുമ്പ് സംസാരിച്ച സുഹൃത്തുക്കൾ പരാമർശിച്ചുകഴിഞ്ഞു. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന ബന്ധത്തിൽ സമഗ്രമായ അഴിച്ച് പണി നടത്തി ഫെഡറൽ സംവിധാനത്തിനെ സംരക്ഷിക്കുന്നതിനും സാമ്പത്തിക സ്വാശ്രയത്വം നിലനിർത്തുന്നതിനുംവേണ്ടിയുള്ള നടപടികൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടി ഒറ്റക്കെട്ടായിട്ടാണ് പ്രവർത്തിക്കേണ്ടത്. പക്ഷെ നമ്മളെ സംബന്ധിച്ചിടത്തോളം ഈ പൊതുവികാരത്തിൽനിന്നും വിഭിന്നമായ സമീപനമാണ് കേരളത്തിലെ പ്രതിപക്ഷം ഇന്ന് സ്വീകരിച്ചുപോരുന്നത്. ഇതിനെതിരായി അതിശക്തമായ പോരാട്ടം നടത്തേണ്ട ഈ കാലഘട്ടത്തിൽ, ഒറ്റക്കെട്ടായി കേരളത്തിന്റെ താൽപര്യം മുറുകെപ്പിടിക്കാൻ മുന്നോട്ടുപോകേണ്ടതായിട്ടുണ്ടെന്ന കാര്യമാണ് പരാമർശിക്കാനുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാത്തരത്തിലുമുള്ള

തെറ്റായ നടപടികളെ എതിർത്ത് മുന്നോട്ടുപോകാൻ കേരളം ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിച്ച് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, കേന്ദ്ര സർക്കാർ സാമ്പത്തികമായി കേരളത്തെ ഞെരുക്കാൻ ശ്രമിക്കുമ്പോഴും ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്നൊരു ബഡ്ജറ്റ് അവതരിപ്പിച്ചശേഷമാണ് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

ഇതുവരെയുള്ള ധനമാനേജ്മെന്റ് മികച്ചതായതിന്റെ തെളിവാണ് നമ്മുടെ ആശുപത്രികളും റോഡുകളും പാലങ്ങളും. കിഫ്ബി എന്ന സംവിധാനം ഉണ്ടായിരുന്നില്ലെങ്കിൽ കേരളത്തിൽ ഇന്നുകാണുന്ന വികസന വിപ്ലവം തീർക്കാൻ നമുക്ക് സാധിക്കുമായിരുന്നില്ല. ഈ സംവിധാനത്തെ തകർക്കാനാണ് കേന്ദ്രം ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നേരത്തെയുണ്ടായിരുന്ന പദ്ധതികളൊക്കെ പലതും കേന്ദ്രം നിർത്തൽ ചെയ്തു.

നിലവിലുള്ള പദ്ധതി വിഹിതം കേന്ദ്രം തരാതിരിക്കുന്നതുമൂലം സംസ്ഥാന വിഹിതം ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതിയാണ് വന്നിട്ടുള്ളത്. ന്യൂനപക്ഷക്ഷേമ വകുപ്പിൽ കേന്ദ്ര വിഹിതം നൽകാത്തതുകൊണ്ട് പല പദ്ധതികളും നടപ്പിലാക്കാൻ കാലതാമസം വരുന്നു എന്നതാണ് വസ്തുത. ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കി. കേന്ദ്ര സർക്കാർ പിൻമാറിയ സാഹചര്യത്തിൽ കേരള സർക്കാർ 'മാർഗ്ഗദീപം' എന്നപേരിൽ ഒരു പുതിയ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി ഏർപ്പെടുത്താനുള്ള പ്രഖ്യാപനം നടന്നുകഴിഞ്ഞിരിക്കുകയാണ്. ഈ ബഡ്ജറ്റിൽത്തന്നെ ഇതിനായി 20 കോടി രൂപ വകയിരുത്തി എന്നതും എടുത്തുപറയേണ്ടൊരു വിഷയമാണ്. അതുപോലെത്തന്നെ വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ തുടങ്ങിയ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് സഹായം നൽകുന്നതിനായി ആവിഷ്കരിച്ച പുതിയ പദ്ധതിയും സ്വാഗതാർഹമാണ്. ഹജ്ജ് തീർത്ഥാനവുമായി ബന്ധപ്പെട്ട് നമുക്ക് മൂന്ന് എംബാർക്കേഷൻ പോയിന്റുകളാണുള്ളത്. കോഴിക്കോടും കൊച്ചിയും കണ്ണൂരും. ഇതിൽ കോഴിക്കോട് ഹജ്ജ് ഹൗസ് നിർമ്മിച്ചിട്ടുണ്ട്.

സ്ത്രീകൾക്കായി പ്രത്യേക താമസസ്ഥലവുമൊക്കെ നിർമ്മിച്ചിട്ടുണ്ട്. കൊച്ചിയിൽ സിയാൽ എല്ലാ സൗകര്യങ്ങളും ഒരുക്കി നൽകുന്നുണ്ട്. എന്നാൽ കണ്ണൂരിൽ ഇതിനാവശ്യമായ സൗകര്യങ്ങൾ പരിമിതമാണ്. ഇതിനായി സൗകര്യം ഒരുക്കുന്നതിനുവേണ്ടി ഒരു കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

ഇവിടെ എനിക്കുമുമ്പ് പ്രസംഗിച്ച ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, മകൻ മരിച്ചാലും വേണ്ടില്ല മരുമകളുടെ കണ്ണീർ കാണാൻ ആഗ്രഹിക്കുന്ന അമ്മായിയമ്മയുടെ റോളിലാണ് പ്രതിപക്ഷമുള്ളത്. കേരളീയം പരിപാടിയും നവകേരള സദസ്സും കഴിഞ്ഞ 8-ാം തീയതി ഡൽഹിയിൽ നടന്ന കേന്ദ്രത്തിനെതിരെയുള്ള സമരവുമെല്ലാം അവർ ബഹിഷ്കരിച്ചു. ആ സമരം ഒന്ന് കാണാൻപോലും ഒരു എം.പി.-യും വന്നില്ല എന്നുള്ളതാണ്. അവിടെ ആരൊക്കെയാണ് വന്ന് പ്രസംഗിച്ചത്; മുഖ്യമന്ത്രിമാർ, മുൻമുഖ്യമന്ത്രിമാർ തുടങ്ങിയ നിരവധി ആളുകൾ വന്നു. രാഷ്ട്രീയ രംഗത്തുള്ള പ്രഗത്ഭരെല്ലാം വന്നുകൊണ്ട് കേരളത്തിന്റെ സമരം ന്യായമാണെന്ന് പറയുമ്പോഴും കേരളത്തിന്റെ ഈ ആവശ്യങ്ങളെ പിന്തുണയ്ക്കാൻ അപ്പുറത്തുള്ള ആളുകൾ ആരുംതന്നെ അവിടെ വന്നില്ല

എന്നുള്ളത് ദുഃഖകരമായൊരു കാര്യമാണ്. നവകേരള സദസ്സിൽ വന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ 1000 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. നവകേരള സദസ്സ് അപ്പുറത്തുള്ള ആളുകൾ ബഹിഷ്കരിച്ചു. പക്ഷേ, അവരുടെ മണ്ഡലങ്ങളിലും ആ സദസ്സിൽനിന്ന് ഉയർന്നുവന്ന ആവശ്യങ്ങൾ നിർവ്വഹിക്കുവാനുംകൂടി വേണ്ടിയാണ് 1000 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. 140 മണ്ഡലങ്ങളിലും സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾ ഇതുവഴി നടപ്പിലാക്കുകയാണ്. അതുപോലെത്തന്നെ നമുക്കറിയാം, കഴിഞ്ഞ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി. അത് എം.എൽ.എ.-മാരെ ഏറെ സഹായിച്ചിട്ടുള്ളൊരു പദ്ധതിയാണെന്ന് നമുക്കറിയാം. ഈ ഒരു കാര്യവും നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിന് 1000 കോടി രൂപയുടെ പാക്കേജ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ബഡ്ജറ്റിൽ ഇല്ലെന്നാണ് ചില ആളുകൾ പറയുന്നത്. യഥാർത്ഥത്തിൽ 28.09 ശതമാനമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട് എന്നുള്ളതും ഈ ബഡ്ജറ്റിന്റെ ഒരു

പ്രത്യേകതയാണ്.

നമ്മുടെ നാട്ടിലെ വില്ലേജ് ഓഫീസുകളൊക്കെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി. കഴിഞ്ഞ കാലത്തെ നമ്മുടെ ധനവിനിയോഗം എത്രമാത്രം സുസജ്ജമാണ് എന്നുള്ളതിന്റെ തെളിവാണിത്. അതുപോലെത്തന്നെയാണ് എല്ലാ മേഖലകളിലുമുള്ളത്. 9 വില്ലേജ് ഓഫീസുകളാണ് എന്റെ നിയോജക മണ്ഡലത്തിലുള്ളത്. അതിൽ ഏഴും സ്മാർട്ട് വില്ലേജ് ഓഫീസുകളായി. രണ്ടെണ്ണത്തിന് സ്ഥലം ഇല്ലായിരുന്നു. അതിലൊന്നിന് ഇപ്പോൾ സ്ഥലം കിട്ടിയപ്പോൾ അതിന്റെ ആധാരം കൈമാറിയപ്പോൾത്തന്നെ ബഹുമാനപ്പെട്ട മന്ത്രി 50 ലക്ഷം രൂപയാണ് അതിനായി അനുവദിച്ചുതന്നത്. അതുപോലെതന്നെ സ്മാർട്ട് കൃഷി ഓഫീസുകൾ നമ്മുടെ നാട്ടിലെല്ലാം തുടങ്ങിയിരിക്കുന്നു. എന്റെ മണ്ഡലം ചാലിയാറിന്റെ തീരത്താണ്. തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനും ഫിഷറീസ് വകുപ്പ് വലിയ പിന്തുണ നൽകിയിട്ടുണ്ട്. മുൻഗണനാ കാർഡുകൾ അർഹരായവർക്ക് എത്തിക്കാൻ പ്രഖ്യാപിച്ച പദ്ധതി വലിയ വിജയത്തിലാണ്. കഴിഞ്ഞ ദിവസം കാർഡ് വിതരണം ചെയ്യുന്ന പരിപാടിയിൽ എനിക്ക് പങ്കെടുക്കാൻ സാധിച്ചു. മണ്ഡലത്തിലെ മുഴുവൻ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക്

ഉയർത്തുക എന്നുള്ള ലക്ഷ്യം 90 ശതമാനവും പൂർത്തീകരിച്ചിരിക്കുകയാണ്.

വനിതകളെ സംബന്ധിച്ചിടത്തോളം കുടുംബശ്രീക്ക് 5 കോടി രൂപ അധികമായി ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പിന്നോക്കവിഭാഗം, പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലും നല്ല പിൻബലമാണ് ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. നേരത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ 50 കുടുംബങ്ങൾ വേണ്ടിയിരുന്നു. ആ 50 എന്ന ലിമിറ്റ് ഇപ്പോൾ കുറച്ച് 30 ആക്കി. അത് വീണ്ടും കുറച്ച് 25 ആക്കിയിട്ടുണ്ട്. അത് ഈ രംഗത്തുള്ള പുരോഗതിയെയാണ് കാണിക്കുന്നത്. ഈ കാര്യങ്ങളെല്ലാംതന്നെ കാണിക്കുന്നത് ധനവിനിയോഗം എത്രമാത്രം കാര്യക്ഷമമായിരുന്നു എന്നതിന്റെ തെളിവാണ്.

ഈയൊരു സന്ദർഭത്തിൽ എനിക്കൊരു കാര്യം പറയുവാനുള്ളത്, നമുക്ക് ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ സാധിക്കാത്ത ചില പ്രശ്നങ്ങളുണ്ട്. പക്ഷേ, അങ്ങനെയാണെങ്കിലും സാമൂഹ്യ സുരക്ഷാ പെൻഷന്റെ കേന്ദ്ര വിഹിത കുടിശ്ശിക എത്രയാണെന്ന് നമുക്ക് നോക്കാം. പെൻഷൻ കുടിശ്ശിക ബാക്കിയുണ്ട് എന്നാണിവിടെ കാര്യമായി പറയുന്നത്. 8,46,456 ആളുകൾക്കാണ് ഇത് നൽകേണ്ടത്. അതിന് 24,30,89,800/-

രൂപയാണ് കേന്ദ്രം ഒരു മാസം നമുക്ക് നൽകേണ്ടത്. അതിൽ 170,16,28,600/- രൂപ 7 മാസംകൊണ്ട് കേന്ദ്ര ഗവൺമെന്റ് നമുക്ക് തരാൻ ബാക്കിയാണ്. ഈ സംഖ്യകൂടി ഉൾപ്പെടുത്തിയാണ് നമ്മൾ പെൻഷൻ നൽകുന്നത്. അപ്പോൾ ഇതൊക്കെ മാനേജ് ചെയ്തുകൊണ്ടുപോകാനുള്ള വിഷയം നമുക്കറിയാം. ഇത് ഈയൊരു വിഷയത്തിൽ മാത്രമല്ല. ഇക്കാര്യത്തിൽ വളരെ ചുരുങ്ങിയ സംഖ്യയാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്. 60 മുതൽ 79 വയസ്സ് വരെയുള്ളവർക്കുള്ള ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 3,42,032 പേർക്കാണ് നൽകേണ്ടത്. അതിനായി കേന്ദ്രം നൽകുന്നത് 200/- രൂപയാണ്. സംസ്ഥാന വിഹിതം 1400/- രൂപ ചേർത്ത് 1600/- രൂപ നൽകുന്നു. 80 വയസ്സിന് മുകളിലുള്ളവർക്കുള്ള ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 1,16,781 പേർക്ക് നൽകുന്നുണ്ട്. അതിനായി കേന്ദ്രം നൽകുന്നത് 500/- രൂപയാണ്. ബാക്കി 1100/- രൂപ സംസ്ഥാനമാണ് നൽകുന്നത്. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 60 വയസ്സിന് മുകളിലുള്ളവർക്ക് കേന്ദ്ര സഹായമില്ലാതെ നമ്മൾ നൽകുന്നത് 23,21,636 പേർക്കാണ്. കേന്ദ്ര ഗവൺമെന്റ് ഒന്നും തരുന്നില്ല. അതിനും നമ്മൾ 1600/-

രൂപ നൽകുന്നുണ്ട്. ഇന്ദിരാഗാന്ധി വികലാംഗ പെൻഷനുവേണ്ടി കേന്ദ്ര സഹായമുള്ളത് 66,928 ആണ്. കേന്ദ്രം നൽകുന്നത് 300/- രൂപയാണ്. 1300/- രൂപ സംസ്ഥാന വിഹിതമായി നൽകുന്നു. ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത് 3,22,436 പേർക്കാണ്. കേന്ദ്രം ഒരു പൈസയും തരുന്നില്ല. 1600/- രൂപ സംസ്ഥാനം നൽകുന്നു. ഇന്ദിരാഗാന്ധി വിധവാപെൻഷൻ കേന്ദ്ര സഹായമുള്ളത് 3,20,715 ആണ്. അതിനായി കേന്ദ്രം 300/- രൂപയാണ് തരുന്നത്. 1300/- രൂപ സംസ്ഥാന വിഹിതം ചേർത്ത് 1600/- രൂപ നൽകുന്നു. ഇന്ദിരാഗാന്ധി വിധവാപെൻഷൻ കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത് 9,84,258 പേർക്കാണ്. കേന്ദ്രം ഒരു പൈസയും തരുന്നില്ല. 1600/- രൂപയും സംസ്ഥാന ഗവൺമെന്റാണ് നൽകുന്നത്. ഇങ്ങനെ എല്ലാ കാര്യങ്ങളിലും കേന്ദ്ര ഗവൺമെന്റ് ഉള്ള പണംതന്നെ തരുന്നില്ല എന്നുള്ളതാണ്. അങ്ങനെ സംസ്ഥാന സർക്കാരിനെ വളരെ മോശമായ രീതിയിൽ കൈകാര്യം ചെയ്യുകയും ഒരു വികസന പ്രവർത്തനങ്ങളും നടത്താൻ സമ്മതിക്കാത്ത ഒരു സ്ഥിതിവിശേഷത്തിലാണ് കഴിഞ്ഞ കാലത്ത് കടന്നുപോയത്. എന്നിട്ടും ഇത്ര മനോഹരമായി ധനകാര്യ

മാനേജ്മെന്റ് നടത്തിയ ഈ മന്ത്രിമാർ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

നേരത്തെ ഡോ. കെ. ടി. ജലീലും ശ്രീ. എൻ. ഷംസുദ്ദീനുമൊക്കെ ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, പറഞ്ഞിട്ടില്ലാന്ന് - ബാബരി മസ്ജിദിനെ സംബന്ധിച്ചാണ്. ബാബരി മസ്ജിദ് പൊളിച്ച സ്ഥലത്താണ് ക്ഷേത്രം നിർമ്മിച്ചത് എന്നതിനെ സംബന്ധിച്ചാണ് തർക്കം. ഇത് ഇന്നും ഇന്നലെയും തുടങ്ങിയ തർക്കമല്ല. കഴിഞ്ഞതിന് മുമ്പുള്ള തെരഞ്ഞെടുപ്പിൽ ശ്രീ. നരേന്ദ്ര മോദിക്ക് 100 സീറ്റ് കൂട്ടാൻവേണ്ടി ശ്രീ.ബാബാ രാംദേവ് കോഴിക്കോടുവച്ച് സോമയാഗം നടത്തിയിരുന്നു. ആ യാഗത്തിൽ ശ്രീ. ശ്രീധരൻപിള്ളയുടെ പിന്തുണയോടുകൂടി വന്ന് പിന്തുണ കൊടുത്ത ആളുകളാണ് കെട്ടിപ്പിടിച്ചത്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കാണുന്നതുപോലെയും ഒരു എം.പി. മറ്റൊരു എം.പി.-യെ കാണുന്നതുപോലെയുമല്ല. ഇത് ഒരു ആവശ്യവുമില്ലാത്തൊരു രാഷ്ട്രീയ പരിപാടിയിൽ, അതും ശ്രീ. നരേന്ദ്ര മോദിക്ക് 100 സീറ്റ് അധികം ലഭിക്കാൻവേണ്ടി നടത്തുന്ന സോമയാഗത്തിൽ പങ്കെടുത്ത് ഐക്യദാർഢ്യം പ്രഖ്യാപിച്ച ആളുകൾ ഇതൊന്നും

പറഞ്ഞില്ലെങ്കിലേ അത്ഭുതമൊള്ളൂ. അതുകൊണ്ട് ഇതൊന്നും പറഞ്ഞില്ലെന്നൊന്നും പറഞ്ഞ് ആരും രക്ഷപ്പെടാൻ ശ്രമിക്കേണ്ടതില്ല.

ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ കോൺഗ്രസ്സിനെ സംബന്ധിച്ച് പറഞ്ഞു. പല ആളുകളും പ്രസംഗിച്ചു, കോൺഗ്രസ് ഇവിടെയാണ്, ബി.ജെ.പി. അവിടെയാണ് എന്നൊക്കെയുള്ള തർക്കമാണ്. ഞാനൊരു കാര്യം ചോദിക്കട്ടെ. കോൺഗ്രസ്സിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. അശോക് ചവാൻ ഇപ്പോൾ എവിടെയാണ്; കർണ്ണാടകയിലെ മുൻ മുഖ്യമന്ത്രി ശ്രീ. എസ്. എം. കൃഷ്ണ ഇപ്പോൾ എവിടെയാണ്; ഉത്തർപ്രദേശ് മുൻമുഖ്യമന്ത്രി ശ്രീ. ജഗദാംബിക പാൽ ഇപ്പോൾ എവിടെയാണ്; ഉത്തരാഖണ്ഡ് മുഖ്യമന്ത്രി ശ്രീ. വിജയ് ബഹുഗുണ ഇപ്പോൾ എവിടെയാണ്; പഞ്ചാബ് മുൻ മുഖ്യമന്ത്രി ശ്രീ. അമരീന്ദർ സിംഗ് ഇപ്പോൾ എവിടെയാണ്; ഒഡീഷ മുൻമുഖ്യമന്ത്രി ശ്രീ. ഗിരിധർ ഗമാംഗ് ഇപ്പോൾ എവിടെയാണ്; മൂന്നുതവണ യു.പി.-യുടെയും ഒരുതവണ ഉത്തരാഖണ്ഡിന്റെയും മുഖ്യമന്ത്രിയായ എൻ. ഡി. തിവാരി ഇപ്പോൾ എവിടെയാണ്; ഗോവ മുഖ്യമന്ത്രി ശ്രീ. ദിഗംബർ കാമത്ത് ഇപ്പോൾ എവിടെയാണ്; മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രി ശ്രീ. നാരായൺ റാണെ ഇപ്പോൾ

എവിടെയാണ്; അരുണാചൽ പ്രദേശ് മുൻമുഖ്യമന്ത്രി ശ്രീ. പേമ ഖണ്ഡു ഇപ്പോൾ എവിടെയാണ്; ആന്ധ്രാപ്രദേശ് മുൻ മുഖ്യമന്ത്രി ശ്രീ. കിരൺ കുമാർ റെഡ്ഡി ഇപ്പോൾ എവിടെയാണ്? ഞാൻ മുഖ്യമന്ത്രിമാരെ മാത്രമേ പറഞ്ഞിട്ടുള്ളൂ. മന്ത്രിമാരെക്കൂടി പറഞ്ഞിട്ടുണ്ടെങ്കിൽ ഒരു മണിക്കൂർകൂടി എടുക്കേണ്ടിവരും. അതുകൊണ്ട് അക്കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. .... ശ്രീ. ടി. വി. ഇബ്രാഹിം ഒന്നും പറയില്ല. കാരണം, അവർ തമ്മിൽ അഭിപ്രായ വ്യത്യാസമാണ്. ചർച്ച ചെയ്യണമെന്ന് ഒരാളും, അത് ചർച്ച ചെയ്യേണ്ടെന്ന് ശ്രീ. ടി. വി. ഇബ്രാഹിമും. അത് നിങ്ങൾ തമ്മിലുള്ള പ്രശ്നമാണ്. അത് തീർക്കാൻ ഞാൻ ആളല്ല എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ ഉപധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ മേഖലകളിലും വ്യവസായ മേഖലകളിലും സാമ്പത്തിക മേഖലകളിലുമൊക്കെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും ഗവൺമെന്റിന്റെയും നയവ്യതിയാനം വളരെ വ്യക്തമായി കാണിക്കുന്ന തരത്തിലുള്ള ബഡ്ജറ്റും പ്രസംഗങ്ങളുമാണ് ഇവിടെ

നടന്നുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ നയവ്യതിയാനം ഏത് തരത്തിലാണെന്നുള്ളത് പൂർണ്ണമായും ഇവിടെ എനിക്ക് മുമ്പേ പ്രസംഗിച്ച എല്ലാവരും സൂചിപ്പിച്ചു. ഞാൻ അതിന്റെ വിശദീകരണങ്ങളിലേയ്ക്ക് പോകുന്നില്ല. ബഡ്ജറ്റുമായി ബന്ധപ്പെട്ട ചില പോയിന്റുകൾ മാത്രം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ മാത്രമേ ഞാൻ ഈ സമയം വിനിയോഗിക്കുന്നുള്ളൂ. ന്യൂനപക്ഷക്ഷേമത്തിന് നീക്കിവച്ച തുക മുഴുവൻ ചെലവഴിച്ചിരിക്കുന്നുവെന്ന് ശ്രീ. പി. ടി. എ. റഹീം അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടെ സൂചിപ്പിച്ചു. ന്യൂനപക്ഷക്ഷേമത്തിന് നീക്കിവച്ച 63 കോടി രൂപയിൽ ചെലവഴിച്ചത് വെറും 13 ശതമാനം മാത്രമാണ്. അതുതന്നെ മാച്ചിംഗ് ഗ്രാന്റ് കൊടുക്കാൻവേണ്ടി കൊടുത്തതിന്റെ കൂട്ടത്തിൽ ചെലവഴിച്ചുപോയതല്ലാതെ ഗവൺമെന്റിന്റെ ഇനിഷ്യേറ്റീവിന്റെ ഭാഗമായി ന്യൂനപക്ഷങ്ങളെ സഹായിക്കുക എന്നൊരു നിലപാടിൽ അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് വളരെ വ്യക്തമാണ്. ശുചിത്വമിഷനായാലും പ്രവാസി ക്ഷേമത്തിനായാലും എല്ലാ മേഖലകളിലും അതുതന്നെയാണ് സ്ഥിതി. വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. അതുപോലെ തന്നെയാണ് എ.ഐ.പി.

സ്കൂളിന്റെ സ്ഥിതി. മാനേജ്മെന്റിന് 2003-ൽ യു.ഡി.എഫ്. ഗവൺമെന്റ് എയ്ഡഡ് സ്റ്റാറ്റസ് കൊടുത്ത് അംഗീകാരം നൽകാൻവേണ്ടി തീരുമാനിച്ചിരുന്നത് എൽ.ഡി.എഫ്. ഗവൺമെന്റ് അത് 2015 വരെയാക്കി. 2003 മുതൽ 2015 വരെയുള്ള കാലഘട്ടങ്ങളിൽ ഈ അധ്യാപകർ എവിടെയാണ് നിൽക്കുന്നതെന്നോ; എങ്ങനെയാണ് അവരുടെ ശമ്പളവും ഗ്രാറ്റുവിറ്റിയും പെൻഷനുമൊക്കെ ലഭിക്കുകയെന്നോ ഇതുവരെ പറയാനോ, അവർക്ക് നിയമന അംഗീകാരം ലഭിക്കാനോ ആവശ്യമായ ഒരു നടപടിയും ഉണ്ടായിട്ടില്ല. അത് തിരുത്താനാവശ്യമായൊരു നിലപാട് ഉണ്ടാകണമെന്നുകൂടി സൂചിപ്പിക്കുകയാണ്. ഞാൻ അതിന്റെ ചരിത്രമൊന്നും പറയുന്നില്ല. ഈ ബഡ്ജറ്റിന്റെ പൊതുവായ എല്ലാ കാര്യങ്ങളും എല്ലാവരും ഇവിടെ പറഞ്ഞു. ഞാൻ അതിലെ പോയിന്റ് മാത്രം അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. കേരളത്തിന്റെ ധനകമ്മി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.4 ശതമാനം കോടി രൂപയാണ്. 2022-23-ൽ 1.42 ലക്ഷം കോടി രൂപ മാത്രമാണ് സർക്കാർ ചെലവഴിച്ചത്. ഇത് തലേ വർഷത്തേക്കാൾ 2.89 ശതമാനം കുറവാണ്. തന്മൂലം അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യം, കൃഷി,

വ്യവസായ മേഖലകളിൽ സർക്കാർ നിക്ഷേപം പാടേ കുറഞ്ഞുപോയിട്ടുണ്ട്. സർക്കാർ ചെലവിനെ ഉദ്ദീപിപ്പിക്കാൻ ശേഷിയുള്ള നികുതിയിതര വരുമാനം കാര്യമായി വർദ്ധിപ്പിച്ചിട്ടില്ലെന്നത് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി വളരെ വഷളായ സ്ഥിതിയിലേയ്ക്ക് പോയിരിക്കുന്നു എന്നതിന്റെ സൂചനയാണ്. നിലവിൽ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ  വെല്ലുവിളിയായ അവശ്യ ആഹാര സാധനങ്ങളുടെ വിലക്കയറ്റവും സംസ്ഥാനത്തിന്റെ താഴ്ന്ന ഉപഭോഗ ഉപയുക്തതയും പരിഹരിക്കാൻ ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ ഉണ്ടായിട്ടില്ലെന്നത് ഇതൊക്കെ വായിക്കുമ്പോഴും ഇതുവരെ കഴിഞ്ഞ പ്രസംഗങ്ങളിലൂടെയും വ്യക്തമാണ്. സംസ്ഥാനത്തെ ഉപഭോഗ ആവശ്യങ്ങളുടെ കുറവിന്റെ പ്രധാന കാരണം ഗ്രാമീണ തൊഴിലവസരങ്ങളിലെ കുറവ് മൂലമുണ്ടായ വരുമാന കമ്മിയാണ്. ജനങ്ങളുടെ ചോരുന്ന ചേതനശേഷി വർദ്ധിപ്പിച്ചാൽ മാത്രമേ ഇത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ എന്നത് വളരെ വ്യക്തമാണ്. താഴെതട്ടിലുള്ള സാധാരണക്കാരായ ആളുകളുടെ കയ്യിലേയ്ക്ക് പണം എത്താത്ത സാഹചര്യമുള്ളിടത്തോളം കാലം സാമ്പത്തികമായ ഒരു പുരോഗതിയും നാട്ടിൽ ഉണ്ടാക്കാൻ കഴിയില്ല എന്നത് വസ്തുതയാണ്. സർക്കാർ സ്വകാര്യ

നിക്ഷേപങ്ങളിലെ പ്രശ്നങ്ങളെ പരിഹരിക്കാൻ സാധിക്കണമെങ്കിൽ അത്തരമൊരു നിക്ഷേപത്തെക്കുറിച്ചും ബഡ്ജറ്റിൽ ഇതുവരെ ഒന്നും പറഞ്ഞിട്ടില്ല. ഒരുപാട് പൊതുമേഖല സ്ഥാപനങ്ങളും മറ്റ് സംരംഭങ്ങളുമൊക്കെ കേരളത്തിൽ ഉണ്ടെങ്കിലും അതൊരു ഗവൺമെന്റ് സെക്ടറായി നടക്കുക എന്നതിനപ്പുറത്ത് അത് സ്വകാര്യ ആളുകൾക്കടക്കം അതിന്റെ നിക്ഷേപങ്ങൾ സ്വീകരിക്കാനും അത് ഉപയോഗപ്പെടുത്താനും സാധിക്കാവുന്ന അവസ്ഥയിലേയ്ക്ക് അവരെ കൂടി അതിൽ പങ്കാളിത്തം വഹിപ്പിക്കാൻ ശ്രമിച്ചാൽ സ്വാഭാവികമായും ഒരുപക്ഷേ സാമ്പത്തികമായ ക്രയവിക്രയം നാട്ടിൽ നടക്കാൻ സാധ്യതയുണ്ട്. അത് ഉപയോഗപ്പെടുത്താൻ ഈ ഗവൺമെന്റ് ശ്രദ്ധിച്ചാൽ അതിലൊരു മാറ്റം വരുത്താൻ സാധിക്കുമെന്ന് തോന്നുന്നു. മാത്രമല്ല സി.എ.ജി.-യുടെ കണക്കുകൾപ്രകാരം സംസ്ഥാനത്ത് 28252 കോടി രൂപയുടെ നികുതി കുടിശ്ശികകളുണ്ട്. അത് തിരിച്ചെടുക്കാനുള്ള ശാസ്ത്രീയമായ ഒരു സമീപനവും ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടില്ല. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനെസ്റ്റി 2024-ൽ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകളാകട്ടെ അതിലെ ഉദ്ദേശങ്ങളെ പരിമിതപ്പെടുത്തിയും പുതിയ നികുതി ചുമത്തി ഉപഭോഗ വളർച്ചയെ വീണ്ടും

പരിമിതപ്പെടുത്തുന്നതിനുപകരം നികുതിയിതര വിഭവ സമാഹരണത്തിന് സർക്കാർ മുൻകൈ എടുക്കാതിരിക്കുന്നൊരു പ്രവണതയാണ് ഈ ബഡ്ജറ്റിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്. അത് ഒഴിവാക്കുമ്പോഴേ ഈ പരാധീനത പരിഹരിക്കാൻ കഴിയുകയുള്ളൂ. കേരളത്തിന്റെ കടബാധ്യത കൂടിക്കൊണ്ടേയിരിക്കുകയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേടാണ് സംസ്ഥാനം നേരിടുന്ന വലിയ വെല്ലുവിളി. ഇന്നത്തെ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റാനുള്ള കഴിവുകേടും പ്രശ്നങ്ങൾ കൂടുതൽ വഷളാക്കിക്കൊണ്ടിരിക്കുകയാണ്. കേരളം ഒരു ഓവർഡ്രാഫ്റ്റിലാണെന്ന് എല്ലാവർക്കും അറിയാം. കേരളത്തിൽ ലഭിക്കാനുള്ള 57,000 കോടി രൂപ കേന്ദ്രം വെട്ടിക്കുറച്ചു. 2023-24 ബഡ്ജറ്റ് മതിപ്പ് പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം വരുമാനവും ചെലവും 1,76,088 കോടി രൂപ എന്നതാണ് വസ്തുത. സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ ചെലവ് സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തേക്കാൾ വളരെ വ്യത്യസ്തതയിലാണ് നിൽക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ കമ്മി സംസ്ഥാന ജി.ഡി.പി.-യുടെ 2.11 ശതമാനമാണ്. സംസ്ഥാനത്തിന്റെ

ധനകമ്മി 39662.23 കോടി രൂപയാണ്. ഇത് സംസ്ഥാന ജി.ഡി.പി.-യുടെ 3.5 ശതമാനമാണ്. സംസ്ഥാന ബഡ്ജറ്റിലെ മൂലധന ചെലവും ജി.ഡി.പി.-യുടെ ശതമാനവും മാത്രമാണ് ഇതിന് പരിഹാരമായിട്ടുള്ളത്. ഇത് സൂചിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ കുറവാണ്. 50,000 കോടി രൂപ കുടിശ്ശികയാണ് കേരള സർക്കാരിന് കൊടുത്തു തീർക്കാനുള്ളത്. ശമ്പളം, പെൻഷൻ, പരിഷ്കരണത്തിന്റെ രണ്ട് ഗഡു, 18 ശതമാനത്തോളം ക്ഷാമബത്തയും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കരാറുകാർക്കുമടക്കം പണം നൽകാനുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സപ്ലൈകോ, കാരുണ്യ നിക്ഷേപ പദ്ധതി, ക്ഷേമ പെൻഷൻ, ജലജീവൻ മിഷൻ എല്ലാവർക്കും പണം കൊടുക്കാനുണ്ട്. ഇങ്ങനെ എല്ലാ മേഖലകളിലും സാമ്പത്തികമായ പരാധീനതയിൽ നിൽക്കുന്നൊരു ഗവൺമെന്റ് എന്നുള്ള നിലയ്ക്കാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അതിനിടയിൽ ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കാതെ മുന്നോട്ടുപോകുന്നൊരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്. സാധാരണ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ, എന്റെ മണ്ഡലത്തിൽതന്നെ NHAI-യുടെയും

ദേശീയ പാതയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് കേരളം പണം നൽകുന്നുണ്ടെങ്കിലും ആ റോഡുമായി ബന്ധപ്പെട്ട് രണ്ടത്താണിയിലെ പ്രയാസങ്ങൾ, അല്ലെങ്കിൽ രണ്ട് മേഖലകളായി ആ പ്രദേശത്തെ വിഭജിക്കുന്നത് പരിഹരിക്കാനുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നില്ല. പഞ്ചായത്തുകൾക്ക് പണം ലഭിക്കുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിച്ചിട്ടില്ല, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് ജനങ്ങൾ തിങ്ങി താമസിക്കുന്ന പ്രദേശങ്ങൾക്ക് പുറത്തുകൊണ്ടുപോയി ഉണ്ടാക്കുന്നു. അങ്ങനെ നിരവധി പ്രശ്നങ്ങൾ മണ്ഡലങ്ങളിലടക്കം എല്ലായിടത്തുമുണ്ടാകുമ്പോൾ ജനങ്ങളോട് പ്രതിബദ്ധതയില്ലാത്ത ഒരു ഗവൺമെന്റിന്റെ നിലപാടുകളാണ് ഈ ബഡ്ജറ്റിൽ മൊത്തം നമുക്ക് കാണാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുന്നു. കേന്ദ്രം സൃഷ്ടിക്കുന്ന പ്രതിസന്ധികളുടെയും വിവേചനങ്ങളുടെയും നടുക്കടലിൽ നിൽക്കുമ്പോഴും നമ്മുടെ സാമൂഹ്യനേട്ടങ്ങളാകെ സംരക്ഷിച്ചും, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ എന്നിവ ഉറപ്പാക്കിയും സർവ്വതലസ്പർശിയായ വികസനവും

ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയും കൈവരിക്കുകയെന്നതാണ് പിണറായി സർക്കാരിന്റെ കാഴ്ചപ്പാട്. 2016 മുതൽ അവതരിപ്പിച്ച ഓരോ ബഡ്ജറ്റിലേയും സമീപനം ഇതായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 2024-25 -ലെ ബഡ്ജറ്റും ഈ ദിശയിലേയ്ക്കുള്ള തുടർച്ചയായ പ്രയാണം തന്നെയായിരുന്നു. കേരളത്തിലെ സമ്പദ് വ്യവസ്ഥ സൂര്യോദയ സമ്പദ് വ്യവസ്ഥയായി മാറിയിരിക്കുന്ന ബഡ്ജറ്റിലെ ആമുഖത്തിലെ നിരീക്ഷണം അടിവരയിട്ട് സാധൂകരിക്കുന്നതാണ്. 8 വർഷക്കാലയളവിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ഇത്രയേറെ മാനവിക നേട്ടങ്ങൾ കൈവരിച്ച മറ്റൊരു സംസ്ഥാനവും ഇന്ത്യയിൽ ഇല്ല. കേരള മാതൃകയെ തകർക്കാൻ ശ്രമിക്കുന്നവരോട് കേരളം തകരില്ല, തളരില്ല, തകർക്കാൻ അനുവദിക്കുകയില്ല എന്നാണ് ബഡ്ജറ്റിന്റെ പ്രഖ്യാപനം. കേന്ദ്രം സംസ്ഥാനത്തോട് കാണിക്കുന്ന ഉപരോധ സമാനമായ സാമ്പത്തിക വിവേചനത്തിന്റേയും ആഗോള മാന്ദ്യത്തിന്റെയും സാഹചര്യത്തിൽ പുതിയ സാധ്യതകൾ കണ്ടെത്തിയും ഉപയോഗിച്ചുമാണ്

വികസന പാതയിൽ കേരളം മുന്നോട്ട് പോകുന്നത്. അടുത്ത മൂന്ന് വർഷത്തിനകം മൂന്ന് ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാൻ കഴിയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. ഇത് ബഡ്ജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക, വ്യാവസായിക മേഖലകളിൽ നൂതനങ്ങളായ ഒട്ടേറെ പരിപാടികൾ നിർദ്ദേശിക്കുന്ന ഈ ബഡ്ജറ്റിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയബന്ധിതമായി കൊടുക്കുമെന്നും ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത നൽകുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്, ഇത് തികച്ചും സ്വാഗതാർഹമാണ്. അതിവേഗ ടൂറിസം പദ്ധതികൾ, കൊച്ചി തുറമുഖ വികസനം, വ്യവസായ ഇടനാഴികൾ, ഐ.ടി.-ഐ.ടി. അധിഷ്ഠിത മേഖലയുടെ വികസനം, ആരോഗ്യരംഗത്ത് കേരളത്തെ മെഡിക്കൽ ഹബ്ബാക്കി മാറ്റാനുള്ള നടപടികൾ, 25 പുതിയ സ്വകാര്യ വ്യവസായ പാർക്കുകൾകൂടി ആരംഭിക്കുവാനുള്ള നടപടികൾ എന്നിവയെല്ലാം ബഡ്ജറ്റിലൂന്നുന്നത് ശ്ലാഘനീയം തന്നെയാണ്. ചൈനീസ് മാതൃകയിൽ വികസന സോണുകൾ, പ്രായമായവരെ സംരക്ഷിക്കുന്നതിന് കെയർ സെന്ററുകൾ, സർക്കാർ

ആശുപത്രികളെ സഹായിക്കുന്നതിന് ആരോഗ്യ സുരക്ഷാ ഫണ്ട്, അംഗനവാടി ജീവനക്കാർക്ക് ഇൻഷുറൻസ്, കുടുംബശ്രീ അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ കെ-ലിഫ്റ്റ് എന്നിവയെല്ലാം ബഡ്ജറ്റിലെ പുതിയ പ്രഖ്യാപനങ്ങളാണ്. കൂടാതെ റബ്ബറിന്റേയും നാളീകേരത്തിന്റേയും താങ്ങുവില വർദ്ധിപ്പിച്ച നടപടിയും പ്രശംസനീയമാണ്. പരിമിതികളുള്ളിലും ഓരോ മേഖലയിലും മിതമായ വിഹിതം നീക്കിവയ്ക്കുന്നതിനും ബഡ്ജറ്റിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസത്തിന് 1032 കോടി രൂപ, ഉന്നത വിദ്യാഭ്യാസത്തിന് 456 കോടി രൂപ, പൊതുജനാരോഗ്യത്തിന് 2052 കോടിരൂപ, വ്യവസായത്തിന് 1729 കോടി രൂപ, കാർഷിക മേഖലയ്ക്ക് 1698 കോടി രൂപ, ലൈഫ് പദ്ധതിയ്ക്ക് 1132 കോടി രൂപ, സഹകരണ മേഖലയ്ക്ക് 134 കോടി രൂപ എന്നിങ്ങനെയാണ് പ്രധാന ബഡ്ജറ്റ് പ്രഖ്യാപനമെങ്കിലും കേരള റബ്ബർ ലിമിറ്റഡ്, കെ.എസ്.ആർ.ടി.സി. എന്നിവയ്ക്കും സഹായം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത വ്യവസായങ്ങളേയും കയർ, കശുവണ്ടി, ഖാദി, കൈത്തറി എന്നിവയ്ക്കും ബഡ്ജറ്റിൽ വിഹിതം

കണ്ടെത്തിയിട്ടുണ്ട്. മാത്രമല്ല കുടുംബശ്രീയ്ക്ക് 215 കോടി രൂപയുടെ ബഡ്ജറ്റ് സഹായവും, 430 കോടി രൂപയുടെ വായ്പാ സഹായവും പ്രഖ്യാപിച്ചിട്ടുണ്ട്. ചുരുക്കി പറഞ്ഞാൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് തനിമയാർന്ന പാത സ്വീകരിക്കാൻ കഴിയുമെന്ന സാക്ഷ്യപത്രമാണ് ഈ ബഡ്ജറ്റ്. നിർമ്മാണ മേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ 1000 കോടി രൂപയും, നവകേരള സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട വികസന പദ്ധതികൾക്കായി 1000 കോടി രൂപയും അനുവദിച്ച ബഡ്ജറ്റ് പ്രഖ്യാപനം തികച്ചും സ്വാഗതാർഹമാണ്. കൂടാതെ ജി.എസ്.ടി.ക്കുമുൻപ് നിലവിലുണ്ടായിരുന്ന നികുതി കുടിശ്ശികയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് ചെറുകിട വ്യാപാരികൾക്ക് ആശ്വാസം പകരുന്ന ഒന്നാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാരാകട്ടെ കേരളത്തോട് കടുത്ത നീതി നിഷേധമാണ് കാണിക്കുന്നത്. കൂടുതൽ മികവിലേക്ക് പോകാൻ കേരളത്തെ പിൻതുണയ്ക്കുന്നതിനുപകരം തടസ്സം സൃഷ്ടിക്കുന്നതിനാണ് കേന്ദ്രം

ശ്രമിക്കുന്നത്. പ്രളയങ്ങളുടേയും മഹാമാരികളുടേയും ഘട്ടത്തിൽ അർഹമായ സഹായങ്ങൾ ലഭ്യമാക്കിയില്ലെന്നു മാത്രമല്ല അവ മൂടിവയ്ക്കാനും ശ്രമിച്ചു. ഭരണഘടനാ വിരുദ്ധമായ നടപടികളിലൂടെ കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്നു. കിഫ്ബി പോലെ സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങൾ എടുക്കുന്ന വായ്പകളും സർക്കാർ വായ്പയായി പരിഗണിച്ച് കടമെടുപ്പ് പരിധി ചുരുക്കുന്നു. ഹെൽത്ത് മിഷൻ, യു.ജി.സി. മൂലധന സഹായത്തിനുള്ള വായ്പാ സഹായം, തുടങ്ങിയ കേരളത്തിന് അർഹമായ 4350 കോടി രൂപയുടെ ഗ്രാന്റുകൾ തടഞ്ഞു വച്ചിരിക്കുകയാണ്. കൂടാതെ എയിംസ് പോലെയുള്ള ദീർഘകാല ആവശ്യങ്ങൾ അംഗീകരിക്കുന്നില്ല. കേന്ദ്ര ബഡ്ജറ്റിലാകട്ടെ കേരളത്തിന് ഒരു വാക്കുപോലുമില്ല. റബ്ബർ കർഷകരെ സഹായിക്കാൻ നടപടിയില്ല. സിൽവർ ലൈനടക്കം നിരാകരിച്ചു. കമ്മ്യൂണിസ്റ്റ് സർക്കാരിനെ എങ്ങനെയൊക്കെ ദ്രോഹിക്കാൻ കഴിയുമെന്നൊക്കെ നടത്തുകയാണ് ഹിന്ദു വർഗ്ഗീയവാദികളുടെ കാർമ്മികത്വത്തിലുള്ള ശ്രീ. നരേന്ദ്ര മോദി ഭരണം. ഇതിന് ചൂട്ട് പിടിച്ചുകൊടുക്കുകയാണ്

ഇവിടുത്തെ പ്രതിപക്ഷം. ഏറ്റവും വലിയ വിരോധാഭാസം സംസ്ഥാനസർക്കാർ കൂടുതൽ തുക മുതൽ മുടക്കിയ പദ്ധതികൾപോലും സ്വന്തം പദ്ധതികളാക്കി മാറ്റാനാണ് കേന്ദ്രം ശ്രമിക്കുന്നത്. ഒരു രാജ്യം, ഒരു മതം, ഒരു വിശ്വാസം, ഒരു ഭാഷ, ഒരു നേതാവ്, ഒരു തിരഞ്ഞെടുപ്പ് എന്നതുപോലെ രാജ്യമൊട്ടുക്ക് ഒരു നിയമം എന്ന ലക്ഷ്യം നടപ്പിലാക്കാൻ സംഘപരിവാറിന്റെ നേതൃത്വത്തിലുള്ള മോദി ഭരണം ശ്രമം നടത്തുന്നു. ശക്തമായ ചെറുത്തുനിൽപ്പിലൂടെ ഇതിനെ പ്രതിരോധിക്കേണ്ടതുണ്ട്. കേന്ദ്രം കേരളത്തോട് തുടരുന്ന ശത്രുതാപരമായ അവഗണനമൂലം സൃഷ്ടിക്കപ്പെട്ട കടുത്ത സാമ്പത്തിക ഞെരുക്കത്തിലൂടെ എല്ലാ വിഭാഗം ജനങ്ങളേയും ചേർത്തു പിടിച്ച് ക്ഷേമ പ്രവർത്തനങ്ങൾ ഉപേക്ഷിക്കാതെ വികസനം ഉറപ്പാക്കുകയാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിലുള്ളത്. സംസ്ഥാനത്തിന്റെ വികസനക്കുതിപ്പ് അടിസ്ഥാനമാക്കുന്ന പല നിർദ്ദേശങ്ങളും ബഡ്ജറ്റിലുണ്ട്. രണ്ടാം പിണറായി സർക്കാർ കാലാവധി പൂർത്തിയാക്കുന്നതോടെ മൂന്ന് ലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നത്.

ഇത് തികച്ചും ശ്ലാഘനീയമാണ്. കേന്ദ്രത്തിന്റെ ബഡ്ജറ്റിന് എന്തുകൊണ്ടും ബദൽ ഉയർത്തുന്ന ബഡ്ജറ്റാണ്. കേരളത്തിന്റേത് വിഴിഞ്ഞം തുറമുഖം കേന്ദ്രീകരിച്ച് വൻ വികസന കാഴ്ചപ്പാട് ഒരു വശത്ത് അവതരിപ്പിക്കുമ്പോൾ തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഹബ്ബായി കേരളത്തെ മാറ്റാനുള്ള ശ്രമവും ബഡ്ജറ്റിലുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുമ്പോഴും കൃഷി ഉൾപ്പെടെയുള്ള മറ്റു മേഖലകളെ അവഗണിച്ചില്ലെന്നു മാത്രമല്ല, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരു കുറവും വരുത്തിയിട്ടില്ല. കാർഷിക മേഖലയിൽ 1698.30 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാർ റബ്ബർ മേഖലയെ പൂർണ്ണമായും അവഗണിച്ചപ്പോൾ കടുത്ത സാമ്പത്തിക ഞെരുക്കത്തിനിടയിലും റബ്ബറിന്റെ താങ്ങുവില 180 രൂപയാക്കാൻ സാധിച്ചു. സംസ്ഥാന ബഡ്ജറ്റിൽ എടുത്തു പറയേണ്ട ഒന്നാണ് കേരളത്തിനെ കെയർ ഹബ്ബാക്കി മാറ്റാനുള്ള നിർദ്ദേശം. സമീപഭാവിയിൽ സംസ്ഥാനത്ത് 20 ശതമാനം ജനങ്ങളും 60 വയസ്സു കഴിഞ്ഞവരായിരിക്കെ കെയർ സെന്ററുകൾ തുടങ്ങുന്ന നിർദ്ദേശം

വയോജനങ്ങൾക്ക് പ്രതീക്ഷ നൽകുന്നതാണ്. ഈ നിർദ്ദേശം മുന്നോട്ട് വച്ച് ബഡ്ജറ്റ് വിഹിതം അനുവദിച്ച ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് പ്രശംസ അർഹിക്കുന്നു. തോട്ടം മേഖലകളിലെ ലയങ്ങൾക്ക് ബഡ്ജറ്റ് വിഹിതം ഉൾപ്പെടുത്തിയും സമൂഹത്തിലെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 4000 കോടി രൂപയിലധികം വകയിരുത്തിയതും പരമ്പരാഗത മേഖലയിലെ മത്സ്യബന്ധന മേഖലയ്ക്കും മോശമല്ലാത്ത പരിഗണന ബഡ്ജറ്റിൽ വിഭാവനം ചെയ്തതും സ്വാഗതാർഹമാണ്. ഏത് കോണിലൂടെ നോക്കിയാലും പ്രതിസന്ധിക്കിടയിലൂടെയും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രതീക്ഷ നൽകുന്ന ബഡ്ജറ്റാണ് എൽ.ഡി.എഫ്. പ്രകടനപത്രികയിലും, നവകേരള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് വച്ച രേഖയിലും പറഞ്ഞ നവകേരള സൃഷ്ടി പ്രാവർത്തികമാക്കാനുള്ള നടപടികളാണ് ബഡ്ജറ്റിലുള്ളത്. കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് അർഹമായിട്ടുള്ള 57400 കോടി രൂപ തരാനുള്ളത്, കേന്ദ്രം വിഹിതം നൽകാതെ അവഗണിക്കുമ്പോൾ പുതിയ സാമ്പത്തിക സ്രോതസ്സുകൾ

കണ്ടെത്താനെ സംസ്ഥാനത്തിന് കഴിയുകയുള്ളൂ. അതോടൊപ്പം കേന്ദ്ര അവഗണനയ്ക്കെതിരെ പ്രക്ഷോഭം ശക്തമാക്കണം. ഇതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഡൽഹിയിലെ പ്രതിഷേധ സമരം കേരളത്തിനു വേണ്ടിയുള്ളതായിരുന്നു. ഇതിൽ പങ്കെടുക്കാതെ കേരളത്തെ അവഗണിക്കുന്ന മോദി സർക്കാരിനെ പിൻതുണയ്ക്കുകയാണ് കേരളത്തിലെ കോൺഗ്രസ്സും യു.ഡി.എഫും. കോൺഗ്രസ്സ് ഭരിക്കുന്ന കർണ്ണാടകത്തിൽ അവഗണനയ്ക്കെതിരെ സമര രംഗത്ത് വന്നതും കണ്ണു തുറന്ന് കാണുന്നതിന് കെ.പി.സി.സി.യും യു.ഡി.എഫും തയ്യാറാകണം. പ്രതിപക്ഷം വന്നില്ലെങ്കിലും കേരളത്തിനുവേണ്ടിയുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തുന്ന ഡൽഹി സമരം ജനാധിപത്യ ചരിത്രത്തിന്റെ ഉജ്ജ്വലമായ മാതൃകയായി ഞാൻ പ്രഖ്യാപിക്കുന്നു. ഒരിക്കൽ കൂടി ഈ ഉപധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുന്നു. ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എം. മുകേഷ്</u>: സർ, ഞാൻ 2023-24 ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക ഉപരോധത്തെ സംസ്ഥാന സർക്കാർ എങ്ങനെ മറികടക്കാൻ ശ്രമിക്കുന്നുവെന്ന കാഴ്ചയാണ് നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. പഴയ കോളനി ഭരണത്തിന്റെ ഹാംഗ്ഓവർ കേന്ദ്രം ഭരിക്കുന്നവരിൽ ഏറിയുംകുറഞ്ഞും നിലനിൽക്കുന്നുണ്ടെന്നാണ് തോന്നുന്നത്. കേന്ദ്രത്തിന്റെ കോളനി ഭരണത്തിൻകീഴിൽ മുട്ടിലിഴയുന്ന ഒരു നാട്ടുരാജ്യം മാത്രമായി സംസ്ഥാനത്തെ കാണാൻ ശ്രമിക്കുന്നതുകൊണ്ടാണ് സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതത്തിൽ 57,000 കോടി രൂപയുടെ വെട്ടികുറവ് വരുത്തിയിരിക്കുന്നത്. കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട നികുതിവിഹിതം വെട്ടിക്കുറയ്ക്കുന്നത് ഈ കോളനിഭരണ സംസ്കാരം ചിലരിൽ നിലനിൽക്കുന്നതുകൊണ്ടാണ്.

പല അംഗങ്ങളും ഇവിടെ സൂചിപ്പിച്ചതാണെങ്കിലും ആവർത്തിച്ച് പറഞ്ഞാൽമാത്രമെ ചിലർക്ക് മനസ്സിലാകുകയുള്ളൂ എന്നതുകൊണ്ട് ഒരിക്കൽകൂടി ആവർത്തിക്കുകയാണ്. സംസ്ഥാനം നികുതിയിനത്തിൽ 65 രൂപ പിരിച്ചെടുത്താൽ 35 രൂപ കേന്ദ്രം നൽകണമെന്നതാണ്

കേന്ദ്രശരാശരി. പക്ഷേ കേരളം 79 രൂപ തനത് നികുതിയായി പിരിച്ചെടുക്കുമ്പോൾ കേന്ദ്രം തരുന്നത് 21 രൂപയാണ്. അതായത് നൂറിൽ 21 രൂപയാണ് കേന്ദ്ര സംഭാവനയെങ്കിൽ ഉത്തർപ്രദേശിൽ നൂറിൽ 46-ഉം ബീഹാറിൽ നൂറിൽ 70 രൂപയുമാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്റ്റേറ്റ് ഫിനാൻസ് റിപ്പോർട്ടിലെ കണക്കാണ് ഞാനിവിടെ ഉദ്ധരിച്ചത്. ഇതിനെതിരെ സംസ്ഥാനത്തിന്റെ അവകാശങ്ങളെക്കുറിച്ച് പറയുമ്പോൾ പരിഹസിക്കുന്നവരുടെ കൂട്ടത്തിൽ പ്രതിപക്ഷംകൂടി ഉൾപ്പെടുന്നു എന്ന് അറിയുന്നതിൽ വൈരുദ്ധ്യവും വിഷമവുമുണ്ട്. ആദരണീയനായ കഥാകാരൻ ശ്രീ. ടി. പത്മനാഭന്റെ ഒരു ലേഖനത്തിന്റെ ശീർഷകം 'അവർ പാട്ട് പാടി, നമ്മൾ പള്ളി പൊളിച്ചു' എന്നതാണ്. ബാബറി മസ്ജിദ് തകർക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ രൂപംകൊണ്ട ലേഖനസമാഹാരമാണിത്. വിഖ്യാത ഗായകരായ അബ്ദുൾ കരീംഖാൻ, ഗുലാം അലി, ഉസ്താദ് വിലായത്ത് ഖാൻ തുടങ്ങിയവരുടെ സംഗീത ജീവിതവും മതേതര ചിന്തകളും കോർത്തിണക്കികൊണ്ടുള്ള ശ്രീ. ടി. പത്മനാഭന്റെ നിരീക്ഷണം ഏത് കാലത്തും പ്രസക്തമാണ്. അദ്ദേഹം തന്റെ പുസ്തകത്തിന് നൽകിയ ശീർഷകം ഒരിക്കൽകൂടി ഞാൻ ആവർത്തിക്കുന്നു. 'അവർ പാട്ട് പാടി, നമ്മൾ

പള്ളി പൊളിച്ചു'. അതേരീതിയിൽ 'ഞങ്ങൾ സമരം ചെയ്തു; നിങ്ങൾ സമരം പൊളിക്കാൻ നോക്കി'. ഞങ്ങൾ കേന്ദ്ര അവഗണനക്കെതിരെ ഡൽഹിയിൽപോയി പ്രതിഷേധിച്ചു; നിങ്ങൾ കാസർഗോഡ് മുതൽ മൈക്ക് വച്ചുകെട്ടി ഞങ്ങളെ പരിഹസിച്ചു.

ഗാന്ധിയനായ ശ്രീ. ടി. പത്മനാഭൻ കോൺഗ്രസുകാരൻ ആണെന്നതിൽ അഭിമാനം പങ്കുവയ്ക്കാറുണ്ട്. പക്ഷേ ഇന്നത്തെ കോൺഗ്രസുകാരനല്ലെന്ന് അദ്ദേഹം പ്രത്യേകം ഓർമ്മിപ്പിക്കാറുമുണ്ട്. കേന്ദ്രത്തിലെ ബി.ജെ.പി. ഭരണത്തോടുള്ള ഇടതുപക്ഷത്തിന്റെ എതിർപ്പ് കേന്ദ്രവിഹിതം കൂട്ടിത്തരുന്നതോടുകൂടി തീരുന്ന ഒന്നല്ല. അത് നയത്തിന്റെയും ആശയഅടിത്തറയുടെയും വിയോജിപ്പാണ്. സർവാധിപത്യത്തിനും ന്യൂനപക്ഷ വിരുദ്ധതയ്ക്കുമെതിരായ ചെറുത്തുനിൽപ്പാണ് ഇടതുപക്ഷം നടത്തുന്നത്. അയോധ്യ ഒരു തുടക്കംമാത്രമാണെന്ന് തോന്നും. കഴിഞ്ഞ ദിവസം ശ്രീ. യോഗി ആദിത്യനാഥ് ഇക്കാര്യം വെളിപ്പെടുത്തിയത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. മഥുരയിലേയ്ക്കും കാശ്മീരിലേയ്ക്കും ബുൾഡോസറുകൾ നീങ്ങുമെന്നാണ് അദ്ദേഹം നൽകിയ സൂചന. മതേതരത്വത്തെക്കുറിച്ച് പാടാൻ ഞങ്ങളും; പൊളിക്കാൻ നിങ്ങളും എന്ന

അവസ്ഥയാണുള്ളത്. പഴയതിലേയ്ക്കുള്ള സംഘപരിവാർ ശക്തികളുടെ തിരിച്ചുപോക്ക് യാദൃശ്ചികമല്ല. അത് കേവലം ഒരു വികാരത്തിൽ നിന്നുണ്ടാകുന്നതുമല്ല. തിരിച്ചുപോക്കിനും പള്ളിപൊളിക്കലിനും കൃത്യമായ അജൻഡയുണ്ട്. പ്രശസ്ത എഴുത്തുകാരനായ George Orwell '1984' എന്ന കൃതിയിൽ ഇത്തരം പ്രവണതകളെ വിഭാവനം ചെയ്യുന്നുണ്ട്. "Who controls the past controls the future…." എന്ന് George Orwell എഴുതിയിട്ടുണ്ട്. പഴയത് നിയന്ത്രിക്കുന്നവർ പുതിയതിനെയും നിയന്ത്രിക്കും. ചരിത്രം തികഞ്ഞ് ഭൂതകാലത്തെ വരുതിയിലാക്കാൻ നോക്കുന്നവർ ഭാവിയെ കീഴടക്കാൻ കണക്കുകൂട്ടുന്നവർ തന്നെയാണ്. ഈ സർവാധിപത്യ ശക്തികൾക്കെതിരെയാണ് ഇടതുപക്ഷം പ്രതിരോധം ഒരുക്കുന്നതും പ്രതിപക്ഷം അത് കണ്ടില്ലെന്ന് നടിക്കുന്നതും.

കേന്ദ്രത്തിനെതിരായ ഇടതുപക്ഷത്തിന്റെ പ്രതിരോധത്തെ പരിഹസിച്ചതുപോലെ പ്രതിപക്ഷം ഏറ്റവും കൂടുതൽ അപമാനിക്കാൻ ശ്രമിച്ചത് നവകേരള സദസ്സിനെയായിരുന്നു. നവകേരള സദസ്സിനെ ജനവിരുദ്ധ നടപടിയായി ചിത്രീകരിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട പ്രതിപക്ഷത്തിന് ഓരോ സദസ്സിലും വന്നുകൂടിയ ജനക്കൂട്ടത്തെ കണ്ട്

കണ്ണുതള്ളിപ്പോയി എന്ന് പറയാതെ നിവൃത്തിയില്ല. ഒരു കാര്യം ഞാൻ നിസ്സംശയം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു; നവകേരള സദസ്സ് ഉണ്ടാക്കിയ പ്രത്യാഘാതത്തിൽനിന്നാണ് കോൺഗ്രസിന്റെ സമരാഗ്നിജാഥ പുറപ്പെട്ടത്. "അനുകരണമാണ് ഏറ്റവും വലിയ കലാവിദ്യ" എന്ന് അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുണ്ട്; അതുകൊണ്ട് കുഴപ്പമില്ല. 'യാത്ര തീരുന്നതോടെ നവകേരള സദസ്സും തീരും' എന്നായിരുന്നു വിമർശനം. അത് മറ്റൊരു തുടക്കമായിരുന്നുവെന്ന് ചിന്തിക്കാനുള്ളശേഷി പ്രതിപക്ഷത്തിനുണ്ടായിരുന്നില്ല. നവകേരള സദസ്സിന്റെ ഭാഗമായി ഉയർന്നുവന്ന നിർദ്ദേശങ്ങളെത്തുടർന്നുണ്ടായ പ്രോജക്ട് രൂപീകരണത്തിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ 35 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതുകൂടാതെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഓരോ നിയമസഭാമണ്ഡലത്തിനും 25 ലക്ഷം രൂപ വീതവും അനുവദിച്ചിരിക്കുന്നു. നവകേരള സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി സംസ്ഥാനത്തെ വിവിധ വികസനപദ്ധതികളിലായി 1000 കോടി രൂപ ചെലവഴിക്കുമെന്ന പ്രഖ്യാപനം നവകേരള സദസ്സിനെ പരിഹസിച്ചവർക്കുള്ള ചുട്ടമറുപടിയാണ്.

മത്സ്യബന്ധന-സാംസ്കാരിക വകുപ്പുമന്ത്രിയുടെ ഒരു പ്രസ്താവന അടുത്തിടെ കേട്ടിരുന്നു. മത്സ്യത്തൊഴിലാളികളെ സംബന്ധിക്കുന്ന എല്ലാ കരുതലും ആ പ്രസ്താവനയിലുണ്ടായിരുന്നു. കടലിൽപോകുന്ന മത്സ്യത്തൊഴിലാളികൾ ഏത് സാഹചര്യത്തിൽ മരണപ്പെട്ടാലും 5 ലക്ഷം രൂപ നൽകുമെന്ന പ്രഖ്യാപനമായിരുന്നു അത്. മത്സ്യബന്ധത്തിൽ ഏർപ്പെട്ടിരിക്കെ ഒരു തൊഴിലാളി ഹൃദയസ്തംഭനംമൂലം മരണപ്പെട്ടാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഹൃദയശൂന്യമായ ഈ നടപടിയെ മറികടക്കാനുള്ള ഇച്ഛാശക്തിയാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സജി ചെറിയാന്റെ പ്രഖ്യാപനം. ഇടതുപക്ഷത്തിന്റെ മനുഷ്യപക്ഷമാണ് ഓരോ വകുപ്പുമെന്ന് ഈ പ്രഖ്യാപനം തെളിയിക്കുന്നു. കാസർഗോഡ് നിന്നാരംഭിച്ച കോൺഗ്രസിന്റെ ജാഥയെപ്പറ്റി ഒരു രാഷ്ട്രീയ നിരീക്ഷണം വായിക്കുകയുണ്ടായി, അതിൽ സമരവുമില്ല അഗ്നിയുമില്ല. ആ പാർട്ടിക്കാരുടെ സമുന്നതനായ നേതാവ് ഇപ്പോൾ രാജ്യത്തുടനീളം യാത്രയിലാണ്. അദ്ദേഹം യാത്ര ചെയ്ത് പോകുന്നിടത്തെല്ലാം സ്വന്തം പാളയത്തിൽ പട, പിളർപ്പ്... അതെല്ലാം ഇന്ന് നമ്മളിവിടെ ചർച്ച ചെയ്തതാണ്. കാസർഗോഡ് നിന്നാരംഭിച്ച യാത്രയ്ക്കും ആ ഗതി

വരാതിരിക്കട്ടെ; കാരണം നിങ്ങളെ ഞങ്ങൾക്ക് ആവശ്യമുണ്ട്.

പണ്ടൊരു വനത്തിൽ കരുത്തുള്ള ഒരു വൃക്ഷം തലയെടുപ്പോടെ നിന്നിരുന്നു. അതുവഴി വന്ന മാന്ത്രികൻ ആ വൃക്ഷത്തെ ഒരു വയലിനാക്കി മാറ്റി കൊട്ടാരത്തിലെത്തിച്ചു. വളരെക്കാലം വയലിൻ വെറുതെ കിടന്നു. ആ വയലിനിൽ ആർക്കും ഒരു സ്വരംപോലും ഉയർത്താനായില്ല. വയലിൻ ഒരു സംഗീതവിദ്വാനും വഴിപ്പെട്ടില്ല. അങ്ങനെയിരിക്കെ അപ്രതീക്ഷിതമായി ഒരു ഗായകൻ കൊട്ടാരത്തിലെത്തി. പഴയ വയലിൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ഗായകൻ അതിനെ ഒന്ന് തലോടി. അദ്ദേഹം വയലിനിൽ രാഗങ്ങൾ വായിക്കാൻ തുടങ്ങി. അസാധാരണവും അത്യപൂർവ്വവുമായ സ്വരമാധുരിയിൽ കൊട്ടാരവും ജനങ്ങളും പ്രകമ്പനം കൊണ്ടു. വയലിൻ എങ്ങനെ വഴിപ്പെട്ടു എന്ന ചോദ്യത്തിന് ആ ഗായകൻ ഇങ്ങനെ മറുപടി പറഞ്ഞു: "ഒരു വൃക്ഷം അനുഭവിച്ചിട്ടുള്ള ഋതുഭേദങ്ങളുടെ സ്വരമാണ്, വസന്തരാഗമാണ് ഞാൻ മീട്ടിയത്". നമ്മുടെ രാജ്യം എന്ന വയലിൻ ഒരു സ്വരവും കേൾപ്പിക്കാതെ തുരുമ്പെടുത്തിരിക്കുകയാണ്. ഋതുഭേദങ്ങളാകുന്ന ബഹുസ്വരതയുടെ ജനാധിപത്യത്തിന്റെ സ്വരം മീട്ടാനറിയാവുന്ന ഗായകരില്ല. അതുള്ളവർക്ക് ജാതിമന്ത്രമേ അറിയുകയുള്ളൂ.

ഡൽഹിയിൽ ഇടതുപക്ഷം നടത്തിയ ചെറുത്തുനിൽപ്പിനെപ്പറ്റി ഒരു വാക്കുകൂടി പറയാനുണ്ട്. സത്യസന്ധമായി പറഞ്ഞാൽ, ഞാൻ ജന്തർമന്ദർ എന്നൊക്കെ കേട്ടിട്ടേയുള്ളൂ. എന്നാൽ കേരളത്തിനുവേണ്ടി പ്ലക്കാർഡും പിടിച്ചുകൊണ്ട് അവിടെ ഒരു സമരത്തിൽ പങ്കെടുക്കാനുള്ള മഹാഭാഗ്യം എനിക്ക് ലഭിച്ചു. അവിടെ ഗ്യാലറിയിലിരുന്നപ്പോൾ എനിക്ക് ഓർമ്മ വന്നത് ഞാൻ കണ്ട പഴയ ഒരു മണിരത്നം ചിത്രത്തിന്റെ രംഗമാണ്. 'റോജ' എന്ന സിനിമയിൽ തമിഴ് ഭാഷമാത്രം അറിയാവുന്ന ഒരു പാവം പെൺകുട്ടി തന്റെ ഭർത്താവിനെ കാണാനില്ലെന്ന് വടക്കേഇന്ത്യയിലെ ഒരു പട്ടാള ക്യാമ്പിൽപോയി ഒരു ഓഫീസറോട് പറയുന്ന രംഗമാണ്. ആ കുട്ടി തമിഴിൽ കരഞ്ഞുകൊണ്ടു പറഞ്ഞപ്പോൾ അടുത്തുനിൽക്കുന്ന ഓഫീസർ ഹിന്ദിയിൽ പറയണമെന്ന് ആവശ്യപ്പെട്ടു. അപ്പോൾ ആ ഓഫീസർ പറഞ്ഞത്, വേണ്ട; തമിഴ് എനിക്ക് അറിയില്ലെങ്കിലും ഈ ഭാഷ എനിക്ക് മനസ്സിലാകും എന്നാണ്. ഞാനിവിടെ ഇക്കാര്യം സൂചിപ്പിച്ചത്, ഡൽഹി മുഖ്യമന്ത്രിയായ ശ്രീ. അരവിന്ദ് കെജ്രിവാൾ പ്രസംഗിക്കാൻ വന്നപ്പോൾ ഞാനും എന്നെപ്പോലെ പലരും ആഗ്രഹിച്ചുകാണും ഇംഗ്ലീഷിൽ പ്രസംഗിച്ചിരുന്നെങ്കിൽ പല കാര്യങ്ങളും മനസ്സിലാക്കാമായിരുന്നുവെന്ന്.

എന്നാൽ അദ്ദേഹം ഹിന്ദിയിലാണ് പ്രസംഗിച്ചത്. ആദ്യത്തെ രണ്ട് മിനിറ്റ് പകപ്പുണ്ടായിരുന്നെങ്കിലും അതുകഴിഞ്ഞ് അദ്ദേഹം പറഞ്ഞ ഓരോ വാചകവും എനിക്കും അവിടെ കൂടിയിരുന്നവർക്കും മനസ്സിലായി. ഫെഡറലിസത്തെക്കുറിച്ചും മതേതരത്വത്തെക്കുറിച്ചുമൊക്കെ അദ്ദേഹം പറഞ്ഞപ്പോൾ ഞങ്ങൾ കയ്യടിച്ചു. പിന്നീട് വന്ന പഞ്ചാബ് മുഖ്യമന്ത്രിയാണെങ്കിലും ശ്രീ. ഫാറൂഖ് അബ്ദുള്ള, ശ്രീ. കപിൽ സിബൽ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. സ്റ്റാലിൻ എന്നിവരൊക്കെ അവരവരുടെ ഭാഷയിൽ പറഞ്ഞപ്പോൾ അതെല്ലാം ഞങ്ങൾക്ക് മലയാളംപോലെ മനസ്സിലായി. അത് ഹൃദയത്തിന്റെ ഭാഷയിലായതുകൊണ്ടാണ് നമുക്കെല്ലാം മനസ്സിലായത്.

മി. ചെയർമാൻ: പ്ലീസ്.....പ്ലീസ്.....കൺക്ലൂഡ്...

ശ്രീ. എം. മുകേഷ്: സർ, തെക്കേ ഇന്ത്യയുടെ ഈ കൊച്ചുസംസ്ഥാനം ഇന്ത്യയുടെ ഹൃദയഭൂമിയിൽ ഒരുപുതിയ തുടക്കം കുറിച്ചിരിക്കുന്നു. ഭാഷയ്ക്കതീതമായ ജനാധിപത്യത്തിനായുള്ള മുറവിളിയാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ഉപധനഭ്യാർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ഉപധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. വിശുദ്ധ വേദപുസ്തകത്തിലൊരു വാക്യമുണ്ട്. ആ വാക്യം ഇങ്ങനെയാണ്. "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും". കേരളമെന്ന കൊച്ചുരാജ്യത്തിനുവേണ്ടി ഏറ്റവുമധികം കഷ്ടപ്പെടുകയും അതിന് മുൻകൈയെടുത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന സഖാവ് പിണറായി വിജയനോടുള്ള ദൈവത്തിന്റെ വാഗ്ദത്തവും അതുതന്നെയാണ്. കേരളത്തിനുവേണ്ടി നീതിയോടെ കാര്യങ്ങൾ ചെയ്തുകഴിഞ്ഞാൽ എല്ലാ കാര്യങ്ങളും ക്രമപ്പെടുത്തിതരും. ഡൽഹി മുഖ്യമന്ത്രിയായ ശ്രീ. അരവിന്ദ് കെജ്രിവാളിന്റെയും കോൺഗ്രസ്സിന്റെ മുൻ നേതാവായിരുന്ന അഡ്വ. കപിൽ സിബലിന്റെയും പ്രസംഗങ്ങൾ ഏറ്റവുമധികം പ്രചോദനം നൽകിയ പ്രസംഗങ്ങളാണെന്നാണ് ആദരണീയനായ എന്റെ സുഹൃത്ത് ശ്രീ. എം. മുകേഷ് പ്രസംഗിച്ചപ്പോൾ പറഞ്ഞത്. അതിന് ധാരാളം പ്രത്യേകതകളുണ്ട്. കാശ്മീർ മുഖ്യമന്ത്രിയായിരുന്ന ഡോ. ഫാറൂഖ് അബ്ദുള്ള പറഞ്ഞത്, 'ഞാനൊരു ഡോക്ടറാണ്, എന്റെ ഒരു അവയവത്തിന്

കേടുപറ്റിയാൽ/വേദനയുണ്ടായാൽ അത് ശരീരം മുഴുവൻ വ്യാപിക്കും'. ഇന്ത്യയെന്ന രാജ്യത്തല്ലേ കേരളം? ഇത്രയൊക്കെ പറഞ്ഞിട്ടും പ്രതിപക്ഷത്തിനൊന്നും മനസ്സിലായില്ലല്ലോ; അവർക്കിതൊന്നും മനസ്സിലാകുന്നില്ല. കാരണം, അവർ കുറുക്കന്റെ സ്വഭാവത്തിൽ എപ്പോൾ ചോര കുടിക്കാമെന്ന് പമ്മി നിൽക്കുകയാണ്. അങ്ങനെയൊന്നും നടക്കുകയില്ല; ഇത് ഭരിക്കുന്ന ആൾ വേറെ ആണ്. അതുകൊണ്ട് ആ രീതിയിലൊന്നും ചിന്തിച്ച് വെറുതെ സമയം മിനക്കെടുത്തേണ്ട. മറ്റ് കാര്യങ്ങൾ പറഞ്ഞ് വെറുതേ ഡൈവർട്ട് ചെയ്യേണ്ട കാര്യമില്ല. ഒട്ടനവധി പ്രതിസന്ധികൾക്കിടയിലും രാജ്യത്തെ ഏറ്റവും മികച്ച ഭരണനിർവ്വഹണം നടത്തുന്ന സംസ്ഥാനമെന്ന പദവി കേരളം നിലനിർത്തി മുന്നോട്ടുപോകുകയാണ്. ഈ സർക്കാരിന്റെ ജനപക്ഷ നിലപാടുകൾക്കുള്ള അംഗീകാരമായാണ് ഇതിനെ കാണുന്നത്. ഒരു വശത്ത് കേന്ദ്രം സാമ്പത്തികമായും മറ്റും തകർക്കാൻ നോക്കുമ്പോഴും കൃത്യമായ വികസന ക്ഷേമപദ്ധതികളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാർ അവശജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കേരളം വികസനത്തിൽ

കുതിക്കുമ്പോൾ, എന്റെ ദേശമായ കുട്ടനാടിന് കൃത്യമായ പദ്ധതി വിഹിതം നൽകിയതിൽ ഈ സർക്കാരിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഏറ്റവും പ്രത്യേകതയുള്ളത് ആലപ്പുഴ-ചങ്ങനാശ്ശേരി (എ.സി.) റോഡിനുവേണ്ടി 700 കോടി രൂപയാണ് അനുവദിച്ചത്. കുടിവെള്ള പദ്ധതിക്കായി 400 കോടി രൂപ നൽകി. ഇവിടെ നടത്തിയ ബഡ്ജറ്റിലും മലയാള മനോരമ ഉൾപ്പെടെ ആലപ്പുഴ ജില്ലയിൽവന്ന എല്ലാ പത്രങ്ങളിലും എഴുതിയിരുന്നത് കുട്ടനാടിന് പ്രത്യേക പരിഗണന നൽകിയെന്നുള്ളതാണ്. പ്രത്യേക പരിഗണന നൽകുമ്പോൾ എങ്ങനെയാണ് ഞങ്ങൾ ഇവരെ അംഗീകരിക്കാതിരിക്കുന്നത്? കുട്ടനാട്ടുകാർ എങ്ങനെ സന്തോഷിക്കാതിരിക്കും? നവകേരള സദസ്സ് നടത്തിയപ്പോൾ എല്ലാവർക്കും സ്റ്റേഡിയമുണ്ടായിരുന്നു. എന്നാൽ ഞങ്ങളൊരു സ്റ്റേഡിയമുണ്ടാക്കിയാണ് കുട്ടനാട്ടിൽ നവകേരള സദസ്സ് നടത്തിയത്. ആദ്യം അയ്യായിരം പേർക്ക് പന്തലിന്റെ സംവിധാനമുണ്ടാക്കി. പിന്നീട് അത് പതിനായിരമായി, പതിനയ്യായിരമായി അവസാനം ഇരുപതിനായിരമായി. ഇത്രയും വലിയ ജനസദസ്സ് എവിടെനിന്നും വന്നെന്നുകരുതി ഞാൻ തന്നെ പേടിച്ചുപോയി. 9200 പരാതിയാണ് നവകേരള സദസ്സിൽ കൊണ്ടുവന്നത്.

1300 പരാതിയാണ് ഓഫീസിൽ എനിക്ക് പ്രത്യേകമായി ലഭിച്ചത്. ഇതിൽ കൂടുതലും വന്നത് കോൺഗ്രസ്സുകാരുടെ പരാതിയാണ്. കോൺഗ്രസ്സെന്ന് പറഞ്ഞുനടന്നിട്ട് യാതൊരു കാര്യവുമില്ലെന്നും എന്തെങ്കിലും കിട്ടണമെന്നുണ്ടെങ്കിൽ നവകേരള സദസ്സിൽ വന്ന് അപേക്ഷ കൊടുക്കണമെന്നും അവർക്കറിയാം. നിങ്ങൾ പരിശോധിച്ചാൽ അതിന്റെ വിശദാംശം ലഭിക്കും. കുട്ടനാടിന്റെ പ്രധാനപ്പെട്ട ആവശ്യങ്ങൾ പരിഗണിച്ചു; അത് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. കുട്ടനാട്ടിലെ ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് 100 കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്.

പുളിങ്കുന്ന് താലൂക്കാശുപത്രിയുടെ നവീകരണം സംബന്ധിച്ച് ആദരണീയനായ കൃഷി വകുപ്പുമന്ത്രിയെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. നടപ്പാകുകയില്ലെന്ന് വിചാരിച്ചിരുന്ന ആ പദ്ധതി നടപ്പാക്കാൻ കാരണക്കാരനായത് അദ്ദേഹമാണ്. നല്ല രീതിയിൽ നമ്മെ സഹായിക്കുമ്പോൾ നല്ല സ്മരണയോടെ ഓർക്കും. കുട്ടനാട്ടുകാരുടെ ജീവിതത്തിൽ താങ്കളെ മറന്നുപോകുകയില്ലെന്ന് ഞാൻ ഉറപ്പിച്ചുപറയുകയാണ്. കാരണം 144 കോടി രൂപ പുളിങ്കുന്ന്

ആശുപത്രിക്കുവേണ്ടി അനുവദിച്ചിരിക്കുകയാണ്. നമുക്ക് വേണ്ടത് സാമ്പത്തികഭദ്രതയാണ്. നിരവധി പ്രതിസന്ധിയിൽക്കൂടിയാണ് നാം കടന്നുപോകുന്നത്. നമ്മുടെ പിതാക്കന്മാർ പറയുന്നതുപോലെ മണലുകൊണ്ട് കയർ പിരിക്കുന്ന ഈ അവസരത്തിൽ....... ഇവിടെ പ്രസംഗിച്ച പലരും പറഞ്ഞത് എല്ലാ എം.എൽ.എ.-മാർക്കും 5 കോടി രൂപ വർദ്ധിപ്പിക്കണമെന്നാണ്. ശ്രീ. ഷാഫി പറമ്പിൽ പ്രത്യേകമായി പറഞ്ഞത് രണ്ട് കോടി രൂപയാക്കണമെന്നാണ്. ഇതൊക്കെ എവിടെനിന്നും നൽകും? പിരിച്ചെടുത്താലല്ലേ തരാൻ കഴിയുകയുള്ളൂ. പിറകിൽനിന്ന് നിങ്ങൾ ഞങ്ങളെ കാലുവാരാതെ നിന്നുകഴിഞ്ഞാൽ നിങ്ങൾ പറയുന്ന രീതിയിൽ എല്ലാവർക്കും കൊടുക്കാൻ സാധിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് നമുക്ക് ഒന്നിച്ച് മുന്നോട്ടുപോകാം. കേന്ദ്രത്തിന്റെ നിലപാട് തെറ്റാണെന്ന് പരസ്യമായി പറയാനുള്ള ആർജ്ജവം നിങ്ങളുടെ എം.പി.-മാർ കാണിക്കണമെന്നാണ് പറയാനുള്ളത്. ഞങ്ങളുടെ കൂടെ നിന്നാൽ വളരെ ധൈര്യമായി മുന്നോട്ടുപോകാം.

കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ കൃഷി ഇറക്കുന്നതുമുതൽ കൊയ്ത്ത് കഴിഞ്ഞ് നെല്ല് സംഭരണം വരെ കൃഷിക്കാരും കർഷകത്തൊഴിലാളികളും

നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കണമെന്നുണ്ടെങ്കിൽ പണം കിട്ടണം. കുവൈറ്റിലൊക്കെ ഒരു സെക്കന്റുകൊണ്ട് അവർക്ക് ലഭിക്കുന്നത് ഒരു ലക്ഷം ദിനാറിന്റെ വരുമാനമാണ്. കാരണം അവർക്ക് ഓയിലുണ്ട്. നമുക്ക് ആകെയുള്ളത് ജി.എസ്.ടി.-യാണ്. മറ്റ് രണ്ട് വരുമാനമെന്നുപറയുന്നത് ലോട്ടറിയും കള്ള് വ്യവസായവുമാണ്. വേറെ പ്രത്യേകിച്ച് വരുമാനമാർഗ്ഗമൊന്നും കേരളത്തിനില്ല. എന്ത് തനതുവരുമാനമാണ് നമുക്കുള്ളത്? ഒന്നുമില്ല; ഉള്ളതുകൊണ്ടുവേണം കാര്യങ്ങൾ നല്ല രീതിയിൽ പോകേണ്ടത്.

ശ്രീ. എം. മുകേഷ് പറഞ്ഞതുപോലെ പ്ലക്കാർഡും പിടിച്ചുകൊണ്ട് ജൻപഥിൽക്കൂടി നടന്നുപോയത് ഒരു വലിയ അനുഭവമായിത്തന്നെയാണ് നിൽക്കുന്നത്. അത് ജീവിതത്തിലൊരിക്കലും നമുക്ക് മറക്കാൻ സാധിക്കില്ല. ശ്രീ. അരവിന്ദ് കെജ്‌രിവാളിന്റെയും പഞ്ചാബ് മുഖ്യമന്ത്രിയുടെയും തമിഴ്നാട് മുഖ്യമന്ത്രിയുടെയും പ്രസംഗം കേൾക്കുമ്പോൾ ഒരു ആവേശമാണ്. ഹിന്ദി മനസ്സിലാകുന്നുണ്ട്, അതുകൊണ്ട് നമുക്കത് മനസ്സിലാക്കാൻ സാധിക്കും. അവരുടെ പ്രസംഗത്തിന് ഒരുപാട് മൂർച്ചയുണ്ട്. അവർ പറഞ്ഞത് ഞങ്ങളെയൊന്നും ആർക്കും തളയ്ക്കാനായി കഴിയില്ലെന്നാണ്. ഓരോ

കഥകളോർക്കുമ്പോൾ എന്ത് ചെയ്താലും അതിനൊരു തിരിച്ചടിയുണ്ട്. അത് നമ്മൾ മനസ്സിലാക്കണം. നല്ലത് ചെയ്താൽ അതിന് നമുക്ക് പ്രതിഫലം കിട്ടും, ദോഷം ചെയ്താലും തിരിച്ചടിയുണ്ട്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, അനാവശ്യമായ നിങ്ങളുടെ ഈഗോ കോംപ്ലക്സുകൾ മാറ്റി വച്ച് ഞങ്ങളുടെ മന്ത്രിസഭയെ അംഗീകരിച്ചാൽ തീർച്ചയായും നല്ല രീതിയിൽ മുന്നോട്ടുപോകാൻ സാധിക്കും.

കുട്ടനാട്ടിൽ ഏകദേശം എഴുന്നോളം പാടശേഖരങ്ങളുണ്ട്. ലക്ഷക്കണക്കിന് ഹെക്ടർ കൃഷി ചെയ്യുന്ന പാടശേഖരങ്ങൾ, മടവീഴ്ച പോലുള്ള ധാരാളം പ്രതിസന്ധിയിലൂടെ കടന്നുപോകുന്നു. ഇതിനെയെല്ലാം തരണം ചെയ്യണമെന്നുണ്ടെങ്കിൽ പണം ആവശ്യമാണ്. അതുകൊണ്ട് നല്ല രീതിയിൽ കാര്യങ്ങൾ ക്രമപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കട്ടെ. ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്താങ്ങുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഭരണപക്ഷ എം.എൽ.എ.-മാർക്ക് ഈ ബഡ്ജറ്റിനെക്കുറിച്ചൊന്നും പറയാനില്ലാത്തതുകൊണ്ട് കുറേ ദിവസം നവകേരള സദസ്സിനെക്കുറിച്ചാണ് പറഞ്ഞത്. ഇപ്പോൾ ഡൽഹി

സമ്മേളനത്തിലെ പ്ലക്കാർഡിന്റെ മഹത്വമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് രാഷ്ട്രീയ നിലപാട് മാറാൻ കഴിയില്ല. ഇപ്പോൾ എല്ലാവർക്കും ബാബരി മസ്ജിദിനോട് വലിയ പ്രേമമാണ്. ബാബരി മസ്ജിദ് തകർക്കപ്പെടുന്നതിന് മുമ്പ് ബാബരി മസ്ജിദ് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് പാർലമെന്റിനകത്തും പുറത്തും അതിശക്തമായ പ്രക്ഷോഭം നയിച്ച പാർട്ടിയാണ് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ്. ബാബരി മസ്ജിദ് തകർക്കപ്പെട്ടശേഷം ബാബരി മസ്ജിദ് യഥാസ്ഥാനത്ത് പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് ഈ നിയമസഭയിൽ പ്രമേയം അവതരിപ്പിച്ചത് ശ്രീ. കെ. പി. എ. മജീദ് എം.എൽ.എ. ആണ്. ഇന്ത്യയിലെ ആരാധനാലയങ്ങളുടെ കാര്യത്തിൽ 1947 ആഗസ്റ്റ് മാസം 15-ാം തീയതി കട്ട് ഓഫ് ഡേറ്റായെടുത്ത് സ്റ്റാറ്റസ്കോ നിലനിർത്തണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ പാർലമെന്റിൽ പ്രമേയം അവതരിപ്പിച്ചത് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പ്രസിഡന്റ് ഗുലാം മഹ്മൂദ് ബനാത്ത് വാല സാഹിബായിരുന്നു. ആ പ്രമേയത്തെ തുടർന്നാണ് അന്ന് രാജ്യം ഭരിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യയിൽ ആരാധനാലയ സംരക്ഷണ നിയമം കൊണ്ടുവന്നത്. ആ നിയമം പോലും

അട്ടിമറിച്ച് ബി.ജെ.പി. ഗവൺമെന്റ് ബാബറി മസ്ജിദിനുശേഷം ഗ്യാൻവാപി മസ്ജിദ്... (...ബഹളം...) വിഗ്രഹം കൊണ്ടുവച്ച് മറ്റ് മസ്ജിദുകൾ തകർക്കാൻ ശ്രമിക്കുന്നു. മണിപ്പൂരിൽ 250-ലധികം ക്രിസ്ത്യൻ ദേവാലയങ്ങൾ തകർക്കുന്നു. ബി.ജെ.പി. ആരാധനാലങ്ങൾ തകർത്തുകൊണ്ടിരിക്കുകയാണ്. ആ ബി.ജെ.പി.-യെ പ്രതിരോധിക്കാനും എതിർക്കാനും നിങ്ങൾ നാലാളുകൾ പോയി ഡൽഹിയിൽ പ്ലക്കാർഡ് പിടിച്ചതുകൊണ്ട് കാര്യമില്ല. രാജ്യത്താകമാനം വ്യാപിച്ചുകിടക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെകൂടെനിന്ന് ഇന്ത്യാമുന്നണിയെ ശക്തിപ്പെടുത്താൻ, രാഷ്ട്രീയ നിലപാട് തിരുത്താൻ നിങ്ങൾ തയ്യാറുണ്ടോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ഇവിടെ ജെ.ജെ.എം. (ജൽ ജീവൻ മിഷൻ) പദ്ധതി നടപ്പാക്കുമ്പോൾ ഗ്രാമീണ റോഡുകളെല്ലാം കീറിമുറിക്കുന്നതിന്റെ ഫലമായി അവ ഗതാഗത യോഗ്യമല്ലാതായി മാറിയിരിക്കുകയാണ്. അത്തരം റോഡുകളുടെ പുനരുദ്ധാരണത്തിന് പഞ്ചായത്തുകളുടെ കൈവശം ഫണ്ടില്ല. അതുകൊണ്ട് ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കണമെന്നാണ് ഈ ഘട്ടത്തിൽ എനിക്ക്

ആവശ്യപ്പെടാനുള്ളത്. പാവപ്പെട്ട ജനങ്ങളെ പാടെ മറന്ന ബജറ്റാണിത്. ഇവിടെ പാവപ്പെട്ട കർഷകർ ആത്മഹത്യ ചെയ്യുകയാണ്. (...ബഹളം....)

ശ്രീ. വി. ആർ. സുനിൽ കുമാർ: .......... (മൈക്ക് ഓഫ്) ...........

ശ്രീ. പി. ഉബൈദുള്ള: സർ, കെ.എസ്.ആർ.ടി.സി.-ക്ക് അഞ്ച് കോടി രൂപ അനുവദിച്ചുവെന്നതുകൊണ്ട് ആത്മഹത്യ ചെയ്ത ആളുകളെ തിരിച്ചുകൊണ്ടുവരാൻ കഴിയുമോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, കമന്റുകൾക്ക് അങ്ങ് മറുപടി പറയേണ്ടതില്ല. കമന്റുകൾ അവഗണിക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, കെ.എസ്.ആർ.ടി.സി. പെൻഷൻകാർ ആത്മഹത്യ ചെയ്യുകയാണ്. ബാങ്കിൽനിന്നെടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ എത്ര പാവങ്ങളാണ് ആത്മഹത്യയ്ക്ക് ഒരുങ്ങുന്നത്. ഇന്നലെ കേരളത്തിൽ വ്യാപാരി വ്യവസായി ഏകോപന സമിതി വ്യാപാര സംരക്ഷണ യാത്ര നടത്തി. അവർ വലിയ റാലിയാണ് തിരുവനന്തപുരത്ത് നടത്തിയത്. തങ്ങളും ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുകയാണെന്നാണ് അവർ പറയുന്നത്. ഈ ദുരിതത്തിൽനിന്ന് തങ്ങളെ രക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് കേരളത്തിലെ വ്യാപാരി സമൂഹം

വലിയ റാലി നടത്തിയത്.

ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. സർക്കാർ ആശുപത്രികളിലെല്ലാം ആവശ്യത്തിന് മരുന്നുകൾ ലഭ്യമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. എന്നാൽ കഴിഞ്ഞ ദിവസം കോഴിക്കോട് ബീച്ച് ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയ ചേളന്നൂർ സ്വദേശിയായ എം. കൃഷ്ണദാസിന് പൾമണറി ഒ.പി.-യിലുണ്ടായിരുന്ന ഡോക്ടർ ആറ് മരുന്നുകൾ കുറിച്ചുനൽകിയെങ്കിലും അവയിലൊരു മരുന്നുപോലും അവിടത്തെ ഫാർമസിയിലുണ്ടായിരുന്നില്ല. ഇതുസംബന്ധിച്ച് അദ്ദേഹം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് തുറന്ന കത്തെഴുതിയിട്ടുണ്ട്, അത് ബഹുമാനപ്പെട്ട മന്ത്രി വായിച്ചിട്ടുണ്ടാകും. ആ കത്ത് വായിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ കാര്യം പറയുന്നത്. (...ബഹളം....)

<u>മി. ചെയർമാൻ</u>: കമന്റുകൾ പറയാതിരിക്കു, അദ്ദേഹം പ്രസംഗം പൂർത്തിയാക്കട്ടെ.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, KASP (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) പദ്ധതി പ്രകാരം ചികിത്സാ സൗകര്യം അനുവദിക്കാൻ നിർവ്വാഹമില്ലെന്നും ദയവായി എല്ലാവരും സഹകരിക്കണമെന്നുമാണ്

സ്വകാര്യ ആശുപത്രികളിൽ ബോർഡ് സ്ഥാപിച്ചിരിക്കുന്നത്. കാരണം, 1,128 കോടി രൂപ ഈയിനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് കൊടുക്കാനുണ്ട്. ഇപ്പോൾ പാവപ്പെട്ട ജനങ്ങൾക്ക് സർക്കാർ ആശുപത്രിയിൽ പോയാൽ മരുന്നുമില്ല; ഇൻഷ്വറൻസ് ഉപയോഗിച്ച് സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടാനും കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ടാണ് പാവങ്ങളെ മറന്ന ബജറ്റാണിതെന്ന് ഞാൻ പറഞ്ഞത്, അല്ലാതെ രാഷ്ട്രീയ വിരോധത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞതല്ല.

ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ആരംഭിച്ച എ.ഐ.പി. (ഏരിയ ഇന്റൻസീവ് പ്രോഗ്രാം) സ്കൂളുകൾക്ക് 2003 മുതൽ എയ്ഡഡ് സ്റ്റാറ്റസ് നൽകാൻ മുൻ യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചെങ്കിലും എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആ ഉത്തരവ് റദ്ദാക്കി 2015 മുതൽ എന്നാക്കി മാറ്റി. 2003 മുതൽ എ.ഐ.പി. സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ സർവ്വീസ് സംബന്ധിച്ച് ഒരു വ്യക്തതയുമില്ല. എ.ഐ.പി. സ്കൂളുകളിൽ മാത്രം പുതുതായുണ്ടാകുന്ന നിയമനങ്ങളും ലീവ് വേക്കൻസിയുമടക്കം സംരക്ഷിത അധ്യാപകർക്കുവേണ്ടി

നീക്കിവയ്ക്കണമെന്നാണ് പുതിയ ഉത്തരവിറക്കിയിട്ടുള്ളത്. ഈ ഉത്തരവ് തിരുത്തി, എ.ഐ.പി. സ്കൂളുകൾക്ക് മുൻപത്തെപ്പോലെ എയ്ഡഡ് സ്കൂളുകളുടെ എല്ലാ പരിഗണനയും നൽകണമെന്നാണ് ഈ ഘട്ടത്തിൽ സൂചിപ്പിക്കാനുള്ളത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. ഉബൈദുള്ള: സർ, കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി സെസ് ഒരിടവേളയ്ക്കുശേഷം വീണ്ടും ഊർജ്ജിതപ്പെടുത്തുകയാണ്. ക്ഷേമനിധി ബോർഡിൽനിന്ന് നൂറ് കോടി രൂപ സർക്കാർ ആവശ്യപ്പെട്ടതോടെയാണ് വീണ്ടും പിരിവുമായി ഉദ്യോഗസ്ഥർ രംഗത്തിറങ്ങിയത്. ഇതുകാരണം പലരും ജപ്തി ഭീഷണിയിലാണ്. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങളുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ജോലിഭാരം കൊടുക്കാൻ പോകുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്ന ആവശ്യംകൂടി ഞാനിവിടെ ഉന്നയിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കണമെന്ന ആവശ്യം കുറേക്കാലമായി

ഉന്നയിക്കപ്പെടുന്നുണ്ട്. അവർക്ക് പെൻഷൻ അനുവദിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ എതിർക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കേരളീയത്തിന്റെയും നവകേരള സദസ്സിന്റെയും ഉണർവിലും ഉന്മേഷത്തിലുമാണ് പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ബഡ്ജറ്റ് അവതരിപ്പിച്ചത്. ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേന്ദ്ര പ്രതിരോധങ്ങളെയും ആഭ്യന്തര സംവിധാനങ്ങളെയും അതിജീവിക്കുന്ന ഈ ബഡ്ജറ്റ് നവകേരള സൃഷ്ടിയുടെ പ്രതിഫലനമാണ്. ഭാരം ചുമക്കുന്നവന് അതൊരു ദുരിതവും വല വലിക്കുന്നവന് ഭാരം ഒരു പ്രതീക്ഷയുമാണ്. കേരളത്തിലേയ്ക്ക് വികസനത്തിന്റെയും പ്രതീക്ഷയുടെയും പ്രത്യാശയുടെയും വല അടുപ്പിക്കുമ്പോൾ തീരദേശത്തുള്ളവർക്ക് അത് പുതുസൂര്യോദയം തന്നെയാണ്.

വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, കാർഷികം, ക്രമസമാധാനം, ദുർബല ജനവിഭാഗങ്ങളുടെ പുനരധിവാസം എന്നീ മേഖലകളിൽ എല്ലാവിധ

സമ്മർദ്ദങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് നിലനിൽപ്പിന്റെയും സുസ്ഥിര വികസനത്തിന്റേതുമായ സാമൂഹ്യ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുമ്പോൾ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊണ്ടുകൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. സാമൂഹ്യനീതിയെന്ന മാനവധർമം ഇവിടെ നിർവ്വഹിക്കപ്പെടുകയായിരുന്നു. ശ്രീനാരായണഗുരുവിന്റെയും അയ്യൻകാളിയുടെയും വാഗ്ഭടാനന്ദന്റെയും മണ്ണിൽ ഒരു യുഗ പരിവർത്തന ശക്തിയായി കുമാരനാശാന്റെ ശതാബ്ദി ആചരിക്കുന്ന ഈ വേളയിൽ കേരള ബഡ്ജറ്റിന് ദേശീയ പ്രസക്തിയും അന്തർദേശീയ പ്രാധാന്യവുമുണ്ട്. "ദാരിദ്ര്യമെന്തെന്നറിഞ്ഞവർക്കേ പാരിൽ പരക്ലേശ വിവേകമുള്ളൂ" എന്ന് കുഞ്ചൻ നമ്പ്യാർ നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതിയിട്ടുണ്ട്. ഞങ്ങൾ ദാരിദ്ര്യം എന്തെന്ന് അറിഞ്ഞവരാണ്. പാവപ്പെട്ടവനെയും അധഃസ്ഥിതനെയും ന്യൂനപക്ഷക്കാരെയും ചേർത്തുപിടിച്ചുകൊണ്ട് പരിതപിച്ച് നിൽക്കാനോ സന്ദേഹിച്ച് കാലം കളയാനോ അല്ല, പടപൊരുതി മുന്നേറാനാണ് എൽ.ഡി.എഫ്. ഉദ്ദേശിക്കുന്നത്. മാറുന്ന കാലത്തിന്റെ ചക്രവാള സീമയിലേയ്ക്ക് കേരളത്തിന്റെ കൊച്ചുമോഹങ്ങളെ കൈപിടിച്ച് നടത്താൻ ശ്രമിക്കുമ്പോൾ അത്

തടയുന്നവരുണ്ടാകാം. ആദികവി പറഞ്ഞത് മാത്രമാണ് അവരോട് ഞങ്ങൾക്ക് പറയാനുള്ളത് - "മാ നിഷാദ".

നമ്മുടെ കുഞ്ഞുങ്ങളുടെ കണ്ണിലെ നിലാത്തിരി അണയ്ക്കരുത്, തൊഴിലാളികളുടെ ചങ്കും മനസ്സും ഇടറരുത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച്, ആരാക്രമിച്ചാലും അതെല്ലാം മറികടന്ന് ലക്ഷ്യത്തിലെത്താൻപോന്ന കുതിപ്പ് കേരളത്തിനുണ്ട് എന്നതിന് തെളിവാണ് ഈ ബഡ്ജറ്റ്. പ്രതിപക്ഷ നിരയിലിപ്പോൾ പുഞ്ചിരി പടരുന്നുണ്ടാകാം. അവരോടെനിക്ക് വൈലോപ്പിള്ളിയുടെ വാക്കുകളാണ് പറയാനുള്ളത്-

"പുഞ്ചിരി, ഹാ! കുലീനമാം കള്ളം
നെഞ്ചുകീറി ഞാൻ നേരിനെക്കാട്ടാം"

ഭരണഘടനയ്ക്ക് ടോയ്‌ലറ്റ് പേപ്പറിന്റെപോലും വില കൽപ്പിക്കാതിരിക്കുകയും വർഗ്ഗീയത വംശഹത്യ നടത്തുകയും കേരള പുരോഗതിക്ക് തുരങ്കം വയ്ക്കുകയും ചെയ്യുന്ന നാട്ടിൽ അതിനെതിരെ ഒരക്ഷരം ഉരിയാടാത്ത പ്രതിപക്ഷത്തോട് ഞങ്ങൾക്ക് ശത്രുതയല്ല; പരമ സഹതാപമാണുള്ളത്. നാടിന്റെ വികസനം പ്രബുദ്ധമായ ജനതയെ

മുൻനിർത്തി വിഭാവന ചെയ്യുമ്പോൾ അതുൾക്കൊള്ളണം. എല്ലാ കാര്യങ്ങളും ഈ ബഡ്ജറ്റിൽ ഉൾക്കൊണ്ടുതന്നെയാണ് സർക്കാർ മുന്നോട്ടുകൊണ്ടുപോയിട്ടുള്ളത്. വ്യവസായ മേഖലയിൽ നവ സംരംഭകത്വത്തിന്റെ ഉയർച്ചയും വളർച്ചയും, പരമ്പരാഗത വ്യവസായത്തിന് മനസ്സറിഞ്ഞ് ഒരു കൈത്താങ്ങ്, പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷിക്കാനുള്ള കാഴ്ചപ്പാടുകൾ, വിദ്യാഭ്യാസ രംഗത്ത് വിശ്വചക്രവാളത്തോളം ഉയർന്ന് പന്തലിച്ച ചിന്താ മൗലികത എന്നിവയെല്ലാം ഈ ബജറ്റിന്റെ പ്രത്യേകതകളാണ്. നാം ആരുടെയും പിന്നിലല്ല. അടുത്ത പത്ത് വർഷത്തിനകം കേരളത്തിലെ ടെക്നോക്രാറ്റുകളും അക്കാഡമിസ്റ്റുകളും ലോകത്തിന്റെ താക്കോൽ സ്ഥാനങ്ങളിലെത്തും. ഫാസിസ്റ്റ് ഭരണകൂടം ഇന്ത്യയുടെ ഭരണഘടനപോലും മാറ്റിയെഴുതാൻ ശ്രമിക്കുമ്പോഴും മനുസ്മൃതിയിലേയ്ക്ക് കടന്നുപോകുമ്പോഴും ഈ കൊച്ചുകേരളം ഇവിടത്തെ കുട്ടികളെ ഭരണഘടന പഠിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിലൂടെ ജനാധിപത്യവും സാഹോദര്യവും സമത്വവും ഉയർത്തിപ്പിടിക്കാനും ഇന്ത്യൻ ഭരണഘടന സംരക്ഷിക്കാനും അത് പുതിയ തലമുറയിലേയ്ക്ക് പകർന്ന് നൽകാനുമുള്ള വലിയൊരു ശ്രമമാണ് ഇവിടെ നടത്തുന്നത്. ചരിത്രംപോലും

തിരുത്തിയെഴുതപ്പെടുമ്പോൾ, ഇന്നലെകളിൽ എന്തായിരുന്നു ചരിത്രമെന്ന് കൃത്യമായി നമ്മുടെ കുട്ടികളെ പഠിപ്പിക്കാനാണ് നാം ശ്രമിക്കുന്നത്. ഗാന്ധിജിക്ക് പകരമായി നാഥുറാം വിനായക ഗോഡ്സേ രാഷ്ട്രപിതാവായി വരുന്ന ഈ കാലഘട്ടത്തിൽ, ഗാന്ധിജി തന്നെയാണ് രാഷ്ട്രപിതാവെന്ന് പഠിപ്പിക്കുന്ന പാഠപുസ്തകങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കുന്നത്. ഗാന്ധിജിക്ക് ബദലായി സുഭാഷ് ചന്ദ്രബോസിനെയും നെഹ്റുവിന് ബദലായി സർദാർ വല്ലഭായ് പട്ടേലിനെയും നിർത്തി ശവകുടീരത്തിൽപ്പോലും ഭിന്നിപ്പിക്കുണ്ടാക്കി ചരിത്രത്തെ വ്യാഖ്യാനിക്കുകയും അപഹസിക്കുകയും ചെയ്യുന്ന രീതിയിലേയ്ക്ക് നരേന്ദ്ര മോദി സർക്കാർ പോകുമ്പോൾ നമ്മൾ പഠിപ്പിക്കുന്നത് നമ്മുടെ പ്രിയപ്പെട്ട ഗാന്ധിജിയെയും സുഭാഷ് ചന്ദ്രബോസിനെയും നെഹ്റുവിനെയും ആർ.എസ്.എസ്.-നെ നിരോധിക്കണമെന്ന് പറഞ്ഞ പട്ടേലിനെയും കുറിച്ചാണ്. ഇടതുപക്ഷ സർക്കാർ ബദൽ ശക്തിയെന്ന നിലയിൽത്തന്നെ മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നു. പൂമ്പാറ്റയിലെ അമർചിത്രകഥകൾ നമ്മുടെ കൊച്ചുകുട്ടികളെ രാമായണവും മഹാഭാരതവും പഠിപ്പിക്കാൻ ഉദ്ദേശിക്കുമ്പോൾ, ശാസ്ത്ര അവബോധമുണ്ടാക്കിയെടുത്തുകൊണ്ട്

വർഗ്ഗീയതയ്ക്കും മതാന്ധതയ്ക്കുമെതിരെ പാഠപുസ്തകങ്ങളിലൂടെ പ്രതിരോധിക്കുക എന്ന വലിയൊരു പോരാട്ടമാണ് ഇടതുപക്ഷ സർക്കാർ നടത്തിയിട്ടുള്ളത്. കുതറിമാറാൻ ശ്രമിക്കുമ്പോഴും കഴുത്തിന് കുത്തിപ്പിടിക്കുന്ന കേന്ദ്ര സർക്കാരിന്റെ ബധിരകർണ്ണപുടങ്ങളിൽ നമ്മുടെ വാക്കുകൾ ചെന്ന് മുട്ടില്ലെങ്കിലും ഹിന്ദുത്വ അജണ്ട സ്വീകരിച്ച രക്തദാഹികളായ ചെന്നായക്കൂട്ടങ്ങളെ കേരള അതിർത്തിയിൽ തടഞ്ഞുനിർത്തി തിരിച്ചോടിക്കാൻ നവോത്ഥാന കേരളത്തിന്, സഖാവ് പിണറായി വിജയന്റെ ഗവൺമെന്റിന് കഴിയും. മതേതരത്വത്തെ ചേർത്തുപിടിച്ചുകൊണ്ട് കേരളത്തെ മറ്റിതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി മതേതര സമൂഹമായി നിലനിർത്താൻ സർക്കാരിന് സാധിച്ചത് അതിന് ഉത്തമ ഉദാഹരണമാണ്.

ശരാശരി ആയുർദൈർഘ്യം, പൊതുവിതരണ മേഖല, ജെന്റർ ന്യൂട്രാലിറ്റി, ശിശുസൗഹൃദ കേന്ദ്രങ്ങൾ ഈ രംഗങ്ങളിലെല്ലാം കേരളം ഭാരതത്തിന് മാതൃകയാണ്. പുരോഗതിയുടെ പാതയിൽ കെ-ഫോണും ഗെയിലും കെ-റെയിലും അതിദരിദ്രരില്ലാത്ത കേരളവും മാന്യമായ ഭാഷയിൽ പറഞ്ഞാൽ ആർക്കാണ് തള്ളിക്കളയാൻ കഴിയുക? ഇനിയും നമുക്ക് ഏറെ

സ്വപ്നങ്ങളുണ്ട്. സംഘ്പരിവാറിന്റെ സ്വപ്നങ്ങളല്ല, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെ കരൾ പറിച്ച് തിന്നുന്ന കാട്ടുനീതി കരാളനൃത്തം നടത്താത്ത ഒരു ഇന്ത്യ എന്നതാണ് കേരളത്തിന്റെ സ്വപ്നം, അതാണ് കേരളം ആഗ്രഹിക്കുന്നത്. കേരളാ മാതൃകയുള്ള ഒരു ഇന്ത്യയെയാണ് നാം സ്വപ്നം കാണേണ്ടത്. കത്തുന്ന മണിപ്പൂരും ന്യൂനപക്ഷങ്ങളെ വേട്ടയാടുന്ന വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളും നമ്മുടെ നെഞ്ചുരുക്കുന്ന ഗാസയും വേണ്ട, സമാധാനത്തിനും പുരോഗതിക്കും മതേതരത്വത്തിനും വേണ്ടി നിലകൊള്ളുന്നവരോടൊപ്പം കൈകോർത്തുകൊണ്ട് ഒരു ഇന്ത്യയ്ക്ക് വേണ്ടിയുള്ള പോരാട്ടമാണ് നമുക്ക് ഇനിവേണ്ടത്. ഇടശ്ശേരിയുടെ വാക്കുകളിൽ പറഞ്ഞാൽ "എവിടെവിടങ്ങളിൽ ചട്ടികലങ്ങൾ എടുത്ത് എറിയപ്പെടുന്നുവോ അവിടവിടങ്ങളെ ചേർത്തുവരയ്ക്കുക പുതുലോകത്തിൻ അതിരുകൾ.” പിന്തള്ളപ്പെട്ടവരോടും ബഹിഷ്കൃതരോടും കൈനീട്ടുന്ന ഈ ബജറ്റ് കേരളത്തിന്റെ അന്ത്യോദയ ശക്തികളുടെ നെഞ്ച് പിളർക്കുന്ന ഉദരകിരണ ശോഭയാണ്. ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. പ്രത്യേകിച്ചും കേന്ദ്രസർക്കാർ കേരളത്തോട് അങ്ങേയറ്റം വൈരനിര്യാതന ബുദ്ധിയോടുകൂടി പെരുമാറുമ്പോൾ, നമുക്ക് നൽകേണ്ട ന്യായമായ വിഹിതം നൽകാതെ ദ്രോഹിക്കുന്ന ഘട്ടത്തിൽ ഇത്തരമൊരു ബജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇന്ത്യയെയും ഇന്ത്യൻ ജനതയെയുംപറ്റി ചിന്തിക്കുമ്പോൾ കേരളീയരായ നമുക്ക് അഭിമാനിക്കാൻ വകയുണ്ട്. നമുക്കറിയാം, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും ലക്ഷക്കണക്കിന് സഹോദരങ്ങളാണ് തൊഴിലന്വേഷിച്ച് ഇന്ന് കേരളത്തിലെത്തുന്നത്. അവരെ കണ്ടാൽ നമുക്ക് വലിയ സഹാനുഭൂതി തോന്നും, മനുഷ്യകോലമാണോ എന്നുതോന്നും. എന്തുകൊണ്ടാണ് അവർ ഇങ്ങനെ വരുന്നത്? 1947-ൽ സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം 60 വർഷക്കാലം കോൺഗ്രസ്സ് ഉത്തരേന്ത്യ ഭരിച്ച് ഇക്കാലമത്രയും പിന്നിട്ടിട്ടും തൊഴിലന്വേഷിച്ച് അവിടെയുള്ള ലക്ഷക്കണക്കിന് ആളുകൾക്ക് കേരളത്തിലേയ്ക്ക് വരേണ്ടിവരികയാണ്.

അവരെ അതിഥിതൊഴിലാളികളായി കാണണമെന്നാണ് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭ്യർത്ഥിച്ചിരിക്കുന്നതെന്ന് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുകയാണ്. അതുകൊണ്ട് അഖിലേന്ത്യയെപ്പറ്റി ചിന്തിക്കുമ്പോൾ ഈ കേരളത്തിൽ ജനിച്ച് വളർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നമുക്ക് അങ്ങേയറ്റം അഭിമാനിക്കാൻ വകയുണ്ട്. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലുള്ള സ്ഥിതി പരിശോധിക്കുമ്പോൾ നമുക്ക് എന്തുകൊണ്ടും അഭിമാനിക്കാൻ വകയുണ്ട്. അതിൽ കേരളീയരായ നമുക്ക് കക്ഷിരാഷ്ട്രീയം നോക്കേണ്ട കാര്യമില്ല. അതിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കൂടുതൽ സംഭാവനയുണ്ടാകും, യു.ഡി.എഫ്.-നും സംഭാവനയുണ്ടാകുമെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. പക്ഷെ അഖിലേന്ത്യയെപ്പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ കേരളത്തെപ്പറ്റി എന്തുകൊണ്ടും നമുക്ക് അഭിമാനിക്കാൻ വകയുണ്ട്. ഇവിടെ വേലയുണ്ട്, കൂലിയുണ്ട്, വർഗ്ഗീയ ലഹളയില്ല, സൗഹാർദ്ദതയുണ്ട്, ഇവിടെ സമാധാനപരമായ ജീവിതം നയിക്കാൻ കഴിയുന്നത് നിസ്സാര കാര്യമല്ല. ഇന്ത്യ എന്ന് ചിന്തിക്കുമ്പോൾ, ഈ രാജ്യത്ത് ഹിന്ദുത്വം സ്ഥാപിക്കാൻ, ഹിന്ദുവർഗ്ഗീയ വാദം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന ശ്രീ. നരേന്ദ്ര മോദി

ഭരിക്കുന്ന ഇന്ത്യാരാജ്യത്ത്, ഈ കേരളത്തിൽ ജനിച്ച, ജീവിക്കുന്ന എന്നത് പ്രിയമുള്ളവരേ ഏറ്റവും വലിയ അഭിമാനമാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കേരളം പ്രതിസന്ധി നേരിടുന്നുണ്ട്, കേന്ദ്ര അവഗണനയുമുണ്ട്. അതിന്റെ പരിമിതി നമ്മുടെ ബജറ്റിലും സാമ്പത്തിക നയങ്ങളിലും സ്വാഭാവികമായും പ്രതിഫലിക്കുന്നുമുണ്ട്. എന്നാൽ അതിനെതിരെ പ്രതികരിക്കാൻ ദേശീയതലത്തിൽ, എന്തിന് സാർവ്വദേശീയമായി ശ്രദ്ധിച്ച സമരമാണ് ഡൽഹിയിൽ എം.എൽ.എ.-മാരും മന്ത്രിമാരും മുഖ്യമന്ത്രിമാരുമടക്കം നടത്തിയത്. ദേശീയ നേതാക്കന്മാരായ ആളുകളെല്ലാം ആ സമ്മേളനത്തിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിൽ പങ്കെടുക്കാനുള്ള സാമാന്യ മര്യാദപോലും കോൺഗ്രസ്സ് കാണിച്ചില്ല. ഒരുകണക്കിന് അവർ അങ്ങനെ കാണിച്ചത് നന്നായെന്നാണ് എനിക്ക് തോന്നുന്നത്. കാരണം നമുക്ക് പ്രതിപക്ഷത്തെ നേരിടാൻ എളുപ്പമുണ്ട്, അതുകൊണ്ടാണ്. കാരണം അവർ പ്രതിക്കൂട്ടിലാണ്. ദേശീയ രാഷ്ട്രീയത്തിൽ പുതിയ ചലനമുണ്ടാക്കുന്ന കാര്യമാണത്. അത്രയും വലിയ പ്രാധാന്യമാണ് ഡൽഹി സമരത്തിനുണ്ടായത്. ഈ സംസ്ഥാനത്തോട് താൽപ്പര്യമുണ്ടെങ്കിൽ, കേന്ദ്രം നമ്മളോട് കാണിക്കുന്ന

അവഗണനയോട് പ്രതിഷേധമുണ്ടെങ്കിൽ, സംസ്ഥാനത്തെ ജനങ്ങളോട് താൽപ്പര്യമുണ്ടെങ്കിൽ യു.ഡി.എഫ്.-കാർ ഡൽഹി സമരത്തിൽ പങ്കെടുക്കുമായിരുന്നു. പങ്കെടുക്കാതിരുന്നത് പ്രതിപക്ഷം രാഷ്ട്രീയമായി ഒറ്റപ്പെടുന്നതിന് കാരണമാകുകയും കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഉത്തരം പറയാൻ ബാധ്യസ്ഥരാവുകയും ചെയ്യുകയാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. ഇത് നിസ്സാരമായ ഒരു കാര്യമല്ല. ആ സമ്മേളനവും അവിടെ നടന്ന പ്രസംഗങ്ങളും സാർവ്വദേശീയമായി ശ്രദ്ധിക്കപ്പെട്ടതാണ്. ദേശീയ നേതാക്കന്മാരെല്ലാം അവിടെ ഉണ്ടായിരുന്നു. അത്രയും പ്രാധാന്യം അതിനുണ്ട്. ദേശീയ രാഷ്ട്രീയത്തിൽ ശ്രീ. നരേന്ദ്ര മോദിയും കൂട്ടരും ഇനിയും അധികാരത്തിൽ വരികയാണെങ്കിൽ അപ്പുറത്തിരിക്കുന്ന മുസ്ലീം ലീഗുകാരുടെയും കോൺഗ്രസ്സുകാരുടെയും കമ്മ്യൂണിസ്റ്റുകാരായ ഞങ്ങളുടെയും കാര്യം ഗതികേടിലായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ നിലയിലേയ്ക്കായിരിക്കും കാര്യങ്ങൾ പോകുന്നതെന്ന് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. പക്ഷെ എന്തൊക്കെയാണെങ്കിലും കേരളത്തിലെ കോൺഗ്രസ്സിന് കിണറ്റിൽ കിടക്കുന്ന തവളയുടെ രീതിയാണ്. കിണറാണ് തവളയുടെ ലോകം. അതാണ്

മനോഭാവം. മൻമോഹൻ സിംഗിന്റെ ഗവൺമെന്റ് വന്നപ്പോൾ കോൺഗ്രസ്സുകാർ ഞങ്ങളെയും വിളിച്ചല്ലോ, മന്ത്രിസ്ഥാനം തരാൻ. 'അടിയന് കിട്ടിയില്ലേലും മാളോര് കഴിച്ചോ' എന്നല്ലേ ഞങ്ങൾ അന്ന് പറഞ്ഞത്. ഒടുവിൽ ഞങ്ങൾക്ക് പിന്താങ്ങേണ്ടിവന്നു, പിന്നെ പിൻവലിയേണ്ടിവന്നു. എന്നാലും നിർണ്ണായകഘട്ടത്തിൽ ഞങ്ങൾ പിന്താങ്ങിയല്ലോ; ഇനിയാണെങ്കിൽപോലും ഇന്നത്തെ ദേശീയ രാഷ്ട്രീയ സാഹചര്യത്തിൽ എന്താണ് വഴി; വേറെ പോംവഴിയുണ്ടോ? ഞങ്ങൾ ഇപ്പോൾ ഇന്ത്യ ഭരിക്കാനുള്ള പരിപാടിയൊന്നും തയ്യാറാക്കിയിട്ടില്ല. അപ്പോൾപ്പിന്നെ ഇന്നത്തെ ദേശീയ രാഷ്ട്രീയത്തിൽ ഞങ്ങൾക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റേണ്ട ബാധ്യതയുണ്ട്. പക്ഷെ അത്തരമൊരു ബാധ്യതയുമില്ലാതെ കിണറ്റിൽ കിടക്കുന്ന ഒരു തവളയുടെ രീതിയായിപ്പോയി നമ്മുടെ പ്രതിപക്ഷ എം.എൽ.എ.-മാർക്കെന്ന് പറയേണ്ടിവന്നതിൽ എനിക്ക് അതിയായ ഖേദമുണ്ട്. ഇവിടത്തെ കോൺഗ്രസ്സുകാർ വന്നിരുന്നെങ്കിൽ ഡൽഹി സമരം ഒരു മഹാസംഭവമായി മാറുമായിരുന്നു. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റാണ് പ്രതിപക്ഷത്തിന്റെ ശത്രു. രാജ്യം നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയും ബി.ജെ.പി.

ഉയർത്തുന്ന വെല്ലുവിളിയെപ്പറ്റിയും ഒരു മനോഭാവവുമില്ല. ഇവിടെ ലീഗിന്റെ സുഹൃത്തുക്കൾ പ്രസംഗിക്കുന്നത് കേട്ടു. അവർക്കാർക്കും യാതൊരു വിരോധവുമില്ല. ഒരു കാര്യമുണ്ട്. ലീഗുകാർ കോൺഗ്രസ്സുകാരോടൊപ്പം നിന്നാൽ, നിൽപ്പ് തുടങ്ങിയിട്ട് കുറേ കാലമായല്ലോ; 60 വർഷം കോൺഗ്രസ്സുകാർ ഭരിച്ചുഭരിച്ചാണല്ലോ, ഇപ്പോൾ നരേന്ദ്ര മോദിയുടെ കയ്യിൽ, കൊട്ടയിലും കൊള്ളാതെ എങ്ങും കൊള്ളാത്ത പരുവത്തിലെത്തിച്ചത്. എന്നാലും ലീഗുകാർ കോൺഗ്രസ്സുകാരെ വിടില്ല, അവരുടെ കൂടെക്കൂടി സിന്ദാബാദ് വിളിക്കും. കോൺഗ്രസ്സുകാരെ ഒരിക്കലും വിശ്വസിക്കാൻ കൊള്ളില്ല. എങ്ങനെ വിശ്വസിക്കാനാണ്? ഇപ്പോൾ അപ്പുറത്തിരിക്കുന്നതിൽ ലീഗുകാർ ബി.ജെ.പി.-യിൽ പോകുമെന്നൊന്നും ഞാൻ കരുതുന്നില്ല. പക്ഷെ കോൺഗ്രസ്സുകാർ അങ്ങോട്ടുള്ള ഊഴമെല്ലാം ശരിയാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യാരാജ്യത്ത് ഇപ്പോൾ ബി.ജെ.പി.-യിൽ ചേർന്നിരിക്കുന്നത് ആരൊക്കെയാണ്? മഹാഭൂരിപക്ഷവും കോൺഗ്രസ്സുകാരാണ്. കുറച്ച് ആർ.എസ്.എസ്.-കാരുമുണ്ട്. ഇപ്പോൾപോലും അപ്പുറത്തിരിക്കുന്ന എന്റെ മാന്യ സുഹൃത്തുക്കൾ അങ്ങോട്ടുള്ള ഊഴം, ഒരു ചെറിയ വഴി ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ്

പ്രതിപക്ഷം ഡൽഹി സമരത്തിൽ പങ്കെടുക്കാതെ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചത്. ഈ സംസ്ഥാനത്തെ ജനങ്ങളോട് ഉത്തരവാദിത്വമുണ്ടായിരുന്നെങ്കിൽ, ഈ സംസ്ഥാനത്തോട് താൽപ്പര്യമുണ്ടായിരുന്നെങ്കിൽ അവർ വരേണ്ടതായിരുന്നു. വരാതിരുന്നത് ഒരുകണക്കിന് നന്നായെന്നാണ് എനിക്ക് തോന്നുന്നത്. കാരണം ഞങ്ങൾക്ക് അവരെ കൈകാര്യം ചെയ്യാൻ എളുപ്പമായല്ലോ, തമാശയല്ല. അവർ വന്നിരുന്നെങ്കിൽ ഞങ്ങൾ കുറച്ച് വിഷമത്തിലായേനെ, എന്നാലും പറഞ്ഞുനിൽക്കുമെന്നുള്ളത് വേറെ കാര്യം, അത് രാഷ്ട്രീയമായ കാര്യമാണ്. പക്ഷെ നിങ്ങൾ വരാതിരുന്നതിലൂടെ നിങ്ങൾ നിങ്ങളെ അടിയ്ക്കാൻ ഞങ്ങൾക്ക് ഒരു വടിയുംകൂടി തരികയാണ് ചെയ്തത്. യഥാർത്ഥത്തിൽ ലീഗുകാർ എന്തിനാണ് പ്രതിപക്ഷത്തിന്റെ കൂടെ നിൽക്കുന്നത്; ഇവരുടെകൂടെ നിന്നാൽ നിങ്ങൾക്ക് എന്താണ് കിട്ടുക? ഇപ്പോൾ ജയിച്ചിരിക്കുന്ന സീറ്റുകളൊക്കെ നിങ്ങൾ തനിയെ നിന്നാലും ജയിക്കും, ഇവരുടെ സഹായമൊന്നുമില്ലാതെതന്നെ ജയിക്കും. ലീഗിന് സ്വന്തം നിലയിൽ ജയിക്കാനുള്ള കുറേ സീറ്റുകളുണ്ട്. ഞങ്ങൾക്ക് ഇതെല്ലാം അറിയാമല്ലോ; ഞങ്ങൾ ഇതെല്ലാം മനസ്സിലാക്കുന്നവരാണ്. XXXXXX+

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

നിങ്ങൾ സ്വതന്ത്രമായി മത്സരിച്ചാൽ നിങ്ങളുടെ വോട്ട് വാങ്ങി കോൺഗ്രസ്സുകാർ ജയിക്കുകയില്ല, പിന്നെ അവർ നിയമസഭയ്ക്കകത്ത് വരികയുമില്ല. അതാണ് സത്യം. പക്ഷെ നിങ്ങൾക്ക് ഇത് വല്ലതും മനസ്സിലാകുമോ; നിങ്ങളെ ഞങ്ങൾക്ക് കൂട്ടാൻ നിർവ്വാഹമില്ല. നിങ്ങൾ ഞങ്ങളുടെകൂടെ വരുമ്പോൾ ഞങ്ങൾക്ക് ബി.ജെ.പി.-യെയും ശ്രീ. നരേന്ദ്ര മോദിയെയും നേരിടാൻ ചില ദൗർബല്യമുണ്ടാകും. അവിടെയൊരു ന്യായം വേണ്ടേ, അത് വിഷമമാണ്. അങ്ങനെയുള്ള പ്രശ്നമുണ്ട് ഞങ്ങൾക്ക്. ഹൊ! എന്തൊരു വിഷമമാണ് ഇവർക്ക്; നവകേരള സദസ്സ്, ഇവർക്ക് ഏതാണ്ട് മുടക്കമുള്ളതുപോലെയാണ്. നിങ്ങൾ എന്താണ് ഞങ്ങളെപ്പറ്റി ധരിച്ചിരിക്കുന്നത്? കേരളത്തിൽ മൂന്നരക്കോടി ജനങ്ങളുണ്ടല്ലോ, അതിലെ മഹാഭൂരിപക്ഷത്തെയും അണിനിരത്താൻ ശ്രമിച്ചാൽ ഞങ്ങൾ നടത്തും. അതിനുള്ള ആർജ്ജവവും പ്രവർത്തന ചാതുര്യവും ഞങ്ങൾക്കുണ്ട്. അതൊന്നും കാണാതെ രാജ്യത്തിന്റെ ഭാവിയെപ്പറ്റി ചിന്തിക്കാതെ അങ്ങേയറ്റത്തെ നിഷേധാത്മകമായ നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ വളരെ ശക്തമായ അമർഷമുണ്ടെന്ന് ഞാൻ ഈ അവസരത്തിൽ പ്രകടിപ്പിക്കുകയാണ്. ലീഗുകാരില്ലെങ്കിൽ പിന്നെ

ഇവരില്ല. യു.ഡി.എഫ്. മുന്നണിയെന്നുപറഞ്ഞ് ലീഗ് കൂടെ നിന്നില്ലെങ്കിൽ കേരളത്തിൽ കോൺഗ്രസ് വട്ട പൂജ്യമാണ്. എന്ത് കിട്ടുമെന്നാണ്? നിങ്ങളുടെ വോട്ടുകൂടി വാങ്ങി ജയിച്ചതിനുശേഷം ഫലത്തിൽ നിങ്ങൾക്കിട്ട് പണിയുകയാണ്. 1947 മുതൽ പണി തുടങ്ങിയത് ഇപ്പോഴും തുടരുകയാണ്. ഇവരെയൊന്നും നമ്പാൻ കൊള്ളില്ല, നമ്പിയാൽ നമ്പിയവരുടെ കാര്യം പോക്കാണ്. എന്റെ പ്രിയപ്പെട്ട കോൺഗ്രസ് സ്നേഹിതന്മാരെ, നിങ്ങൾ ഈ സർക്കാരിനോട് എടുക്കുന്ന നിലപാട് പുനഃപരിശോധിക്കണം. നിങ്ങൾ എന്ത് ചെയ്യാനാണ്. വല്ലതുമുണ്ടോ; താഴെത്തപ്പിയാൽ ഒന്നുമില്ല. പിന്നെ എന്ത് ചെയ്യാനാണ്, സഹിക്കുകയല്ലാതെ വേറെ വഴിയുണ്ടോ; അടുത്ത തെരഞ്ഞെടുപ്പിന് നിങ്ങൾ പ്രക്ഷോഭമോ സമരമോ ക്യാമ്പയിനോ ഒക്കെ നടത്തിക്കോ; ഞങ്ങൾക്കെതിരെ വേണമെങ്കിലും സമരം നടത്തിക്കോളൂ. ഞങ്ങൾക്ക് അതിനൊരു പ്രശ്നവുമില്ല. പക്ഷെ ഇന്ത്യാരാജ്യത്ത് മറ്റൊരു സംസ്ഥാനത്തിലുള്ളവർക്കുമില്ലാത്ത പ്രത്യേകത കേരളീയരായ നമുക്കുണ്ട്, ലീഗുകാർക്കുണ്ട്, കോൺഗ്രസ്സുകാർക്കുണ്ട്, മാർക്സിസ്റ്റുകാരായ ഞങ്ങൾക്കുമുണ്ട്. അത് മനസ്സിലാക്കി നിലപാടെടുക്കാനുള്ള ബാധ്യത നിങ്ങൾക്കുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും കൂട്ടരും

ഞങ്ങൾക്കിട്ട് ഈ പണി ചെയ്തത് ഒരു ഗുണമുള്ള പണിയല്ല. ഞാൻ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. എം. എം. മണി, താങ്കളുടെ പ്രസംഗത്തിലെ ചില പദങ്ങൾ സഭാരേഖയിൽ ഉണ്ടായിരിക്കുന്നതല്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, കമ്പ്യൂട്ടർ നാടിന് നല്ലതാണെന്ന് വർഷങ്ങൾക്കുമുമ്പ് തിരിച്ചറിഞ്ഞതുപോലെ ട്രാക്ടർ നാടിന്റെ പുരോഗമനത്തിന് അത്യാവശ്യമാണെന്നത് പതിറ്റാണ്ടുകൾക്ക് മുമ്പ് തിരിച്ചറിഞ്ഞതുപോലെ മുസ്ലീം ലീഗ് ഈ നാടിന്റെ മതേതര പ്രസ്ഥാനത്തിന് കരുത്താണെന്ന് നേരത്തെ തിരിച്ചറിഞ്ഞവരാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കുറേ വർഷങ്ങൾ കഴിഞ്ഞതിനുശേഷം ഇപ്പോൾ നിങ്ങൾ അവരോട് കാണിക്കുന്ന സ്നേഹത്തിന്റെ കാര്യവും കാരണവുമൊക്കെ ഞങ്ങൾക്കെല്ലാവർക്കും അറിയാം. അതിന് ശ്രീ. സാദിഖ് അലി ശിഹാബ് തങ്ങൾ പറഞ്ഞതാണ് മറുപടി. മുസ്ലീം ലീഗിന് അധികാരത്തേക്കാൾ വലുത് അവരുടെ നിലപാടാണെന്നാണ് അദ്ദേഹം കോഴിക്കോട് ഒരു വേദിയിൽ പറഞ്ഞത്. അതിന്റെ അദ്ധ്യക്ഷൻ കോഴിക്കോട് കടപ്പുറത്ത് പറഞ്ഞ വാചകങ്ങൾ

ഞങ്ങൾക്കറിയാം. എന്തായാലും ലീഗിന്റെ പ്രവർത്തകർക്കും നേതാക്കന്മാർക്കും ഇപ്പോൾ ഒരു കാര്യത്തിൽ സന്തോഷമുണ്ടാകും. ഇത്രയും നല്ലൊരു പ്രസ്ഥാനം വേറെയില്ലെന്ന് സി.പി.ഐ.(എം.) പറയാൻ തുടങ്ങിയിരിക്കുന്നുവെന്നുള്ളത് ചെറിയ കാര്യമല്ല. പണ്ട് അവരെപ്പറ്റി പറഞ്ഞിരുന്നതും പ്രചരിപ്പിച്ചിരുന്നതും എന്തായിരുന്നുവെന്നുള്ളതും ഇപ്പോൾ അതിന്റെ നിറം മാറിയതെന്താണെന്നുള്ളതും സംബന്ധിച്ച് ഒരു ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കും. അങ്ങയുടെ തൊട്ട് പുറകിലിരിക്കുന്ന ആളോട് ചോദിച്ചാൽ കൂടുതൽ പറഞ്ഞുതരികയും ചെയ്യും. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഞങ്ങൾക്ക് ബി.ജെ.പി. വിരുദ്ധതയ്ക്ക് ക്ലാസ്സെടുക്കലാണ് ഈ സഭയിൽ നിങ്ങളുടെ പ്രധാന പണി. ബി.ജെ.പി. വിരുദ്ധതയ്ക്ക് നിങ്ങളുടെ ക്ലാസ് കേൾക്കേണ്ട ഗതികേട് ഞങ്ങൾക്കില്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. രാജ്യത്തുടനീളം അവരെ എതിർക്കുന്ന കാര്യത്തിൽ, അവരോട് സന്ധി ചെയ്യാതെ പൊരുതുന്ന കാര്യത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എടുക്കുന്ന നിലപാട് എന്താണെന്ന് എല്ലാവർക്കുമറിയാം. ഞങ്ങൾ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ നിങ്ങൾ ഒരു സമരം നടത്തിയപ്പോൾ,

നിങ്ങൾക്ക് ബി.ജെ.പി. വിരുദ്ധ സമരം ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന്റെ തൊട്ടുമുമ്പത്തെ മാസം തോന്നുന്ന ഓർമ്മപ്പെടുത്തലാണെങ്കിൽ ഞങ്ങൾക്ക് അങ്ങനെയല്ല. ഈ കഴിഞ്ഞ അഞ്ചുവർഷക്കാലവും അതിന് മുമ്പും ഇന്നുംനാളെയും ഞങ്ങൾ അധികാരത്തിൽ വന്നാലും അവരോട് സന്ധി ചെയ്യില്ലെന്ന ഉറപ്പും ബോധ്യവും ഞങ്ങളെ സംബന്ധിച്ചിടത്തോളമുണ്ട്. ഇപ്പോൾ സമരത്തിൽ പങ്കെടുക്കാത്തതിന് കോൺഗ്രസിന് സ്റ്റഡി ക്ലാസ്സെടുക്കുകയാണ്. ഇവിടെ ഒരു മനുഷ്യൻ 4000 കിലോമീറ്റർ ഇന്ത്യയുടെ തെരുവിൽ ബി.ജെ.പി.-യുടെ വെറുപ്പിനെതിരെ, അവരുടെ ഫാസിസ്റ്റ് നയങ്ങൾക്കെതിരെ, ഫെഡറൽ സംവിധാനങ്ങൾ തകർക്കുന്നതിനെതിരെ, സ്ത്രീവിരുദ്ധ സമീപനങ്ങൾക്കെതിരെ, നാട്ടിലെ ചെറുപ്പക്കാർക്ക് തൊഴിലുൾപ്പെടെ നൽകണമെന്നാവശ്യപ്പെട്ട് കന്യാകുമാരി മുതൽ കശ്മീർ വരെ നാലായിരത്തിലധികം കിലോമീറ്റർ നടന്ന് 'ഭാരത് ജോഡോ' യാത്രയ്ക്ക് കശ്മീരിന്റെ മണ്ണിൽ സമാപനമുണ്ടായപ്പോൾ അതിൽ ഡി.എം.കെ.-യുടെ നേതാക്കന്മാർ പങ്കെടുത്തു, ബി.എസ്.പി.-യുടെ നേതാക്കന്മാർ പങ്കെടുത്തു, നാഷണൽ കോൺഗ്രസ്സിന്റെ നേതാക്കന്മാർ പങ്കെടുത്തു, (...ബഹളം...)

പി.ഡി.പി.-യുടെ നേതാക്കന്മാർ പങ്കെടുത്തു, സി.പി.ഐ.-യുടെ നേതാക്കന്മാരും പങ്കെടുത്തു.

മി. സ്പീക്കർ: (...ബഹളം...) ശ്രീ. പി. വി. ശ്രീനിജിൻ അവിടെയിരിക്കൂ. ശ്രീ. ഷാഫി പറമ്പിലിന്റെ പ്രസംഗത്തിന് മിനിസ്റ്റർ മറുപടി പറഞ്ഞോളും.

ശ്രീ. ഷാഫി പറമ്പിൽ: സർ, അത് കേന്ദ്ര സർക്കാരിനെതിരെ നടന്ന ഏറ്റവും വലിയ രാഷ്ട്രീയ മുന്നേറ്റങ്ങളിലൊന്നായിരുന്നിട്ടും അതിൽ പങ്കെടുക്കാതിരുന്ന പ്രധാനപ്പെട്ട ഒരു പാർട്ടിയായിരുന്നു സി.പി.ഐ.(എം). അന്ന് നിങ്ങൾക്കെന്തേ ഈ തോന്നലുണ്ടായില്ല; കേന്ദ്ര സർക്കാരിനെതിരായ എല്ലാ മുന്നേറ്റങ്ങളിലും മുന്നിൽ നിങ്ങളുണ്ടായിരുന്നോ; നിങ്ങൾക്കാവശ്യം വരുമ്പോൾ കൈ പിടിക്കാനും ആവശ്യം വരുമ്പോൾ കാൽ പിടിക്കാനും ആവശ്യം വരുമ്പോൾ ഗവർണ്ണറിൽനിന്ന് ചായ വാങ്ങാനും നിങ്ങളുടെ അഡ്ജസ്റ്റുമെന്റിന്റെ പാലവും രാഷ്ട്രീയവുമല്ല ഞങ്ങളുടെ ബി.ജെ.പി. വിരുദ്ധത. നിങ്ങൾ കോൺഗ്രസ് എം.പി.-മാരെ സംബന്ധിച്ച് പറയുന്നു. ഇവിടെനിന്നും തെരഞ്ഞെടുക്കപ്പെട്ട യു.ഡി.എഫ്. എം.പി.-മാർ അവർക്കെതിരെ പൊരുതുന്നില്ലേ; ഞാൻ ഒരുകാര്യം ചോദിക്കട്ടേ, പൗരത്വഭേദഗതിയുടെ പ്രശ്നങ്ങളുണ്ടായപ്പോൾ സസ്പെൻഡ് ചെയ്യപ്പെട്ട

കേരളത്തിന്റെ എം.പി.-മാർ ആരാണ്; പെഗാസസിന്റെ പ്രശ്നമുണ്ടായപ്പോൾ സസ്പെൻഡ് ചെയ്യപ്പെട്ട കേരളത്തിന്റെ എം.പി.-മാർ ആരാണ്; കർഷകരുടെ ബില്ലുണ്ടായപ്പോൾ സസ്പെൻഡ് ചെയ്യപ്പെട്ട കേരളത്തിന്റെ എം.പി.-മാർ ആരാണ്; കശ്മീരിന്റെ പ്രത്യേക പദവിയെടുത്ത് കളഞ്ഞപ്പോൾ അതിനെതിരെ പ്രതിഷേധിച്ചതിൽ സസ്പെൻഡ് ചെയ്യപ്പെട്ട എം.പി.-മാർ ആരാണ്; ശ്രീ. രാഹുൽ ഗാന്ധിയെ വേട്ടയാടിയപ്പോൾ അതിനെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ തെരുവിലൂടെ വലിച്ചിഴക്കപ്പെട്ടതും തടങ്കലിലടയ്ക്കപ്പെട്ടതും അറസ്റ്റ് ചെയ്യപ്പെട്ടതുമായ എം.പി.-മാർ ആരാണ്? നിങ്ങൾക്കറിയാം, 143 പേരെ കഴിഞ്ഞ ദിവസം സസ്പെൻഡ് ചെയ്തു. ആദ്യദിവസങ്ങളിൽ സസ്പെൻഡ് ചെയ്യപ്പെട്ടവർ ആരാണ്? ഒരു കനലും തരിയുമല്ല, അതൊക്കെ കേരളത്തിലെ ജനങ്ങൾ ജയിപ്പിച്ച യു.ഡി.എഫ്.-ന്റെ എം.പി.-മാരാണ്. ആ സമരങ്ങൾക്കെല്ലാം നേതൃത്വം നൽകിയതും ചോദ്യങ്ങൾ ചോദിച്ചതും അറസ്റ്റ് ചെയ്യപ്പെട്ടതും തടങ്കലിൽ അടയ്ക്കപ്പെട്ടതും കേസ്സെടുക്കപ്പെട്ടതും എല്ലാം യു.ഡി.എഫ്.-ന്റെ എം.പി.-മാരാണ്. അവിടെ പറയേണ്ടത് ഞങ്ങൾ അവിടെ പറയും, ഇവിടെ ചോദിക്കേണ്ടത് ഞങ്ങൾ ഇവിടെ ചോദിക്കും. ഇവിടെ ചോദിക്കുമ്പോൾ അതെന്തേ നിങ്ങൾ അവിടെ

പറയാത്തതെന്ന് ചോദിച്ചാൽ അതിന് ഞങ്ങൾ അവിടെ ആളെ അയച്ചിട്ടുണ്ട്. അവർ ചോദിക്കുന്നുമുണ്ട്, പോരാടുന്നുമുണ്ട്. ഇവിടെ ജനകീയ പ്രശ്നങ്ങളിൽ ഇടപെട്ടില്ലെന്നുള്ളത്, ഞങ്ങൾ പരസ്യമായ സംവാദത്തിന് തയ്യാറാണ്. കേരളത്തിലെ യു.ഡി.എഫ്.-ന്റെ 18 എം.പി.-മാരിൽ ഓരോരുത്തരും കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നടത്തിയ ജനകീയ ഇടപെടലുകളുടെ തെളിവ് പരസ്യമായൊരു സംവാദത്തിനുവേണ്ടി നിങ്ങളുടെ മുമ്പിൽ വയ്ക്കാൻ ഞങ്ങൾ തയ്യാറാണ്. അത് ജി.എസ്.ടി. ആണെങ്കിലും നെല്ലിന്റെ കാര്യത്തിലാണെങ്കിലും ഏതെങ്കിലും പാക്കേജിന്റെ കാര്യത്തിലാണെങ്കിലും ഏത് വിഷയത്തിലാണെങ്കിലും ഞങ്ങൾ തയ്യാറാണ്. നിങ്ങൾ 53000 കോടി രൂപയുടെ കാര്യത്തിൽ നിലപാട് പറഞ്ഞില്ല. ഞങ്ങൾക്ക് നിലപാടില്ലാത്തതുകൊണ്ടല്ല. ഞങ്ങൾക്ക് വ്യക്തതമായ മറുപടി നിങ്ങൾ നൽകണം. ഇന്ന് ധനകാര്യ വകുപ്പുമന്ത്രി State's own tax revenue-നെ സംബന്ധിച്ച് മറുപടി പറഞ്ഞു. 20 ശതമാനം വളർച്ച കേരളം കൈവരിച്ചുവെന്ന് അദ്ദേഹം പറഞ്ഞതിന് നിങ്ങളെല്ലാവരും കയ്യടിച്ചു. Detailed statement of revenue receipts-ൽ പറയുന്ന ഒരു പ്രധാനപ്പെട്ട കാര്യം, State's own tax revenue, 2022-2023-ൽ 71968 കോടി രൂപയും

2023-2024 ആകുമ്പോഴേയ്ക്കും 77038 കോടി രൂപയുമാണ്. എവിടെയാണ് അതിന് 20 ശതമാനം വളർച്ച? ഈ സഭയിലിരിക്കുന്ന അംഗങ്ങൾ, സഭയുടെ പ്രൊസീഡിംഗ്സ് കേൾക്കുന്ന കേരളത്തിലെ ജനങ്ങൾ, സാമ്പത്തികം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ശ്രദ്ധിക്കുന്ന ആളുകൾ എന്നിവരെ മുഴുവൻ തെറ്റിദ്ധരിപ്പിക്കുന്ന സമീപനം കേരളത്തിന്റെ ഫിനാൻസ് മിനിസ്റ്റർ എന്തിനാണ് ഈ സഭയിൽ പറയുന്നത്. ഞങ്ങളെ കേന്ദ്ര വിരുദ്ധതയ്ക്ക് ക്ലാസ് എടുക്കുമ്പോൾ നിങ്ങൾ ഇവിടെവന്ന് പറയുന്ന കണക്കുകളും ബഡ്ജറ്റിൽ പറയുന്ന കണക്കുകളും തമ്മിൽ ബന്ധംവേണ്ടേ? ഒറ്റയടിക്ക് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 30000 കോടി രൂപയിൽനിന്ന് 19000 കോടി രൂപയുടെ കുറവ് വരുത്തി 11660 കോടി രൂപയാക്കിയപ്പോൾ കോൺഗ്രസ് ഒന്നും മിണ്ടുന്നില്ലേയെന്നാണ് ചോദിച്ചത്. അത് കേൾക്കുമ്പോൾ നിങ്ങളെല്ലാവരും ബെഞ്ചിലും ഡെസ്കിലും അടിക്കും. എന്താണ് കാര്യമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി നിശ്ചയിച്ച തുക അത് അഞ്ചുവർഷം, over a period of time for financial years, ഓരോ സാമ്പത്തിക വർഷങ്ങളിലും കൃത്യമായി നൽകേണ്ടത് എത്രയാണെന്ന് നിശ്ചയിച്ച് അത് നൽകി തീരുന്ന വർഷങ്ങളിലേയ്ക്ക് കുറവ് വരും. നിങ്ങളുടെ

എസ്റ്റിമേറ്റിൽ അടുത്ത വർഷത്തേയ്ക്കുള്ള റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് പൂജ്യമാണ് കാണിച്ചിരിക്കുന്നത്. അതിന് കാരണമെന്താണ്; ആ തുക ലഭിച്ചുകഴിഞ്ഞുവെന്ന് നിങ്ങൾക്കറിയാം. അത് അറിഞ്ഞിട്ടും ഒറ്റയടിക്ക് 30000 കോടി രൂപയിൽനിന്ന് 19000 കോടി രൂപ കുറച്ചില്ലേയെന്ന് ചോദിക്കുമ്പോൾ, ഞങ്ങൾക്ക് കേന്ദ്രത്തിനെതിരെ പറയാൻ മടിയുണ്ടായിട്ടില്ല. വസ്തുതകളെ വസ്തുതകളായി കണ്ട് സംസ്ഥാനം എത്തിപ്പെട്ടിരിക്കുന്ന സാമ്പത്തികമായ പ്രശ്നങ്ങളെ അഡ്രസ് ചെയ്ത് പ്രതിപക്ഷം മുന്നറിയിപ്പ് നൽകിയവയുൾപ്പെടെയുള്ള കാര്യങ്ങളിൽ തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അതിനെ അംഗീകരിച്ച് മുന്നോട്ടുപോകുമ്പോൾ അവർക്കെതിരെ ഞങ്ങൾ അവിടെയും ഇവിടെയും പറയും. ഞങ്ങൾക്ക് അതിന് ആരുടെയും ക്ലാസ്സുവേണ്ട. പക്ഷെ ഈ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ ഉടൻതന്നെ ഞങ്ങളെ അവിടെ കൊണ്ടുപോയി കെട്ടേണ്ട. രാജ്യത്തെ കോൺഗ്രസ്സിന്റെ ഒന്നാമത്തെ ശത്രു വർഗ്ഗീയതയാണെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ; ഞങ്ങൾ എന്നെങ്കിലും അവരോടൊപ്പം കൂടിയിട്ടുണ്ടോ? അടൽബിഹാരി വാജ്പേയി, എൻ. ടി. റാമറാവു, എൽ. കെ അദ്വാനി, വി. പി. സിംഗ്, പ്രകാശ് സിംഗ് ബാദൽ, രാം വിലാസ് പാസ്വാൻ, ജ്യോതി ബസു, ഇ.എം.എസ്.

നമ്പൂതിരിപ്പാട്, സി. രാജേശ്വർ റാവു തുടങ്ങിയവർ ഡൽഹിയിൽ ഒരുമിച്ചിരുന്ന് യോഗം ചേർന്ന് ചെകുത്താനെ കൂട്ടുപിടിച്ചിട്ടാണെങ്കിലും കോൺഗ്രസ്സിനെ പരാജയപ്പെടുത്തുമെന്ന് പറഞ്ഞു. അങ്ങനെയുള്ള ചരിത്രമുള്ളയാളുകൾ ദയവുചെയ്ത് ഞങ്ങൾക്ക് ക്ലാസ്സെടുക്കാതിരുന്നാൽ മതി. നിങ്ങൾ ആരുടെകൂടെ വേണമെങ്കിലും കൂടിക്കോളൂ. പക്ഷെ നിങ്ങൾ ഇത്തരത്തിലുള്ള നിറംമാറ്റത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കണം. ആഗോള വിദ്യാഭ്യാസ സമ്മേളനത്തിന് കോവളത്ത് എത്തിയ മുൻ അംബാസിഡറും ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനുമായ ശ്രീ. ടി. പി. ശ്രീനിവാസനെ എസ്.എഫ്.ഐ. ജില്ലാനേതാവ് കരണത്തടിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനാണ് ഇദ്ദേഹമെന്ന് വിളിച്ച് പറഞ്ഞ് വളഞ്ഞിട്ട് പിൻകഴുത്തിലും തലയിലും ആഞ്ഞ് തള്ളുകയും കോളറിൽ കുത്തിപ്പിടിക്കുകയും മുതുകിൽ മർദ്ദനമേൽപ്പിക്കുകയും ചെയ്തു. ഉന്തിലും തള്ളിലുംപ്പെട്ട ശ്രീ. ടി. പി. ശ്രീനിവാസനെ കൊടിക്കമ്പുകൊണ്ട് കുത്തുകയും ചെയ്തു. ആ ബഹളത്തിൽനിന്നും ഒരുവിധം രക്ഷപ്പെട്ട് പുറത്തിറങ്ങി നിൽക്കുമ്പോഴാണ് പിന്നാലെ നടന്നുചെന്ന് എസ്.എഫ്.ഐ. ജില്ലാവൈസ് പ്രസിഡന്റ് ജെ. എസ്. ശരത് എന്തോ വിളിച്ചുപറഞ്ഞശേഷം

അപ്രതീക്ഷിതമായി അദ്ദേഹത്തിന്റെ കരണത്ത് ആഞ്ഞടിച്ചത്.

മി. സ്പീക്കർ: യെസ്....... സമയം കഴിഞ്ഞു. പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ അവസാനിപ്പിക്കാം. സ്വകാര്യ സർവ്വകലാശാലകളെ പച്ചപരവതാനിയും പട്ടുപരവതാനിയും വിരിച്ച് നിങ്ങൾ സ്വാഗതം ചെയ്യുന്നു. നിറം മാറുന്ന കാര്യത്തിൽ ശ്രീ. നീതീഷ് കുമാറിന്റെയും ഓന്തിന്റെയും ഇടയിലാണ് നിങ്ങളുടെ സ്ഥാനമെന്നത് ഈ വിഷയങ്ങൾ വച്ചുനോക്കുമ്പോൾ നമുക്ക് മനസ്സിലാക്കേണ്ടിവരും. പുഷ്പനെ അറിയാമോയെന്ന് പ്രതിപക്ഷത്തുനിന്ന് ആരെങ്കിലും ചോദിച്ചിട്ടുണ്ടെങ്കിൽ അങ്ങനെ ചോദിച്ചവരെ കുറ്റം പറയരുത്. ധീരരക്തസാക്ഷികൾ ഈ cause-നുവേണ്ടി ജീവൻ കൊടുത്തെന്ന് പറഞ്ഞവർ, പ്രചരിപ്പിച്ചവർ, മുദ്രാവാക്യം വിളിച്ചവർ, അവരുടെ രക്തസാക്ഷിത്വത്തെ അവഹേളിച്ചതും അപമാനിച്ചതും ഇപ്പുറത്ത് ഇരിക്കുന്നവരല്ല. അങ്ങനെ എതിർത്ത് ജീവൻ കളഞ്ഞവർ, എങ്ങനെയാണോ എതിർത്തത് അതിനെ പരവതാനി വിരിച്ച് ഈ നാട്ടിലേയ്ക്ക് കൊണ്ടുവന്ന നിങ്ങളാണ് അതിന് കാരണമെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ?

മി. സ്പീക്കർ: പ്ലീസ്.......പ്ലീസ്.......

ശ്രീ. ഷാഫി പറമ്പിൽ: സർ, സ്റ്റേറ്റിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റിയുള്ള ചോദ്യങ്ങളും സംശയങ്ങളും ഞങ്ങൾ ഉന്നയിക്കുമ്പോൾ ഉടൻതന്നെ ഞങ്ങളെ മറ്റൊരുതരത്തിലേയ്ക്ക് കൊണ്ടുപോകേണ്ടതില്ല. ഇത് കേരള നിയമസഭയാണ്. കേരളത്തിലെ പ്രശ്നങ്ങളെക്കുറിച്ച് പ്രതിപക്ഷത്തുനിന്ന് പറയാൻ ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. ഞങ്ങൾ അത് പറയും. ഞങ്ങളെ ജയിപ്പിച്ചവർക്കും ഈ നാടിനുംവേണ്ടി, ഈ നാടിന്റെ ജനാധിപത്യമതേതര മൂല്യങ്ങൾക്കുവേണ്ടി എവിടെയും ഞങ്ങൾ പൊരുതും. അതിന് നിങ്ങളുടെ സർട്ടിഫിക്കറ്റ് ആവശ്യമില്ല. ആരുടെയും കാലുപിടിച്ച് ഡെസൻ കണക്കിന് കേസ്സുകൾ മാറ്റിവയ്ക്കേണ്ട അവസ്ഥ ഞങ്ങൾക്ക് വരുന്നില്ല. ......(മൈക്ക് ഓഫ്).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡൽഹിയിൽ ഒരു മീറ്റിംഗിൽ പങ്കെടുക്കാൻ പോയിരിക്കുന്നതിനാൽ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയെയാണ് മറുപടി പറയാൻ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ധന്യകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനുവേണ്ടി നിയമം, വ്യവസായം,

കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന് മറുപടി പറയുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അന്തിമ ഉപധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയിൽ രാഷ്ട്രീയ കാര്യങ്ങളാണ് കൂടുതലായും കേന്ദ്രീകരിച്ചിരുന്നത്. ഇവിടെ പറഞ്ഞ പലകാര്യങ്ങളും ബജറ്റ് ചർച്ചയിൽ വിശദമായി ചർച്ച ചെയ്യുകയും അവസാനം വോട്ട് ചെയ്ത് അംഗീകരിക്കുകയും ചെയ്തതാണ്. ചർച്ച ചെയ്ത് തീരുമാനിച്ച കാര്യങ്ങളാണ് ബഡ്ജറ്റിനകത്ത് വന്നത്. അതാണ് വീണ്ടും ചർച്ചയ്ക്ക് വന്നിട്ടുള്ളത്. അങ്ങനെ വരുന്നത് സ്വാഭാവികമാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡൽഹിയിൽ പോയിരിക്കുകയാണ്. രാജ്യത്തിന്റെ ഉന്നത നീതിപീഠം, കേരളത്തിന്റെ നിലപാട് ശരിയാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന് ഡൽഹിയിൽ പോകാൻ സാധിച്ചത്. ഞങ്ങൾ ഡൽഹിയിൽ പോയതും ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചതും ഞങ്ങളുടെ മാത്രം പ്രശ്നമല്ല നിയമസഭയുടെ അവകാശത്തിന്റെകൂടി പ്രശ്നമാണ്. അക്കാര്യം ഞങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വളരെ കൃത്യമായി പറഞ്ഞു. ഭരണഘടനയുടെ 293-ാം ആർക്കിൾ പ്രകാരം സംസ്ഥാനങ്ങളുടെ

കടമെടുപ്പിന്റെ പരിധി നിർണ്ണയിക്കുന്ന നിയമനിർമ്മാണത്തിന്റെ അധികാരം, Legislative Competence സംസ്ഥാന നിയമസഭകൾക്കുള്ളതാണ്. State List-43-ൽ 'Public Debt of the State' എക്സ്ക്ലൂസീവായി State Legislature-ന്റെ റൈറ്റ് ആണെന്ന് പറയുന്നുണ്ട്. അത് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതല്ല. Union List-35 പ്രകാരം 'Public Debt of the Union' എന്ന് ഭരണഘടനയിൽ നിർവ്വചിച്ചിട്ടുണ്ട്. ഇപ്പോൾ ധനകാര്യ കമ്മീഷൻ ഇങ്ങനെയാണ് പറയുന്നത്, അതിനാൽ മൊത്തം കടത്തെ സംബന്ധിച്ച് ഇങ്ങനെ പരിശോധിക്കണമെന്ന് പറയുന്നതെല്ലാം ഭരണഘടനയ്ക്ക് കീഴിലാണ്. സംസ്ഥാനത്ത് എത്ര രൂപ കടമെടുക്കണമെന്ന നിയമനിർമ്മാണാധികാരം നിയമസഭയ്ക്കുള്ളതാണ്. State List-43 പ്രകാരമാണ് നിയമസഭ 2003-ൽ നിയമം പാസാക്കിയത്. പാസ്സാക്കിയ നിയമത്തിനനുസരിച്ച് കേരളത്തിന് കടമെടുക്കാൻ അനുവാദം ലഭിച്ചിരുന്നെങ്കിൽ, ഞങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അത് കൃത്യമായി പറഞ്ഞിട്ടുണ്ട്, പല യോഗങ്ങളിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചിട്ടുമുണ്ട്. 2016 മുതൽ ഇങ്ങോട്ട് ഏഴുവർഷത്തിനുള്ളിൽ കടമെടുപ്പിന്റെ കേരള നിയമത്തെ അടിസ്ഥാനപ്പെടുത്തി മാത്രം ഈ

സംസ്ഥാനത്തിന് നഷ്ടപ്പെട്ടിട്ടുള്ളത് 107000 കോടി രൂപയാണ്. അത് ചെറിയ സംഖ്യയല്ല. സുപ്രീംകോടതിയിൽ ഞങ്ങൾ സമർപ്പിച്ച affidavit നിങ്ങൾ നോക്കൂ. നിയമസഭ പാസ്സാക്കിയ ഒരു നിയമം, ഭരണഘടന ഈ നിയമസഭയ്ക്ക് നൽകുന്ന അധികാരം, സംസ്ഥാന നിയമസഭകൾക്കുള്ള അധികാരമുപയോഗിച്ച് നമ്മൾ പാസ്സാക്കിയ നിയമത്തെ അടിസ്ഥാനപ്പെടുത്തി മാത്രം കടമെടുക്കാൻ അനുമതി ലഭിച്ചിരുന്നുവെങ്കിൽ 107000 കോടി രൂപയുടെ അധിക വിഭവം നമുക്ക് സമാഹരിക്കാൻ കഴിയുമായിരുന്നു. കണക്കുകൾ വച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. അങ്ങേയ്ക്ക് സംശയമുണ്ടെങ്കിൽ നിയമം വച്ച് ചോദിക്കാം. നിയമം പാസ്സാക്കിക്കഴിഞ്ഞാൽ യൂണിയൻ ഗവൺമെന്റല്ല interpretation ചെയ്യേണ്ടത്, അത് സംസ്ഥാന നിയമസഭയുടെതാണ്. നിങ്ങൾ ഭരണഘടന പരിശോധിച്ചുനോക്കൂ, കൺകറന്റ് ലിസ്റ്റും യൂണിയൻ ലിസ്റ്റും മുഴുവൻ വായിക്കൂ. State List-43 പ്രകാരം State Debt പൂർണ്ണമായും സംസ്ഥാനത്തിന്റേതാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി യൂണിയൻ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിലുള്ള പ്രശ്നമാണോ ഇതെന്ന് ചോദിച്ചത്. ഈ പ്രശ്നത്തിൽ ഒരു cause ഉണ്ട്; ഞങ്ങൾ മെറിറ്റിലേയ്ക്ക് പോകുന്നതിനുമുമ്പ്

രാജ്യത്തിന്റെ ഘടനയിൽ നിങ്ങൾ തമ്മിൽ ചർച്ച ചെയ്ത് പരിഹരിക്കാൻ ശ്രമിച്ചുകൂടെയെന്ന ചോദ്യമാണ് ഉന്നത നീതിപീഠം ചോദിച്ചത്. ഞങ്ങൾ ഉന്നയിച്ച പ്രശ്നത്തിൽ ഭരണഘടനാപരമായ, നിയമപരമായ പ്രശ്നമില്ലെങ്കിൽ ഈ രാജ്യത്തിന്റെ ഉന്നത നീതിപീഠം ആ ചോദ്യം ചോദിക്കുമോ; നിങ്ങൾക്ക് മനസ്സിലായിട്ടും മനസ്സിലായില്ലെന്ന് നടിക്കുന്ന കാര്യമാണ് ഇന്നലെ ബഹുമാനപ്പെട്ട കോടതി പറഞ്ഞത്. ഇതിൽ യൂണിയൻ ഗവൺമെന്റിന്റെ സമീപനം എന്തായിരിക്കുമെന്ന് ഞങ്ങൾക്ക് പറയാൻ സാധിക്കില്ല. കേരളത്തെ പ്രതിനിധീകരിക്കുന്ന അഭിഭാഷകനായ ശ്രീ. കപിൽ സിബിൽ ഞങ്ങൾ തയ്യാറാണെന്ന് പറഞ്ഞു. ആലോചിച്ചിട്ട് വരാമെന്ന് അവർ പറഞ്ഞു. രണ്ട് മണിക്ക് യൂണിയൻ ഗവൺമെന്റിന്റെ അറ്റോർണി ജനറൽ വന്നു, ഞങ്ങളും തയ്യാറാണ്. എപ്പോൾ കഴിയുമെന്ന് ചോദിച്ചു. ബജറ്റിനെക്കുറിച്ചാണ് ചർച്ച ചെയ്യുന്നതെങ്കിൽപ്പോലും ഇത് കേരളത്തെ സംബന്ധിച്ച് ഒരു ജീവൻമരണപ്രശ്നമാണ്. നാളെ വേണോ ഞങ്ങൾ തയ്യാറാണെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണല്ലോ ഈ സമയത്തും നാളെയും ബിൽ അവതരിപ്പിക്കേണ്ടത്. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും ഭാവിയിൽ വരാനിരിക്കുന്ന തലമുറയുടെ അവകാശത്തിന്റെയും ഈ

രാജ്യത്തിന്റെ ഭരണഘടനയ്ക്കുംവേണ്ടിയാണ് ഞങ്ങൾ നിലകൊള്ളുന്നത്. ഞാൻ വളരെ വിനയപൂർവ്വം ചോദിക്കുന്നു, നിങ്ങൾ കർണ്ണാടകയിൽ ഒരു സമരം ചെയ്തല്ലോ; 'My Tax-My Right' എന്ന് നിങ്ങൾ എല്ലാ പത്രങ്ങളിലും പരസ്യം കൊടുത്തു. ഇതിനെ ഒരു ഫെഡറൽ പ്രശ്നമായി നിങ്ങൾ കാണുന്നുണ്ടെങ്കിൽ ഏറ്റവും ചുരുങ്ങിയത് നിങ്ങൾക്ക് അധികം ദിവസമെടുത്ത് വിളിക്കാൻ സാധിക്കുന്ന സംസ്ഥാന സർക്കാരുകളൊന്നും ഇന്ത്യയിൽ ഇല്ലല്ലോ; നിങ്ങളുടെയെല്ലാം നിലപാടിന്റെ ഭാഗമായി മൂന്ന് അല്ലേയുള്ളൂ; ഞങ്ങൾക്ക് ഒന്നേയുള്ളൂ. നിങ്ങൾ നിറഞ്ഞ് നിന്നതല്ലേ; നിങ്ങൾ അസ്വസ്ഥരാകേണ്ട. നിങ്ങൾക്ക് ഫോൺ എടുത്ത് അഞ്ചുമിനിട്ടിനുള്ളിൽ വിളിക്കാൻ സാധിക്കുന്ന കർണ്ണാടക, തെലങ്കാന, ഹിമാചൽപ്രദേശ് എന്നീ മൂന്ന് സംസ്ഥാന സർക്കാരുകളല്ലേയുള്ളൂ; നിങ്ങൾ ഇതിനെ ഫെഡറൽ പ്രശ്നമായി കാണുന്നുവെങ്കിൽ, കർണ്ണാടക നടത്തിയ സമരത്തിൽ ഏറ്റവും ചുരുങ്ങിയത് നിങ്ങളുടെ പാർട്ടിയുടെ മുഖ്യമന്ത്രിമാരെയെങ്കിലും വിളിക്കേണ്ടതല്ലേ? ഇതിനെ കർണ്ണാടകയുടെ പ്രശ്നമായി മാത്രമാണ് കാണുന്നതെങ്കിൽ ശരിയാണ്. ഇത് ഫെഡറൽ പ്രശ്നമോണാ; ഭരണഘടനയുടെ പ്രശ്നമാണോ? ഏറ്റവും ചുരുങ്ങിയത് നിങ്ങളുടെ

മുഖ്യമന്ത്രിമാരെപ്പോലും വിളിക്കാൻ അനുവദിക്കാതിരുന്നത് കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിന്റെ സമ്മർദ്ദത്തിന്റെ ഭാഗമായിട്ടല്ലേ? ഞങ്ങൾ ചെറിയ പാർട്ടിയാണ്. ഞാനൊരു കാര്യം ചോദിക്കട്ടെ, ഈ രാജ്യത്തെ ബി.ജെ.പി. ഇതര പാർട്ടികളെയും നേതാക്കന്മാരെയും ബി.ജെ.പി. ഇതര സംസ്ഥാന ഭരണ സംവിധാനങ്ങൾ നയിക്കുന്ന മുഖ്യമന്ത്രിമാരെയും ഞങ്ങൾ വിളിക്കുമ്പോഴാണോ നിങ്ങൾ വിളിക്കുമ്പോഴാണോ അവർ വരാൻ കൂടുതൽ സാധ്യതയുള്ളത്? ഞങ്ങൾ ഇപ്പോഴും കരുതുന്നത് നിങ്ങൾ വിളിക്കുമ്പോഴാണ് അവർ വരാൻ സാധ്യത കൂടുതലുള്ളതെന്നാണ്. ഞങ്ങൾ ഇടതുപക്ഷമാണ്, ചെറിയൊരു പാർട്ടിയാണ് ഒറ്റക്കെട്ടാണ് എന്നുള്ള കാര്യങ്ങളെല്ലാം ശരിയാണ്. നിങ്ങളുടെ പാർട്ടി വലുതാണ്, വളരെ വലുതായിരുന്നു. ആ സ്ഥിതിക്ക് നിങ്ങൾ വിളിച്ചാൽ അവർ വരില്ലേ? നിങ്ങൾ എന്തുകൊണ്ട് ഈ പ്രശ്നം മോദി ഗവൺമെന്റിനെതിരെയുള്ള വളരെ ഗൗരവമായ രാഷ്ട്രീയ പ്രശ്നമെന്ന നിലയിൽ ഉയർത്തി നിങ്ങളുടെ സമരത്തിന് പ്രതിപക്ഷത്തെ വിളിച്ചില്ല. നിങ്ങൾ ഞങ്ങളെ വിളിക്കണ്ട, ശ്രീ. പിണറായി വിജയൻ എന്ന മുഖ്യമന്ത്രിയെ വിളിക്കണ്ട. നിങ്ങൾക്ക് ഞങ്ങളുടെ കൂടെ നിന്ന ആം ആദ്മി പാർട്ടി മുഖ്യമന്ത്രിയെയും പഞ്ചാബിന്റെ മുഖ്യമന്ത്രിയെയും എൻ.സി.പി.-യുടെ

നേതാവിനേയും ശ്രീ. ഫാറൂഖ് അബ്ദുള്ളയേയും ശ്രീ. തേജസ്വി യാദവിനേയും വിളിക്കാമായിരുന്നില്ലേ? നിങ്ങൾക്ക് വേണമെങ്കിൽ ശ്രീമതി മമതാ ബാനർജിയേയും ശ്രീ. എം. കെ. സ്റ്റാലിനെയും വിളിക്കാമായിരുന്നു. എത്രയോ മുഖ്യമന്ത്രിമാരും നേതാക്കന്മാരുമുണ്ട്, നിങ്ങൾ എന്തുകൊണ്ട് അവരെയൊന്നും വിളിച്ചില്ല. നിങ്ങൾ വിളിച്ചാൽ ഞങ്ങളും അവരും വരും. ഞങ്ങളും അവരും വന്നാൽ അടുത്തദിവസം ഞങ്ങൾ വിളിക്കുമ്പോൾ നിങ്ങൾക്കും വരേണ്ടി വരും. അങ്ങനെ വരുന്നതിന് നിങ്ങൾക്ക് താല്പര്യമില്ല. നിങ്ങൾക്ക് എന്നത് കോൺഗ്രസിനല്ല, കേരളത്തിലെ കോൺഗ്രസിന് മാത്രമാണ്. ഞാൻ നേരത്തെ നിയമസഭയിൽ പറഞ്ഞു; നിങ്ങൾ കാട് കാണുന്നില്ല, മരം കാണുന്നില്ല, മരത്തിന്റെ ചെറിയൊരു കഷ്ണം മാത്രമേ കാണുന്നുള്ളൂ. പോകപ്പോകേ നിങ്ങൾ ആ മരത്തിന്റെ ചെറിയ കഷ്ണത്തിന്റെ ഒരു സൂക്ഷ്മാണുവിനെ മാത്രം കാണുന്ന അതായത് ഒരു കസേരയെ മാത്രം കാണുന്ന തരത്തിലേയ്ക്ക് കേരളത്തിലെ കോൺഗ്രസ് നേതൃത്വം തരംതാണിരിക്കുന്നു. യഥാർത്ഥത്തിൽ ഇന്ത്യയിലെ ബി.ജെ.പി. വിരുദ്ധ മുന്നണിയെ ദുർബലപ്പെടുത്തുന്ന ഘടകം കേരളത്തിലെ കോൺഗ്രസിന്റെ നേതൃത്വമാണ്. ദൗർഭാഗ്യവശാൽ കേരളത്തിലെ കോൺഗ്രസിന്റെ

നേതൃത്വമാണ് ഡിഫാക്റ്റോ ഹൈകമാൻഡ് (de facto high command).

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്ത്യയിലെ കോൺഗ്രസ് മുൻകൈ എടുത്തുതന്നെയാണ് ഇന്ത്യാ മുന്നണി രൂപീകരിച്ചത്. അത് കേന്ദ്ര നയങ്ങൾക്കെതിരായും കേന്ദ്രത്തിലെ ഗവൺമെന്റിന്റെയും അതിന് നേതൃത്വം കൊടുക്കുന്ന ശ്രീ. നരേന്ദ്ര മോദിയുടേയും നയങ്ങൾക്കെതിരായിട്ട് തന്നെയാണ്. വരാൻ പോകുന്ന 'കോമൺ മിനിമം പ്രോഗ്രാമി'ൽ ഇത്തരം വിഷയങ്ങളായിരിക്കും കൂടുതൽ ഉയർന്നുവരുന്നത്. ഇതിനെ ശ്രീ. പി. രാജീവ് പറഞ്ഞുപറഞ്ഞ് നിങ്ങൾ മാത്രമാണിത് ചെയ്യുന്നതെന്ന് വരുത്തി തീർക്കാൻ ശ്രമിക്കുന്നത് ശരിയായ കാര്യമല്ല. ഈ രാജ്യത്ത് ശ്രീ. നരേന്ദ്ര മോദിയുടെ പത്ത് വർഷത്തെ ഭരണത്തിനെതിരായി ഏറ്റവും വലിയ പോരാട്ടം നടത്തിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് തന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് ഞങ്ങൾ ഇന്ത്യാ മുന്നണി രൂപീകരിച്ചത്. ഞങ്ങൾ സ്വീകരിക്കുന്ന നിലപാട് ശരിയല്ലെന്ന് പറയാനുള്ള അവകാശം അങ്ങേയ്ക്കുണ്ട്. പക്ഷേ, സത്യത്തെ സത്യമായി കാണാൻ തയ്യാറാകണം.

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തിൽ

ഞാൻ തർക്കമൊന്നും ഉന്നയിച്ചില്ലല്ലോ, ആ പോയിന്റുകളോട് മുൻ പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ മനസ്സിൽ തട്ടി പറഞ്ഞതാണ്. അതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അങ്ങ് പറഞ്ഞത് എന്താണ്, ഇന്ത്യയെന്ന സംവിധാനത്തിന്റെ പൊതു മിനിമം പരിപാടിയിൽ ഈ പ്രശ്നം ഗൗരവമായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നാണ്. അത് നല്ല കാര്യം തന്നെയാണ്. നിങ്ങളത് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഒരു ദിവസം രാവിലെ എഴുന്നേറ്റ് പരിപാടി പ്രഖ്യാപിക്കുകയാണോ വേണ്ടത്. അതോ സമരം നടത്തിക്കൊണ്ട് ജനങ്ങളുടെ പൊതുബോധത്തിലേയ്ക്ക് ഈ പ്രശ്നത്തെ കൊണ്ടുവരികയാണോ ചെയ്യേണ്ടത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഫിനാൻസ് കമ്മീഷൻ മുമ്പാകെ കേരളത്തിലെ കോൺഗ്രസും കേരളത്തിലെ പ്രതിപക്ഷ കക്ഷികളും നിങ്ങൾ ഇപ്പോൾ ഉന്നയിച്ച ഇതേ വിഷയങ്ങൾ തന്നെ ഉന്നയിച്ചിട്ടുണ്ട്. പോപ്പുലേഷന്റെ ഏത് വർഷം എടുക്കണമെന്നത് ഞങ്ങൾ ഉന്നയിച്ച കാര്യമാണ്. അല്ലാതെ ഇത് പുതിയതായി പറയുന്ന കാര്യമല്ല.

<u>ശ്രീ. പി. രാജീവ്</u>: സർ, ഞാൻ ചരിത്രത്തെക്കുറിച്ചല്ല പറയുന്നത്. നിലവിലെ സാഹചര്യത്തിൽ ഏറ്റവും ചുരുങ്ങിയത് നിങ്ങളുടെ സംസ്ഥാന

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന സമരത്തിലെങ്കിലും നിങ്ങൾ പങ്കെടുക്കേണ്ടതായിരുന്നില്ലേ, അതെങ്കിലും നിങ്ങൾക്ക് ചെയ്യാമായിരുന്നില്ലേ; നിങ്ങൾ ഞങ്ങളുടെ കൂടെ വരേണ്ട. ആ തീരുമാനം തെറ്റായിപ്പോയെന്ന് അങ്ങേയ്ക്ക് മനസ്സിലാകുന്നുണ്ടെന്ന് എനിക്കറിയാം. അതിന് ഞാൻ അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു.

ബി.ജെ.പി. വിരുദ്ധ ലീഗിന്റെ ഒരു സമീപനം വരുന്നുണ്ടെന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞങ്ങളും ബി.ജെ.പി.-യും തമ്മിൽ ധാരണ, ഈ വിഷയങ്ങൾ സംബന്ധിച്ച് നമ്മൾ മുമ്പ് കുറെ സംസാരിച്ചിട്ടുള്ളതാണ്. യഥാർത്ഥത്തിൽ ഇന്ത്യയിലെ ബി.ജെ.പി. വിരുദ്ധ മുന്നണിയെ ദുർബ്ബലപ്പെടുത്തുന്ന ഘടകം കേരളത്തിലെ കോൺഗ്രസിന്റെ ഒരു വിഭാഗം നേതാക്കന്മാരാണ്. മുസ്ലീം ലീഗിന് യു.ഡി.എഫ്. ബന്ധം ഒരു തടസ്സമായി മാറിയിരിക്കുന്നു. അത് നിങ്ങൾക്ക് ഒരു ബാധ്യതയായി മാറിയിരിക്കുന്നു. ഇവിടെ സൂചിപ്പിച്ച ബാബറി മസ്ജിദ് തകർച്ച, ആ വികാരത്തെ നമ്മൾ മാനിക്കുന്നു. ചരിത്രം അവിടെ നിൽക്കട്ടെ. അയോധ്യയിൽ രാമക്ഷേത്രത്തിന്റെ ഉദ്ഘാടനം. ആ ഉദ്ഘാടനത്തെ സംബന്ധിച്ചുള്ള വാർത്ത വന്നപ്പോൾ മോദിക്കല്ല അവകാശം ഞങ്ങൾക്കാണ് അവകാശം

എന്ന ശ്രീ. കമൽനാഥിന്റെ ഒരു സ്റ്റേറ്റ്മെന്റ് വന്നു. ജവഹർലാൽ നെഹ്റു സരയൂ നദിയിലേയ്ക്ക് വലിച്ചെറിയണം ഈ താക്കോലുകൾ ആർക്കും ഒരിക്കലും കണ്ടുപിടിക്കാൻ പോലും കഴിയാത്ത രൂപത്തിലെറിയണമെന്ന് പറഞ്ഞ ആ തോക്കോലിട്ട് പൂട്ടിയ സ്ഥലം വീണ്ടും തുറന്ന് ശിലാന്യാസത്തിന് അനുമതി നൽകിയത് ശ്രീ. രാജീവ് ഗാന്ധിയാണ്. അതുകൊണ്ട് അയോധ്യയിലെ രാമക്ഷേത്രത്തിന്റെ ക്രഡിറ്റ് ആദ്യം കൊടുക്കേണ്ടത് രാജീവ് ഗാന്ധിക്കാണെന്ന് പറയുന്നത് ഇപ്പോൾ കയ്യാലപ്പുറത്തിരിക്കുന്ന ശ്രീ. കമൽ നാഥാണ്. മധ്യപ്രദേശിൽ നിങ്ങളുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായിരുന്നില്ലേ? നിങ്ങളുടെ പാർട്ടിയുടെ അവസ്ഥ ഒന്ന് പരിശോധിച്ചുനോക്കൂ. മധ്യപ്രദേശ് എന്ന സംസ്ഥാനത്ത് നിങ്ങളെ നയിച്ചൊരാൾ, തെരഞ്ഞെടുപ്പ് നയിക്കുകയും മുഖ്യമന്ത്രി സ്ഥാനാർത്ഥിയായിരിക്കുകയും അവിടത്തെ പി.സി.സി. പ്രസിഡന്റുമായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയെപ്പോലെ എത്രയോ കാലത്തെ ചരിത്രമുള്ളയാൾ ഇപ്പോൾ എവിടെയാണ് നിൽക്കുന്നതെന്ന് ആർക്കെങ്കിലും ഉറപ്പുണ്ടോ? ബി.ജെ.പി.-യിലേയ്ക്ക് പോകില്ലെന്ന് ഉറപ്പുണ്ടെങ്കിൽ പറഞ്ഞുകൊള്ളുക, ഞങ്ങൾക്ക് സന്തോഷമേയുള്ളൂ.

കോൺഗ്രസിൽ തന്നെയാണെന്ന് ഉറപ്പിച്ചുപറഞ്ഞാൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. വെള്ളി ഇഷ്ടികയല്ലേ ശ്രീ. കമൽനാഥ് കൊടുത്തുവിട്ടത്. നിങ്ങൾക്ക് ഇതാലോചിച്ചിട്ട് യു.ഡി.എഫ്.-നകത്ത് ഇരിപ്പുറയ്ക്കുന്നുണ്ടോ? നിങ്ങൾ ശരിക്കും അസ്വസ്ഥമല്ലേ. അതല്ല ശ്രീ. കമൽനാഥ് കൊടുത്തുവിട്ടത് ശരിയാണെന്ന് കരുതുന്ന ആളുകളുടെ ചിന്ത മുസ്ലീം ലീഗിനകത്ത് ശക്തിപ്പെട്ട് വരുന്നുണ്ടെന്നതിന്റെ തെളിവാണ് കേരളത്തിൽ ദേശാഭിമാനിയും മാധ്യമവും ഉൾപ്പെടെയുള്ള പത്രങ്ങളിൽ ബാബറിപ്പള്ളി തകർത്തിടത്താണ് രാമക്ഷേത്രം പണിയുന്നതെന്ന് കൃത്യമായ വാർത്ത കൊടുത്തപ്പോൾ അങ്ങനെ പരാമർശിക്കാത്തൊരു പത്രം ചന്ദ്രികയാണ്. ചന്ദ്രികയ്ക്ക് അതിന് എങ്ങനെ കഴിഞ്ഞു; ചന്ദ്രികയ്ക്ക് ചരിത്രം ഓർമ്മയില്ലേ? തെറ്റ് പറ്റിയതായിരിക്കും അത് പരിശോധിക്കുമെന്ന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞു. അദ്ദേഹം അത്രയെങ്കിലും പറഞ്ഞു. നിങ്ങൾ ഒരു കാര്യം കൂടി മനസ്സിലാക്കണം. ഞങ്ങൾ പിന്തുണച്ചു, ആരും പിന്തുണച്ചിട്ടില്ല എന്ന ബി.ജെ.പി. ബന്ധത്തെക്കുറിച്ച് ഇവിടെ പറഞ്ഞില്ലേ. ഞാൻ നേരത്തെ ഇവിടെ പറഞ്ഞിട്ടുണ്ട്, ഈ രാജ്യത്തിന്റെ പാർലമെന്റിൽ ഒരേയൊരു തവണ മാത്രമേ 'മതനിരപേക്ഷതയ്ക്കൊപ്പമോ വർഗ്ഗീയതയ്ക്കൊപ്പമോ' എന്ന

ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസ വോട്ടെടുപ്പ് നടന്നിട്ടുള്ളൂ. അത് ബാബറി മസ്ജിദ് തകർക്കാൻ, രാമക്ഷേത്രം പണിയാൻ ശ്രീ. എൽ. കെ. അദ്വാനിയുടെ രഥയാത്ര. ഇന്ത്യയിൽ ഇടതുപക്ഷം കഴിഞ്ഞാൽ ബി.ജെ.പി. മന്ത്രിസഭയുടെ ഭാഗമാകാതിരുന്നിട്ടുള്ള കോൺഗ്രസ് അല്ലാത്തൊരു പാർട്ടി ആർ.ജെ.ഡി. ആണ്. ശ്രീ. ലാലു പ്രസാദ് യാദവാണ് മുഖ്യമന്ത്രി, അദ്ദേഹം അത് തടഞ്ഞു. തടഞ്ഞാൽ ഭരണം പോകുമെന്നുറപ്പാണ്. ബി.ജെ.പി. പിന്തുണ പിൻവലിക്കുകയും വി. പി. സിംഗ് മന്ത്രിസഭ ന്യൂനപക്ഷമാകുകയും ചെയ്തു. അങ്ങനെ ന്യൂനപക്ഷമായത് രഥയാത്രയെ തടഞ്ഞതുകൊണ്ട് മാത്രമാണ്. അപ്പോൾ രഥയാത്രയെ തടഞ്ഞതിന്റെ പേരിൽ ന്യൂനപക്ഷമായൊരു മന്ത്രിസഭയെ മതനിരപേക്ഷ നിലപാടുള്ള കോൺഗ്രസ് പിന്തുണയ്ക്കേണ്ടേ? ആ ചോദ്യത്തിന്മേൽ വിശ്വാസവോട്ടെടുപ്പ് നടന്നു. ആ വിശ്വാസ വോട്ടെടുപ്പിൽ ഇന്ത്യയിൽ ബി.ജെ.പി.-യും കോൺഗ്രസും ഒന്നിച്ച് വോട്ടുചെയ്താണ് വി. പി. സിംഗ് മന്ത്രിസഭയെ അധികാരത്തിൽനിന്നും താഴെ ഇറക്കിയത്. നിങ്ങൾ ഒന്നിച്ചാണ് വോട്ട് ചെയ്തത്. അത് ചരിത്രത്തിന്റെ ഭാഗമാണ്. ആ വിശ്വാസവോട്ടെടുപ്പിൽ നിങ്ങൾ ഒന്നിച്ച് വോട്ടുചെയ്തു. ഈ ചരിത്രം മറക്കരുത്. ഞാൻ അധിക സമയം എടുക്കുന്നില്ല. ഇത്

ചരിത്രത്തിന്റെ ഭാഗമാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, .......

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... മിനിസ്റ്റർ വഴങ്ങേണ്ട.

ശ്രീ. പി. രാജീവ്: സർ, മറ്റൊരു കാര്യം,

മി. സ്പീക്കർ: മിനിസ്റ്റർ പ്ലീസ്... പ്ലീസ്...സമയ പരിധിയുണ്ട്. Ignore the comments.

ശ്രീ. ടി. സിദ്ദിഖ്: സർ, .....

ശ്രീ. പി. രാജീവ്: സർ, ഇവിടത്തെ narrative എന്താണ്? ബഹുമാനപ്പെട്ട ശ്രീ. ടി. സിദ്ദിഖ് ബഹളം വയ്ക്കേണ്ട, ഞാൻ മറുപടി പറയട്ടെ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഓരോന്നിനായി മറുപടി പറഞ്ഞാൽ സഭ പിരിയാൻ 8.00 മണിയാകും. ചില കമൻസ് ignore ചെയ്യുന്നതായിരിക്കും ഉചിതം.

ശ്രീ. പി. രാജീവ്: സർ, ഞങ്ങളും ബി.ജെ.പി.-യും ഒന്നിച്ച് പിന്തുണച്ചതോടുകൂടിയാണ് രണ്ട് സീറ്റ് മാത്രമുണ്ടായിരുന്ന ബി.ജെ.പി. ഇന്ത്യയിൽ അധികാരത്തിലേയ്ക്ക് വരികയും വളർച്ചപ്രാപിച്ചതും. ഇതാണ്

narrative. ആത്മരതിക്കും ആത്മസംതൃപ്തിക്കും പറ്റിയ narrative ആണ്. 1952-ൽ ഇന്ത്യയിലെ ആദ്യത്തെ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഹിന്ദുത്വ ശക്തികൾക്ക് പത്ത് സീറ്റുണ്ട്. ശ്യാമ പ്രസാദ് മുഖർജി ഇടക്കാല മന്ത്രിസഭയിൽ മന്ത്രിയായിരുന്നു. 1967-ൽ ജനസംഘത്തിന് 35 സീറ്റുണ്ട്. ഞങ്ങളും ഇവരും വി. പി. സിംഗിനെ പിന്തുണയ്ക്കുന്നു. അഴിമതിക്കെതിരായ സർക്കാരായതിനാൽ ഞങ്ങളും നിലപാടുകൾ സ്വീകരിച്ചു. ബി.ജെ.പി. മന്ത്രിസഭയുടെ ഭാഗമാകാൻ പാടില്ല എന്ന ഒറ്റ നിലപാടിന്റെ പേരിൽ ഞങ്ങൾ പിന്തുണകൊടുത്തു. അന്ന് രണ്ട് സീറ്റല്ല, 85 സീറ്റാണ് ബി.ജെ.പി.-ക്കുണ്ടായിരുന്നത്. പുറത്തുനിന്ന് ഞങ്ങൾ പിന്തുണയ്ക്കുന്നു. അങ്ങനെ പിന്തുണയ്ക്കുന്ന ഗവൺമെന്റിനെ ആ സന്ദർഭത്തിൽ തന്നെ അട്ടിമറിക്കാനാണ് ബി.ജെ.പി-യുടെ രഥയാത്ര. ബി.ജ.പി.-യുടെ ആ രഥയാത്രയെ വി. പി. സിംഗിന്റെ നിർദ്ദേശപ്രകാരം ശ്രീ. ലാലു പ്രസാദ് യാദവ് അറസ്റ്റ് ചെയ്യുന്നു. അറസ്റ്റ് ചെയ്തതിനെ തുടർന്ന് ബി.ജെ.പി. പിന്തുണ പിൻവലിച്ചു. ഞങ്ങൾ ചരിത്രം പറയുമ്പോൾ, ഉള്ളത് പറയുമ്പോൾ തുള്ളൽ വന്നിട്ട് കാര്യമില്ല. (......ബഹളം.....) കോൺഗ്രസും ബി.ജെ.പി.-യും ഇന്ത്യൻ പാർലമെന്റിൽ ഒന്നിച്ച് വോട്ട് ചെയ്താണ് രാമക്ഷേത്രം പണിയുന്നതിനും

ബാബറി മസ്ജിദ് തകർക്കുന്നതിനും വേണ്ടിവന്ന രഥയാത്രയെ തടഞ്ഞതിന്റെ പേരിൽ മാത്രം ന്യൂനപക്ഷമായ വി. പി. സിംഗിനെ അധികാരത്തിൽനിന്ന് താഴെയിറക്കിയത്. ആ താഴെയിറക്കലാണ് ബി.ജെ.പി.-ക്ക് അടുത്ത തവണ ഭൂരിപക്ഷമുണ്ടാക്കുന്ന നിലയിലേയ്ക്കെത്തിയത്. ഇന്ത്യയുടെ രാഷ്ട്രീയത്തിൽ കോൺഗ്രസാണ് ബി.ജെ.പി.-ക്കുള്ള അനുകൂല സാഹചര്യമൊരുക്കിയത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട കൽപ്പറ്റ അംഗം പറയുന്നതല്ലല്ലോ ശ്രീ. കമൽനാഥ് പറഞ്ഞത്; രാമക്ഷേത്ര നിർമ്മാണത്തിന് ഞങ്ങൾക്കാണ് ക്രഡിറ്റെന്നാണ് ശ്രീ. കമൽനാഥ് പറഞ്ഞത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ആദ്യം മുതൽ അങ്ങയുടെയൊരു narrative ശ്രദ്ധിക്കുകയാണ്. ഇലക്ഷൻ നടക്കാൻ പോകുകയാണല്ലോ; നമ്മുടെ രാജ്യത്ത് ബി.ജെ.പി. നടത്തിക്കൊണ്ടിരിക്കുന്നത് വിദ്വേഷത്തിന്റെ ക്യാമ്പയിനാണെന്ന് എല്ലാവർക്കുമറിയാം. ജാതിയുടെയും മതത്തിന്റെയും പേരിൽ ആളുകളെ ഭിന്നിപ്പിച്ച് വോട്ട് നേടാനുള്ള ശ്രമമാണ് നടക്കുന്നത്. അതിനെതിരായി ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഭാരതത്തെ ഒന്നിപ്പിക്കാനുള്ള

ക്യാമ്പയിനാണ് നടത്തുന്നത്. ബി.ജെ.പി. ഒരു രാഷ്ട്രീയ ധ്രുവീകരണമുണ്ടാക്കുകയല്ല, മറിച്ച് കമ്മ്യൂണലായ ഒരു പോളറൈസേഷനുണ്ടാക്കുകയാണ് ചെയ്യുന്നത്. ആളുകളെ ഭിന്നിപ്പിച്ച് വർഗ്ഗീയമായ ധ്രുവീകരണമുണ്ടാക്കുക എന്നതാണ് അവരുടെ തന്ത്രം. ഞങ്ങൾ രാഷ്ട്രീയമായ ധ്രുവീകരണമുണ്ടാക്കി ഫാസിസത്തിനെതിരായ പ്ലാറ്റ്ഫോമുണ്ടാക്കുകയാണ്. അതാണ് ഞങ്ങൾ ഇന്ത്യ മുന്നണിക്ക് മുൻകയ്യെടുത്തത്. കേരളത്തിലെ രാഷ്ട്രീയം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ, ബി.ജെ.പി. ദേശീയതലത്തിൽ ചെയ്യുന്ന അതേ വർഗ്ഗീയധ്രുവീകരണം ഈ സംസ്ഥാനത്തുണ്ടാക്കാനായി ന്യൂനപക്ഷത്തിന്റെ വോട്ട് കേരളത്തിൽ ലഭിക്കുന്നതിനുവേണ്ടിയുള്ള വിലകുറഞ്ഞ വർഗ്ഗീയധ്രുവീകരണത്തിനുവേണ്ടി തന്നെയാണ് നിങ്ങൾ ശ്രമിക്കുന്നതെന്ന് ഞങ്ങൾ പറഞ്ഞാൽ തെറ്റ് പറയാൻ കഴിയുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി ഇതിനുംകൂടി ചേർത്ത് മറുപടി പറഞ്ഞാൽ മതി. ചന്ദ്രികാ പത്രത്തിനെക്കുറിച്ച് നേരത്തെ ഇവിടെ പറഞ്ഞു. പത്രത്തിൽ ഒരു ദിവസം വാർത്ത കൊടുത്തില്ലെങ്കിൽ അടുത്ത ദിവസം വാർത്ത കൊടുക്കും. ഞങ്ങളിപ്പോൾ മുന്നണിയാണ്.

ആദ്യം മുതൽതന്നെ മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം ഈ വക കാര്യങ്ങളിലൊക്കെ വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഞങ്ങൾ വെള്ളത്തിൽ തീപിടിപ്പിക്കുന്നതുപോലെ വർഗ്ഗീയത വളർത്താൻ ഇടയാക്കുന്ന തരത്തിൽ എക്സ്ട്രീമായി പറയുകയില്ല. രാമക്ഷേത്ര വിഷയത്തിൽ ബി.ജെ.പി. വർഗ്ഗീയത പരത്താൻ നോക്കുകയാണെന്ന് പറയേണ്ട സ്ഥലത്ത് പറയാതിരുന്നിട്ടില്ല. പാർലമെന്റിൽ ഇത്തവണ ഞങ്ങളുടെ മെമ്പർമാർ അത് പറയുകയും ചെയ്തു. ഇന്ത്യയിൽ കോൺഗ്രസിന് ഇതുപോലുള്ള ധാരാളം പ്രശ്നങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കോൺഗ്രസ് ചർച്ച ചെയ്ത് പറയാനുള്ളത് പറഞ്ഞശേഷം വാക്കൗട്ട് നടത്തി. ഞങ്ങൾ നേരിട്ട് വാക്കൗട്ട് നടത്തി. അത് ജോയിന്റ് പാർലമെന്ററി പാർട്ടിയിലെടുത്ത സ്റ്റാന്റാണ്. സ്റ്റാന്റ് എടുക്കേണ്ട സ്ഥലത്ത് എടുക്കുന്നുണ്ട്. പക്ഷെ വർഗ്ഗീയത വളർത്താനിടയാക്കുന്ന തരത്തിലുള്ള ഒരു പ്രവൃത്തിയും ചെയ്യില്ല എന്നത് പണ്ട് മുതലേ ഞങ്ങളുടെ സ്റ്റാന്റാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് പത്രത്തിൽ വന്നകാര്യം പറഞ്ഞത് ചെറിയ തെറ്റല്ല. കേരളത്തിലെ പത്രങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. പ്രധാനപ്പെട്ട ഒരു പത്രത്തിൽ ഒരു മാസംമുമ്പ് ഗ്യാൻവ്യാപി

മസ്ജിദ് എന്നെഴുതിയത് ഇപ്പോൾ എഴുതുന്നത് ഗ്യാൻവ്യാപി സമുച്ചയമെന്നാണ്. അത് പത്രത്തിന്റെ തെറ്റാണെന്ന് അങ്ങ് കാണുന്നുണ്ടോ? ഇതാണ് ശ്രീ. എൻ. എസ്. മാധവൻ തിരുത്തലിലൂടെ എഴുതിയത്. ബാബരി മസ്ജിദ് എന്നത് മാറ്റി ബാബരി തർക്ക മന്ദിരം എന്നാക്കി. തർക്ക മന്ദിരത്തിൽ തർക്കമുള്ളതാണ്, അതിനെ ആർക്കും തകർക്കാം. പത്രത്തിന്റെ തെറ്റിൽ ബോധം രൂപപ്പെട്ട് വരുന്നുണ്ടെന്ന് അങ്ങ് കാണണം. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നതല്ല. കോൺഗ്രസിന് പല പ്രശ്നങ്ങളുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ശ്രീ. കമൽനാഥിനെ പോലുള്ളവർ വെള്ളി ഇഷ്ടികയായി കൊടുക്കുന്നു. അപ്പോൾ നിങ്ങൾ പറഞ്ഞാലും കേരളത്തിലെ കോൺഗ്രസ് നിൽക്കുമോ; അയോധ്യയുടെ വിഷയവുമായി ബന്ധപ്പെട്ട് മുസ്ലീംലീഗിന് പറയേണ്ട ഉത്തരവാദിത്വമുണ്ട്, വെള്ളത്തിന് തീ പിടിപ്പിക്കേണ്ടതില്ല. രാമക്ഷേത്രത്തിന്റെ ഉദ്ഘാടന സന്ദർഭത്തിൽ ഹിമാചൽപ്രദേശിൽ കോൺഗ്രസ് ഗവൺമെന്റ് അവധി കൊടുത്തതിനെ നിങ്ങൾ പിന്തുണയ്ക്കുന്നുണ്ടോ? കോൺഗ്രസിന്റെ കേരളത്തിലെ ബന്ധം നിങ്ങൾക്കൊരു ബാധ്യതയായി മാറിയിരിക്കുന്നു. മുസ്ലീംലീഗിനുള്ളിൽ ഇതൊരു ബാധ്യതയാണെന്ന് നിങ്ങളും മനസ്സിലാക്കുന്നുണ്ട്.

പാലക്കാട് ജില്ലയിലെ അംഗമായ ശ്രീ. ഷാഫി പറമ്പിൽ നിങ്ങളുടെ ഭരണകാലത്തെ കമ്പ്യൂട്ടറുകളെക്കുറിച്ച് പറഞ്ഞപ്പോൾ അതിന് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞതാണ്. ചരിത്രത്തിൽ ലീഗിനെ ചത്ത കുതിരയെന്ന് വിളിച്ചതാരാണ്; തൊപ്പി ഊരിവച്ചശേഷം സ്പീക്കറിന്റെ കസേരയിൽ മുസ്ലീംലീഗിന്റെ ആളുകൾ ഇരുന്നാൽ മതിയെന്ന് പറഞ്ഞത് ഞങ്ങളല്ലല്ലോ; അദ്ദേഹം പറഞ്ഞത് എന്താണ്, മുമ്പേ ഞങ്ങൾ കണ്ടിരുന്നു, നിങ്ങൾ കണ്ടിരുന്നില്ലായെന്നാണ്. മുൻ പ്രതിപക്ഷനേതാവിന്റെ ആ സഹായത്തിന് പ്രത്യേക നന്ദി. അദ്ദേഹം പറഞ്ഞ് അത് തന്നെയാണ് മുമ്പേ ഞങ്ങൾ ലീഗിനെ വളരെ കൃത്യമായി കണ്ടിരുന്നു, നിങ്ങൾ കണ്ടിരുന്നില്ല, ഇപ്പോൾ കണ്ടു. ഇപ്പോൾ ചരിത്രം അങ്ങ് ഓർമ്മിപ്പിച്ചല്ലോ.

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. എം. വി. രാഘവനെ പാർട്ടിയിൽനിന്ന് പുറത്താക്കിയില്ലേ?

ശ്രീ. പി. രാജീവ്: സർ, നമ്മൾ ഇത് പറയുമ്പോൾ മറ്റ് കാര്യങ്ങളാണ് പ്രതിപക്ഷനേതാവ് പറയുന്നത്. രാഷ്ട്രീയമായ പല കാര്യങ്ങളും നമ്മൾ ഗൗരവമായി കാണേണ്ടതുണ്ട്. പുതിയതായി കെട്ടിടമോ ക്ഷേത്രമോ പണിയുമ്പോൾ തറ ഒരുക്കി കൊടുക്കാറുണ്ട്. ആ തറ ഒരുക്കിയ ആൾക്ക്

ഭാരതരത്ന അവാർഡ് ഇപ്പോൾ നൽകിയിട്ടുണ്ട്. ബാബറി മസ്ജിദ് ഈ രാജ്യത്തിന്റെ മതനിരപേക്ഷതയുടെ പ്രതീകമായിരുന്ന കെട്ടിടത്തെ ആൾക്കൂട്ടത്തിന്റെ ഫാസിസ്റ്റ് മനഃശാസ്ത്രമുപയോഗിച്ച് തകർത്ത് തരിപ്പണമാക്കി ഉന്മാദ നൃത്തം ചവിട്ടിയപ്പോൾ ഡൽഹിയിലെ പ്രധാനമന്ത്രി കസേരയിൽ മൗനത്തോടെ ഇരുന്നയാളുടെ പേരാണ് പി. വി. നരസിംഹ റാവു. നിങ്ങൾക്ക് അത് നിഷേധിക്കാൻ കഴിയുമോ; ദേശീയോദ്ഗ്രഥന കൗൺസിൽ ചേർന്നു. ഹർകിഷൻ സിംഗ് സുർജിത് ആ യോഗത്തിൽ പങ്കെടുത്തു. അദ്ദേഹം പറഞ്ഞു, ഞങ്ങൾ ആർട്ടിക്കിൾ 356 പ്രയോഗിക്കുന്നതിന് എതിരാണോ; പക്ഷെ ഈ രാജ്യത്തിന്റെ ഭരണഘടനയും മതനിരപേക്ഷതയും സംരക്ഷിക്കണം. നിങ്ങൾക്ക് കല്യാൺ സിംഗിന്റെ ഗവൺമെന്റിനെ പിരിച്ചുവിടാം. ഈ ദേശീയോദ്ഗ്രഥന കൗൺസിലിൽ ഏതറ്റം വരെ പോകാനും, ബ്ലാങ്ക് ചെക്ക് പ്രധാനമന്ത്രിക്ക് നൽകി. നിങ്ങൾ നിശബ്ദമായി, ബാബറി മസ്ജിദ് തകർത്ത് തരിപ്പണമാക്കുന്നതുവരെ കേന്ദ്രസേന ബാരറ്റുകൾക്ക് അകത്ത് ഒരു നിർദ്ദേശത്തിനുവേണ്ടി കാത്തിരുന്നു. ബാബറി മസ്ജിദ് തകർത്ത് ക്ഷേത്രം പണിയുന്നതിന് തറ ഒരുക്കികൊടുത്തതിന് പി. വി. നരസിംഹ റാവുവിന്

ഭാരതരത്ന നൽകി. ഇത് അല്ലേ ചരിത്രം; അയോധ്യ ക്ഷേത്രത്തിന്റെ ഉദ്ഘാടനത്തിന് പ്രധാനമന്ത്രി പോകുന്നത് തെറ്റാണെന്ന് ഞങ്ങൾ പറഞ്ഞു. പാർലമെന്റിന്റെ ഉദ്ഘാടനം ഒരു മതവിഭാഗത്തിന്റെ ആചാരങ്ങൾക്കനുസരിച്ച് സന്യാസിമാരുടെ നേതൃത്വത്തിൽ നടക്കുന്നത് തെറ്റാണ്. ഈ രാജ്യത്തിന്റെ ഭരണഘടന, മതനിരപേക്ഷത, ഭരണകൂടം, മതം എന്നിവയ്ക്ക് അതിർവരമ്പുകളുണ്ട്. ഈ രാജ്യം സ്വതന്ത്രമായി. സർദാർ വല്ലഭായ് പട്ടേലും സ്വാമനാഥ ക്ഷേത്രത്തിലെ ട്രസ്റ്റിന്റെ പ്രസിഡന്റും മഹാത്മാഗാന്ധിയെ പോയി കണ്ട് സ്വാമനാഥക്ഷേത്രം പുതുക്കി പണിയണമെന്ന് പറഞ്ഞു. അത് നിർമ്മിച്ചുകൊള്ളുക, പക്ഷേ ഗവൺമെന്റിന്റെ പണമുപയോഗിക്കരുതെന്ന് ഗാന്ധിജി പറഞ്ഞു. പുതുക്കി പണിതപ്പോൾ സർദാർ വല്ലഭായ് പട്ടേൽ മരണപ്പെട്ടു. ഉദ്ഘാടനത്തിന് രാജേന്ദ്ര പ്രസാദിനെ വിളിച്ചു. അദ്ദേഹത്തിന് നെഹ്റു കത്ത് എഴുതി. അങ്ങ് ഈ രാജ്യത്തെ ഒന്നാമത്തെ പൗരനാണ്, ക്ഷേത്രം പണിതതിനോട് തന്നെ എനിക്ക് യോജിപ്പില്ല, എന്നാൽ പണിതുപോയി. അങ്ങ് ഉദ്ഘാടനത്തിന് പോകരുതെന്ന് നെഹ്റു പറഞ്ഞു. ആ നെഹ്റു പറഞ്ഞത് ഓർത്ത് പറയാൻ കോൺഗ്രസിന് എത്രനാൾ കാത്തിരിക്കേണ്ടിവന്നു. ശ്രീ. സീതാറാം

യച്ചൂരിക്ക് അയോധ്യയിലേയ്ക്ക് ക്ഷണം ലഭിച്ചപ്പോൾ പങ്കെടുക്കുന്നില്ലെന്ന് അടുത്ത നിമിഷം പറഞ്ഞില്ലേ; ഞങ്ങൾ വിശ്വാസങ്ങൾക്ക് എതിരല്ല. ഏതൊരു വിശ്വാസിക്കും അവരവരുടെ വിശ്വാസം, വിചാരം, ആചാരം, അനുഷ്ഠാനം എന്നിവയനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി അവസാന രക്തംവരെ നൽകുവാൻ തയ്യാറുള്ളവരാണ് ഇടതുപക്ഷം. പക്ഷേ നിങ്ങൾ വിശ്വാസത്തെ അധികാരത്തിനുവേണ്ടി വിനിയോഗിക്കുന്നു. ഞങ്ങൾ അതിന് എതിരാണ്. അത് വർഗ്ഗീയത ആയതുകൊണ്ട് ഞങ്ങൾ പറഞ്ഞു. രാജസ്ഥാൻ, മധ്യപ്രദേശ്, ചത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞശേഷമേ ഒരു നിലപാട് സ്വീകരിക്കുകയുള്ളൂവെന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതാണ് ശരി. അങ്ങ് പറഞ്ഞത് ശരിയാണ്. അവിടെ മൃദുഹിന്ദുത്വ നിലപാടെടുത്ത് നിൽക്കുമ്പോൾ ഞങ്ങൾ ഉദ്ഘാടനത്തിന് പോകുന്നില്ലെന്ന് എങ്ങനെ പറയും; അത് അവിടത്തെ വോട്ടിനെ ബാധിക്കും. താൽക്കാലിക നേട്ടങ്ങൾക്കായി, മൃദുഹിന്ദുത്വംകൊണ്ട് നിങ്ങൾക്ക് തീവ്രഹിന്ദുത്വത്തെ നേരിടാൻ കഴിയില്ല. അതുകൊണ്ട് മുസ്ലീംലീഗ് ഈ ബാധ്യതയെന്താണെന്ന് അധികം വൈകാതെതന്നെ തിരിച്ചറിയേണ്ടി വരുമെന്നാണ് ഞാൻ കരുതുന്നത്.

ബഹുമാന്യനായ പെരുമ്പാവൂർ അംഗം ഈ സഭയിലില്ലാത്ത ശ്രീ. എ. എം. ആരിഫ് എം.പി.-യെക്കുറിച്ച് തെറ്റായ ഒരു പരാമർശം നടത്തുകയുണ്ടായി. സഭയിൽ വായ പോലും തുറക്കാത്ത എം.പി. എന്നാണ് പെരുമ്പാവൂർ അംഗം അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത്. അദ്ദേഹം വാലന്റൈൻസ് ഡേ എന്നൊക്കെ പറഞ്ഞ് വളരെ മൃദുലചിത്തനായാണ് കാര്യങ്ങൾ അവതരിപ്പിച്ചതെങ്കിലും അത് രേഖയിൽ കിടക്കും. നാമെല്ലാം പത്രം വായിക്കുന്നവരാണ്. ശ്രീ. എ. എം. ആരിഫിന്റെ ഡിബേറ്റ് 113-ഉം സ്റ്റേറ്റ് ആവറേജ് 78-ഉം ആയതിനാൽ അത് അങ്ങേയ്ക്ക് തെറ്റിപ്പോയതാകാനാണ് സാധ്യതയെന്ന് തോന്നുന്നു. ശ്രീ. രാഹുൽ ഗാന്ധിയുടേത് 8 ഡിബേറ്റാണ്. യഥാർത്ഥത്തിൽ ശ്രീ. രാഹുൽ ഗാന്ധി എഴുന്നേറ്റ് നിന്നാൽ അദ്ദേഹത്തിന് പ്രസംഗിക്കാനായി അനുവാദം ലഭിക്കില്ലേ; ശ്രീ. രാഹുൽ ഗാന്ധിയുടെ ഡിബേറ്റ് കുറവാണെന്ന് ഈ സഭയിൽ പറയാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ല. പക്ഷേ തീർത്തും തെറ്റായ ഒരു കാര്യം പറയുകയും അതിൽത്തന്നെ ഉറച്ചുനിൽക്കുകയും ചെയ്യുമ്പോൾ പറയാൻ നിർബന്ധിതനായിപ്പോകുന്നു. വളരെ ഗൗരവമായ പ്രശ്നമാണ് ഞങ്ങൾ ഇവിടെ ഉന്നയിച്ചത്. ഡി.എം.കെ.-യുടെ എം.പി.-യും സുപ്രീംകോടതിയിലെ ഒരു സീനിയർ അഭിഭാഷകനുമായ ശ്രീ. പി.

വിൽസൺ രാജ്യസഭയിൽ ചോദിച്ച ഒരു ചോദ്യത്തിന്റെ ഉത്തരം 'എക്സ്'-ൽ ട്വീറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഞാനത് ക്രോസ് ചെക്ക് ചെയ്തിട്ടില്ല; അദ്ദേഹത്തിന്റെ ട്വീറ്റാണ് ഉദ്ധരിക്കുന്നത്, "യു.പി. 5 വർഷം കൊണ്ടുള്ള നികുതി യൂണിയൻ ഗവൺമെന്റിന് നൽകിയത് 3,41,817 കോടി രൂപയും തിരിച്ച് 5 വർഷം യു.പി.-ക്ക് കൊടുത്തത് 6,91,375 കോടി രൂപയുമാണ്" . അതായത് ഇരട്ടിയിൽ അധികം തുക. ജനസംഖ്യയൊക്കെ നിയന്ത്രിച്ച സ്ഥലങ്ങളാണ് സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങൾ. സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങൾ 5 വർഷം കൊണ്ട് യൂണിയൻ ഗവൺമെന്റിന് പിരിച്ച് നൽകിയത് 22,26,983 കോടി രൂപയും തിരിച്ച് സൗത്ത് ഇന്ത്യൻ സ്റ്റേറ്റുകൾക്ക് യൂണിയൻ ഗവൺമെന്റ് നൽകിയത് 6,42,295 കോടി രൂപയുമാണ്. ഇത് തമിഴ്നാട് രാജ്യസഭാ എം.പി. ട്വീറ്റ് ചെയ്ത പോസ്റ്റാണ്. ഇതാണ് യാഥാർത്ഥ്യം. നമുക്ക് ഭരണഘടനയുടെ ആർട്ടിക്കിൾ 270 പ്രകാരം നികുതി വിഹിതവും ആർട്ടിക്കിൾ 275 പ്രകാരം ഗ്രാന്റും ലഭിക്കണം. ആർട്ടിക്കിൾ 282-ഉം 293-ഉം പ്രകാരമുള്ള നികുതി ലഭിക്കണം. റിസർവ് ബാങ്കിന്റെ സ്റ്റേറ്റ് ഫിനാൻസസ് മാത്രം പരിശോധിച്ചാൽ മതി. കേരളത്തിന് എങ്ങനെ നഷ്ടപ്പെട്ടു? നമ്മുടെ ഗ്രാന്റ് എത്രകുറഞ്ഞു; 32000 കോടി

രൂപയിൽനിന്നും നേരെ കുറഞ്ഞിരിക്കുന്നതിന്റെ വിശദമായ കണക്ക് സമയം കുറവായതിനാൽ ഞാനിവിടെ അവതരിപ്പിക്കുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി ഇവിടെ കുറെ കാര്യങ്ങൾ പറഞ്ഞതാണ്. ഗ്രാന്റ് പകുതിയോളം കുറഞ്ഞു. കേരളത്തിന് ലഭിക്കുന്ന 1.9 ശതമാനത്തേക്കാൾ കൂടുതൽ മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നു. വായ്പയെടുക്കാൻ അനുവദിക്കാത്തതും നിയമസഭയുടെ അവകാശം കവർന്നെടുക്കുന്നതുമായ പ്രതിസന്ധിയെയാണ് ഒരു ഭരണഘടനാപരമായ പ്രശ്നമായി ഞങ്ങൾ ഉന്നയിച്ചത്. ഇത്തരം വിഷയങ്ങൾ കേരളത്തിന്റെ മാത്രം പ്രശ്നമല്ല; നമ്മൾ ഒന്നിച്ച് ഏറ്റെടുക്കേണ്ട പ്രശ്നമാണ്. യഥാർത്ഥത്തിൽ നിങ്ങൾ ആ ചരിത്ര സന്ദർഭത്തെ നഷ്ടപ്പെടുത്തുകയാണ് ചെയ്തത്. കർണ്ണാടക സമരം ചെയ്യുമ്പോൾ, കർണ്ണാടക, കേരളം, തെലുങ്കാന, ഹിമാചൽ പ്രദേശ്, ഡൽഹി, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലുള്ളവർ ഒന്നിച്ച് ഡൽഹിയിൽ വന്നിരിക്കുന്നു. എല്ലാ നേതൃത്വവും വരുന്നു. ഇന്ത്യയിൽ അത് നൽകുന്ന ആത്മവിശ്വാസം എന്തായിരിക്കും. ഇന്ത്യാ മുന്നണിയെക്കുറിച്ച് ബഹുമാന്യനായ മുൻപ്രതിപക്ഷ നേതാവ് പറഞ്ഞു. നല്ല കാര്യം തന്നെയാണ്. പക്ഷെ ഉദകക്രിയ ചെയ്യുന്നത് ആരാണ്? മുന്നണി വന്നല്ലോ, എല്ലാവർക്കും ആത്മവിശ്വാസം കിട്ടി, ഒരു

നല്ല യോജിപ്പ് വരുന്നു. ഹിമാചൽ പ്രദേശ്, കർണ്ണാടക എന്നിവിടങ്ങളിൽ ബി.ജെ.പി. പരാജയപ്പെട്ടപ്പോൾ ആത്മവിശ്വാസം ഒന്നുകൂടി ശക്തിപ്പെട്ടു. മതനിരപേക്ഷവാദികൾക്ക് ആത്മവിശ്വാസം ശക്തിപ്പെട്ടപ്പോൾ നിങ്ങൾക്ക് കൂടിയ അഹങ്കാരം നിങ്ങളെ എവിടെയെത്തിച്ചു? നിങ്ങൾ മധ്യപ്രദേശ്, രാജസ്ഥാൻ, ചത്തീസ്ഗഢ് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് അവിടെയുള്ള ബി.ജെ.പി.-യെയാണ് പരാജയപ്പെടുത്തേണ്ടത്. തെലുങ്കാനയിൽ എതിർകക്ഷി ബി.ജെ.പി. അല്ല, എങ്കിലും ജയിച്ചത് നല്ല കാര്യം. ബി.ജെ.പി.-യെ പരാജയപ്പെടുത്തണമെങ്കിൽ നിങ്ങൾക്കെല്ലാവർക്കും സീറ്റ് ലഭിക്കണമെന്നതാണോ നിങ്ങളുടെ ആവശ്യം? ഇപ്പോൾ രാജസ്ഥാനിൽ ഞങ്ങൾ ചെറിയ പാർട്ടിയാണ്. ഞങ്ങളിപ്പോൾ നിങ്ങളെ പിന്തുണയ്ക്കാൻ തയ്യാറാണ്. 5000 വോട്ടിനും 10000-ൽ താഴെ വോട്ടിനും നിങ്ങൾക്ക് എത്ര സീറ്റ് നഷ്ടമായി. 5000-ൽ താഴെ വോട്ടിന് നിങ്ങളുടെ മുന്നണി സംവിധാനം എത്രയോ സീറ്റുകളിൽ ദാരുണമായി പിൻതള്ളപ്പെട്ടു. (...ബഹളം.....) അപ്പോൾ രാജസ്ഥാൻ, മധ്യപ്രദേശ്, ചത്തീസ്ഗഢ് എന്നിവിടങ്ങളിൽ ബി.ജെ.പി.-ക്കെതിരായി നിൽക്കുന്ന രാഷ്ട്രീയ പാർട്ടികളുമായി (ഞങ്ങളെ വിട്ടാൽ) എസ്.പി.-യെയെങ്കിലും നിങ്ങളുടെ

മുന്നണിയിൽ ചേർക്കാമായിരുന്നില്ലേ? (...ബഹളം.....) വെറുതെ ശബ്ദമുണ്ടാക്കിയാൽ വസ്തുതകളെ മറച്ചുവയ്ക്കാൻ കഴിയില്ല. കോൺഗ്രസുകാരായ ആളുകളുടെയും ഇവിടെയിരിക്കുന്ന താൽക്കാലികമായ സങ്കുചിത നേട്ടത്തിനുവേണ്ടി മാത്രമല്ലാതെ കോൺഗ്രസിലും ലീഗിലും നിൽക്കുന്ന ആളുകളുടെയും ഉള്ളിലുള്ള വികാരമാണ് ഞാൻ പറയുന്നത്. ആ സംസ്ഥാനങ്ങളിൽ നിങ്ങൾക്ക് എസ്.പി.-യുമായും ബി.എസ്.പി.-യുമായും ഒത്തുപോകാൻ  കഴിയുമോ; അവിടെ അങ്ങനെ ചെയ്യാൻ ശ്രമിക്കണം. ഒന്നാം യു.പി.എ.-യ്ക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷമില്ലാത്തതിനാൽ ശ്രീമതി സോണിയ ഗാന്ധി എ.കെ.ജി. ഭവനിലേയ്ക്ക് വന്ന് ഹർകിഷൻ സിംഗ് സുർജിത്തിനെ കാണുകയും അവർ തമ്മിൽ സംസാരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ എല്ലാ പാർട്ടികളെയും  ഹർകിഷൻ സിംഗ് സുർജിത് ഏകോപിപ്പിച്ചതിനാൽ അന്ന് ബി.ജെ.പി. വിരുദ്ധ സർക്കാർ അധികാരത്തിൽവന്നു. അതുകൊണ്ട് ഒരു ദേശീയ സാഹചര്യം നിങ്ങൾ നഷ്ടപ്പെടുത്തി.  അക്കാര്യത്തിൽ ചരിത്രം നിങ്ങളെ വിലയിരുത്തും. കേരളത്തിലെ കോൺഗ്രസ് ലീഗിനും ഇന്ത്യയിലെ മതനിരപേക്ഷ വിശാല മുന്നണിക്കും ബാധ്യതയായിരിക്കുകയാണ്. കേരളത്തിന് ബാധ്യതയായി ഒരു

കേരള വിരുദ്ധ മുന്നണി/മതനിരപേക്ഷ വിരുദ്ധ മുന്നണിയായിക്കൊണ്ടിവർ മാറിയിരിക്കുന്നുവെന്നാണ് ഈ കണക്കുകൾ തെളിയിക്കുന്നത്. മറ്റ് കാര്യങ്ങളിൽ ഇവിടെ പറഞ്ഞ കണക്കുകളിലൊന്നും വലിയ വ്യത്യാസമില്ലാത്തതിനാൽ ഞാൻ എന്റെ മറുപടി പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ 81,83,61,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,31,64,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ്

അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,88,46,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,05,20,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,24,66,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 904,60,19,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,28,99,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 671,80,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന

അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ........................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22,78,44,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ........................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

21,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 647,17,97,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,63,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 276,88,16,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 425,02,03,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 78,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1362,67,51,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 33,60,29,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

2000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,21,31,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 82,19,03,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 46,63,10,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,50,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,53,55,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 45,16,63,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന

പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 838,23,69,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 114,03,39,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 332,21,85,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,57,95,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5200,02,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഫെബ്രുവരി മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 7.35-ന് പിരിഞ്ഞു.)

*********